# കൊടുങ്കാറ്റുകൾ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# കൊടുങ്കാറ്റുകൾ

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Abitha Fenix, DentCare

●

Printed at
Don Bosco IGACT, Kochi - 28

●

Price: ` 80

●

All rights reserved with the publisher

# ആമുഖം

അടുത്തകാലത്ത് കേരളത്തെ മൊത്തം നടുക്കിയ പ്രകൃതിക്ഷോഭങ്ങൾ നമ്മുടെ ചിന്താമണ്ഡലത്തിൽനിന്ന് മാഞ്ഞുപോകുന്നില്ല. ഉരുൾപൊട്ടലുകൾ, ഭയങ്കരമായ മണ്ണിടിച്ചിലുകൾ, തടുക്കാനാകാത്ത വെള്ളപ്പൊക്കങ്ങൾ, പെരുമഴക്കെടുതികൾ എന്നിങ്ങനെ എത്രയെത്ര അത്യാഹിതങ്ങളെയാണ് നമ്മുടെ നാട് കണ്ടത്. കുറെ വർഷങ്ങൾക്കുമുമ്പ് ആഞ്ഞടിച്ച സുനാമിത്തിരകൾ വരുത്തിവച്ച നാശനഷ്ടങ്ങൾ ഇനിയും മറക്കാറായിട്ടില്ല. ആകസ്മികമായ വിയോഗങ്ങൾ, അപ്രതീക്ഷിതമായ അത്യാഹിതങ്ങൾ, മാരകരോഗങ്ങൾ തുടങ്ങിയ എത്രയെത്ര ദുരിതങ്ങളെയാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്! ഇവയെല്ലാം മനുഷ്യജീവിതത്തിൽ ആഞ്ഞടിക്കുന്ന കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളുമാണ്.

അമേരിക്കയിലെ ഫ്ളോറിഡായിൽ 2013-ൽ സംഭവിച്ച ഒരു സംഭവം ഞെട്ടിപ്പിക്കുന്നതാണ്. നല്ല കെട്ടുറപ്പുള്ള ഒരു കോൺക്രീറ്റ് കെട്ടിടത്തിൽ ഒരാൾ കിടന്നുറങ്ങുകയായിരുന്നു. പെട്ടെന്ന് കിടക്കയോടെ മുപ്പത് മീറ്ററോളം അടിയിലേക്ക് താണുപോയി. ഭയങ്കര ശബ്ദം കേട്ട് സ്വന്തം സഹോദരൻ ഓടിചെന്നപ്പോൾ കാണുന്നത് സ്വന്തം സഹോദരൻ ഭൂമിക്കുള്ളിലേക്ക് താണുതാണ് പോകുന്നതാണ്. മൂന്ന് ദിവസം അവിടം മുഴുവൻ കുഴിച്ച് നോക്കിയെങ്കിലും മൃതശരീരത്തിന്റെ ഒരു പൊടിപോലും കണ്ടെത്താനായില്ല. വേദപുസ്തകത്തിൽ മോശയിൽക്കൂടി സംസാരിച്ച് പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനോട് മറുതലിച്ച് മത്സരിച്ച കോരഹ്, ദാഥാൻ, അബീറാം എന്നിവരെ ഭൂമി പിളർന്ന് വിഴുങ്ങി എന്നൊരു സംഭവമുണ്ട

ല്ലോ. മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാൻ പ്രയാസമായ ചില അത്ഭുത പ്രതിഭാസങ്ങളുണ്ട്. അവയെല്ലാം ജീവിതത്തിൽ വരുന്ന കൊടുങ്കാറ്റുകളാണ്.

കൊടുങ്കാറ്റുകളേയും ചുഴലിക്കാറ്റുകളേയും തടുക്കാൻ മനുഷ്യന്റെ ശാസ്ത്രജ്ഞാനത്തിന് സാധിക്കുന്നില്ല. ചന്ദ്രനിൽ പറന്നെത്തി കാല് കുത്താൻ ശാസ്ത്രത്തിന് കഴിഞ്ഞു. ബഹിരാകാശ നിലയങ്ങളെ സ്വപ്നം കാണാൻ ഇന്നും ശാസ്ത്രത്തിന് കഴിയുന്നുണ്ട്. എന്നാൽ കൊടുങ്കാറ്റുകളേയോ ചുഴലിക്കാറ്റുകളേയോ തടുക്കാൻ ഇന്നുവരെയും ശാസ്ത്രത്തിന് കഴിഞ്ഞിട്ടില്ല.

ചങ്ങമ്പുഴ കൃഷ്ണപിള്ള, 'വൃന്ദാവനം' എന്ന കവിതയിൽ പാടി:

പശ്ചിമം ശാസ്ത്രം നോക്കിപ്പഠിച്ചു മനുഷ്യന്റെ
രക്തത്തിൽ മനസ്തോഭം കൂടാതെ നീന്താൻ മാത്രം
തലച്ചോറിനാൽ ജോലിചെയ്തതിൻ ഫലം കൊണ്ടു
തലച്ചോറിനെത്തന്നെ ചിതറിച്ചിന്നാൻമാത്രം
ഇന്നിപ്പോൾ വിമാനത്തിൽ കയറി ലോകം ചുറ്റി വന്നിടും
വെള്ളപ്പരിഷ്ക്കാരത്തിൻ മുത്തച്ഛൻമാർ
പച്ചമാംസവും കടിച്ചൂറ്റുവെള്ളവും കുടി-
ച്ചശ്രമം ഗുഹയ്ക്കുള്ളിലുറങ്ങിക്കിടന്നപ്പോൾ
ഇക്കൊച്ചുരാജ്യത്തിന്റെയോരോരോ ഞരമ്പിലു-
മുൽക്കൃഷ്ട സംസ്ക്കാരത്തിൻ സ്പന്ദനമോളംവെട്ടി!

ഭാരതത്തിലെ പൗരാണിക സംസ്കാരത്തിന്റെ സ്നേഹോഷ്മള ഭാവത്തെ ചിത്രീകരിച്ചുകൊണ്ട് അഭിമാനം കൊള്ളുന്ന കവിയുടെ ഉൾതുടിപ്പുകളാണ് നാമിവിടെ കാണുന്നത്. സ്വന്തം നാടിനെക്കുറിച്ച്, നമ്മുടെ നാടിന്റെ സംസ്ക്കാര ത്തനിമയെക്കുറിച്ച് അഭിമാനംകൊണ്ടുകൊണ്ട് ചങ്ങമ്പുഴ പാടി:

'മത'ത്തിൻപേരും പറഞ്ഞയ്യയ്യോ, പടിഞ്ഞാറു
മനുഷ്യൻ മനുഷ്യനെക്കൊന്നുകൊന്നൊടുക്കുമ്പോൾ.

ഭാരതത്തിലെ നീണ്ട താടിക്കാർ, കാട്ടാളന്മാർ,
പോരെങ്കിൽ പരിഷ്ക്കാരശൂന്യന്മാർ, കറമ്പന്മാർ,
നേരിന്റെ നാടും തേടി, സ്നേഹത്തിൻ പാട്ടും പാടി,
ചാരുവാമൈക്യത്തിന്റെ പൂന്തോപ്പിലൂഞ്ഞാലാടി!
പീരങ്കിയാൽ പശ്ചിമമലറാനാശിച്ചപ്പോൾ
ഭാരതമിരുന്നൊരു കൊച്ചോടക്കുഴലൂതി!

സംസ്ക്കാര ധന്യമായ ആർഷഭാരതത്തിന്റെ തനിമയിൽ അഭിമാനം പൂണ്ട് കവി പാടുന്ന ഈ കവിത ഊഷരമായ മരുപ്പ റമ്പുപോലുള്ള മനുഷ്യഹൃദയത്തിൽ കനിവിന്റെ കുളിർമ പക രുന്നതാണ്. പക്ഷേ, ദുരിതങ്ങളിലും യാതനകളിലും പെട്ടുഴ ലുന്ന മനുഷ്യമനസ്സിന് ആശ്വാസം പകരാൻ ഇമ്മാതിരി കവിത കൾക്കൊന്നും സാധിക്കുകയില്ല.

അവിടെയാണ് ക്രൂശിലെ സ്നേഹത്തിന്റെ പ്രസക്തി. ആ സ്നേഹം നമ്മുടെയുള്ളിൽ ജ്വലിച്ചാൽ കൊടുങ്കാറ്റിൽ പിടയു മ്പോഴും, ചുഴലിക്കാറ്റിൽ അഴലുമ്പോഴും ആശ്വാസത്തിന്റെ അഭയകേന്ദ്രം ലഭിക്കുമെന്നത് ഒരത്യത്ഭുതകരമായ അനുഭ വമാണ്. സെന്റ് പോൾ പറയുന്നുണ്ട്: “വിശ്വാസത്തിന്റെ നായ കനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക” എന്ന്.

**“തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹി ച്ചവനെ ധ്യാനിച്ചുകൊൾവിൻ.” എബ്രായർ 12 : 2, 3**

ക്രൂശിലെ സ്നേഹം കണ്ടെത്തി ആ സ്നേഹത്തിൽ ലയി ക്കുന്നതാണ് സാക്ഷാലുള്ള ധന്യജീവിതം. മിത്രങ്ങൾ ശത്രുക്ക ളായി എന്നുവരാം. സ്നേഹിതർ വഴിമാറിപ്പോയി എന്നു വരാം. ഒരു കാലത്ത് മറ്റുള്ളവരിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന അംഗീകാരം നഷ്ടപ്പെട്ടു എന്നു വരാം. എന്നാൽ അപ്പോ

ഴെല്ലാം സഹതാപത്തോടെ, വാത്സല്യവായ്പോടെ ചേർന്നു നിന്ന് തഴുകുന്ന ക്രൂശിതന്റെ തൃക്കരങ്ങളുടെ തലോടലാണ് നമുക്ക് ആകെയുള്ള ബലം.

ഈ ആശയങ്ങൾ എന്റെ പ്രിയപ്പെട്ട അനുവാചകർക്ക് സംവേദനം ചെയ്യുവാനാണ് 'കൊടുങ്കാറ്റുകൾ' എന്ന ഈ ചെറുഗ്രന്ഥം രചിക്കാൻ ഞാൻ ഒരുങ്ങിയത്. ദുരിതക്കയത്തിൽ താണുതാണുപോകുന്ന അനേകർക്ക് ക്രിസ്തു തരുന്ന ആശ്വാസം പകരാൻ കഴിയും എന്നുള്ളതാണ് ഈ ഗ്രന്ഥരചന യുടെ പിന്നിലുള്ള പ്രത്യാശ.

ഈ പുസ്തകം ഇപ്രകാരം നിങ്ങളുടെ കൈകളിൽ എത്തുന്നതിന് അദ്ധ്വാനിച്ച അനേകം ആത്മീയ സഹോദരങ്ങ ളുണ്ട്. അവരിൽ മുവാറ്റുപുഴ ഡെന്റ്കെയർ സ്ഥാപനത്തിന്റെ ഡയറക്ടേഴ്സായ ശ്രീ. സാജു കുര്യാക്കോസ്, ശ്രീമതി. സാലി സാജു എന്നിവരോടുള്ള എന്റെ അകൈതവമായ കൃതജ്ഞത ഞാൻ പ്രകാശിപ്പിച്ചുകൊള്ളുന്നു. DTP തയ്യാറാക്കിയ ശ്രീ. ബിജു മാത്യു, ഡിസൈൻ കവർപേജ് എന്നിവ രൂപപ്പെടുത്തിയ ശ്രീമതി. അബിത ഫെനിക്സ് മുതലായവരോടുള്ള സ്നേഹവും നന്ദിയും ഇത്തരുണത്തിൽ പ്രകാശിപ്പിക്കുകയാണ്. മറ്റനേകം ആത്മീയസഹോദരങ്ങളുടെ നിസ്തന്ദ്രയത്നം ഈ പുസ്തകം വെളിച്ചം കാണുന്നതിന് പിന്നിലുണ്ട്. അവരെ എല്ലാം കർത്താ വായ യേശുക്രിസ്തു പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ എന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ പുസ്തകം അനുശീലനം ചെയ്യുന്ന ഓരോരുത്തരും കൊടുങ്കാറ്റിനുമുന്നിൽ ശാന്തത നൽകുന്ന ക്രിസ്തുവിന്റെ അത്ഭുതകരമായ അനുഗ്രഹം പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഞാൻ ഈ ആമുഖക്കുറിപ്പുകൾ നിറുത്തുന്നു.

നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട
**എം.വൈ. യോഹന്നാൻ സാർ.**

## ഒന്ന്

**“അവർ മത്തനെപ്പോലെ തുള്ളി ചാഞ്ചാടി നടന്നു; അവരുടെ ബുദ്ധി പോയ്പ്പോയിരുന്നു. അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു വിടുവിച്ചു. അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു.” സങ്കീർത്തനങ്ങൾ 107 : 27 –30**

കൊടുങ്കാറ്റുകൾ! ഈ അടുത്തകാലത്ത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അടിച്ച കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളുമെല്ലാം നമുക്കറിയാം. അതിന്റെ കയ്പ്പേറിയ ഫലങ്ങൾ നമ്മളിൽ പലരും അനുഭവിച്ചവരാണ്.

ജീവിതത്തിൽ ഒരിക്കലും ചിന്തിക്കാൻ കഴിയാത്ത രീതിയിൽ അപകടങ്ങൾ വന്നവരുണ്ട്. കനത്ത നഷ്ടം വന്ന ആളുകളുണ്ട്. എത്രയോ റബ്ബർതോട്ടങ്ങളാണ് തീരെ നിലം പരിചായിത്തീർന്നത്! താങ്ങാനാവാത്ത വിപത്താണ് കൊടുങ്കാറ്റുമൂലം വന്നത്. എന്നാൽ പുറമേയുള്ള കൊടുങ്കാറ്റിനേക്കാൾ ഭയാനകമാണ് മനുഷ്യഹൃദയത്തിലുള്ള കൊടുങ്കാറ്റുകൾ!

ഉള്ളിൽ തിങ്ങുന്ന വേദനകൾ! താങ്ങാൻ വയ്യാത്ത അത്യാഹിതങ്ങൾ! ആപത്തുകൾ! പെട്ടെന്നുണ്ടാകുന്ന വിയോഗങ്ങൾ! ഒരിക്കലും തിരുത്താൻ വയ്യാത്ത നഷ്ടങ്ങൾ! ഇതെല്ലാമാണ് കൊടുങ്കാറ്റുകൾ. ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്കും ചിന്തിക്കാം. എന്റെ ജീവിതത്തിലെ കൊടുങ്കാറ്റുകൾ എന്തെല്ലാമാണ്?

ഒരുപക്ഷേ നിങ്ങളുടെ ഏറ്റവും പ്രിയപ്പെട്ടവർ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടപ്പോൾ നിങ്ങൾ തളർന്നു കാണും. എത്രയോ ദിവസങ്ങൾ ആ കൊടുങ്കാറ്റിന്റെ ഭീകരതകൊണ്ട് മനസ്സ് തളർന്ന് ശാന്തതയില്ലാതെ, ഉള്ളു വിഷമിച്ച് വേദനിച്ച് കഴിഞ്ഞു! ഒരിക്കലും നികത്താൻ വയ്യാത്ത നഷ്ടങ്ങൾ വന്നവർ. ഒരുപക്ഷേ, നിങ്ങളുടെ പ്രിയപ്പെട്ട അപ്പൻ കടന്നുപോയതാകാം. അമ്മ കടന്നുപോയതാകാം. കൊടുങ്കാറ്റുകൾ!

**"അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു."**

**സങ്കീർത്തനങ്ങൾ 107 : 29, 30**

യേശുക്രിസ്തു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നവനാണ്. അതനുഭവിക്കുമ്പോഴാണ് അതിന്റെ മാധുര്യം നമുക്ക് മനസ്സിലാകുന്നത്. നമുക്ക് വരുന്ന കഷ്ടനഷ്ടങ്ങൾ, രോഗങ്ങൾ, പ്രിയപ്പെട്ടവരുടെ വിയോഗം, ഇങ്ങനെ അനേകമനേകം കാര്യങ്ങളെ ശാന്തമാക്കാൻ ഒരാളുണ്ട് എന്നറിയുന്നത് തന്നെ എന്തൊരാശ്വാസമാണ്!

കൊടുങ്കാറ്റിന്റെ ഭയാനകമായ അനുഭവത്തിൽ വലഞ്ഞ മനുഷ്യനാണ് ഞാൻ. എന്റെ ഒരു വയസ്സ് പ്രായത്തിൽ അപ്പൻ മരിച്ചുപോയതുകൊണ്ട് ഒരു വലിയ കൊടുങ്കാറ്റാണ് വീട്ടിൽ അടിച്ചത്. അമ്മ പറയുമായിരുന്നു, വീട് ഉറങ്ങിപ്പോയി എന്ന്. വീട്ടിൽ ഞാനും എന്റെ പെങ്ങളും അമ്മയും മാത്രം.

വലിയ മിണ്ടാട്ടമില്ല, ചിരിയില്ല, സന്തോഷമില്ല, ആഘോഷങ്ങളൊന്നുമില്ല. ഒരു മൂകത മുറ്റിയ സാഹചര്യമായിരുന്നു. ഏറ്റവും അസ്വസ്ഥമായിരുന്നു അമ്മയുടെ മനസ്സ്. അമ്മയുടെ കരച്ചിൽ കണ്ട് ഞാനും പെങ്ങളും കരഞ്ഞു. എന്റെ വീട് കരച്ചിലിന്റെ വീടായിരുന്നു. കൊടുങ്കാറ്റേറ്റ് വലഞ്ഞ വീടായിരുന്നു.

അപ്പന് നെൽകൃഷിക്കു പുറമേ നല്ല ബിസിനസ്സ് ഉണ്ടായിരുന്നു. അപ്പൻ മരിച്ചുകഴിഞ്ഞ്, അപ്പൻ കൊടുക്കേണ്ടുന്ന രൂപയെല്ലാം ഭൂമി വിറ്റ് ഞങ്ങൾ കൊടുക്കേണ്ടിവന്നു. പക്ഷേ,

അപ്പന് കിട്ടേണ്ടിയിരുന്ന രൂപ തരാനുള്ളവരാരും തന്നില്ല. അങ്ങനെ വലിയൊരു മരവിച്ച അനുഭവമായിരുന്നു. ഈ പാവപ്പെട്ട വീട്ടിൽ കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ ആ കൊടുങ്കാറ്റിൽ ഞങ്ങളെല്ലാം നിലംപരിചായി, ജീവിതം തളർന്നുപോയി.

നിങ്ങളിൽ ചിലരെല്ലാം ഇങ്ങനെയുള്ള അനുഭവങ്ങളിലൂടെ കടന്നുപോകുന്നുണ്ടാകും. നിങ്ങളുടെ ജീവിതത്തിൽ ഏറ്റവും പ്രിയപ്പെട്ടവർ കടന്നുപോകുമ്പോഴുണ്ടാകുന്ന കൊടുങ്കാറ്റ്, കഷ്ടനഷ്ടങ്ങൾ!

എന്നും യാതന, എന്നും വേദന. ഒരു പുതുനാമ്പെടുക്കുമെന്ന് പ്രതീക്ഷിച്ചില്ല. ഇത് നമ്മുടെ വിധിയാണ് എന്ന് അമ്മ പറയും. നിങ്ങൾ ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ ചിന്തിക്കണം, നിങ്ങളുടെ ജീവിതത്തിലെ കൊടുങ്കാറ്റുകൾ ഏതെല്ലാമാണെന്ന്. എങ്ങനെയെല്ലാമാണ് കൊടുങ്കാറ്റ് ഏറ്റതെന്ന്. ഞാൻ ദൈവത്തോട് യാചിച്ചോ പ്രാർത്ഥിച്ചോ കിട്ടിയതല്ല ഈ സമാധാനം. സമാധാനം തരണമേ എന്നൊന്നും ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചില്ല.

കാരണം, ആ രീതിയിൽ ചിന്തിക്കാൻ എനിക്ക് കഴിവില്ലായിരുന്നു. മനുഷ്യൻ ജനിക്കുന്നു, മരിക്കുന്നു ഇത്രയൊക്കെയേയുള്ളൂ ജീവിതം എന്നാണ് വിചാരിച്ചത്. ഇന്ന് ആ കാലങ്ങളിലേക്കെല്ലാം തിരിഞ്ഞുനോക്കുമ്പോൾ ഞാൻ ചിലപ്പോൾ തനിയെ ഇരുന്ന് കരയും. മറ്റൊന്നുമല്ല, എത്ര യാതനാഭരിതമായ ജീവിതത്തിൽ നിന്നാണ് കർത്താവ് എന്നെ രക്ഷിച്ചത്! എത്ര ശോകമൂകമായ അന്തരീക്ഷത്തിൽ നിന്നാണ് കർത്താവ് എന്നെ സന്തോഷത്തിന്റെ ആനന്ദാരവത്തിലേക്ക് കൊണ്ടുവന്നത്!

ഇതെല്ലാം വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ചിന്തിക്കണം, നിങ്ങളുടെ ജീവിതത്തിലെ കഴിഞ്ഞകാലങ്ങൾ, കരച്ചിലിന്റെ കാലങ്ങൾ, വറുതിയുടെ കാലങ്ങൾ, ദുരിതത്തിന്റെ കാലങ്ങൾ! യേശുക്രിസ്തു എന്റെ ജീവിതത്തിലേക്ക് എഴുന്ന

ള്ളിവന്നപ്പോൾ എല്ലാം മാറി. പെട്ടെന്ന് കാര്യങ്ങളെല്ലാം ശരിയായി എന്നല്ല, എന്നാൽ ക്രിസ്തു വന്നപ്പോഴേയ്ക്കും അന്തരീക്ഷമാകെ മാറി. വചനം കേട്ടു. വചനം സ്വീകരിച്ചു. ദൈവത്തിന് എന്നോട് കരുണ തോന്നി. അവൻ എന്റെ ഉള്ളത്തിലേക്ക് കടന്നുവന്നു. ഹൃദയത്തിൽ സമാധാനം കിട്ടി. പിന്നീട് അമ്മയ്ക്കും പെങ്ങൾക്കും അത് ലഭിച്ചു.

അങ്ങനെ ഞങ്ങൾ കുടുംബമായി സമാധാനം അനുഭവിക്കാൻ തുടങ്ങി. കുടുംബമായി സമാധാനം അനുഭവിക്കാൻ തുടങ്ങിയപ്പോൾ ദു:ഖത്തിന്റെ കാര്യങ്ങൾ പതുക്കെപ്പതുക്കെ മറന്നുതുടങ്ങി. ഇന്ന് ആനന്ദധ്വനിയാണ്. പുറമെ സ്തുതിക്കാത്തപ്പോഴും ഉള്ളിൽ നിരന്തരം സ്തുതി. സ്തുതിക്കുന്നതാണ് ഇന്ന് സന്തോഷം.

ഞാൻ നിങ്ങളോട് പറയട്ടെ, നിങ്ങൾ ഇന്ന് എന്തെല്ലാം ആഗ്രഹിക്കുന്നുവോ, ആഗ്രഹിക്കുന്ന തുറമുഖത്ത് അവൻ നിങ്ങളെ എത്തിക്കും. ഇത് ദൈവികവാഗ്ദത്തമാണ്. നിങ്ങൾ സമാധാനം ആഗ്രഹിക്കുന്നു, സന്തോഷം ആഗ്രഹിക്കുന്നു. ഒരു ശാന്തത വരണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ട്. ആപത്തുകളും രോഗങ്ങളും കെടുതികളും നഷ്ടങ്ങളും എല്ലാം മാറണമെന്ന് നിങ്ങൾക്കാഗ്രഹമുണ്ട്. വചനം പറയുന്നു:

**“അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു.”**

**സങ്കീർത്തനങ്ങൾ 107 : 29, 30**

നിങ്ങളുടെ മനസ്സിൽ പലപല ആഗ്രഹങ്ങൾ ഉണ്ടല്ലോ. ആഗ്രഹിച്ചിട്ട് ഇതുവരെയും നടക്കാത്ത കാര്യങ്ങൾ. എന്നാൽ വിശ്വസിക്കൂ, നിങ്ങൾ ആഗ്രഹിക്കുന്ന തുറമുഖത്ത് അവൻ നിങ്ങളെ എത്തിക്കും.

നിങ്ങൾ ഇന്ന് ഏത് തുറമുഖത്ത് എത്താനാണ് ആഗ്രഹിക്കുന്നത്? കടം മാറാനാണോ? അല്ല, ഒരു കുഞ്ഞുണ്ടാകാ

നാണോ? വിവാഹം നടക്കാനാണോ? നിങ്ങൾ ആഗ്രഹിക്കുന്ന തുറമുഖത്ത് എത്തിക്കുവാൻ അവൻ നിങ്ങളുടെ കരത്തിൽ കയറിപ്പിടിക്കും. എന്തെല്ലാമാണോ നിങ്ങൾ ആഗ്രഹിക്കുന്നത്, എല്ലാം ലഭിക്കും. വേദപുസ്തകം പറയുന്നു:

**"യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്ത് പാർത്ത് വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും." സങ്കീർത്തനങ്ങൾ 37 : 3, 4**

ഹൃദയത്തിലെ ആഗ്രഹങ്ങളെ തരാം എന്നാണ് വേദപുസ്തകം പറയുന്നത്. ഇന്ന് നിങ്ങൾ ഓർത്തുനോക്കണം, എന്തെല്ലാമാണ് എന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ? പെട്ടെന്ന് നിങ്ങളുടെ മനസ്സിലേക്ക് വരുന്ന ആഗ്രഹം ഏതാണ്? തരാം എന്നാണ് കർത്താവ് പറയുന്നത്.

നിങ്ങളെ വ്യാമോഹിപ്പിക്കാൻ പറയുന്ന വാക്കല്ല ഇത്, അനുഭവത്തിന്റെ വാക്കുകളാണ്. ഞാനിന്ന് അതിശയത്തോടെ ഓർക്കുന്നു. എന്റെ ഹൃദയത്തിലേക്ക് കർത്താവായ യേശുക്രിസ്തു വന്നതിനുശേഷം എന്തെല്ലാം ഞാൻ ആഗ്രഹിച്ച് പ്രാർത്ഥിച്ചിട്ടുണ്ടോ എല്ലാം കർത്താവ് എനിക്ക് തന്നു.

ഒന്നിനും കുറവില്ലാതെ തന്നു. യേശുക്രിസ്തു ജീവിക്കുന്നു. കർത്താവേ, എനിക്കൊരു വിശുദ്ധനാകണം. അങ്ങനെയൊരു ആഗ്രഹം നിങ്ങൾക്ക് വന്നിട്ടുണ്ടോ? കറതീർന്ന ജീവിതം. മാലിന്യമേശാത്ത ജീവിതം. അൽപ്പംപോലും ചെളി പുരളാത്ത ജീവിതം. ശരീരത്തിൽ വിശുദ്ധി വേണം. മനസ്സിൽ വിശുദ്ധി വേണം. ഹൃദയത്തിൽ വിശുദ്ധി വേണം. ബുദ്ധിയിൽ വിശുദ്ധി വേണം. ചിന്തകളിലും വികാരങ്ങളിലും വിശുദ്ധി വേണം. ഓരോ ചലനത്തിലും വിശുദ്ധി വേണം. ഒരു വിശുദ്ധനായിത്തീരണം.

ഇതുവരെ എന്തെല്ലാം കേടുകളും തെറ്റുകളും കുറ്റങ്ങളും വന്നുപോയിട്ടുണ്ടെങ്കിലും എല്ലാം കഴുകിത്തന്ന്

നിങ്ങളെ വിശുദ്ധീകരിക്കാൻ യേശുക്രിസ്തു ഇന്ന് നിങ്ങളുടെ അരികത്ത് നിൽക്കുന്നുണ്ട്.

ഈ തിരുവചനം വിശ്വസിച്ചാൽ നിങ്ങൾക്കത് ലഭിക്കും. യേശുക്രിസ്തു എന്നെ സ്നേഹിക്കുന്നു. എന്നെ ഒരു വിശുദ്ധനാക്കാൻ യേശു ആഗ്രഹിക്കുന്നു. ഈയൊരു ആഗ്രഹവും താല്പര്യവും നിങ്ങൾക്ക് വന്നുകഴിയുമ്പോൾ പിന്നെ ഭൗതികമായ കാര്യങ്ങൾ എന്തും ചോദിച്ചുകൊള്ളൂ.

തെറ്റില്ലാത്ത ആഗ്രഹങ്ങളെല്ലാം കർത്താവ് സാധിച്ചുതരും. ഒന്നാമത് വേണ്ടത് ക്രിസ്തുവിന്റെ ഒരു വിശുദ്ധനായിത്തീരുക എന്നുള്ളതാണ്. കഴിഞ്ഞകാല ജീവിതത്തിൽ അനേക തെറ്റുകൾ വന്നുപോയി. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ലജ്ജ തോന്നുന്ന തെറ്റുകൾ. പക്ഷേ, ആ ചിന്തകളെല്ലാം വിശുദ്ധീകരിച്ച് മുഴുവൻ കറകളും മായ്ച്ചുതരുവാൻ ക്രിസ്തുവിന്റെ തിരുരക്തം മതിയായതാണെന്ന് നിങ്ങൾക്കു വിശ്വാസം വേണം.

**“ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.” എബ്രായർ 11 : 6**

തന്നെ അന്വേഷിക്കുന്നവർക്ക് നൽകുവാൻ തക്കവണ്ണം അവൻ സർവ്വസമ്പന്നനാണ്. അവന്റെ ശ്രീഭണ്ഡാരത്തിൽ ഒന്നിനും കുറവില്ല. എടുത്തുതരാൻ അവന് മനസ്സാണ്. നിങ്ങൾ പൂർണ്ണമായി വിശുദ്ധിയോടെ നിൽക്കുമെന്ന് തീരുമാനമെടുത്തുകൊണ്ട് ദൈവത്തോട് ചോദിക്കൂ.

പഠിക്കാൻ വേണ്ടത്ര ബുദ്ധി കിട്ടാത്തവർ ക്രിസ്തുവിനെ സ്വീകരിച്ചുകൊണ്ട്, ക്രിസ്തുവിന്റെ വിശുദ്ധി വേണമെന്ന് ആഗ്രഹിച്ചുകൊണ്ട് പഠിക്കാനുള്ള ബുദ്ധി വേണമെന്ന് പ്രാർത്ഥിച്ചുനോക്കൂ. ബുദ്ധി തെളിഞ്ഞുവരുന്നത് കാണാം. നല്ല തിളക്കമുള്ള ബുദ്ധി, നല്ല ഓർമ്മശക്തി നിങ്ങൾക്ക് കിട്ടും. ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്, കർത്താവേ, എനിക്ക് പഠിക്കാനുള്ള

ബുദ്ധി തരണമേ എന്ന്.

**"അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിയ്ക്കട്ടെ." സങ്കീർത്തനങ്ങൾ 107 : 31**

നിങ്ങളുടെ ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷയുണ്ട്. നല്ല കാലങ്ങൾ നിങ്ങൾക്ക് ലഭിക്കും. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കൂ. ഇനി ഒരു വിശുദ്ധനായി ജീവിക്കും, ഇനി ഒരു പാപവും എന്റെ ജീവിതത്തിൽ വരികയില്ല എന്ന് ദൈവത്തോട് വാക്ക് പറയൂ. ദൈവമത് കുറിച്ചുവയ്ക്കും. നിങ്ങളുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കും. സ്വർഗ്ഗീയപൗരത്വം നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ ക്രിസ്തുവിന്റെ പ്രിയപ്പെട്ടവരായിത്തീരും.

**"അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു." സങ്കീർത്തനങ്ങൾ 107 : 28**

കഷ്ടതയിൽ യഹോവയെ വിളിക്കുക. നിങ്ങളുടെ യാതനയിൽ ദൈവത്തെ വിളിക്കുക. വിളിച്ചാൽ വിളി കേൾക്കുന്ന ഒരു ദൈവമുണ്ട്.

രോഗം മൂർച്ഛിച്ച് കിടക്കുകയാണ്. ഒരു സ്വസ്ഥതയും കിട്ടുന്നില്ല. അപ്പോൾ ദൈവത്തെ വിളിക്കുക. കർത്താവേ, നിന്റെ തൃക്കരം ഒന്ന് എന്റെമേൽ വയ്ക്കണമേ എന്ന് പ്രാർത്ഥിക്കുക. അസഹ്യമായ തലവേദന. വിട്ടുമാറുന്നില്ല. തലപൊട്ടിപ്പോകത്തക്കവണ്ണമുള്ള വേദന. ആ വേദനയുടെ സമയത്ത് യേശുവേ, എന്ന് വിളിച്ചുനോക്കു. പ്രകടമായ സൗഖ്യം കിട്ടുന്നത് നിങ്ങൾക്ക് അനുഭവിക്കാം. ക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു. ക്രിസ്തു നിങ്ങളുടെ അരികത്ത് വരും.

ഇതുവരെയുള്ള പാപങ്ങളെല്ലാം വേദനയോടെ ഏറ്റുപറഞ്ഞിട്ട് കർത്താവേ, ഇനിയില്ല, ഇനി ഒരു പുതിയ ജീവിതം

നയിക്കും എന്ന് കർത്താവിനോട് പറഞ്ഞിട്ട് വിളിക്കൂ. നിങ്ങ ളുടെ തലവേദന മാറിപ്പോകുന്നത് കാണാം. അനേകർ ജീവിത ത്തിൽ ക്രിസ്തുവിനെ അനുഭവിക്കുന്നവരുണ്ട്. ക്രിസ്തു വിന്റെ കരസ്പർശം അനുഭവിച്ച് സൗഖ്യം പ്രാപിക്കുന്നവ രുണ്ട്. എവിടെയെല്ലാം നമുക്ക് പോരായ്മയുണ്ടോ അതെല്ലാം കർത്താവ് നികത്തിത്തരും.

എന്തുമാത്രം പ്രശ്നങ്ങളിൽക്കൂടിയാണ് ഓരോ മനു ഷ്യനും കടന്നുപോകുന്നത്! എന്ത് നെടുവീർപ്പിലാണ് ഓരോ രുത്തരും കഴിഞ്ഞുകൂടുന്നത്! എത്ര കഷ്ടതയാണ് ഓരോരു ത്തരും സഹിക്കുന്നത്! അനേകം കുടുംബങ്ങളിൽ പരസ്പരം സ്നേഹമില്ല. പരസ്പരം വൈരുദ്ധ്യം, ഇഷ്ടക്കുറവ്. മാത്രമല്ല, അകത്തുതന്നെ മറ്റാർക്കും അറിയാത്ത ചില യാതനകൾ! ഇതെല്ലാം സഹിച്ചുകൊണ്ട് കഴിഞ്ഞുകൂടുന്ന മനുഷ്യന് ആശ്വ സിക്കാം, ക്രിസ്തുവിന്റെ പാദത്തിലേക്ക് വന്നാൽ.

**“കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.”**

**സങ്കീർത്തനങ്ങൾ 50 : 15**

**“ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു.”**

**സങ്കീർത്തനങ്ങൾ 46 : 1**

എന്റെ കഷ്ടങ്ങളിൽ കർത്താവ് എന്റെ അടുത്തുണ്ട്. എന്റെ നീറുന്ന പ്രശ്നം കർത്താവ് കാണുന്നുണ്ട്. എന്റെ വേദന കർത്താവ് അറിയുന്നുണ്ട്. എന്റെ യാതന കർത്താവ് ഗ്രഹിക്കുന്നുണ്ട്. എന്റെ കർത്താവ് എന്നെ ഇപ്പോഴും സ്നേഹിക്കുന്നുണ്ട്. ഇങ്ങനെ ക്രിസ്തുവിനെ നേരിട്ട് അനുഭവി ക്കാൻ സാധിക്കണം. ക്രിസ്തുവിനോട് നേരിട്ട് പ്രാർത്ഥിക്കുന്ന അനുഭവം നിങ്ങൾക്ക് കിട്ടണം. ഏതെങ്കിലും ഒരു ദൈവപൈത ലിനെ ചെന്ന് കണ്ടിട്ടല്ല.

നിങ്ങൾക്ക് സ്വന്തമായി ക്രിസ്തുവിനോട് ഒരു ബന്ധം

ലഭിക്കണം. ചിലരെല്ലാം എന്റെ അടുക്കൽ വന്ന് പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അത് മാറണം. നിങ്ങൾ കാണേണ്ടത് ക്രിസ്തുവിനെയാണ്. ക്രിസ്തു നിങ്ങളെ സ്നേഹിക്കുന്നു.

സ്വന്തം ഭാര്യയേക്കാൾ കൂടുതൽ, സ്വന്തം ഭർത്താവിനേക്കാൾ കൂടുതൽ, അപ്പനേക്കാളും അമ്മയേക്കാളും കൂടുതൽ നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾ സ്നേഹിക്കണം. ഇങ്ങനെ ദൈവവുമായി ഒരു സ്നേഹബന്ധം നിങ്ങൾ സ്ഥാപിക്കണം.

എന്റെ വേദന അവൻ കാണുന്നു, എന്റെ അവസ്ഥ അവൻ അറിയുന്നു. എന്റെ വേദനയ്ക്ക് പരിഹാരം തരാൻ അവൻ ശക്തനാണ്. വിളിച്ചപേക്ഷിച്ചാൽ അവൻ തരുമെന്ന് നിങ്ങൾ വിശ്വസിക്കുക.

യിസ്രായേൽക്കാർ നടന്ന് ചെങ്കടൽ തീരത്ത് എത്തി. എന്തൊരു വലിയ കൂട്ടമാണ്! വലിയ കടൽ പരന്ന് കിടക്കുന്നു. പുറകെ ഫറവോന്റെ സൈന്യത്തിന്റെ കുതിരകളുടെ കുളമ്പടിശബ്ദം കേൾക്കാം. മുന്നിൽ പെരുവെള്ളം. എന്തുചെയ്യും? മാനുഷികമായ രീതിയിൽ ഒരു പോംവഴിയുമില്ല. എന്നാൽ മോശ ചെങ്കടലിന്റെ തീരത്ത് മണൽപ്പരപ്പിൽ മുട്ടുമടക്കി ദൈവത്തോട് ചോദിച്ചു: കർത്താവേ, ഞാനിപ്പോൾ എന്താണ് ചെയ്യേണ്ടത്?

ദൈവം പറഞ്ഞു: മുൻപോട്ടു പോകുവാൻ ജനത്തോടു കല്പിക്ക. നിന്റെ കൈയിലുള്ള വടി സമുദ്രത്തിനു നേരെ നീട്ടുക. (പുറപ്പാട് 14 : 15, 16) മോശ ദൈവം പറഞ്ഞത് അനുസരിച്ചു. ദൈവം കല്പിച്ചു, മോശ വടി ചെങ്കടലിനു നേരെ നീട്ടി. എന്തൊരത്ഭുതം! പായ തെറുക്കുന്നതുപോലെ വെള്ളം രണ്ടുവശത്തേക്കും മാറി! മൈലുകൾ മൈലുകൾ വെള്ളം മാറി! പ്രകൃതിയിലെ ഒരു അത്ഭുത പ്രതിഭാസം!

നിത്യനായ ദൈവം സൃഷ്ടിച്ച ഈ പ്രകൃതിയിൽ അത്ഭുതം നടക്കുന്നു. ഈ ഭൂമിയും നദികളും ജലാശയങ്ങ

ളുമെല്ലാം ദൈവത്തിന്റേതല്ലേ? ആനന്ദത്തോടെ ജനം ഉണങ്ങിയ നിലത്തുകൂടി നടന്ന് അക്കരെ കടന്നു.

അതേ വഴിയിൽക്കൂടി ഫറവോനും സൈന്യവും നടന്നു. അവരെല്ലാം വെള്ളത്തിൽ മുങ്ങിപ്പോയി. ദൈവമക്കൾക്കു വേണ്ടി ദൈവം തുറക്കുന്ന വഴി പിശാചിന്റെ മക്കൾക്ക് കിട്ടുകയില്ല. ദൈവത്തിന്റെ മക്കൾക്കുവേണ്ടി പ്രത്യേക ആനുകൂല്യങ്ങൾ കർത്താവ് തരും. അത് അതുപോലെ അനുകരിക്കാൻ നോക്കിയാൽ മറ്റുള്ളവർക്ക് കിട്ടുകയില്ല. ദൈവമക്കൾക്കുള്ള ഒരു പദവിയാണത്.

സഹോദരങ്ങളേ, പ്രയാസങ്ങൾ വന്നപ്പോഴെല്ലാം എനിക്ക് പ്രാർത്ഥിക്കാൻ കർത്താവ് കൃപ തന്നു. എണ്ണിയെണ്ണിപ്പറഞ്ഞ് ചോദിക്കാൻ കൃപ തന്നു. നല്ലവനായ ദൈവം എന്റെ ജീവിതത്തിൽ, എനിക്ക് ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത സ്ഥാനത്ത് അത്ഭുതങ്ങൾ ചെയ്തു.

നിങ്ങൾക്കു ദൈവത്തോട് പറയാം: കർത്താവേ, ഇന്ന് നിന്റെ ആ തൃക്കരം എന്റെ ജീവിതത്തിൽ ഒന്ന് പ്രവർത്തിക്കണമേ. എന്റെ ജീവിതത്തിലെ കൊടുങ്കാറ്റുകൾ ശാന്തമാക്കിത്തരണമേ. ആഗ്രഹിച്ച തുറമുഖത്തെന്നെ എത്തിക്കണമേ. എനിക്ക് ലഭിക്കുന്ന നന്മകളെല്ലാം എന്റേതല്ല, നിന്റേതാകുന്നു. എനിക്കുള്ള മക്കൾ എന്റേതല്ല, നിന്റേതാകുന്നു. എന്റെ കുടുംബജീവിതം എന്റേതല്ല, നിന്റേതാകുന്നു. നിങ്ങൾക്കിങ്ങനെ പറയാൻ പറ്റുമോ?

നിങ്ങളിൽ പലർക്കും ശമ്പളം കിട്ടുന്നുണ്ട്. കിട്ടുന്ന ശമ്പളം മുഴുവൻ യേശുവിന്റേതാണെന്ന് നിങ്ങൾക്ക് കാണാൻ പറ്റുന്നുണ്ടോ? വാക്കാൽ പറഞ്ഞാൽ മാത്രം പോരാ. എനിക്കും എന്റെ ഭാര്യ ആലീസിനും പെൻഷനുണ്ട്. ഞങ്ങൾക്കുള്ള പെൻഷൻ എന്ന് പറയുന്നത്, അത് ഞങ്ങളുടെയല്ല ദൈവത്തിന്റെ വകയാണ്. ദൈവം എന്നോട് പറയുന്നതുപോലെ ഞാൻ വിനിമയം ചെയ്യുന്നു. എന്നെ കേവലം ഒരു

മാനേജർ ആക്കി വച്ചിരിക്കുന്നു. ഭാഗ്യവശാൽ ഒരു ആർത്തിയുമില്ല. പ്രത്യേക നിർബ്ബന്ധങ്ങളുമില്ല. ശാഠ്യങ്ങളില്ല. എന്റെ അഭിപ്രായങ്ങൾ ഞാൻ മാറ്റിവയ്ക്കുന്നു. എന്റെ യേശുവിന്റെ ഇഷ്ടത്തിന് എന്നെത്തന്നെ ഞാൻ വിട്ടുകൊടുക്കുന്നു.

മൺമറഞ്ഞുപോയ ഒരു വ്യക്തിയല്ല യേശു. ഇന്നും ജീവിക്കുന്നവനാണ് യേശു. നിങ്ങളുടെ ചെറുതും വലുതുമായ കാര്യങ്ങൾ അറിയുന്നവനാണ് യേശു. ആ ദൈവം നിങ്ങളുടെ അരികത്ത് വരുന്നു. ദൈവത്തിന്റെ നന്മകൾ നിങ്ങൾ അനുഭവിക്കുക.

നിങ്ങൾക്ക് രോഗമുണ്ട്, ചികിത്സിക്കണം. നിങ്ങൾ പറയണം: കർത്താവേ, ഡോക്ടർമാരെ സൃഷ്ടിച്ചത് അവിടുന്നാണ്. അവർക്ക് ശാസ്ത്രീയമായ ബോധം കൊടുത്തത് അവിടുന്നാണ്. മരുന്നുകൾ അവിടുത്തേതാണ്. ഈ ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ ഫലപ്രദമാകാൻ ഡോക്ടറുടെ ബുദ്ധിയോടുകൂടെ നീ ഇരിക്കണമേ. അവരുടെ കൈകളിൽക്കൂടി നീ പ്രവർത്തിക്കണമേ. ഇങ്ങനെയായിരിക്കണം നമ്മുടെ ചിന്താഗതി. കർത്താവിന് എല്ലാം വിട്ടുകൊടുക്കുന്നു.

ഇങ്ങനെയൊരു സമർപ്പണം നിങ്ങൾക്ക് വന്നിട്ടുണ്ടോ? ഇതുവരെ തെറ്റായ ചിന്താഗതികളും മനോഭാവങ്ങളുമുണ്ടായിരുന്നു. എന്റേതെന്ന് കരുതിയിരുന്ന ചിലതെല്ലാം ഉണ്ടായിരുന്നു. എന്നാൽ കർത്താവേ, എന്റേതെന്ന് പറയാൻ എനിക്ക് ഒരഭിപ്രായവുമില്ല.

ഇനി കാലം ഏറെയില്ല. നീ എനിക്കുതരുന്ന രൂപാന്തരം അനുഭവിച്ചുകൊണ്ട് ഈ രൂപാന്തരത്തിന്റെ സാക്ഷിയാകാൻ ഞാനിതാ വരുന്നു. യേശുക്രിസ്തു തരുന്ന സൗഖ്യത്തിന്റെ സാക്ഷിയാകാൻ ഞാനിതാ എഴുന്നേൽക്കുന്നു. കർത്താവേ, ഞാൻ എന്നെ നിനക്ക് തരികയാണ്. ഒരു വ്യവസ്ഥയും എനിക്ക് പറയാനില്ല. നീ എനിക്ക് ഏറ്റവും നല്ലത് ചെയ്തു തരുമെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് എന്റേതായി യാതൊരു

താത്പര്യവുമില്ല.

നീ എന്നെ ഈ ഭൂമിയിൽ സൃഷ്ടിച്ചാക്കി, ഇത്രയും കാലം നീ എന്നെ നടത്തി, ഓരോ സമയത്തും നീ എൻെറ പിന്നാലെ നടന്ന് എന്നെ കയറിപ്പിടിക്കാൻ നോക്കി. പക്ഷേ, പിടിതരാതെ ഞാൻ ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. ഒരു സമയം വന്നപ്പോൾ നീ എന്നെ ചാടിപ്പിടിച്ചു.

ഞാൻ ആഗ്രഹിച്ചതല്ല, ഞാൻ ചിന്തിച്ചതല്ല. ഇങ്ങനെ യൊരു ദൈവമുണ്ടെന്നു പോലും എനിക്ക് അറിയാൻ പാടി ല്ലായിരുന്നു. പ്രാർത്ഥന ചൊല്ലിക്കൂട്ടിയിരുന്നു. നമസ്ക്കാരം ചൊല്ലിയിരുന്നു, കുമ്പിട്ടിരുന്നു, പള്ളിയിൽ പോയിരുന്നു. എല്ലാം വ്യർത്ഥമായ ചില ആചാരങ്ങൾ മാത്രം.

എന്നാൽ എന്നെ സ്നേഹിക്കുന്ന ഒരു ക്രിസ്തുവു ണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. കർത്താവേ, ഞാൻ കോപിച്ച പ്പോൾ നീ വേദനയോടെ നിൽക്കുന്നത് ഞാൻ അറിഞ്ഞില്ല. ഞാൻ പാപം ചെയ്തപ്പോൾ നീ വേദനോടെ ഏങ്ങലടിച്ച് കര ഞ്ഞുകൊണ്ട് പുറകെ നിൽക്കുന്നത് ഞാൻ അറിഞ്ഞില്ല. അങ്ങ നെയൊരു സ്നേഹമുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല.

എന്നാൽ, പെരുവെള്ളത്തിൽ നിന്ന് നീയെന്നെ വലിച്ചെ ടുത്തു. ആഴമുള്ള കുഴിയിൽ നിന്ന് അശുദ്ധിയിൽ ആറാടിയി രുന്ന എന്റെ ജീവിതത്തെ നീ പൊക്കിയെടുത്തു. തിന്മയും ലോകസ്നേഹവും ഉണ്ടായിരുന്ന ജീവിതത്തെ, ദ്രവ്യാഗ്രഹം കൊണ്ട് ഏറ്റവും ഹീനമായിപ്പോയ ജീവിതത്തെ നീ പൊക്കി യെടുത്തു. പലതരം ദുശ്ശീലങ്ങൾക്ക് അടിമയായിരുന്ന എന്നെ നീ കോരിയെടുത്തു.

നിന്റെ തിരുവിലാവോടെന്നെ ചേർത്തണച്ചു. നാഥാ, നിന്റെ സ്നേഹം എത്ര നിസ്തുലം! “അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ.” (സങ്കീർത്തനങ്ങൾ 107 : 8) അനേകം കൊടുങ്കാറ്റുകൾ വന്ന് എന്നെ തകർത്തുകൊ

ണ്ടിരുന്നു. ജീവിതം മുഴുവൻ കൊടുങ്കാറ്റ് തിങ്ങിയതായിരുന്നു. കൊടുങ്കാറ്റേറ്റ് ഞാൻ വലഞ്ഞുപോയിരുന്നു; ആടിയുലഞ്ഞ് പോയിരുന്നു. തകർന്നുപോകുമോ എന്ന് ഭയപ്പെട്ടിരുന്നു.

എന്നാൽ ആ കൊടുങ്കാറ്റിനെ ശാന്തമാക്കിക്കൊണ്ട് നീ എന്റെ ജീവിതത്തിലേക്ക് എഴുന്നള്ളിവന്നു. എന്റെ ഹൃദയത്തിൽ നീ എഴുന്നേറ്റുനിന്നുകൊണ്ട് കൊടുങ്കാറ്റിന് നേരെ കൈയുയർത്തി കൊടുങ്കാറ്റിനോട് ശാന്തമാകാൻ നീ കല്പിച്ചു. തിരമാലകൾ അടങ്ങി. കൊടുങ്കാറ്റ് ശാന്തമായി.

യേശുക്രിസ്തു നിങ്ങളുടെ ജീവിതത്തിലെ കൊടുങ്കാറ്റുകൾ മാറ്റിത്തരും. പ്രകൃതിക്ഷോഭങ്ങൾ നിങ്ങളുടെമേൽ ഏൽക്കാതവണ്ണം അവൻ അവയെ നീക്കിത്തരും.

നിങ്ങളിപ്പോൾ ക്രിസ്തുവിനെ വിളിക്കുക: കർത്താവേ, എന്റെ ശിരസ്സിന്മേൽ നിന്റെ തിരുരക്തം പുരണ്ട കരം ഒന്ന് വയ്ക്കണമേ. നിന്റെ തിരുരക്തം ഒരു തുള്ളി എന്റെ ശിരസ്സിന്മേൽ ഒന്ന് പതിയട്ടെ. യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരണമേ. എന്റെ ഹൃദയത്തിൽ നീ രാജാവായി വാഴണമേ. നീ എന്നെ ഭരിക്കണമേ, എന്നെ നിയന്ത്രിക്കണമേ. കർത്താവേ, ഇപ്പോൾ സകല പാപങ്ങളോടും യാത്ര പറഞ്ഞുകൊണ്ട് ഞാൻ എന്റെ ജീവിതം നിന്റെ കരങ്ങളിലേക്ക് ഏൽപ്പിക്കുകയാണ്. യേശുവേ, ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി.

## രണ്ട്

**"ഒരു ദിവസം അവൻ ശിഷ്യന്മാരുമായി പടകിൽ കയറി; നാം തടാകത്തിന്റെ അക്കരെ പോക എന്ന് അവരോട് പറഞ്ഞു. അവർ നീക്കി ഓടുമ്പോൾ അവൻ ഉറങ്ങിപ്പോയി. തടാകത്തിൽ ഒരു ചുഴലിക്കാറ്റ് ഉണ്ടായി പടകിൽ വെള്ളം നിറഞ്ഞിട്ട് അവർ പ്രാണഭയത്തിലായി അടുക്കൽ ചെന്നു: നാഥാ, നാഥാ, ഞങ്ങൾ നശിച്ചുപോകുന്നു എന്നുപറഞ്ഞ് അവനെ ഉണർത്തി; അവൻ എഴുന്നേറ്റു കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു; അവ അമർന്നു ശാന്തത ഉണ്ടായി. പിന്നെ അവരോട്: നിങ്ങളുടെ വിശ്വാസം എവിടെ എന്ന് പറഞ്ഞു; അവരോ ഭയപ്പെട്ടു: ഇവൻ ആർ? അവൻ കാറ്റിനോടും വെള്ളത്തോടും കല്പിക്കയും അവ അനുസരിക്കയും ചെയ്യുന്നു എന്നു തമ്മിൽ പറഞ്ഞ് ആശ്ചര്യപ്പെട്ടു."**

**ലൂക്കോസ് 8 : 22 – 25**

കൊടുങ്കാറ്റുണ്ടായി, ചുഴലിക്കാറ്റുണ്ടായി. ജീവിതത്തിൽ കൊടുങ്കാറ്റുകളുണ്ട്. പ്രകൃതിക്ഷോഭം മൂലം കൊടുങ്കാറ്റുകളുണ്ടാകാറുണ്ട്. എന്നാൽ അതല്ല, അനേകംപേരുടെ ഹൃദയത്തിൽ കൊടുങ്കാറ്റുകളുണ്ട്. അത് ജീവിതം തളർത്തിക്കൊണ്ടിരിക്കുകയാണ്. മുന്നോട്ടൊരു ഗതി കിട്ടാത്തതുപോലെ വലയുകയാണ്.

വാട്ട്സ്ആപ്പിൽ ഒരാളെനിക്ക് മെസ്സേജ് അയച്ചു. ആ സ്ത്രീ ഏങ്ങലടിച്ച് കരയുകയാണ്: സാറേ, എനിക്ക് ജീവിക്കണം എന്നുള്ള ആശയില്ല. ഇന്ന് എന്റെ ഭർത്താവ് ഒരിടത്തേക്ക് പോകാൻ തുടങ്ങിയപ്പോൾ എങ്ങോട്ടാണ് പോകുന്നതെന്ന് ഞാൻ ചോദിച്ചു.

അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഒരു സ്ത്രീയുടെ വീട്ടിൽ പോകുകയാണ്. എനിക്ക് അവളെ ഇഷ്ടമാണ്. എനിക്ക് ബോധമറ്റതുപോലെയായി. ഞാൻ ഉറക്കെ നിലവിളിച്ചു. പക്ഷേ, അദ്ദേഹം ഒട്ടും ഗൗനിച്ചില്ല. എനിക്ക് സമാധാനമില്ല. സാറ് എനിക്കുവേണ്ടി പ്രാർത്ഥിക്കണം.

ഇതുപോലെ എത്രയെത്ര യാതനകൾ!

വലിയൊരു കടം വന്നിരിക്കുന്നു; കൊടുങ്കാറ്റ്! തീർക്കാൻ മാർഗ്ഗമില്ല. ഉള്ളതെല്ലാം വിറ്റാലും തീരുകയില്ല. പലരും കടത്തിൽ മുങ്ങിവലയുകയാണ്.

പെട്ടെന്നാണ് ഒരു രോഗം വന്നത്. മാരകമായ രോഗമാണെന്ന് സംശയിക്കുന്നു. മനസ്സ് വെപ്രാളത്തിലാണ്. കൊടുങ്കാറ്റാണത്. എത്രയോ കുടുംബങ്ങളാണ് കൊടുങ്കാറ്റടിച്ച് അലയുന്നത്. മനുഷ്യൻ വശംകെട്ടുപോകുന്നു. IELTS പരീക്ഷ ഏഴു പ്രാവശ്യം എഴുതി. ആ കുട്ടി പറയുകയാണ്: സാറേ, ഏഴുപ്രാവശ്യം എഴുതിയിട്ടും കിട്ടിയില്ല. ഇനി ഞാൻ എഴുതുന്നില്ല. ഞാൻ പറഞ്ഞുകൊടുത്തു: നിങ്ങൾ ജീവിതം ക്രിസ്തുവിന് സമർപ്പിച്ചിട്ട് ഒന്നുകൂടി പരിശ്രമിക്ക്. കിട്ടുന്നതുവരെ പരിശ്രമിക്കണം.

വിദേശത്തു നിന്ന് വേറൊരാൾ വിളിച്ചുപറഞ്ഞു: സാറേ, ജോലി പോയി. നാളെ മുതൽ വരണ്ട എന്ന് പറഞ്ഞിരിക്കുകയാണ്. ഭാര്യയും ഞാനും രണ്ട് കുഞ്ഞുങ്ങളുമുണ്ട്. സാറ് പ്രാർത്ഥിക്കണം. കൊടുങ്കാറ്റിൽ ആടി ഉലയുന്നു. വേറെ ഒരാൾ വിളിക്കുന്നു, അടുത്ത മാസമാണ് divorce-ന്റെ തീയതി. വിവാഹമോചനം!

പിരിയണമെന്ന് എനിക്കും അദ്ദേഹത്തിനും ആഗ്രഹമില്ല. പക്ഷേ, യോജിച്ചുപോകാൻ പറ്റുന്നില്ല. എനിക്ക് അദ്ദേഹത്തെ വലിയ സ്നേഹമാണ്. പക്ഷേ, പിരിഞ്ഞേ പറ്റൂ. കേൾക്കുമ്പോൾ അത്ഭുതം തോന്നും.

ഞാൻ പറഞ്ഞു: ഒൻപതു കൊല്ലം പിരിഞ്ഞ് നിന്നവർ കൂട്ടായ്മയിൽവന്ന് വചനം കേട്ട് യോജിച്ചിട്ടുണ്ട്. അഞ്ചുകൊല്ലം പിരിഞ്ഞ് നിന്നവർ നമ്മുടെ കൂട്ടായ്മയിൽ വന്ന് വചനംകേട്ട് യോജിച്ചിട്ടുണ്ട്. നിങ്ങൾ പിരിയാൻ ഇടവരരുതെന്നാണ് എന്റെ ആഗ്രഹം. ഒരു കാരണവശാലും ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നുള്ള വചനമുണ്ട്. അതു കൊണ്ട് നിങ്ങൾ പിരിയരുത്.

ഏറെനാളായി കൊതിച്ച് ഭാര്യ ഗർഭിണിയായി. മൂന്ന് മാസമായപ്പോഴേയ്ക്കും ഡോക്ടർ പറഞ്ഞു: കുട്ടിയ്ക്ക് ചലന മില്ല. ഹൃദയമിടിപ്പ് ഇല്ല. അതുകൊണ്ട് കുട്ടിയെ ഇനി ഗർഭ ത്തിൽ വഹിച്ചുകൊണ്ടിരിക്കുന്നതിൽ അർത്ഥമില്ല. സാറേ, ഞാൻ എന്താണ് ചെയ്യേണ്ടത്? ഞാൻ പറഞ്ഞു: എനിക്ക് എന്തുപറയാൻ പറ്റും? ഞാൻ നിങ്ങളെപ്പോലെ ഒരു സാധുമനു ഷ്യനല്ലേ? കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങൾ ഏല്പിച്ചു പ്രാർത്ഥിക്കൂ.

അനേകംപേരുടെ ദു:ഖഭാരം പേറിക്കൊണ്ടാണ് ഞാൻ നിൽക്കുന്നത്. അനേകർ യാതന അനുഭവിക്കുന്നത്, സ്വസ്ഥത യില്ലാതെ അഴലുന്നത് ഞാൻ കാണുന്നു. കൊടുങ്കാറ്റാണ്.

പടക് ആടിയുലയുകയാണ്. തിരമാലകൾ തിമിർത്ത് പൊങ്ങുകയാണ്. വള്ളം മറിയുമെന്ന നിലയിലായി. പാവപ്പെട്ട ശിഷ്യന്മാർ അമ്പരപ്പിലായി.

**"ഒരു ദിവസം അവൻ ശിഷ്യന്മാരുമായി പടകിൽ കയറി; നാം തടാകത്തിന്റെ അക്കരെ പോക എന്ന് അവരോട് പറഞ്ഞു. അവർ നീക്കി ഓടുമ്പോൾ അവൻ ഉറങ്ങിപ്പോയി. തടാകത്തിൽ ഒരു ചുഴലിക്കാറ്റ് ഉണ്ടായി പടകിൽ വെള്ളം നിറ ഞ്ഞിട്ട് അവർ പ്രാണഭയത്തിലായി അടുക്കൽ ചെന്നു."**

**ലൂക്കോസ് 8 : 22 – 24**

വള്ളത്തിൽ വെള്ളം നിറഞ്ഞു. വലിയ തടാകമാണ്. അവർ പ്രാണഭയത്തിലായി. ശിഷ്യന്മാർ തണ്ട് ആഞ്ഞ് വലി

ക്കുന്നുണ്ട്. തുഴയുന്നുണ്ട്. പന്ത്രണ്ടു ശിഷ്യന്മാരുമുണ്ട്. കർത്താവ് ആ പടകിലുണ്ട്. പക്ഷേ, കർത്താവ് ഉറങ്ങുകയാണ്.

തിരമാലകൾ തള്ളിക്കയറി വെള്ളം ഉള്ളിൽ കയറുന്നുണ്ട്. പടക് ആടിയുലയുന്നുണ്ട്. ശിഷ്യന്മാർ സംഭ്രമിച്ചുപോകുന്നുണ്ട്. എന്നാൽ ആ സമയത്ത് ശിഷ്യന്മാർ ആഗ്രഹിച്ച തുറമുഖത്ത് എത്തണമെങ്കിൽ യേശു എഴുന്നേൽക്കണം. നിങ്ങൾ ദൈവത്തെ വിളിക്കണം: കർത്താവേ, ഉണരണമേ. എന്റെ ജീവിതം വലഞ്ഞു പോകുന്നു. ഞാൻ ജീവിതത്തിൽ തോറ്റുപോകുന്നു. എന്റെ ഹൃദയത്തിൽ സന്തോഷവും സമാധാനവുമില്ല. കർത്താവേ, നീ ഒന്ന് ഉണരണമേ.

"അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി, തിരമാലകൾ അടങ്ങി" (സങ്കീർത്തനങ്ങൾ 107 : 29). എന്തൊരു ആശ്വാസകരമായ വാക്കാണത്! നമ്മുടെ ജീവിതത്തിൽ കൊടുങ്കാറ്റുണ്ട്. എന്നാൽ കൊടുങ്കാറ്റിനെ ശാന്തമാക്കാൻ യേശുവുണ്ട്.

"അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു." (സങ്കീർത്തനങ്ങൾ 107 : 30). ഈ വാക്യം എനിക്ക് വലിയ ആവേശം പകരുന്നു. ചില കുട്ടികൾ 'NEET' പരീക്ഷ എഴുതി. മെഡിസിന് ഒരു അഡ്മിഷൻ വേണം. വേറെ ഒരാൾ ആഗ്രഹിച്ച തുറമുഖം, കടം എല്ലാം മാറി ഒരു സ്വസ്ഥത കിട്ടണം. വേറെ ഒരാൾ ആഗ്രഹിച്ച തുറമുഖം എന്റെ രോഗം മാറണം. വേറെ ഒരാൾ ആഗ്രഹിച്ച തുറമുഖം വീട് വയ്ക്കാൻ ഒരു രണ്ട് സെന്റ് സ്ഥലം കിട്ടിയാൽ മതിയായിരുന്നു. ആഗ്രഹിച്ച തുറമുഖത്ത് നമ്മെ എത്തിക്കുന്ന ഒരു ദൈവമുണ്ട്.

അനേകം ആളുകൾ ചിന്താക്കുഴപ്പത്തിലാണ്. ഈ ആത്മീയം തന്നെ ശരിയോ എന്ന് ചിന്തിക്കുന്ന ആളുകളുണ്ട്. എന്റെ പ്രാർത്ഥന കർത്താവ് കേൾക്കുമോ എന്ന് ചിന്തിക്കുന്ന ആളുകളുണ്ട്. സത്യമായും ഞാൻ നിങ്ങളോട് പറയട്ടെ, നിങ്ങളുടെ പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ജീവിക്കുന്നു.

നിങ്ങൾ കരയുമ്പോൾ നിങ്ങളുടെ നെടുവീർപ്പുകൾ കണ്ട് നിങ്ങളുടെ അരികിലേക്ക് വന്ന് ആശ്വസിപ്പിക്കുന്ന ക്രിസ്തു!

യേശുവിനെ വിളിക്കുക: യേശുവേ, നീ എന്റെ ഹൃദയത്തിൽ വന്ന് അധിവസിക്കണമേ. യേശുവേ, എന്റെ തലമേൽ നിന്റെ കരം ഒന്ന് വയ്ക്കണമേ. എന്റെ വേദനകൾ നീ മാറ്റണമേ. എന്റെ അസ്വസ്ഥത മാറ്റിത്തരണമേ. എന്റെ ഭയപ്പാട് മാറ്റിത്തരണമേ.

എന്റെ ഭീതികൾ മാറ്റിത്തരണമേ. കർത്താവേ, ഒരു തൊഴിലില്ലല്ലോ. വരുമാനമില്ലല്ലോ. കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടതുണ്ടല്ലോ. പക്ഷേ, അതിനുള്ള മാർഗ്ഗം കാണുന്നില്ലല്ലോ. കർത്താവേ, ഒരു പോംവഴി തരണമേ.

കർത്താവിന്റെ കൃപയാൽ, ഇങ്ങനെ വിളിച്ച് പറയുന്ന അനേകംപേർക്ക് സമാധാനം കിട്ടുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവർ പിന്നീട് വിളിച്ച്: സാറേ, പ്രാർത്ഥിച്ചതിന് നന്ദി എന്നുപറയുന്നു. ഞാൻ പ്രാർത്ഥിച്ചതിന്റെ മേന്മയല്ല എന്ന് എനിക്കറിയാം.

കർത്താവേ, എനിക്കൊന്നും അറിയാൻ പാടില്ല, ഈ പാവപ്പെട്ടവരോട് കരുണ ചെയ്യണമേ എന്ന് ഞാൻ പറയാറുണ്ട്. അതിനപ്പുറമൊന്നും എനിക്കും ചെയ്യാൻ കഴിവില്ല. ഞാനും ആവശ്യക്കാരനാണ്. എനിക്കുമുണ്ട് പ്രാരബ്ധങ്ങൾ; എനിക്കുമുണ്ട് ഭാരങ്ങൾ; എനിക്കുമുണ്ട് വേദനാവിഷയങ്ങൾ; എനിക്കുമുണ്ട് പ്രശ്നങ്ങൾ.

പക്ഷേ, ഇന്ന് ഞാൻ പിടിച്ചുനിൽക്കുന്നത് കർത്താവിന്റെ കൃപയിലാണ്. ആ മഹത്വമാർന്ന കരങ്ങൾ എന്നെ തലോടുന്നത് ഞാൻ അനുഭവിക്കുന്നു. ഞാൻ വിതുമ്പുമ്പോൾ, ഞാൻ ഏങ്ങലടിക്കുമ്പോൾ ആ കരം എന്റെ കണ്ണുനീർ തുടയ്ക്കുന്നത് ഞാൻ അനുഭവിക്കുന്നു. എന്റെ പ്രതിസന്ധിഘട്ടങ്ങളിൽ ആ കരം എന്നെ താങ്ങുന്നതും തലോടുന്നതും ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

പ്രിയപ്പെട്ടവരേ, ക്രിസ്തീയജീവിതം അറിവിന്റെ ജീവിതമല്ല. കുറെ തത്വങ്ങൾ പഠിക്കുന്ന ജീവിതമല്ല. വേദപുസ്തകത്തിലെ വാക്യങ്ങൾ കാണാതെ പറയുന്ന ജീവിതമല്ല. കുറെ പ്രാർത്ഥനകൾ ഉരുവിടുന്ന ജീവിതമല്ല. ക്രിസ്തീയജീവിതം യേശുക്രിസ്തുവുമായി സജീവബന്ധമുള്ള ജീവിതമാണ്.

ഇന്ന് പലരും ദശാന്ത്യങ്ങളിലേക്ക് നോക്കിയിരിക്കുന്നുണ്ട്. വാരഫലം നോക്കുന്നതും ദശാന്ത്യം നോക്കുന്നതുമെല്ലാം അബദ്ധമാണ്. വെറും വിഡ്ഢിത്തമാണ്. അതിലൊന്നും യാതൊരു അർത്ഥവുമില്ല. നിങ്ങളുടെ ജീവിതത്തിൽ ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും നിയന്ത്രിക്കുന്ന കർത്താവായ യേശുക്രിസ്തു വന്ന് ഉദിക്കണം.

നീതിസൂര്യൻ വന്ന് നിങ്ങളുടെ ഹൃദയത്തിൽ ഉദിക്കണം. നിങ്ങളുടെ ഹൃദയത്തിൽ ഈ സൂര്യൻ ഉദിച്ചിട്ടുണ്ടോ? ഈ സൂര്യൻ നിങ്ങളുടെ ഹൃദയത്തിൽ വസിക്കുന്നുണ്ടോ? നിങ്ങളുടെ പ്രവൃത്തികൾ ക്രിസ്തുവിന്റെ സ്നേഹത്തിന് അനുസരണമായിട്ടാണോ പോകുന്നത്?

ഇന്നും ഹൃദയത്തിൽ കയ്പ്പുള്ളവരില്ലേ? സ്വന്തം വീട്ടിൽ മാതാപിതാക്കളെ അനുസരിക്കാത്തവരില്ലേ? മാതാപിതാക്കളെ വേദനിപ്പിക്കരുത്. മാതാപിതാക്കളെ വേദനിപ്പിച്ചാൽ അത് ദോഷമാണ്. വചനം പറയുന്നു: "നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിക്കാനും നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന ആകുന്നു." (എഫെസ്യർ 6 : 2, 3).

മാതാപിതാക്കളെ ആദരിക്കണം. മാതാപിതാക്കളെ ബഹുമാനിക്കണം അല്ലെങ്കിൽ ദീർഘായുസ്സുണ്ടാകില്ല. കാര്യം നിസ്സാരമല്ല. അനേകരുടെ അനുഭവങ്ങൾ എനിക്കറിയാം. ചിന്തിക്കൂ, നിങ്ങളുടെ ജീവിതത്തിലെ കോളിളക്കത്തിന് കാരണം അനേകം പാപങ്ങളാണ്. നിങ്ങൾ തിരുത്തിയിട്ടില്ലാത്ത ചില കാര്യങ്ങൾ, വാക്കുകൾകൊണ്ട് ചിലരെ മുറിപ്പെടു

ത്തിയ കാര്യങ്ങൾ. ചിലരുമായി പിണങ്ങിയിരിക്കുന്നുണ്ടാകാം.

ഒട്ടും വൈകാതെ എല്ലാം ശരിയാക്കിക്കൊള്ളുക. മരണത്തിന്റെ തണുത്ത കരം നിന്നെ പിടികൂടുന്നതിനുമുമ്പ് അതിവേഗം നിന്റെ ഗൃഹകാര്യം ക്രമപ്പെടുത്തിക്കൊള്ളുക. ഇന്ന് എല്ലാം കളിയാണ്. എന്നാൽ നിന്റെ ജീവിതം എപ്പോഴാണ് തീരുന്നതെന്ന് നീ അറിയുന്നില്ല.

കുടുംബം മുടിഞ്ഞുകൊണ്ടിരിക്കുകയാണെന്ന്, തലമുറയ്ക്ക് അപകടം വരുന്നു എന്ന് പലരും അറിയുന്നില്ല. നശിക്കുന്ന ഒരു കൂട്ടം ജനം! പള്ളിയുണ്ട്. ആരാധനയുണ്ട്. കുർബ്ബാനയുണ്ട്. കുമ്പസാരമുണ്ട്. എല്ലാമുണ്ട് പക്ഷേ, മനുഷ്യൻ നശിച്ചുകൊണ്ടിരിക്കുന്നു.

ഒരാൾ എന്നോട് പറഞ്ഞു: സാറേ, എന്റെ അപ്പന്റെ അപ്പന്റെ കാലത്ത് ഞങ്ങൾ വലിയ ജന്മിമാരായിരുന്നു എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. അപ്പന്റെ അപ്പൻ വലിയ ഭൂവുടമയായിരുന്നു. അദ്ദേഹത്തിന്റെ കാലം കഴിഞ്ഞ് ഞങ്ങൾ വളരെ ക്ഷയിച്ചു. എന്താണെന്ന് അറിഞ്ഞുകൂടാ. എന്റെ കാലം ആയപ്പോഴേയ്ക്കും വളരെ ക്ഷയിച്ചിരിക്കുന്നു. സാറേ, എന്താണ് ഞങ്ങൾക്ക് അടിക്കടി താഴ്ച വരാൻ കാരണം?

ഞാൻ പറഞ്ഞു: നിങ്ങളുടെ വീട്ടിൽ എന്തെങ്കിലും ശാപങ്ങൾ കാണും. ഞാൻ ചോദിച്ചു: നിങ്ങളുടെ വീട്ടിൽ ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുണ്ടോ? കൊലപാതകം വല്ലതും നടന്നിട്ടുണ്ടോ? പാവപ്പെട്ട സ്ത്രീകളെ അപമാനിക്കുകയോ മറ്റോ ചെയ്തിട്ടുണ്ടോ? എന്തെങ്കിലും നിങ്ങൾക്ക് ഓർമ്മയുണ്ടോ? അദ്ദേഹം പറഞ്ഞു: സാറേ, ഉണ്ട് ഓർമ്മയുണ്ട്.

എന്റെ അപ്പന്റെ അപ്പന്റെ കാലത്ത് ഒരു സംഭവം നടന്നു. ഞങ്ങൾക്ക് ഒത്തിരി വാഴ ഉണ്ടായിരുന്നു. അവിടെ പണിതുകൊണ്ടിരുന്ന വേലക്കാരൻ എന്തോ ധിക്കാരം പറഞ്ഞു. എന്റെ മുത്തച്ഛൻ അവനെ അടിച്ചു. അവൻ മരിച്ചുപോയി. അവനെ ആ വാഴത്തോപ്പിൽത്തന്നെ കുഴിച്ചിട്ടു. അപ്പന്റെ അപ്പൻ നാട്ടിൽ

ഒരു പ്രമാണി ആയിരുന്നതുകൊണ്ട് വലിയ കേസൊന്നും ഉണ്ടായില്ല.

ഞാൻ പറഞ്ഞു: അത് മതിയല്ലോ. നിങ്ങളുടെ വീട്ടിൽ കൊലപാതകം നടന്നില്ലേ? അതാണ് ക്ഷയിക്കാൻ കാരണം. അത് ശാപമാണ്. പിന്നീട് ഞാൻ അദ്ദേഹത്തോട് ചോദിച്ചു: നിങ്ങളുടെ വീട്ടിൽ ആരെങ്കിലും കൊലപാതകം ചെയ്യപ്പെട്ടിട്ടുണ്ടോ? ഉവ്വ് സാറേ, ഉണ്ട്. എന്റെ അനുജനെ ആരോ കൊന്നു. മൃതശരീരം ആറ്റിൽ കൊണ്ടുപോയി തള്ളി.

ഞാൻ പറഞ്ഞുകൊടുത്തു: നിങ്ങളുടെ അപ്പന്റെ അപ്പൻ ഒരാളെ കൊന്നു. നിങ്ങളുടെ അനുജൻ വേറൊരാളാൽ കൊല്ലപ്പെട്ടു. ശാപങ്ങൾ പിൻതുടരുകയാണ്. അതാണ് കുടുംബം ക്ഷയിക്കാൻ കാരണം. ഭാഗ്യവശാൽ അദ്ദേഹത്തിന് തകർച്ചയും കുറ്റബോധവും കിട്ടി. അദ്ദേഹം ഏങ്ങലടിച്ചുകൊണ്ട് ചോദിച്ചു: സാറേ, ഞാൻ ഇനി എന്തുചെയ്യണം?

എന്റെമേലുള്ള ശാപം മാറാൻ ഞാൻ എന്ത് ചെയ്യണം? എന്റെ മക്കളുടെ മേൽ ഈ ശാപം വരാതിരിക്കാൻ ഞാൻ എന്തുചെയ്യണം? ഞാൻ പറഞ്ഞുകൊടുത്തു: പേടിക്കണ്ട. നിങ്ങളുടെമേലുള്ള ശാപം മാറ്റാൻ കർത്താവായ യേശുക്രിസ്തു ജീവിക്കുന്നുണ്ട്. നിങ്ങൾ പള്ളിയിൽ പോയാലോ തീർത്ഥയാത്രയ്ക്ക് പോയാലോ പെരുന്നാൾ ഏറ്റുകഴിച്ചാലോ ഒന്നും ശാപം മാറുകയില്ല.

നിങ്ങളുടെ ഹൃദയത്തിലേക്ക് യേശു വരണം. ഇന്ന് യേശു വാതിൽക്കൽ മുട്ടിക്കൊണ്ടു നിൽക്കുകയാണ്. തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ ദൈവം നിരസിക്കുകയില്ല.

അനുതാപത്തോടെ തകർന്ന് കരഞ്ഞുകൊള്ളുക. ശാപം മുഴുവൻ മാറുന്നതുവരെയും കരഞ്ഞുകൊള്ളുക. കാരണം, യേശു ശാപം മുഴുവൻ ഏറ്റെടുത്തവനാണ്. ശാപം മുഴുവനായി ഏറ്റെടുത്ത ക്രിസ്തുവിനെ സ്വീകരിച്ചുകൊള്ളുക.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ ശാപമുണ്ടോ? നിങ്ങളുടെ പലരുടേയും ജീവിതത്തിൽ ശാപമുണ്ട് എന്ന് പറയുമ്പോൾ നിങ്ങൾക്ക് നീരസം തോന്നരുത്. നിങ്ങളുടെമേലും ചില ശാപങ്ങളുണ്ട്. ആത്മഹത്യകൾ നടന്നിട്ടുണ്ട്. സ്ത്രീപീഡനങ്ങൾ നടന്നിട്ടുണ്ട്. ഗർഭച്ഛിദ്രങ്ങൾ നടത്തിയിട്ടുണ്ട്.

മാതാപിതാക്കളെ അടിച്ചിട്ടുണ്ട്. അവരെ വേദനിപ്പിച്ചിട്ടുണ്ട്. പ്രായമായ അമ്മയെ തള്ളിത്താഴെയിട്ടിട്ടുണ്ട്. എല്ലാം ശാപങ്ങളാണ്. ഈ ശാപങ്ങളെല്ലാം പിറകെ വരികയാണ്. എന്നാൽ ഇന്ന് നിങ്ങൾക്ക് കർത്താവ് ഒരു വാഗ്ദത്തം തരികയാണ്.

**"യാതൊരു ശാപവും ഇനി ഉണ്ടാകയില്ല."**
**വെളിപ്പാട് 22 : 3**

**"മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ" എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്ന് നമ്മെ വിലയ്ക്കു വാങ്ങി." ഗലാത്യർ 3 : 13**

ന്യായപ്രമാണത്തിന്റെ ശാപം! കല്പനകൾ ലംഘിച്ചുപോയി. ഓർത്തുനോക്കു. മോഷണം നടത്തിയിട്ടില്ലേ? കവർച്ച നടത്തിയിട്ടില്ലേ? അക്രമങ്ങൾ ചെയ്തിട്ടില്ലേ? പാവപ്പെട്ടവനെ ഉപദ്രവിച്ചിട്ടില്ലേ? എല്ലാം ശാപമാണ്. ശാപങ്ങളെല്ലാം യേശു ഏറ്റെടുത്തു. ശാപഗ്രസ്തനെപ്പോലെ കർത്താവ് കുരിശിൽ മരിച്ചു. എല്ലാ ശാപവും ക്രിസ്തു തന്റെമേൽ ഏറ്റെടുത്തു. ഇത് വിശ്വസിച്ച് നിങ്ങൾ അനുഭവമാക്കുന്നത് ക്രിസ്തുവിനെ കൈക്കൊള്ളുമ്പോഴാണ്.

ഹൃദയത്തിന്റെ പുറത്തുനിൽക്കുന്ന ക്രിസ്തുവിനെ നിങ്ങൾ ഹൃദയത്തിലേക്ക് ക്ഷണിക്കണം: കർത്താവേ, എന്റെ ജീവിതത്തിലേക്ക് കടന്നുവന്ന് എന്റെ ശാപങ്ങൾ നീക്കണമേ. എന്റെ മക്കളുടെമേലുള്ള ശാപങ്ങൾ നീക്കണമേ.

ഭൂമി അപഹരിച്ചവരില്ലേ? പാവപ്പെട്ടവനെ ഉപദ്രവിച്ച് അവന്റെ സ്വത്ത് കൈവശമാക്കിയവരില്ലേ? എന്തെല്ലാം ആക്രമണങ്ങളാണ് നടന്നത്? എല്ലാം വെളിപ്പെടുന്ന ഒരു ദിവസമുണ്ട്. അന്ന് ഒന്നും മറഞ്ഞിരിക്കുന്നില്ല. ഇന്ന് നീ എങ്ങനെയാണ് ജീവിച്ചതെന്ന് ആർക്കും അറിഞ്ഞുകൂടാ. എന്നാൽ എല്ലാം കാണുന്ന ഒരു ദൈവമുണ്ട്. അന്ന് ന്യായവിസ്താരദിവസത്തിൽ എല്ലാം വായിച്ചുകേൾപ്പിക്കും. പുസ്തകങ്ങൾ തുറക്കും. സ്മരണയുടെ പുസ്തകത്തിൽ എല്ലാം എഴുതിവച്ചിരിക്കുന്നു. ഞാനും നിങ്ങളും മരണം കഴിഞ്ഞ് ഒരു ന്യായവിസ്താരത്തിലേക്ക് ചെല്ലും.

വേദപുസ്തകം പറയുന്നു: “ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു.” (എബ്രായർ 9 : 27). ഇന്ന് നിന്നെക്കുറിച്ച് നല്ലത് നല്ലത് എന്ന് മനുഷ്യർ പറയുന്നു. എന്നാൽ ദൈവം നിന്റെ ജീവിതത്തിലെ പാപങ്ങൾ കാണുന്നു. ദൈവം എല്ലാം അറിയുന്നു. ഓർമ്മയുടെ പുസ്തകത്തിൽ എല്ലാം എഴുതിവച്ചിരിക്കുന്നു.

ഓർമ്മയുടെ പുസ്തകത്തിൽ നിന്ന് എല്ലാം മാഞ്ഞുപോകണമെങ്കിൽ ഇന്ന് ക്രിസ്തുവിന്റെ രക്തം വന്ന് അവിടെ പൊതിയണം. അകൃത്യത്തിന്റെ എല്ലാ രേഖകളും മാഞ്ഞുപൊയ്ക്കൊള്ളും, ക്രിസ്തുവിന്റെ രക്തം വന്ന് മൂടിയാൽ മതി.

ന്യായവിസ്താരത്തിലേക്ക് പോകുന്നതിനുമുമ്പ് ദൈവത്തിന്റെ പുസ്തകത്തിൽ എഴുതിവച്ചതെല്ലാം മാഞ്ഞുകിട്ടണം. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചാൽ എല്ലാം മാഞ്ഞുപോയ്ക്കൊള്ളും. അതിന് സഭ മാറണ്ട ആവശ്യമില്ല. പള്ളി മാറണ്ട ആവശ്യമില്ല. സമുദായം മാറണ്ട ആവശ്യമില്ല. യേശുക്രിസ്തുവിനോട് യാചിക്കൂ. കർത്താവേ, നിന്റെ തിരുരക്തം ഒരു തുള്ളി എന്റെമേൽ പതിയണമേ.

എന്റെ ജീവിതത്തിൽ വന്നുപോയ എല്ലാ പാപങ്ങളും കഴുകണമേ. എന്റെ പേരിലുള്ള പാപങ്ങളെല്ലാം മാഞ്ഞുകിട്ടു

വാൻ ഇപ്പോൾ നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. കുരിശിന്റെ സന്ദേശം, പാപിക്ക് രക്ഷയുണ്ട് എന്ന സന്ദേശം ഞാൻ സ്വീകരിക്കുന്നു. എന്റെ പാപം പോക്കുവാൻ നീ കുരിശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെമേലുള്ള പാപത്തിന്റെ കടച്ചീട്ടെല്ലാം നീ നിശ്ശേഷം കീറിക്കളയണമേ.

ന്യായവിധിയിൽ എല്ലാം വായിച്ചുകേൾപ്പിക്കുന്നതിനുമുമ്പ് ഇന്ന് നിങ്ങൾക്ക് മോചനം പ്രാപിക്കാം. കർത്താവിനെ ഉണർത്തുക. നാഥാ, നാഥാ ഞങ്ങൾ നശിച്ചുപോകുന്നു എന്നുപറഞ്ഞ് ശിഷ്യന്മാർ കർത്താവിനെ ഉണർത്തി.

**“അവൻ എഴുന്നേറ്റ് കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു; അവ അമർന്നു ശാന്തത ഉണ്ടായി.”**

**ലൂക്കോസ് 8 : 24**

പ്രകൃതിശക്തികളെ ശാസിക്കുന്ന കർത്താവ്, എല്ലാ ദശാന്ത്യങ്ങളേയും ശാസിക്കുന്ന കർത്താവ്, എഴുന്നേറ്റ് കൊടുങ്കാറ്റിനെ ശാസിച്ചു. അധികാരമുള്ളവൻ ശാസിച്ചപ്പോൾ കൊടുങ്കാറ്റ് അടങ്ങി. ചുഴലിക്കാറ്റ് ആഞ്ഞുവീശുകയായിരുന്നു. പാവപ്പെട്ട ശിഷ്യന്മാർ തളർന്ന് പോയിരുന്നു. എല്ലാ ആശയും തീർന്നപ്പോൾ അവർ കർത്താവിനെ ഉണർത്തി. അപ്പോൾ കർത്താവ് ഉണർന്നു, കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു. തിരമാലകൾ അമർന്നു.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ തിരമാലകൾ അടങ്ങാൻ നിനക്ക് താത്പര്യമുണ്ടോ? നിന്റെ ജീവിതത്തിലെ യാതനകൾ മാറാൻ നിനക്ക് ആഗ്രഹമുണ്ടോ?

ക്രിസ്തുവിനായി നിങ്ങളുടെ ഹൃദയം തുറക്കുക. അവൻ കാറ്റിനെ അമർത്തും. കടലിനെ ശാന്തമാക്കും. എല്ലാ കൊടുങ്കാറ്റും അടങ്ങും. എല്ലാ പ്രതിസന്ധികളും മാറും. മകനേ, നീ ഇത് വിശ്വസിക്കുന്നുവെങ്കിൽ നിന്റെ രോഗം മാറും, നിന്റെ കടം മാറും.

നിന്റെ ജീവിതത്തിലെ കൊടുങ്കാറ്റ് മാറി ശാന്തത വരാൻ കർത്താവ് വന്നിരിക്കുന്നു. അരികത്തുള്ള യേശുവിനെ നിങ്ങൾ വിളിക്കൂ. ഞങ്ങൾ നശിച്ചുപോകുന്നു കർത്താവേ എന്ന് പറയൂ. എനിക്ക് സമാധാനം തരണമേ എന്ന് യാചിക്കൂ. കാണാം സമാധാനം ഒഴുകി വരുന്നത്.

നിങ്ങളുടെ ഹൃദയത്തിലെ നൈരാശ്യങ്ങളെല്ലാം മാറുന്നത് കാണാം. നിങ്ങളുടെ കുടുംബം അനുഗൃഹീതമായ കൊച്ചുസ്വർഗ്ഗമായി മാറുന്നത് കാണാം.

എന്റെ എളിയ ആശ ഞാൻ പറയട്ടെ. നിങ്ങളുടെ വീടുകൾ കൊച്ചു കൊച്ചു സ്വർഗ്ഗങ്ങളായി മാറണം. ഇവിടെ സ്വർഗ്ഗം തുടങ്ങുന്നില്ലെങ്കിൽ കടന്നുചെല്ലുമ്പോൾ സ്വർഗ്ഗം കിട്ടുമെന്ന് പ്രതീക്ഷിക്കണ്ട. പാപമില്ലാത്ത ജീവിതം ഇവിടെ തുടങ്ങണം. എല്ലാ തിന്മയോടും യാത്രപറയണം. ശാപങ്ങളെല്ലാം മാറ്റുന്ന ക്രിസ്തുവിനെ സ്വീകരിക്കണം.

"അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തുപോയി, നിന്റെ മകനെന്ന പേരിന് ഞാൻ യോഗ്യനല്ല, നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ" (ലൂക്കോസ് 15 : 18, 19) എന്ന് പറഞ്ഞുകൊണ്ട് ഓടിച്ചെന്ന് നിത്യപിതാവിന്റെ സന്നിധിയിൽ വീഴൂ.

നിങ്ങൾ യേശുവിനോട് പറയൂ: കർത്താവേ, എന്റെ ഭാവി ഇരുളടഞ്ഞുപോയല്ലോ. എന്റെ കുടുംബത്തിൽ സ്വസ്ഥത ഇല്ലല്ലോ. നീ എന്റെ ഹൃദയത്തിലേക്ക് ഒന്നുവരുമോ? എന്റെ പാപം പോക്കാൻ നീ ക്രൂശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. നിന്റെ തിരുരക്തത്തിൽ ഞാൻ ആശ്രയിക്കുന്നു.

മേലിൽ മനസ്സറിഞ്ഞ് ഒരു പാപവും വരികയില്ലെന്ന് ഞാൻ നിന്നോട് വാക്ക് പറയുന്നു. സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു, മശിഹാതമ്പുരാനെ ഞാൻ സ്വീകരിക്കുന്നു.

# മൂന്ന്

**“അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു.”**

**സങ്കീർത്തനങ്ങൾ 107 : 29 – 30**

കൊടുങ്കാറ്റ് വളരെ ഉഗ്രമായി അടിക്കുകയായിരുന്നു. പടക് ആടിയുലയുകയായിരുന്നു. എന്നാൽ ശാന്തത വരുവാൻ തക്കവണ്ണം ദൈവം അത്ഭുതം പ്രവർത്തിച്ചു. നമ്മുടെ ജീവിതത്തിലും കൊടുങ്കാറ്റുകൾ ഉണ്ടായിട്ടുണ്ട്. ഇന്നും കൊടുങ്കാറ്റേറ്റ് ആടിയുലയുന്നവരുണ്ട്.

ദൈനംദിന ജീവിതത്തിൽ കൊടുങ്കാറ്റേറ്റ് വലയുന്നവരാണ് നമ്മളിൽ പലരും. ഓരോരോ പ്രശ്നങ്ങൾ വന്ന് വീർപ്പ് മുട്ടിക്കുമ്പോൾ “എന്തുവേണ്ടൂ കർത്താവേ” എന്ന് അലറിവിളിച്ചുപോകുന്ന അനുഭവങ്ങൾ നമ്മിൽ പലർക്കുമുണ്ട്. ഒരു പോംവഴിയില്ലല്ലോ എന്നോർത്ത് വിഷമിക്കുന്നവരുണ്ട്.

എന്നാൽ വിശ്വസിക്കൂ. കൊടുങ്കാറ്റിനെ അമർച്ച വരുത്താൻ കർത്താവായ യേശുക്രിസ്തു കടന്നുവരുന്നു. അന്ന് ശിഷ്യന്മാർ പടകിൽ കയറി അക്കരെ പോകുമ്പോൾ കർത്താവ് ആ പടകിൽത്തന്നെ ഉണ്ടായിരുന്നു. അപ്പോഴാണ് കൊടുങ്കാറ്റ് ഊതിയത്.

കർത്താവ് ഉറങ്ങുകയായിരുന്നു. അവർ കർത്താവിനെ ഉണർത്തി. കർത്താവേ, ഞങ്ങൾ വലയുന്നത് നീ കാണുന്നില്ലേ എന്നു നിലവിളിച്ചു. യേശു എഴുന്നേറ്റ് കൊടുങ്കാറ്റിനെ

ശാസിച്ചു. പെട്ടെന്ന് കൊടുങ്കാറ്റ് ശാന്തമായി, തിരമാലകൾ അടങ്ങി.

എന്നാൽ യേശു കൂടെയില്ലാതെ ശിഷ്യന്മാർ യാത്ര ചെയ്തപ്പോൾ കൊടുങ്കാറ്റേറ്റ ചില സന്ദർഭങ്ങളുണ്ട്, വേദപുസ്തകത്തിൽ.

**"പടകോ കരവിട്ടു പല നാഴിക ദൂരത്തായി, കാറ്റ് പ്രതികൂലമാകകൊണ്ട് തിരകളാൽ വലഞ്ഞിരുന്നു." മത്തായി 14 : 24**

കാറ്റ് പ്രതികൂലമാകകൊണ്ട് തിരകളാൽ വലഞ്ഞിരുന്നു. ഓരോദിവസവും പ്രതികൂലമായിരിക്കുന്നു. നാം ആഗ്രഹിച്ചതുപോലെയല്ല നടക്കുന്നത്. അനേകം പ്രതിസന്ധികൾ നമ്മെ തളർത്തുന്നു. നാം ഈ കൊടുങ്കാറ്റിൽ വലഞ്ഞ് താഴാൻ പോകുന്ന സന്ദർഭങ്ങൾ വരുന്നു. പ്രതീക്ഷകളെല്ലാം അറ്റുപോകുന്നു. അനുകൂലമായിട്ട് ഒരു ഘടകവുമില്ല. എല്ലാവിധത്തിലും തളർന്നുപോകുന്നു.

നിങ്ങളുടെ ജീവിതത്തിന്റെ ഗതികളിൽ പ്രതികൂലമായി കാറ്റടിക്കുന്നുണ്ടാകും. എനിക്ക് അനുകൂലമായിട്ട് ആരുമില്ലല്ലോ എന്ന് ചിന്തിക്കുന്ന സന്ദർഭങ്ങളുണ്ടാകും. എല്ലായിടത്തുനിന്നും എതിർപ്പുകൾ! എല്ലായിടത്തുനിന്നും തെറ്റിദ്ധാരണകൾ! സ്വന്തം കുടുംബത്തിൽത്തന്നെ വലഞ്ഞുപോകുന്ന അനുഭവങ്ങൾ!

**"കാറ്റ് പ്രതികൂലമാകകൊണ്ട് തിരകളാൽ വലഞ്ഞിരുന്നു."**
**മത്തായി 14 : 24**

തിരമാലകൾ ആഞ്ഞടിക്കുന്നു. പടക് ആടിയുലയുന്നു. ഒന്ന് പിടിച്ചുനിർത്താൻ സാധിക്കുന്നില്ല. കടലിലെ വെള്ളം പടകിലേക്ക് കയറുന്നു. പാവം ശിഷ്യന്മാർ! പെട്ടെന്ന് കൈക്കുമ്പിളിൽ വെള്ളം കോരിക്കോരിക്കളയുന്നു. പക്ഷേ, അതിലേറെ വെള്ളം പിന്നെയും കയറുകയാണ്. ഏതാണ്ട് നടുക്കടലിലായി. ഈ പടക് മുങ്ങിപ്പോകും, അക്കരെയെത്തുകയില്ല.

അക്കരെയെത്താനാണ് പുറപ്പെട്ടത്. പക്ഷേ, അക്കരെയെത്തുകയില്ല. എല്ലാം പ്രതികൂലമാണ്. നിങ്ങളിൽ ചിലർ ഞാനെങ്ങും രക്ഷപ്പെടാൻ പോകുന്നില്ല എന്ന് ചിന്തിക്കുന്നവരുണ്ട്. എന്റെ ഈ കടമുണ്ടോ മാറാൻ പോകുന്നു? എന്റെയീ രോഗമുണ്ടോ മാറാൻ പോകുന്നു? എനിക്ക് അനുകൂലമായി ഒന്നുമില്ലല്ലോ.

എല്ലാവർക്കും എന്നോട് ഒരു പരിഭവമോ ശത്രുതയോ ആണ്. സ്വന്തം കുടുംബത്തിൽപ്പോലും എനിക്ക് അനുകൂലമായിട്ട് ആരുമില്ല. എല്ലാം പ്രതികൂലം. തിരമാലകൾ ഒന്നിനു പിറകെ ഒന്നായി വരികയാണ്. അങ്ങനെയല്ലേ നമ്മുടെ ജീവിതം? ഒരു പ്രശ്നം പരിഹരിച്ചെന്ന് തോന്നി. എന്നാൽ അടുത്ത പ്രശ്നം അതിശക്തിയോടെ വരുന്നു.

ശിഷ്യന്മാർ തുഴഞ്ഞുതുഴഞ്ഞ് വശംകെട്ടു.

**“കാറ്റ് പ്രതികൂലമാകകൊണ്ട് തിരകളാൽ വലഞ്ഞിരുന്നു. രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്ന് അവരുടെ അടുക്കൽ വന്നു.” മത്തായി 14 : 24, 25**

കർത്താവായ യേശുക്രിസ്തു അങ്ങ് കരയിലാണ്. കർത്താവ് പറഞ്ഞതനുസരിച്ചാണ് അവർ പുറപ്പെട്ടത്. അവർ സ്വന്ത ഇഷ്ടപ്രകാരം പോയതല്ല.

നിങ്ങളിൽ അനേകംപേർ പ്രതികൂലങ്ങളുടെ തിരത്തല്ലലിൽ ആടിയുലഞ്ഞ് പോയവരാണ്. നിങ്ങൾ വലയുന്നത് കർത്താവ് കാണുന്നുണ്ട്. നിങ്ങളുടെ ഭാരം കർത്താവ് കാണുന്നുണ്ട്. നിങ്ങൾ രക്ഷ നേടാൻ വയ്യാതെ വിഷമിക്കുന്നത് കർത്താവ് കാണുന്നുണ്ട്.

നിങ്ങൾ പ്രാർത്ഥിച്ചുനോക്കി. ഉപവാസമെടുത്തുനോക്കി. ഇല്ല, ഒരു രക്ഷ കിട്ടുന്നില്ല. പ്രശ്നങ്ങൾ മാറുന്നില്ല. മുന്നോട്ടു പോകാൻ വയ്യാത്തതുപോലെ ജീവിതത്തിൽ തടസ്സങ്ങൾ ഉയർന്നുയർന്ന് വരുന്നു. നിങ്ങളുടെ പലരുടേയും ജീവിതം

അങ്ങനെയല്ലേ? ഒരു മുന്നേറ്റം കിട്ടാതെ വലയുന്നവർ അനേക രില്ലേ?

കടത്തിൽ മുങ്ങി വലയുന്നവർ അനേകരില്ലേ? സ്വന്തമായി കിടപ്പാടം ഇല്ലാത്തവരില്ലേ? വിവാഹം കഴിഞ്ഞു, ഒരു കുഞ്ഞിനെ കിട്ടുന്നില്ല, മനസ്സ് വിഷമിക്കുന്നവരുണ്ട്. പലവട്ടം പരീക്ഷ എഴുതി, പരീക്ഷ പാസ്സാകുന്നില്ല. ജീവിതത്തിൽ മനം തകർന്ന് വലഞ്ഞ് കഴിയുന്ന അനേകം ആളുകളുണ്ട്.

ശിഷ്യന്മാർ നടുക്കടലിൽ വച്ച് വിഷമിക്കുന്നത് കർത്താവ് ദൂരെവച്ച് കണ്ടു. അത് ഒരു ആശ്വാസകരമായ സംഗ തിയാണ്. നാം തണ്ടുവലിച്ചുവലയുന്നത് കാണുന്ന യേശുവുണ്ട്. നാം വിഷമിക്കുന്നത്, നാം നിരാശയിൽ തളരു ന്നത് കാണുന്ന യേശുവുണ്ട്.

നാമാരും തളർന്നിരിക്കാൻ കർത്താവ് ആഗ്രഹിക്കു ന്നില്ല. ശിഷ്യന്മാർ പടകിൽ വിഷമിച്ചിരിക്കുകയാണ്. കർത്താവ് ദൂരെനിന്ന് അതുകണ്ടു. നിങ്ങൾ ഭാരപ്പെടുന്ന സമ യങ്ങളിൽ നിങ്ങളറിയണം, നിങ്ങളെ ദൂരെനിന്ന് അറിയുന്ന യേശുവുണ്ട് എന്ന്. എന്റെ പ്രശ്നം കാണുന്ന ഒരു ദൈവ മുണ്ട്.

എന്റെ ആവശ്യഭാരങ്ങൾ അറിയുന്ന ദൈവം! മനുഷ്യൻ നോക്കിയാൽ ഒരു പരിഹാരവും തരാൻ സാധിക്കുകയില്ല. സ്നേഹമുണ്ട്, അതുകൊണ്ട് സഹതപിക്കും. അവർക്കാർക്കും സഹായിക്കാൻ സാധിക്കുകയില്ല. ഓരോരുത്തരുടേയും പ്രശ്നം അവരവർക്ക് ഗുരുതരമാണ്.

**“രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്ന് അവരുടെ അടുക്കൽ വന്നു.” മത്തായി 14 : 25**

യേശുക്രിസ്തുവിന് കടൽ തടസ്സമല്ല. യേശുക്രിസ്തു വിന് പെരുവെള്ളം തടസ്സമല്ല. യേശുക്രിസ്തുവിന് സാഹചര്യ ങ്ങൾ തടസ്സമല്ല. യേശുക്രിസ്തുവിന് നിങ്ങളുടെ പ്രശ്നം

മാറ്റുക എന്നുള്ളതിന് യാതൊരു തടസ്സവുമില്ല. കർത്താവ് കടലിന്മേൽ നടന്നു. പെരുവെള്ളത്തിന്മീതെ, ഓരോ തിരമാലയുടേയും മീതെ ചവിട്ടിമെതിച്ച് ഉടയവൻ വരികയാണ്. സ്നേഹിതാ, നീ വലയുമ്പോൾ നിന്റെ അരികിലേക്ക് നടന്നുവരുന്ന യേശുവിനെ നീ കാണുക. നിങ്ങളുടെ യാതനാവേളകളിൽ, നിങ്ങളുടെ വേദനാവിഷയങ്ങളിൽ, നിങ്ങളുടെ പ്രശ്നസങ്കീർണ്ണമായ അനുഭവങ്ങളിൽ യേശു നിങ്ങളുടെ അരികിലേക്ക് വരികയാണ്.

ശിഷ്യന്മാരെ കർത്താവ് പറഞ്ഞയയ്ക്കുമ്പോൾ പ്രശ്നമൊന്നും ഉണ്ടായിരുന്നില്ല. കടലിന്റെ നടുക്കെത്തിയപ്പോഴാണ് കൊടുങ്കാറ്റ് വീശിയത്. കാറ്റ് പ്രതികൂലമായിരുന്നു.

ഞാൻ ആടിയുലഞ്ഞ മനുഷ്യനായിരുന്നു. ഞാൻ നിരാശനായിരുന്നു. ഞാൻ തകർന്ന മനുഷ്യനായിരുന്നു. ഞാൻ തളർന്നുപോയ മനുഷ്യനായിരുന്നു. ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചതിനുശേഷം അനാഥനായിത്തീർന്ന ഒരു ബാലനായിരുന്നു. വർഷങ്ങൾ എത്ര കഴിഞ്ഞു! സംഭവബഹുലമായ ഒരു ജീവിതം! ഏങ്ങലടിച്ചുകൊണ്ട് ജീവിച്ച ജീവിതം! കരച്ചിലിന്റെ ഒരു ഭവനമായിരുന്നു ഇത്. കർത്താവേ, നീ എന്റെ ജീവിതത്തിന്റെ യാതന മാറ്റിത്തന്നതുകൊണ്ട് ഞാൻ നിന്റെ വേല ചെയ്യും എന്നാണ് ഞാൻ കർത്താവിനോട് പറഞ്ഞത്.

എന്നെ നാഥനുള്ളവനാക്കിത്തീർത്ത എന്റെ യേശുവിനെ ഞാൻ സേവിക്കും. എന്റെ ഉടയവനായി യേശു വന്നതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കും. യേശുവിനുവേണ്ടി ആക്ഷേപമേൽക്കാൻ ഞാൻ തയ്യാറാണ്.

കാറ്റ് പ്രതികൂലമായിരുന്നു. ഒരു തൊഴിലില്ലാതെ വിഷമിക്കുന്നവർ ആരെല്ലാമുണ്ട്? വരുമാനമാർഗ്ഗമില്ലാതെ വലയുന്നവർ ആരെല്ലാമുണ്ട്? ജീവിക്കാൻ പലതരത്തിൽ പ്രയാസപ്പെടുന്നവർ ആരെല്ലാമുണ്ട്?

കൂലിവേലയ്ക്ക് പോകാൻ മടി. അത് മോശം. എന്നാൽ

സ്വന്തമായിട്ട് പത്തുരൂപ എടുക്കാൻ മാർഗ്ഗമില്ല. അങ്ങനെ വിഷമിക്കുന്ന അനേകം ആളുകളുണ്ട്. പൈസയ്ക്ക് നല്ല വറുതിയുള്ള ആളുകളുണ്ട്. പൈസയില്ലാതെ വലയുന്നവരുണ്ട്. കടം മേടിച്ച് മുടിയുന്നവരുണ്ട്. എല്ലാം പ്രതികൂലം!

ഒരു വിവാഹാലോചന വന്നു, അത് മുടങ്ങിപ്പോയി. അടുത്തത് വന്നു, അതും മുടങ്ങിപ്പോയി. ഇപ്പോൾ ആലോചനയൊന്നും വരുന്നില്ല. മനസ്സ് വിഷമിച്ചുകഴിയുന്നവരുണ്ട്. സഹോദരങ്ങളേ, നിങ്ങൾ വലയുന്നത് യേശു കാണുന്നുണ്ട്. ഞാൻ കരഞ്ഞതെല്ലാം കർത്താവ് കണ്ടു. എന്റെ കണ്ണുനീർ കർത്താവ് തന്റെ തുരുത്തിയിൽ ശേഖരിച്ചുവെച്ചു.

കരയുന്നവരുടെ കണ്ണുനീർ തുരുത്തിയിലാക്കി വയ്ക്കുന്ന ഒരു ദൈവമുണ്ട്. കർത്താവ് പടകിന്റെ അരികിലേക്ക് നടന്നുവരികയാണ്.

**"അവൻ കടലിന്മേൽ നടക്കുന്നതുകണ്ടിട്ട് ശിഷ്യന്മാർ ഭ്രമിച്ചു: അത് ഒരു ഭൂതം എന്നു പറഞ്ഞ് പേടിച്ചു നിലവിളിച്ചു."**
**മത്തായി 14 : 26**

യേശു കടലിന്മേൽ നടക്കുന്നതു കണ്ടിട്ട് ശിഷ്യന്മാർ പേടിച്ചുപോയി. ഏതോ ഒരു ദുർഭൂതം വരുന്നു എന്ന് വിചാരിച്ച് അവർ പേടിച്ചുനിലവിളിച്ചു. യേശു ആണെന്ന് അറിഞ്ഞില്ല. സ്നേഹിതരേ, നിങ്ങളുടെ അരികിലേക്ക് നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി വരുന്ന യേശുവിനെ ഭൂതമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

നിങ്ങളെ രക്ഷിക്കാനാണ് യേശു വരുന്നത്. എന്നാൽ നിങ്ങളെ ശിക്ഷിക്കാനാണെന്ന് നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? എന്നും വഴക്കേ പറയുന്നുള്ളു. ഒരു നല്ല വാക്ക് പറയുന്നില്ല. ഇങ്ങനെയല്ലേ നിങ്ങളിൽ പലരും വിചാരിക്കുന്നത്? എന്നും കർത്താവിന്റെ വചനത്തിന്റെ അരികിലേക്ക് വരുമ്പോൾ കുറ്റമേ പറയാനുള്ളു. എന്നും ശാസനയേ ഉള്ളു. എന്നും ശിക്ഷണമേ ഉള്ളു. ഒരു നല്ല വാക്ക് ആരും പറയുന്നില്ലല്ലോ.

ചിലർക്ക് അങ്ങനെയൊക്കെ തോന്നിയിട്ടുണ്ട്. പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കൂ. മനുഷ്യർ നിങ്ങളെ നോക്കിയില്ലെങ്കിലും നിങ്ങളെ നോക്കുന്ന ഒരു ദൈവമുണ്ട്. മനുഷ്യർ നിങ്ങളെ മാനിച്ചില്ലെങ്കിലും നിങ്ങളെ മാനിക്കുന്ന ഒരു ദൈവമുണ്ട്.

അവൻ നിങ്ങളുടെ യോഗ്യത നോക്കിയല്ല, നിങ്ങളുടെ ശരീരാരോഗ്യം നോക്കിയല്ല, കുടുംബമഹിമ നോക്കിയല്ല നിങ്ങളെ സ്നേഹിക്കുന്നത്. യേശു നിങ്ങളുടെ താഴ്ചയിൽ നിങ്ങളെ ഓർക്കുന്നു.

**"നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്ന് സ്തോത്രം ചെയ്വിൻ, അവന്റെ ദയ എന്നേക്കുമുള്ളത്."**

**സങ്കീർത്തനങ്ങൾ 136 : 23**

നമ്മുടെ താഴ്ചയിൽ നമ്മെ ഓർക്കുന്ന ഒരു ദൈവം! ഞാൻ എളിയവനാണ്, ഞാൻ ദരിദ്രനാണ്, എന്നാൽ കർത്താവ് എന്നെ വിചാരിക്കുന്നു. ഇത് എന്റെ അനുഭവമാണ്.

കർത്താവിന്റെ കൂടെ നടന്ന ശിഷ്യന്മാർ ഇപ്പോൾ പേടിച്ച് നിലവിളിക്കുകയാണ്. നിങ്ങളിൽ ചിലരങ്ങനെയല്ലേ? രാത്രികാലങ്ങളിൽ സ്വപ്നം കണ്ട് പേടിച്ച് നിലവിളിക്കുന്നു. ആരോ നിങ്ങളെ കിടക്കയിൽ നിന്നെടുത്ത് മുകളിലേക്ക് എറിയുന്നതു പോലെ തോന്നുന്നു. ഓരോരുത്തരും പലതരത്തിലുള്ള പേടിക്ക് വശംവദരാണ്. നിങ്ങൾ പേടിക്കണ്ട. യേശുവാണ് അടുത്തുവരുന്നത്.

ഒരാളെന്നെ വിളിച്ചു: സാറേ, എനിക്കെപ്പോഴും പേടിയാണ്. ഒരു ധൈര്യം വരുന്നില്ല. എന്താണ് ചെയ്യേണ്ടത്? ഞാൻ പറഞ്ഞുകൊടുത്തു: മോളേ, നിനക്ക് പേടി വരുന്നതിന് കാരണം, യേശുക്രിസ്തു അകത്തില്ലാത്തതാണ്. പലതരത്തിൽ പിശാച് നിന്നെ പേടിപ്പിക്കാൻ വരുമ്പോൾ യേശു നിന്റെ അടുത്തുണ്ട് എന്ന ബോദ്ധ്യം കിട്ടിയാൽ നിനക്ക് രക്ഷ പെടാം.

ഹൃദയത്തിലേക്ക് യേശുവിനെ വിളിക്കൂ. ഹൃദയത്തിൽ യേശു വാഴട്ടെ. അപ്പോൾ നിന്റെ പേടി മാറും. നീ ഇത് വിശ്വസിച്ചുകൊണ്ട് ദൈവത്തോട് പറയണം: നാഥാ! നീ എന്നെ സ്നേഹിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. നീ എന്റെ അരികിലേക്ക് വരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇപ്പോൾ എന്നോട് മനസ്സലിഞ്ഞ് എന്റെ ഉള്ളത്തിലേക്ക് വന്ന് എന്റെ ഹൃദയത്തിൽ വാസം ചെയ്യണമേ. ഇനി നിനക്ക് വസിക്കുന്നതിന് തടസ്സമായി ഒന്നും എന്റെ ജീവിതത്തിൽ ഉണ്ടായിരിക്കുകയില്ല. ഇതിന് മുമ്പെല്ലാം ഞാൻ തീരുമാനമെടുത്തതാണ്. നീ അകത്തേക്ക് വന്നപ്പോൾ എന്റെ പാപംകൊണ്ട് ഞാൻ നിന്നെ വീർപ്പ് മുട്ടിച്ചു. യേശു ശ്വാസംമുട്ടി ഇറങ്ങിപ്പോയി. ഇങ്ങനെ ഏറ്റുപറഞ്ഞുകൊണ്ട് നീ ഇപ്പോൾ യേശുവിനെ വിളിക്കൂ. യേശുവിനെ അസഹ്യപ്പെടുത്തരുത്. പാപങ്ങൾ നിന്റെ ജീവിതത്തിൽനിന്ന് മാറിപ്പോകണം. മോളേ, ഞാൻ ഈ പറഞ്ഞത് നിനക്ക് വിശ്വസിക്കാമെങ്കിൽ ഇന്ന് രാത്രി നീ സുഖമായിട്ട് ഉറങ്ങും.

പിറ്റേന്ന് രാവിലെ ആ പെൺകുട്ടി എന്നെ വിളിച്ചു: എനിക്ക് ഇന്നലെ രാത്രി സുഖമായിട്ട് ഉറങ്ങാൻ പറ്റി! പ്രിയപ്പെട്ടവരേ, സത്യമായിട്ടും യേശുക്രിസ്തു ജീവിക്കുന്നുണ്ട്. യേശു അരികിലേയ്ക്ക് വരുന്നു. അവർ പേടിച്ച് നിലവിളിച്ചു. ഇന്ന് നിങ്ങളുടെ ആരുടെയെല്ലാം ഹൃദയം പേടികൊണ്ട് വിറകൊണ്ടിരിക്കുന്നുണ്ട്?

ഭാവിയെക്കുറിച്ചുള്ള ആശങ്കകൊണ്ട് വിഷമിച്ചിരിക്കുന്നുണ്ട്? നാളെ എന്ത് എന്നോർത്ത് മനസ്സ് ദുരിതപ്പെട്ടിരിക്കുന്നുണ്ട്? ഇനി എങ്ങനെ മുന്നോട്ടുപോകും? എന്താണൊരു പോംവഴി? ഒരു കാര്യം മാത്രമായിരിക്കില്ല, അനേകമനേകം വിഷയങ്ങളുണ്ടായിരിക്കും. മക്കളെക്കുറിച്ചുള്ള ആവലാതി. മക്കൾ ഒരു ബോധവുമില്ലാത്തതുപോലെ കയർത്തു സംസാരിക്കുന്നു.

വചനം പറയുന്നു:

**"അപ്പനെ പരിഹസിക്കയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകിൻകുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും."**

**സദൃശവാക്യങ്ങൾ 30 : 17**

കൊടുങ്കാറ്റേറ്റ് പലരും പിടയുകയാണ്. ഇന്ന് നിങ്ങൾക്കൊരു തീരുമാനമെടുക്കാം. കർത്താവേ, ഞാൻ എളിയവനും ദരിദ്രനുമാണ്. ഞാൻ ആവശ്യക്കാരനാണ്. നീ എന്റെ അരികിലേക്ക് വരണമേ. കർത്താവേ, ഞാൻ അത്യാവശ്യക്കാരിയാണ്. നീ എന്റെ അരികിലേക്ക് വരണമേ. നിന്റെ അത്ഭുത സാന്നിദ്ധ്യംകൊണ്ട് എന്റെ ഹൃദയം നിറയ്ക്കണമേ.

നിന്റെ സ്നേഹംകൊണ്ട് എന്റെ ഹൃദയം നിറയ്ക്കണമേ. നിന്റെ തൃക്കരം ഒന്നുയർത്തി നീ കൊടുങ്കാറ്റിനെ ശാന്തമാക്കണമേ. എന്റെ ജീവിതത്തിലേക്ക് എഴുന്നള്ളി വന്ന് നീ എന്നെ അനുഗ്രഹിക്കണമേ.

കൊടുങ്കാറ്റ് വീശുമ്പോൾ വൻമരങ്ങൾപോലും കടപുഴകി വീഴും. നിനച്ചിരിക്കാതെയാണ് ഗലീലാക്കടലിൽ കൊടുങ്കാറ്റ് വീശിയത്. നമ്മിൽ ചിലർക്ക് അങ്ങനെയാണ്. ഒട്ടും പ്രതീക്ഷിച്ചില്ല. വളരെ സ്നേഹമായി ഭാര്യയും ഭർത്താവും തമ്മിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. മക്കൾ വിദേശത്താണ്. ഭാര്യയും ഭർത്താവും വിശ്രമജീവിതമാണ്. ഒന്നിനും കുറവില്ല. ജീവിക്കാൻ നല്ല മാർഗ്ഗമുണ്ട്. നല്ല സൗകര്യമുണ്ട്. അവർക്ക് വചനം കേൾക്കാൻ താത്പര്യമുണ്ട്. വചനം കേൾക്കാൻ പോകുകയും ചെയ്യും.

അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഭാര്യ മിണ്ടുന്നില്ല. നോക്കിയപ്പോൾ ചാഞ്ഞുചാഞ്ഞ് പോകുകയാണ്. പെട്ടെന്ന് ഭർത്താവ് താങ്ങിപ്പിടിച്ചു. ഒന്നോ രണ്ടോ മിനിട്ടുകൊണ്ട് എല്ലാം തീർന്നു, മരിച്ചുകഴിഞ്ഞിരുന്നു. വലിയ കൊടുങ്കാറ്റായിരുന്നു.

ആറ്റുനോറ്റു കിട്ടിയ ഒരു മോൻ. വലിയ പ്രതീക്ഷയോടെ വളർത്തിക്കൊണ്ട് വരികയായിരുന്നു. എന്തുപറ്റിയെന്ന് അറിഞ്ഞുകൂടാ, അവനിപ്പോൾ പഠിക്കാൻ തോന്നുന്നില്ല. "മോനേ, നീ പഠിക്ക്" എന്നുപറഞ്ഞാൽ അവന് ദേഷ്യം വരും. അമ്മയോടും അപ്പനോടും കയർക്കും. ആഹാരം കഴിക്കാൻ വിളിച്ചാൽപ്പോലും വരില്ല. അവൻ എപ്പോഴും കമ്പ്യൂട്ടറിന്റെ മുൻപിലാണ്. അവൻ എന്തോ വേണ്ടാത്ത പടങ്ങളൊക്കെ കണ്ടുകൊണ്ട് ഇരിക്കുകയാണ്. ഞാൻ ചോദിച്ചു: മോൻ വല്ല കഞ്ചാവോ മയക്കുമരുന്നോ മറ്റോ ഉപയോഗിക്കുന്നുണ്ടോ? അപ്പൻ പറഞ്ഞു: ഇല്ല സാറേ, എന്റെ മകൻ മയക്കുമരുന്നൊന്നും ഉപയോഗിക്കില്ല.

ഞാൻ ചോദിച്ചു: പിന്നെ എന്താണ് അങ്ങനെ വരാൻ കാരണം? അദ്ദേഹം പറഞ്ഞു: എനിക്കറിയില്ല. എന്റെ കഷ്ടകാലം. ഞാൻ പറഞ്ഞുകൊടുത്തു: മോൻ അങ്ങനെയാകുമ്പോൾ നിങ്ങൾ ഒരു കാര്യം ചെയ്യണം: "എന്റെ മോനാണത്. അതുകൊണ്ട് അവന് എന്റെ സ്വഭാവം തന്നെയാണ്." നിങ്ങൾക്കതിപ്പോൾ മനസ്സിലാകുകയില്ല. പക്ഷേ, നിങ്ങളുടെ അകത്തിരിക്കുന്ന പിശാചു തന്നെയാണ് മകന്റെ അകത്തും കൂടിയിരിക്കുന്നത്. നിങ്ങളുടെ അകത്തുള്ള അഹങ്കാരം, തനിക്ക്താൻപോരിമ, തന്നിഷ്ടം, ഹുങ്ക്, സ്വാർത്ഥത ഇതൊക്കെയാണ് നിങ്ങളുടെ മകന് കിട്ടിയത്.

അതുകൊണ്ട് മോനല്ല നിങ്ങളാണ് ആദ്യം ശരിയാകേണ്ടത്. അദ്ദേഹത്തിന് ഞാൻ പറഞ്ഞത് മനസ്സിലായില്ല. അദ്ദേഹം പറഞ്ഞു: "ഞാൻ പ്രാർത്ഥിക്കുന്നുണ്ടല്ലോ. ഞാൻ കൂട്ടായ്മയ്ക്ക് വരുന്നുണ്ട്. ഞാൻ വചനം കേൾക്കുന്നുണ്ട്."

സ്നേഹിതാ, നിങ്ങൾ വചനം കേൾക്കുന്നുണ്ട്. എന്നാൽ നിങ്ങൾ ഓർക്കണം, എന്റെ മകന് എന്നേക്കാൾ കവിഞ്ഞ ആത്മീയം ഉണ്ടാകണം എന്ന് ഞാൻ പ്രതീക്ഷിക്കാൻ പാടില്ല. എന്നേക്കാൾ കുറഞ്ഞ ഒരു നിലവാരം മാത്രമേ എന്റെ മകന് ഉണ്ടാവുകയുള്ളു. അതുകൊണ്ട് നിങ്ങളുടെ നിലവാരം

ഉയർത്തണം.

നിങ്ങൾക്ക് ആത്മാവിൽ വിശ്വാസം വരണം. ദൈവത്തിന്റെ ആത്മാവിൽ വിശ്വസിക്കുന്നില്ല. കുറെനേരം പറഞ്ഞു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് മനസ്സിലായി. ഞാൻ പറഞ്ഞു. ഇനി നിങ്ങൾക്ക് അനുതപിക്കാം. നിങ്ങളുടെ സ്വഭാവത്തിന്റെ മാലിന്യങ്ങൾ ഓർത്തോർത്ത് കരയാം. നിങ്ങൾക്ക് കർത്താവുമായി നിരപ്പാകാം. അപ്പോൾ എല്ലാം ശരിയാകും.

മക്കൾ നേരെയല്ലല്ലോ എന്നോർത്ത് വിഷമിക്കുന്ന മാതാപിതാക്കന്മാരുണ്ട്. ഭർത്താവിനെ ഓർത്ത് വിഷമിക്കുന്ന ഭാര്യമാരുണ്ട്. ഭർത്താവ് മദ്യപിക്കുന്നു. വേണ്ടാത്ത ജീവിതം നയിക്കുന്നു. ഒരു സ്ത്രീ പറഞ്ഞു: വീട്ടിൽ ഒന്നും വിൽക്കാനില്ലാതായപ്പോൾ വീടിന്റെ ഓടിളക്കി വിറ്റു എന്ന്. പിന്നീട് പട്ടികയും കഴുക്കോലും എല്ലാം വിറ്റു. നടന്ന കാര്യമാണ്. ഇങ്ങനെയുള്ള അനേകമനേകം കുടുംബങ്ങളുണ്ട്. തകർന്നു തരിപ്പണമായ കുടുംബങ്ങൾ! എന്നാൽ ഒരാൾ യേശുക്രിസ്തുവിനെ സ്വീകരിച്ച്, യേശുക്രിസ്തുവിനെ ഹൃദയത്തിൽ അംഗീകരിച്ച്, ഇനി ഞാൻ യേശുക്രിസ്തുവിന്റെ മഹത്വത്തിന് ഉതകുന്ന വിധത്തിൽ ജീവിക്കും എന്ന് തീരുമാനമെടുത്താൽ എല്ലാം നേരെയാകും; എല്ലാം ശരിയാകും.

യേശുക്രിസ്തു പ്രസാദിക്കുന്ന രീതിയിൽ ഒരു ജീവിതം നയിക്കുമെന്ന് ഞാൻ തീരുമാനിച്ചാൽ വീട്ടിൽ പിന്നെ ശണ്ഠകൾ ഉണ്ടാകില്ല. കലഹം ഉണ്ടാകില്ല. വീട്ടിൽ സ്വസ്ഥത ഉണ്ടാകും. സമാധാനമുണ്ടാകും. മാതാപിതാക്കളും മക്കളും തമ്മിൽ ഐക്യമാകും, ഒരു മനസ്സാകും. ശ്രദ്ധയോടെ നിങ്ങൾ മുന്നോട്ടുപോകും.

പടകിൽ തിരതല്ലിക്കയറി. യേശു ദൂരെനിന്നുകണ്ടു. യേശു അരികിലേക്ക് നടന്നുവന്നു. പത്തു നാഴിക ദൂരത്തോളം യേശു വെള്ളത്തിന്മീതെ നടന്നുവന്നു. അതിന് യേശുവിന് സമയം വേണ്ട. യേശു എല്ലായിടത്തും ഉണ്ട്. ഞാൻ വിളിക്കു

മ്പോൾ കർത്താവ് വരാൻ താമസിക്കുമോ? താമസിക്കുക യില്ല. കാരണം, അവൻ നിങ്ങളുടെ അടുത്തുതന്നെയുണ്ട്. നിങ്ങൾ വിളിച്ചാൽ മതി.

വിളിച്ചാൽ വിളികേൾക്കുന്ന ഒരു ദൈവം! ഇന്ന് വിളിക്കു ന്നുണ്ടെങ്കിലും അപ്പന്റെ മോനല്ല, അതാണ് കുഴപ്പം. ഇന്ന് സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്ന് പ്രാർത്ഥിക്കു ന്നുണ്ട്. പക്ഷേ, ഹൃദയത്തിൽ യേശുവിന് വസിക്കാൻ ഇടമില്ല. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മകനായിത്തീരണം, മകളായി ത്തീരണം.

അപ്പന്റെ മകളായിത്തീർന്നാൽ മകൾക്ക് അപ്പനോട് ചോദിക്കാം: അപ്പാ, എനിക്ക് ഈ കാര്യം സാധിച്ചുതരണം. കർത്താവേ, എന്റെ കുടുംബത്തിൽ ഒരു ഐക്യം കിട്ടുന്നില്ല. ഞാൻ എന്താണ് വേണ്ടത്? അപ്പന്റെ മകനായിത്തീർന്നിട്ട് വിളി ച്ചാൽ മകന്റെ പ്രാർത്ഥന അപ്പൻ കേൾക്കും. ഇന്ന് അപ്പന്റെ മക നല്ല, അപ്പന്റെ മകളല്ല. സത്യമായും നിങ്ങളിൽ പാപം ഇരിക്കു ന്നിടത്തോളം കാലം നിങ്ങൾ പിശാചിന്റെ മകനാണ്. അതു കൊണ്ടാണ് പ്രാർത്ഥന കേൾക്കാത്തത്.

**“അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസി ക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധി കാരം കൊടുത്തു.” യോഹന്നാൻ 1 : 12**

അപ്പന്റെ മകനായിത്തീരണം. വീണ്ടുംജനനം നടക്കണം. ഈ ഭൂമിയിൽ അപ്പന്റെയും അമ്മയുടേയും മകനായി, മക ളായി ജനിച്ചു. ഇനിയൊരു ജനനം, പരിശുദ്ധാത്മാവിനാലുള്ള ജനനം നടക്കണം. പുതുജനനം, ‘Born again experience’ നേടണം.

സഹോദരങ്ങളേ, നിങ്ങൾക്ക് പുതുജനനം കിട്ടിയോ? യേശുക്രിസ്തു അകത്തുണ്ട് എന്നുള്ള ഉറപ്പ് കിട്ടിയോ? നിങ്ങ ളുടെ ജീവിതത്തിൽ യേശു ഉണ്ടോ? മനസ്സറിഞ്ഞ് ഒരു പാപം വരികയില്ല, ഞാൻ പുതിയ സൃഷ്ടിയായി എന്നുള്ള ഉറ പ്പുണ്ടോ?

ഇല്ല പ്രിയരേ, ഇല്ല. നിങ്ങൾ കൂട്ടായ്മയിൽ വരുന്നുണ്ട്. വചനം കേൾക്കുന്നുണ്ട്. വചനം കേൾക്കുമ്പോൾ പല ദുരാത്മാക്കളും വിട്ടുപോകുന്നുമുണ്ട്. പക്ഷേ, പഴയ തുരുത്തിയിൽ പുതിയ വീഞ്ഞ് പകരുകയാണ്. അതുകൊണ്ട് തുരുത്തി പൊളിഞ്ഞുപോകും. വീഞ്ഞ് ഒഴുകിപ്പോകും. അതാണ് ഇവിടെനിന്നും പോയിക്കഴിയുമ്പോഴേക്കും കൃപ നഷ്ടപ്പെടുന്നത്.

**"അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ട് ശിഷ്യന്മാർ ഭ്രമിച്ചു: അത് ഒരു ഭൂതം എന്നുപറഞ്ഞു പേടിച്ചു നിലവിളിച്ചു. ഉടനെ യേശു അവരോട്: ധൈര്യപ്പെടുവിൻ; ഞാൻ ആകുന്നു; പേടിക്കേണ്ട എന്നുപറഞ്ഞു. അതിന് പത്രോസ്: കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിനു കല്പിക്കേണം എന്നുപറഞ്ഞു."**

**മത്തായി 14 : 26 – 28**

യേശു ശിഷ്യന്മാരോട് പറഞ്ഞു: "ഞാൻ ആകുന്നു പേടിക്കേണ്ട." യേശു, ശിഷ്യന്മാരെ ധൈര്യപ്പെടുത്തി.

പ്രിയപ്പെട്ടവരേ, യേശു അടുക്കലേക്ക് വന്നപ്പോൾ ആദ്യം അവർ പേടിച്ചുവെങ്കിലും യേശുവിന്റെ ശബ്ദം കേട്ടപ്പോൾ അവർക്ക് മനസ്സിലായി. "ധൈര്യപ്പെടുവിൻ, ഞാൻ ആകുന്നു, പേടിക്കേണ്ട" എന്ന് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു.

**"അതിനു പത്രോസ്: കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിനു കല്പിക്കേണം എന്നു പറഞ്ഞു."** **മത്തായി 14 : 28**

പത്രോസിന് യേശു നടന്നതുപോലെ നടക്കാൻ ഒരു ആഗ്രഹം! നിങ്ങൾക്കുണ്ടോ അങ്ങനെയൊരാഗ്രഹം? യേശുവിനെപ്പോലെ ഒരു വിശുദ്ധനായി നടക്കാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? യേശുവിനെപ്പോലെ സ്നേഹം മാത്രമായി നടക്കാൻ ആഗ്രഹമുണ്ടോ? വിട്ടുവീഴ്ച ചെയ്യുന്നു, ക്ഷമിക്കുന്നു, പൊറുക്കുന്നു. ആരെങ്കിലും നിങ്ങളോട് തിന്മ ചെയ്താൽ അത്

മറക്കുന്നു.

ഞാൻ എളിമയോടെ നിങ്ങളോട് പറയട്ടെ, നിങ്ങൾക്ക് ദ്രോഹം ചെയ്ത ആരെങ്കിലുമുണ്ടെങ്കിൽ കണ്ണടച്ചു ക്ഷമിച്ചേക്കൂ. അത് നല്ലതാണ്. അനുഗ്രഹം നമുക്ക് വരും. ക്ഷമിച്ചുകഴിയുമ്പോൾ കർത്താവിന്റെ സാന്നിദ്ധ്യം നമുക്ക് കിട്ടുകയാണ്.

യേശു നടന്നതുപോലെ നാം നടക്കണം. നമ്മുടെ പണമിടപാടുകളിൽ യേശുവാണെങ്കിൽ അങ്ങനെ ചെയ്യുമോ? യേശുവാണെങ്കിൽ അത് വാങ്ങിക്കുമോ? യേശു പെരുമാറുന്നതുപോലെ സ്നേഹാർദ്രമായി പെരുമാറുക. കരുണാർദ്രമായി പെരുമാറുക. യേശുവിന്റെ ഭാവം പൂണ്ട് നിൽക്കണം. ആത്മികനോ സകലത്തെയും വിവേചിക്കുന്നു.

**“വരിക എന്ന് അവൻ പറഞ്ഞു. പത്രോസ് പടകിൽനിന്നു ഇറങ്ങി, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു. എന്നാൽ അവൻ കാറ്റ് കണ്ട് പേടിച്ച് മുങ്ങിത്തുടങ്ങുകയാൽ: കർത്താവേ, എന്നെ രക്ഷിക്കേണമേ എന്ന് നിലവിളിച്ചു. യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു: അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു എന്നുപറഞ്ഞു. അവർ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു. പടകിലുള്ളവർ: നീ ദൈവപുത്രൻ സത്യം എന്നുപറഞ്ഞ് അവനെ നമസ്കരിച്ചു.”**

**മത്തായി 14 : 29 – 33**

കർത്താവ് പത്രോസിനെ വരാൻ അനുവദിച്ചതാണ്. പക്ഷേ, നടന്നുതുടങ്ങിയപ്പോൾ ഒരു കാറ്റ് ആഞ്ഞുവീശി. അപ്പോൾ പത്രോസ് പേടിച്ചുപോയി. യേശുവിന്റെ മുഖത്തുനിന്ന് കണ്ണ് മാറി, തിരമാലയിലേക്ക് നോക്കിപ്പോയി. ഏകാഗ്രത മാറിപ്പോയി. ഉടനെ താഴാൻ തുടങ്ങി. കർത്താവേ, രക്ഷിക്കണമേ എന്നുപറഞ്ഞ് പത്രോസ് നിലവിളിച്ചു. കർത്താവ് അപ്പോൾ കൈനീട്ടി അവനെ പിടിച്ചു.

ഇന്ന് നടക്കേണ്ടത് അതാണ്. യേശു കൈനീട്ടി നിങ്ങളെ പിടിക്കണം. നിങ്ങളുടെ യാതനകളിൽ, നിങ്ങളുടെ ഏകാന്തത

യിൽ, നിങ്ങളുടെ കടഭാരത്തിൽ, നിങ്ങളുടെ രോഗത്തിൽ, കുടുംബത്തിലെ ക്ലേശങ്ങളിൽ എല്ലാം യേശു കൈനീട്ടി പിടിക്കണം.

സ്രഷ്ടാവ് കൈ ഉയർത്തിയപ്പോഴേക്കും കാറ്റ് ശാന്തമായി. യേശു കൈനീട്ടി അവനെ പിടിച്ചു. കടൽ ശാന്തമായി. കോളിളക്കങ്ങൾ ശാന്തമായി. സ്രഷ്ടാവ് നോക്കിയപ്പോഴേയ്ക്കും കാറ്റ് അടങ്ങി.

താണുപോകുന്നവരെ നോക്കുന്ന ക്രിസ്തു, ഇന്ന് നിങ്ങളുടെ കരത്തിൽ പിടിയ്ക്കാൻ ആഗ്രഹിക്കുന്നു. അവനിതാ കരം നീട്ടുന്നു. നിങ്ങൾ ആ കരത്തിലേക്ക് നോക്കൂ. അത് ആണിപ്പാടുള്ള കരങ്ങളാണ്. നിങ്ങൾക്കുവേണ്ടി അടിയേറ്റ് തകർന്ന കരങ്ങളാണ്. ആ കരങ്ങൾ നിങ്ങളെ പിടിക്കട്ടെ. ശത്രുവിന്റെ ബാധകളെല്ലാം മാറ്റിക്കളയട്ടെ. നിങ്ങൾക്ക് സമാധാനം തരട്ടെ. നിങ്ങളെ തൊടട്ടെ, നിങ്ങളെ അനുഗ്രഹിക്കട്ടെ. യേശുക്രിസ്തുവിന്റെ അത്ഭുതകരം നിങ്ങളെ താങ്ങട്ടെ, തലോടട്ടെ.

# നാല്

**"അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു. അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു."**

**സങ്കീർത്തനങ്ങൾ 107 : 28 – 30**

അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു. കൊടുങ്കാറ്റ് വന്നപ്പോൾ തുറമുഖത്തേയ്ക്ക് എത്തുകയില്ല എന്നാണ് അവർ വിചാരിച്ചത്. കാരണം, കൊടുങ്കാറ്റ് വല്ലാതെ ആഞ്ഞടിക്കുകയായിരുന്നു. പക്ഷേ, കൊടുങ്കാറ്റിനെ ദൈവം ശാന്തമാക്കി.

കർത്താവായ യേശുക്രിസ്തു പടകിൽ ഉറങ്ങുകയായിരുന്നു. അപ്പോൾ കൊടുങ്കാറ്റടിച്ചു. കർത്താവ് അവരുടെ നിലവിളി കേട്ടുകൊണ്ട് എഴുന്നേറ്റു. കാറ്റിനെയും കടലിനെയും ശാന്തമാക്കി. അവർ ആഗ്രഹിച്ച തുറമുഖത്തേയ്ക്ക് അവരെ എത്തിച്ചു.

മറ്റൊരവസരത്തിൽ കർത്താവായ യേശുക്രിസ്തു പടകിലില്ലായിരുന്നു. കരയിലായിരുന്നു. ശിഷ്യന്മാർ നടുക്കടലിലായിരുന്നു. അന്നും കൊടുങ്കാറ്റടിച്ചു. ശിഷ്യന്മാർ നിലവിളിച്ചു. അവരുടെ വേദന കണ്ട് അങ്ങ് ദൂരെനിന്ന് കടലിന്മേൽ നടന്ന് യേശു അവരുടെ അടുത്തെത്തി, കർത്താവ് പടകിൽ കയറിയ ഉടനെ കൊടുങ്കാറ്റ് അമർന്നു. ശാന്തത ഉണ്ടായി.

വേറൊരു കൊടുങ്കാറ്റിനെക്കുറിച്ച് അപ്പൊസ്തലപ്രവൃത്തികളിൽ പറഞ്ഞിട്ടുണ്ട്.

**"കുറെ കഴിഞ്ഞിട്ട് അതിന്നു വിരോധമായി ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചു."**

**അപ്പൊ. പ്രവൃത്തികൾ 27 : 14**

ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അടിക്കുന്ന കൊടുങ്കാറ്റാണ്. അതുകൊണ്ട് രക്ഷപെടുമെന്നുള്ള പ്രതീക്ഷയില്ല. കൊടുങ്കാറ്റ് വിരോധമായി അടിച്ചു. നമ്മുടെ ജീവിതത്തിൽ വരുന്ന കൊടുങ്കാറ്റുകളെല്ലാം നമ്മുടെ വളർച്ചയ്ക്ക് വിരോധമായി വരുന്ന കൊടുങ്കാറ്റുകളാണ്. നമ്മുടെ ആഗ്രഹങ്ങൾക്ക് തടസ്സമായി വരുന്നതാണ്. ഒരു ശുഭതീരത്ത് എത്താൻ സാദ്ധ്യമല്ലാത്ത രീതിയിൽ വരുന്ന കൊടുങ്കാറ്റുകളാണ്.

പൗലോസ്ശ്ലീഹാ റോമിലേക്ക് യാത്ര ചെയ്യുകയായിരുന്നു. ഒരു തടവുപുള്ളിയായി യെരൂശലേമിൽ നിന്ന് റോമിലേക്കയച്ചതാണ്.

അഗ്രിപ്പാരാജാവും ദേശാധിപതിയും നോക്കിയിട്ടും പൗലോസ്ശ്ലീഹായെ വധിക്കുന്നതിനുള്ള കുറ്റമൊന്നും കാണുന്നില്ല. പക്ഷേ, പൗലോസിനെ വധിക്കണമെന്ന് യഹൂദന്മാർക്ക് നിർബ്ബന്ധം. അവർ പൗലോസ്ശ്ലീഹായെ കപ്പൽ മാർഗ്ഗം റോമിലേക്കയയ്ക്കാൻ തീരുമാനിച്ചു. റോമിലെ ചക്രവർത്തി ഇവനെ വിസ്തരിക്കട്ടെ, ശിക്ഷിക്കട്ടെ, എന്നാണ് അവർ ആഗ്രഹിച്ചത്.

275 തടവുകാർ വേറെയും ഉണ്ടായിരുന്നു. 276-ാമത്തെ ആളാണ് അപ്പൊസ്തലനായ പൗലോസ്. അവർ പുറപ്പെട്ട അന്നുമുതലേ തടസ്സങ്ങൾ ആയിരുന്നു. യാത്രക്ക് വിഘ്നം. പക്ഷേ, ഒരത്ഭുതമുണ്ടായി, ഈ യാത്രയിലൊക്കെയും പൗലോസ്ശ്ലീഹയ്ക്ക് തെല്ലും അമ്പരപ്പുണ്ടായില്ല.

കർത്താവിന്റെ സമയത്ത് ഞാൻ ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും, അത് കർത്താവിന്റെ ഇഷ്ടമല്ലേ? ആ ഒരു വിചാരമേ പൗലോസ്ശ്ലീഹായ്ക്ക് ഉണ്ടായിരുന്നുള്ളൂ. "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു" (ഫിലിപ്യർ 1 : 21) എന്നതായിരുന്നു പൗലോസ് അപ്പൊസ്തലന്റെ പ്രമാണം.

**"ഞങ്ങൾ കപ്പൽ കയറി ഇതല്യയ്ക്കു പോകേണം എന്ന് കല്പനയായപ്പോൾ പൗലോസിനെയും മറ്റു ചില തടവുകാരെയും ഔഗുസ്ത്യപട്ടാളത്തിലെ ശതാധിപനായ യൂലിയൊസിനെ ഏല്പിച്ചു. അങ്ങനെ ഞങ്ങൾ ആസ്യക്കര പറ്റി ഓടുവാനുള്ള ഒരു അദ്രമുത്ത്യകപ്പലിൽ കയറി നീക്കി; തെസ്സലൊനിക്കയിൽ നിന്നുള്ള മക്കെദോന്യക്കാരനായ അരിസ്തർഹൊസും ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു. പിറ്റേന്നു ഞങ്ങൾ സീദോനിൽ എത്തി; യൂലിയൊസ് പൗലോസിനോടു ദയ കാണിച്ചു, സ്നേഹിതന്മാരുടെ അടുക്കൽ പോയി സൽക്കാരം കൈക്കൊൾവാൻ അനുവദിച്ചു. അവിടെനിന്നു ഞങ്ങൾ നീക്കി, കാറ്റു പ്രതികൂലമാകയാൽ കുപ്രൊസ് ദ്വീപിന്റെ മറപറ്റി ഓടി." അപ്പൊ. പ്രവൃത്തികൾ 27 : 1 – 4**

യാത്രയിൽ പ്രതികൂലമായ കാറ്റടിക്കുന്നു. നിങ്ങളുടെ യാത്രയിൽ പ്രതികൂലമായ കാറ്റടിച്ചെന്ന് വരാം. വലിയ നഷ്ടം, തീർത്താൽ തീരാത്ത കഷ്ടം വന്നു എന്നുവരാം. മനസ്സ് ചഞ്ചലപ്പെട്ടുപോയി എന്നുവരാം. ഈ യാത്രയിൽ കാറ്റ് പ്രതികൂലമായിട്ടുണ്ട്, മനസ്സിലാക്കുക.

ഇന്ന് എല്ലാം പ്രതികൂലമാണല്ലോ എന്നോർത്ത് വേദനിക്കുന്നവർ ഒരുകാര്യം മനസ്സിലാക്കൂ: ഇത് നിങ്ങൾക്ക് മാത്രമുള്ളതല്ല, വിശ്വാസികൾക്ക് എല്ലാവർക്കുമുള്ളതാണ്. എന്നാൽ ചിലർക്ക് പ്രശ്നം ഒന്നുമില്ല. നല്ല സന്തോഷമാണ്. പ്രതിസന്ധി ഒന്നുമില്ല. എല്ലാം All right. അങ്ങനെയുള്ള സന്ദർഭം വരുമ്പോൾ ഭയപ്പെടണം.

പ്രിയപ്പെട്ടവരേ, ആത്മീയജീവിതത്തിൽ കഷ്ടതകളുണ്ട്. പ്രതിസന്ധികളുണ്ട്. അത് നാം മനസ്സിലാക്കുക. നിങ്ങളുടെ കുടുംബത്തിൽ നിങ്ങൾ എന്തെല്ലാം പ്രതിസന്ധികളാണ് നേരിടുന്നത്? പല പരീക്ഷകളും വരുന്നു. ഈ ആപത്തുകളുടേയും ശത്രുവിന്റെ പോരാട്ടത്തിന്റേയും നടുവിൽക്കൂടി കടന്നുപോകാൻ കർത്താവേ, ഒരു പഴുത് തരണമേ എന്ന് നിങ്ങൾ പ്രാർത്ഥിയ്ക്കണം.

വഴിയിൽ മുഴുവൻ ശത്രു മുള്ള് വിതറിയിരിക്കുകയാണ്. വീട്ടിൽ മുള്ള്, ജോലിസ്ഥലത്ത് മുള്ള്, പഠിക്കുന്ന കലാലയത്തിൽ മുള്ള്! എവിടെയും മുള്ളുകൾ ഏറ്റ് വിഷമിക്കുന്നവരുണ്ട്. ഈ മുള്ളുകളേറ്റ് വിഷമിക്കുമ്പോൾ നിങ്ങൾ ഒരു കാര്യം പറയണം: കർത്താവേ, എന്റെ മുള്ള് മാറ്റാൻ ഞാൻ പറയുന്നില്ല. എനിക്ക് അതിന്റെ ഇടയിൽ ഒരു കാല് വയ്ക്കാനുള്ള പഴുത് തരണം. ഇത് നിങ്ങളുടെ പ്രാർത്ഥനാവിഷയമായി മാറണം.

പ്രശ്നങ്ങൾ എല്ലാവർക്കുമുണ്ട്. ഒരു പക്ഷേ നിങ്ങൾ ചിന്തിക്കുന്നുണ്ടാകും: എന്റെ പ്രശ്നംപോലെ മറ്റാർക്കുമില്ലല്ലോ എന്ന്. എന്നാൽ നിങ്ങൾ ക്രിസ്തുവിൽ ആശ്രയിക്കുകയാണെങ്കിൽ മുള്ള് മാറ്റിത്തരികയല്ല, മുള്ളുകളുടെ ഇടയിൽ ഓരോ ചുവട് വച്ചുപോകാനുള്ള വഴി അവൻ ഒരുക്കിത്തന്നുകൊണ്ടിരിക്കും. ചുറ്റും ഇരുട്ടാണ്. എന്നാൽ ദൈവമക്കൾക്ക് മുള്ളിനിടയിൽ ചുവടുവെച്ച് മുന്നോട്ട് പോകാനുള്ള സാഹചര്യം കർത്താവ് ഒരുക്കിത്തരും.

കാറ്റ് പ്രതികൂലമാകയാൽ അവർ വലഞ്ഞുപോയി. ഇന്ന് നിങ്ങൾ ചിന്തിച്ചുനോക്കുക: എന്റെ ജീവിതത്തിൽ ഏതെല്ലാം കാറ്റുകളാണ് അടിച്ചുകൊണ്ടിരിക്കുന്നത്. പ്രതികൂലക്കാറ്റുകൾ! ഈ പ്രതികൂലക്കാറ്റിന്റെ ഇടയിൽ സമാധാനത്തോടെ പോകാൻ നമുക്ക് സാധിക്കും, സാധിക്കണം. കാരണം, നാം ദൈവത്തിന്റെ മക്കളാണ്.

ഈ ജീവിതം ഒരിക്കലായിട്ട് ക്രിസ്തുവിനെ ഏല്പിച്ചതാണ്. പോരായ്മകൾ ഉണ്ടായിരുന്നു, ശരിയാണ്. ശരിയായൊരു സമർപ്പണമൊന്നും വന്നില്ലായിരുന്നു. എന്നാൽ ഒരിക്കൽ ഈ ജീവിതം അറിയാവുന്ന വിധത്തിൽ യേശുവിന്റെ കാൽക്കൽ വച്ചതാണ്. ഒരിക്കൽ ഈ ജീവിതം ക്രിസ്തുവിന് കൊടുത്തതാണ്. ഈ ജീവിതത്തിൽ വേറെ ആർക്കും അവകാശമില്ല. ആ ഉറപ്പ് നിങ്ങൾക്കുണ്ടെങ്കിൽ ധൈര്യമായി പ്രതിസന്ധികളെ നിങ്ങൾക്ക് അഭിമുഖീകരിക്കാം.

**"കാറ്റ് പ്രതികൂലമാകയാൽ കുപ്രൊസ് ദ്വീപിന്റെ മറപറ്റി ഓടി; കിലിക്യ പംഫുല്യ കടൽവഴിയായി ചെന്നു ലുക്കിയയിലെ മുറാപട്ടണത്തിൽ എത്തി. അവിടെ ശതാധിപൻ ഇതല്യയ്ക്ക് പോകുന്ന ഒരു അലെക്സന്ത്രിയക്കപ്പൽ കണ്ടു ഞങ്ങളെ അതിൽ കയറ്റി. പിന്നെ ഞങ്ങൾ ബഹുദിവസം പതുക്കെ ഓടി, ക്നീദൊസ് തൂക്കിൽ പ്രയാസത്തോടെ എത്തി, കാറ്റു സമ്മതിക്കായ്കയാൽ ക്രേത്തദ്വീപിന്റെ മറപറ്റി ശല്മോനെക്കു നേരേ ഓടി, കരപറ്റി പ്രയാസത്തോടെ ലസയ്യ പട്ടണത്തിന്റെ സമീപത്ത് ശുഭതുറമുഖം എന്ന് പേരുള്ള സ്ഥലത്ത് എത്തി." അപ്പൊ. പ്രവൃത്തികൾ 27 : 4 – 8**

ഈ യാത്രയിലെല്ലാം പ്രശ്നങ്ങളാണ്. വലിയ തടസ്സങ്ങൾ! ഓർക്കുക ഈ ജീവിതം പ്രയാസമുള്ളതാണ്. ജീവിതത്തിൽ കൊടുങ്കാറ്റുകളുണ്ട്, ചുഴലിക്കാറ്റുകളുണ്ട്. ഭീകരമായ കാറ്റേറ്റ് വലയുന്ന അനുഭവങ്ങളുണ്ട്. ഇവിടെ ഒരു വാക്കുണ്ട്, 'മറപറ്റി ഓടണം.' നേരെ കുതിച്ച് പായാതെ ഏതെങ്കിലും വിധത്തിൽ മറപറ്റി ഓടാൻ ഒരു സങ്കേതം നിങ്ങൾ കാണണം. മറ ഏതാണ്? യേശുവിന്റെ കുരിശ്. ക്രൂശിന്റെ മറപറ്റി ഓടിയാൽ രക്ഷയുണ്ട്.

യേശുക്രിസ്തു കുരിശ് വഹിച്ച്, ആക്ഷേപം സഹിച്ച് പോയതുപോലെ ഞാനും ഈ കുരിശ് വഹിക്കാൻ തയ്യാറാണ്. അന്ന് യേശു കുരിശും വഹിച്ചുകൊണ്ട് ഗോഗുൽത്തായി

ലേക്ക് പോകുമ്പോൾ ആളുകൾ പരസ്പരം പറഞ്ഞ് കാണും: നമ്മൾ ധരിച്ചത് ഇയാൾ ഒരു വിശുദ്ധനായ ദൈവപുരുഷൻ ആണെന്നാണ്. എന്നാൽ അങ്ങനെയല്ലല്ലോ. ഇത്രയും ഭീകര നായ ഒരു രാജ്യദ്രോഹിയായിരുന്നു എന്ന് നാം അറിഞ്ഞില്ലല്ലോ.

റോമൻ സർക്കാരിനെ തകിടം മറിച്ച് അവിടെ രാജാ വായി വാഴാൻ പോകുന്നവനാണെന്നാണ് അവർ ധരിച്ചുവച്ചി രുന്നത്. ആ പ്രതീക്ഷകളെല്ലാം അസ്തമിച്ചു. ഇതാ, പീലാ ത്തോസിന്റെ മുമ്പിൽ കൈയും കെട്ടി നിൽക്കുന്നു. യേശു അടികൊണ്ട് പുളഞ്ഞുകൊണ്ടിരിക്കുന്നു.

തുപ്പലേൽക്കുന്നു. കരണത്ത് അടിയേൽക്കുന്നു. മുഖത്തെ രോമങ്ങൾ പറിച്ച് പറിച്ച് എടുക്കുന്നു. തലയിൽ മുൾമുടി വച്ച് ആഞ്ഞടിക്കുന്നു. ഇതെല്ലാം കണ്ടപ്പോൾ അവർക്ക് തോന്നി, ഇദ്ദേഹം ഏതോ ഒരു ഘോരാപരാധി തന്നെ യാണെന്ന്. ജനം പലരും 'യേശുവിനെ തൂക്കുക, തൂക്കുക' എന്ന് അട്ടഹസിക്കുന്നവരുടെ കൂടെക്കൂടി.

ഈ ആക്ഷേപങ്ങളെല്ലാം കേട്ടുകൊണ്ട് ഒരക്ഷരം ഉരിയാ ടാതെ, ആരോടും പരിഭവമില്ലാതെ, ശാന്തനായി, സൗമ്യനായി, വേദനയേറ്റവനായി, രോഗം ശീലിച്ചവനായി നടന്നുപോകുന്ന യേശുവിനെ നിങ്ങൾ നോക്കുക. ഇതാണ് നമ്മുടെ വഴി!

ആക്ഷേപങ്ങൾ പെരുകുന്നു. പരിഹാസങ്ങൾ പെരു കുന്നു. മിഥ്യാപവാദങ്ങൾ പെരുകുന്നു. പക്ഷേ, അതിന്റെ ഇട യിൽക്കൂടി യേശുക്രിസ്തുവിലുള്ള ആശ്രയത്താൽ നാം അക്ഷോഭ്യരായി മുന്നോട്ടുപോകുക.

**"ഇങ്ങനെ വളരെനാൾ ചെന്നശേഷം നോമ്പും കഴിഞ്ഞി രിക്കെ കപ്പലോട്ടം വൈഷമ്യം ആകകൊണ്ട് പൗലോസ്: പുരു ഷന്മാരേ, ഈ യാത്രയിൽ ചരക്കിന്നും കപ്പലിന്നും മാത്രമല്ല നമ്മുടെ പ്രാണങ്ങൾക്കും ഏറിയ കഷ്ടനഷ്ടങ്ങൾ വരും എന്ന് ഞാൻ കാണുന്നു എന്ന് അവരെ പ്രബോധിപ്പിച്ചു. ശതാ**

**ധിപനോ പൗലോസ് പറഞ്ഞതിനെക്കാൾ മാലുമിയുടെയും കപ്പലുടമസ്ഥന്റെയും വാക്ക് അധികം വിശ്വസിച്ചു."**

**അപ്പൊ. പ്രവൃത്തികൾ 27 : 9 – 11**

ഈ വലിയ എതിർപ്പുകളുടേയും ആക്ഷേപങ്ങളുടേയും മദ്ധ്യത്തിൽ പൗലോസ്ശ്ലീഹാ ആത്മാവിൽ ദർശനം കാണുക യാണ്. നമ്മുടെ ഈ കപ്പൽയാത്രയിൽ വലിയ നാശം വരുന്നത് ഞാൻ കാണുന്നു. നിങ്ങൾ ധൈര്യമായിരിക്കൂ. ഒരിക്കലും പരി ഭ്രമിച്ചുപോകരുത്. എന്നാൽ കപ്പിത്താൻ പറഞ്ഞതാണ് ശതാ ധിപൻ വിശ്വസിച്ചത്. പൗലോസ് പറഞ്ഞ ദർശനം അദ്ദേഹ ത്തിന് മനസ്സിലായില്ല. അദ്ദേഹം ഒരു പുറജാതിപട്ടാളക്കാര നാണ്.

ആത്മാവിന്റെ ദർശനം കാണുക എന്നുപറഞ്ഞാൽ പലർക്കും മനസ്സിലാവുകയില്ല. 'ഡ്യൂപ്ലിക്കേറ്റ്' ദർശനം കാണു ന്നവരുണ്ട്. കള്ളനാണയങ്ങൾ! അവർ ജഡികമായ ദർശന ങ്ങൾ കാണും. ഭോഷ്ക്കാണത്. ആത്മാവിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ അന്യഭാഷ ഇറങ്ങിവരും. അതേസമ യത്ത് ചിലപ്പോൾ പിശാച് അന്യഭാഷ, ഭോഷ്കിന്റെ വ്യാപാരം തരും. അതുകൊണ്ട് ഏത് ശരി, ഏത് തെറ്റ് എന്ന് വിവേചിക്കാ നുള്ള ആത്മാവിന്റെ കൃപാവരം വേണം.

**"ആ തുറമുഖം ശീതകാലം കഴിപ്പാൻ തക്കതല്ലായ്ക യാൽ അവിടെനിന്നു നീക്കി തെക്കു പടിഞ്ഞാറായും വടക്കു പടിഞ്ഞാറായും തുറന്നുകിടക്കുന്ന ഫൊയ്നീക്യ എന്ന ക്രേത്തതുറമുഖത്തു കഴിവുണ്ടെങ്കിൽ ചെന്നു ശീതകാലം കഴിക്കേണം എന്ന് മിക്കപേരും ആലോചന പറഞ്ഞു. തെക്കൻകാറ്റ് മന്ദമായി ഊതുകയാൽ താല്പര്യം സാധിച്ചു എന്നുതോന്നി, അവർ അവിടെനിന്നു നങ്കൂരം എടുത്തു ക്രേത്തദ്വീപിന്റെ മറപറ്റി ഓടി. കുറെ കഴിഞ്ഞിട്ട് അതിനു വിരോധമായി ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചു."**

**അപ്പൊ. പ്രവൃത്തികൾ 27 : 12 – 14**

ഇറ്റലിയ്ക്ക് അടുത്തുള്ള ഒരു ദ്വീപാണ് ക്രേത്ത. അവിടെയാണ് പിന്നീട് തീത്തോസ് ബിഷപ്പായി വാണത്. അവർ യാത്ര തുടർന്നുകൊണ്ടിരുന്നപ്പോൾ തെക്കൻകാറ്റ് മന്ദമായി ഊതുന്നു. ക്രിസ്തീയജീവിതം അങ്ങനെയും ഉണ്ട്. ചിലപ്പോൾ നല്ല ശാന്തത വരും. ഒരു സുഖശീതളമായ അനുഭവം കിട്ടും. പക്ഷേ, നാം അപ്പോൾ ഒരിക്കലും തൃപ്തിപ്പെട്ട് പോകരുത്. അല്പം ശാന്തതയുള്ള കാറ്റ് വന്നതിനുശേഷം ഇതാ പെട്ടെന്ന് കൊടുങ്കാറ്റ് വന്നു.

ആഞ്ഞടിക്കുന്ന ഈശാനമൂലൻ എന്ന കൊടുങ്കാറ്റ്! ഒട്ടും പ്രതീക്ഷിച്ചില്ല. ഒരു കുഴപ്പവുമില്ല എന്ന് വിചാരിക്കുന്ന സമയങ്ങളിൽ പെട്ടെന്ന് നമ്മുടെ ജീവിതത്തിൽ അനർത്ഥങ്ങൾ വരാം. നല്ല വിദ്യാഭ്യാസം കിട്ടി. നല്ല ജോലി കിട്ടി. നല്ല വരുമാനം കിട്ടി. നല്ല വിവാഹം നടന്നു; എല്ലാം നല്ലത്. പക്ഷേ, പ്രതീക്ഷിക്കാത്ത സമയത്ത് പെട്ടെന്നാണ് അറിയുന്നത്, ഒരാൾക്ക് മാരകമായ രോഗമാണെന്ന്. ഒട്ടും പ്രതീക്ഷിച്ചില്ല ഈ പ്രായത്തിൽ രോഗം വരുമെന്ന്.

കഴിഞ്ഞദിവസം ഒരാളെന്നെ വിളിച്ചുപറഞ്ഞു: സാറേ, മാരകമായ രോഗമാണ് വന്നിരിക്കുന്നത്. അതിന് ചികിത്സ ഇല്ലെന്നാണ് ഡോക്ടേഴ്സ് പറയുന്നത്. സാറ് എനിക്കുവേണ്ടി പ്രാർത്ഥിക്കണം. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: നിങ്ങളുടെ ജീവിതം യേശുക്രിസ്തുവിന് കൊടുത്താൽ, ഒരു സമർപ്പണമെടുത്താൽ യേശുക്രിസ്തു നിങ്ങളുടെ ഉള്ളത്തിൽ വരും. ഇഹത്തിൽ കർത്താവ് രോഗം മാറ്റിയെന്ന് വരാം.

അല്ല, മാറ്റിയില്ലെങ്കിലും നിങ്ങൾക്ക് നിത്യജീവന്റെ അവകാശം കിട്ടും. ഈ രോഗാവസ്ഥയിൽ ജീവിതം കർത്താവിന് സമർപ്പിക്കൂ. അദ്ദേഹം ഞാൻ പറഞ്ഞത് ശ്രദ്ധയോടെ കേട്ടു. വേറെ ഒരാൾ വിളിച്ചു: “ശരീരത്തിന്റെ മാംസപേശികൾ ശോഷിച്ചു ശോഷിച്ചു വരുന്നു. ചികിത്സിച്ചിട്ട് ഫലമില്ലെന്നാണ് ഡോക്ടേഴ്സ് പറയുന്നത്. അതുകൊണ്ട് വേണ്ടതുപോലെ നട

ക്കാൻ പറ്റുന്നില്ല. കൈകൊണ്ടൊന്നും പ്രവർത്തിക്കാൻ പറ്റുന്നില്ല. ഇനി അനങ്ങാതെ ആകുമെന്നാണ് ഡോക്ടേഴ്സ് പറഞ്ഞത്." പ്രതീക്ഷകളെല്ലാം അറ്റുപോകുന്ന സമയങ്ങൾ. അതുപോലെ പ്രതീക്ഷയറ്റുപോയവർ ആരെങ്കിലുമുണ്ടോ?

ഏത് പ്രതീക്ഷയറ്റ അനുഭവത്തിൽ ഇരുന്നാലും അത്ഭുതങ്ങളുടെ ഉടയവനായ കർത്താവായ യേശുക്രിസ്തു നിന്റെ ജീവിതത്തിൽ വന്നാൽ അത്ഭുതം നടക്കും. യേശുവിന് അത്ഭുതം പ്രവർത്തിക്കാൻ ഒരു തടസ്സവുമില്ല. കർത്താവായ യേശുക്രിസ്തു ഒന്ന് നിരൂപിച്ചാൽ മതി, രോഗം സൗഖ്യമായിരിക്കും.

അപകടങ്ങളും അനർത്ഥങ്ങളും എല്ലായിടത്തുമുണ്ട്. നാളെ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് ആർക്കും അറിഞ്ഞുകൂടാ. തീരാവേദനകൾ വരുന്ന ആളുകളുണ്ട്. യാതനയിൽപ്പെട്ട് വളരെ വിഷമിക്കുന്നവരുണ്ട്.

**"കുറെ കഴിഞ്ഞിട്ട് അതിന് വിരോധമായി ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചു. കപ്പൽ കാറ്റിന്റെ നേരെ നിൽപ്പാൻ കഴിയാതവണ്ണം കുടുങ്ങുകയാൽ ഞങ്ങൾ കൈവിട്ട് അങ്ങനെ പാറിപ്പോയി. ക്ലൌദ എന്ന ചെറിയ ദ്വീപിന്റെ മറപറ്റി ഓടീട്ടു പ്രയാസത്തോടെ തോണി കൈവശമാക്കി. അത് വലിച്ചുകയറ്റീട്ടു അവർ കപ്പൽ ചുറ്റിക്കെട്ടിയും മറ്റും ഉറപ്പുവരുത്തി; പിന്നെ മണത്തിട്ടമേൽ അകപ്പെടും എന്നു പേടിച്ചു പായി ഇറക്കി അങ്ങനെ പാറിപ്പോയി. ഞങ്ങൾ കൊടുങ്കാറ്റിനാൽ അത്യന്തം അലയുകകൊണ്ട് പിറ്റേന്ന് അവർ ചരക്കു പുറത്തുകളഞ്ഞു. മൂന്നാംനാൾ അവർ സ്വന്തകൈയാൽ കപ്പൽക്കോപ്പും കടലിൽ ഇട്ടുകളഞ്ഞു. വളരെ നാളായിട്ടു സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാതെയും വല്ലാത്ത കൊടുങ്കാറ്റ് അടിച്ചുകൊണ്ടും ഇരിക്കയാൽ ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശ ഒക്കെയും അറ്റുപോയി."**

**അപ്പൊ. പ്രവൃത്തികൾ 27 : 14 – 20**

എല്ലാവരുടേയും ആശപോയി. ഇനി പ്രതീക്ഷയില്ല. കപ്പൽകോപ്പെല്ലാം എടുത്തുകളഞ്ഞു. ഇനി തുഴയാൻ മാർഗ്ഗം ഒന്നുമില്ല. എന്തുചെയ്യും? ഏതാനും നിമിഷങ്ങൾക്കുള്ളിൽ കടലിൽ താഴും. "ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയി."

നിങ്ങളിൽ ചിലർ രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയവരാണ്. ഇനി ഒരു നല്ലകാലം കിട്ടുകയില്ല എന്ന് ഉറച്ചിരിക്കുന്നവരുണ്ട്. എന്റെ ഈ രോഗം മാറുകയില്ല എന്ന് വിചാരിച്ചിരിക്കുന്നവരുണ്ട്. എന്റെ കടം തീരുകയില്ല എന്ന് വിചാരിച്ചിരിക്കുന്നവരുണ്ട്.

രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയ മനുഷ്യനായിരുന്നു ഞാൻ. ആത്മാവിന്റെ രക്ഷയല്ല. അത് അന്നൊന്നും ചിന്താവിഷയമായിരുന്നില്ല. രണ്ടുനേരം നമസ്ക്കാരമുണ്ട്, നോമ്പുണ്ട്; എല്ലാം വളരെ കൃത്യമായിട്ടാണ്. എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകും. അതുകൊണ്ട് ആത്മാവിന്റെ രക്ഷയെക്കുറിച്ചൊന്നും സംശയമുണ്ടായിരുന്നില്ല. ആത്മാവ് ഉണ്ടെന്നുപോലും അറിയാൻ പാടില്ലായിരുന്നു. അറിയാവുന്ന പ്രാർത്ഥനയൊക്കെ ചൊല്ലി അങ്ങനെ പോകുന്നു. നല്ല ഒരു ചിട്ടപ്പെട്ട ജീവിതമായിരുന്നു.

പക്ഷേ, ലോകപ്രകാരം പറഞ്ഞാൽ പ്രതീക്ഷ നശിച്ചുപോയി. മുഖം വാടിപ്പോയി. ഒരിക്കലും മുഖം തെളിയില്ലായിരുന്നു. കഷ്ടിച്ച് ജീവിച്ചുപോകാനുള്ള മാർഗ്ഗമൊക്കെയുണ്ട്. എന്നാൽപ്പോലും സമാധാനമുണ്ടായിരുന്നില്ല. നിരാശ മാത്രം! ഒരു നല്ലകാലം കിട്ടുമെന്ന പ്രതീക്ഷയൊക്കെയും അറ്റുപോയിരുന്നു.

ഞാൻ ഒരിക്കലും യേശു അകത്ത് വരണമെന്ന് പ്രാർത്ഥിച്ചില്ല. യേശു ഉള്ളിലുണ്ടെന്നായിരുന്നു എന്റെ ധാരണ. അറിയപ്പെടുന്ന പാപങ്ങളൊന്നും ചെയ്തില്ല. വേണ്ടാത്ത കൂട്ടുകെട്ടുകളൊന്നും ഉണ്ടായിരുന്നില്ല. കോപവും വാശിയും പകയു

മൊക്കെ ഉണ്ടായിരുന്നെങ്കിലും അതൊന്നും പാപമായിട്ട് ഞാൻ കണക്കാക്കിയില്ല. പ്രതീക്ഷ നശിച്ചുപോയ ഒരു ജീവിതം!

നിങ്ങളിൽ ആരെങ്കിലും ഇതുപോലെ വാടിയിരിക്കുന്നവരുണ്ടോ? ഭാവിയെക്കുറിച്ചുള്ള എല്ലാ മോഹനസ്വപ്നങ്ങളും കരിഞ്ഞുണങ്ങിയവരുണ്ടോ? പത്താംക്ലാസ് പരീക്ഷ കഴിഞ്ഞ് പിന്നെ പഠിക്കാൻ പറ്റുകയില്ല എന്നറിഞ്ഞപ്പോൾ എന്റെ പ്രതീക്ഷകളെല്ലം കരിഞ്ഞുപോയി. ആശയൊക്കെയും അറ്റുപോയി. പക്ഷേ, ഞാനറിഞ്ഞില്ല യേശു എന്നെക്കുറിച്ചുള്ള പ്രതീക്ഷകൾ താഴെ വച്ചില്ല എന്ന്. യേശു കാണുന്നുണ്ട്, ഈ ഭൂമിയിൽ അപ്പനില്ലാത്ത ഒരാളെ സ്നേഹിക്കാൻ യേശുക്രിസ്തു ഉണ്ട് എന്ന് ഞാൻ അറിഞ്ഞില്ല. എന്നാൽ യേശുക്രിസ്തു എന്റെ അനുവാദം ചോദിക്കാതെ എന്റെ ജീവിതത്തിലേക്ക് എഴുന്നള്ളിവന്നു.

ഇന്ന് നിങ്ങളുടെ കരത്തിൽ പിടിയ്ക്കാൻ യേശു വന്നിട്ടുണ്ട്. പ്രതീക്ഷകൾ പുതുക്കിത്തരാൻ യേശു വന്നിട്ടുണ്ട്. അനുഗ്രഹത്തിന്റെ ദാതാവ് നിങ്ങളുടെ അരികിലേക്ക് എഴുന്നള്ളി വന്നിട്ടുണ്ട്. നിങ്ങളുടെ ജീവിതത്തിലെ കൊടുങ്കാറ്റുകൾക്ക് ശാന്തത തരാൻ കർത്താവ് വന്നിട്ടുണ്ട്. ആ ആണിപ്പാടുള്ള കരം നിങ്ങളുടെ തലമേൽ വയ്ക്കാൻ യേശുക്രിസ്തുവിന് മനസ്സാണ്.

“കടന്നുപോകുന്ന ഏവരുമായുള്ളോരെ, നിങ്ങൾക്കിത് ഏതുമില്ലയോ?” (വിലാപങ്ങൾ 1 : 12) എന്നാണ് കർത്താവ് ചോദിക്കുന്നത്. എന്റെ സാക്ഷികളാകാൻ നിങ്ങൾ എഴുന്നേൽക്കുമോ? നീതിമാനായ ഒരുവൻ ക്രൂശിൽ കിടന്ന് പിടയുന്നത് നിങ്ങൾക്ക് ഏതുമില്ലയോ?

നിങ്ങളുടെ പ്രതികൂലക്കാറ്റിനെ ശാന്തമാക്കുന്ന നാഥന്റെ സാക്ഷികളാകാൻ നിങ്ങൾ എഴുന്നേൽക്കുമോ? നിങ്ങളുടെ നാഥന്റെ രണ്ടാമത്തെ വരവിനുവേണ്ടി അനേകരെ ഒരുക്കാൻ

നിങ്ങൾ എഴുന്നേൽക്കുമോ? രാജാധിരാജനായ ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിങ്ങളുടെ ജീവിതം വച്ചുകൊടുക്കുമോ?

"മകനേ, നിന്റെ ഹൃദയം എനിക്കു തരിക." (സദൃശവാക്യങ്ങൾ 23 : 26). "ഞാനിതാ വാതിൽക്കൽ വന്ന് മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അകത്തുചെന്ന് ഞാൻ അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും." (വെളിപ്പാട് 3 : 20). നമുക്ക് ഒരുമിച്ച് സ്വർഗ്ഗീയമേശയിൽ ഇരിക്കാം. യേശുവിനോട് കൂടെ നിത്യയുഗായുഗം വാഴാം.

# അഞ്ച്

**“കുറെ കഴിഞ്ഞിട്ട് അതിന്ന് വിരോധമായി ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചു.” അപ്പൊ. പ്രവൃത്തികൾ 27 : 14**

ജീവിതത്തിൽ വരുന്ന യാതനകൾ, കൊടുങ്കാറ്റുകൾ, അന്ത:ച്ഛിദ്രങ്ങൾ, അന്ത:സംഘർഷങ്ങൾ എല്ലാം കൊടുങ്കാറ്റുകളാണ്.

ഇന്ന് അന്ത:സംഘർഷങ്ങൾ മനുഷ്യനെ ഉലച്ചുകൊണ്ടിരിക്കുകയാണ്. പുറമേ ഒന്നും കാണണമെന്നില്ല. ചിലപ്പോൾ പുറമേ കണ്ടു എന്നും വരാം. ഏതെങ്കിലും ഒരു കാര്യത്തിൽ നമ്മുടെ മനസ്സ് ആകുലപ്പെട്ടാൽ നമ്മുടെ രക്തസമ്മർദ്ദം കൂടും. ഓരോ ദിവസവും എന്തെല്ലാം പുതിയ പുതിയ പ്രശ്നങ്ങളാണ് വന്നു ചേരുന്നത്!

ദൈവമക്കൾക്കുപോലും ചിലപ്പോൾ അന്ത:സംഘർഷങ്ങൾ വരും. കൊടുങ്കാറ്റ് ഹൃദയത്തിൽ ഊതിക്കൊണ്ടിരിക്കുന്നു. അത് ചില കുടുംബങ്ങളിലും ഊതിക്കൊണ്ടിരിക്കുന്നു.

**“ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു.”**
**സങ്കീർത്തനങ്ങൾ 107 : 30**

നിങ്ങളുടെ ജീവിതത്തിൽ ഒരു ശാന്തതയുണ്ടോ? ഹൃദയത്തിൽ ശാന്തതയുണ്ടോ? ഹൃദയം ഇളകിക്കൊണ്ടിരിക്കുകയല്ലേ? പലരുടേയും ഹൃദയം ഇളകിമറിയുന്ന കടൽ പോലെ പ്രക്ഷുബ്ധമാണ്. ഏതു കുടുംബത്തിലുണ്ട് സ്വസ്ഥത? ജീവിതം കർത്താവിന് വേണ്ടി സമർപ്പിച്ചവരുടെ കുടുംബങ്ങളിലുമുണ്ട് ആപത്തുകൾ. അവർക്കുമുണ്ട് പ്രയാസങ്ങൾ.

ക്രിസ്തീയ ജീവിതത്തിലും പ്രയാസം വരില്ല എന്ന് പറയാൻ ഒക്കുകയില്ല. പക്ഷേ, അവിടെ ഈ ദുരിതത്തിന്റെ മദ്ധ്യത്തിലും ഒരു ശാന്തതയുണ്ടായിരിക്കും. കാരണം, അവർക്ക് കൂടെ ക്രിസ്തുവുണ്ട് എന്നുള്ള ഒരു ഉറപ്പുണ്ട്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ വ്യക്തമായ ഒരു ശാന്തത കിട്ടുന്നതിനുവേണ്ടി നിങ്ങൾ ക്രിസ്തുവിൽ ആശ്രയിക്കണം. ക്രിസ്തു എന്റെ ഉള്ളിൽ ഉണ്ടെന്നുള്ള ഒരുറപ്പ് നിങ്ങൾ സമ്പാദിക്കണം. അത് വേറെയാരും പറഞ്ഞല്ല കിട്ടേണ്ടത്. അവനവന് തന്നെ ഒരുറപ്പ് വേണമെങ്കിൽ കിട്ടും. അത് മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കേണ്ട ആവശ്യമില്ല, ഇപ്പോൾ തന്നെ കിട്ടും.

ഞാൻ എന്റെ പഴയ ജീവിതം ഉപേക്ഷിക്കുന്നു. എന്തെല്ലാം തെറ്റായ കാര്യങ്ങൾ എന്നിലുണ്ടോ അതെല്ലാം ഞാൻ ഉപേക്ഷിക്കുന്നു. തെറ്റായ ചിന്താഗതികളെല്ലാം ഞാൻ ഉപേക്ഷിക്കുന്നു. എനിക്ക് ഒന്നേയൊന്നു മാത്രം മതി, എന്റെ യേശു വേണം. വാസ്തവമായും നമ്മുടെ ഹൃദയവാതിലിൽ വന്നു മുട്ടിക്കൊണ്ട് നമ്മുടെ ഉള്ളിലേക്ക് വരാൻ കാത്തുനിൽക്കുന്ന ക്രിസ്തുവിനുവേണ്ടി നാം ഹൃദയം തുറന്നുകൊടുത്താൽ യേശുക്രിസ്തു അകത്തുവരും.

ആ ഒരുറപ്പ് നിങ്ങൾക്കു തന്നെ കിട്ടണം. ക്രിസ്തു അകത്തു വന്നാൽ നിങ്ങളുടെ പാപങ്ങൾ മാറിപ്പോകും. ആവലാതികൾ മാറിപ്പോകും. രോഗവും പ്രയാസവും മാറിപ്പോകും. കൊടുങ്കാറ്റുകൾ ജീവിതത്തിൽ വരുമ്പോൾ പോലും നിങ്ങൾക്ക് ശാന്തത ലഭിച്ചു കൊണ്ടിരിക്കും. ഏതോ ഒരു അദൃശ്യശക്തി നിങ്ങളെ താങ്ങുന്നത് നിങ്ങൾക്ക് അനുഭവിക്കാൻ സാധിക്കും. അതാണ് ക്രിസ്തുവിന്റെ ശക്തി എന്നു പറയുന്നത്.

യേശുക്രിസ്തു മനുഷ്യന്റെ ഹൃദയത്തിൽ പ്രവേശിച്ച് അവനെ അനുഗ്രഹിക്കാൻ കാത്തുനില്ക്കുകയാണ്. ക്രിസ്തു,

മനുഷ്യന്റെ ഉള്ളത്തിൽ പ്രവേശിച്ച് അവനെ നേർവഴിക്ക് നയിക്കാൻ കാത്തുനിൽക്കുകയാണ്. ആ ക്രിസ്തുവിനെ നിങ്ങൾ ഹൃദയത്തിലേക്ക് കൈക്കൊള്ളുക എന്ന് പറയുന്നത് ഒരു നിസ്സാര കാര്യമല്ല. നിങ്ങളുടെ ആകമാനമായ വ്യക്തിത്വം സമ്പൂർണ്ണമായി യേശുക്രിസ്തുവിനുവേണ്ടി വിട്ടുകൊടുക്കു കയാണ്.

ക്രിസ്തുവിനുവേണ്ടി ഹൃദയം തുറന്നുകൊടുത്താൽ കൊടുങ്കാറ്റുകളെല്ലാം ശാന്തമാകും.

**"കുറെ കഴിഞ്ഞിട്ട് അതിന്ന് വിരോധമായി ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിച്ചു." അപ്പൊ. പ്രവൃത്തികൾ 27 : 14**

ആ യാത്രക്കാർക്ക് വിരോധമായി ഈശാനമൂലൻ അടി യ്ക്കുകയാണ്. പക്ഷേ, ഒരു ഭാഗ്യം, ആ കപ്പലിൽ പൗലോസ് ശ്ലീഹാ ഉണ്ടായിരുന്നു. ദൈവത്തിന്റെ പരിശുദ്ധൻ അതിന കത്ത് ഉണ്ടായിരുന്നു. അതൊരു ഭാഗ്യമാണ്.

നിങ്ങളുടെ വീട്ടിൽ നിങ്ങൾ ഒരാൾ ഒരു വിശുദ്ധനായി നിന്നാൽ കാണാം മാറ്റങ്ങൾ! മറ്റുള്ളവർക്കും അത് അനുഗ്രഹ ത്തിന് കാരണമായിത്തീരും. എന്റെ ഭവനത്തിൽ ഒരു വിശുദ്ധ നായി ഞാൻ നിൽക്കും എന്നുള്ള തീരുമാനം നിങ്ങൾക്കുണ്ടെ ങ്കിൽ കഴിഞ്ഞതെല്ലാം കർത്താവ് ക്ഷമിച്ചുതരും.

ഈ ലോകത്തിന്റെ ഇമ്പങ്ങളിലേക്കും പ്രൗഢിയിലേക്കും പോകാതെ ഞാനൊരാൾ യേശുക്രിസ്തുവിന്റെ അതേ പ്രതിമ യായി നിൽക്കാൻ എന്നെത്തന്നെ വേർതിരിക്കുന്നു എന്ന് തീരുമാനിക്കുന്ന ആ നിമിഷം തന്നെ യേശു നിങ്ങളുടെ ഉള്ള ത്തിലേക്ക് കടന്നുവരും. അത്രമാത്രം അടുത്താണ് കർത്താവ് നിൽക്കുന്നത്.

ദൈവം പ്രവർത്തിക്കുന്നുണ്ട്. യേശുക്രിസ്തു പ്രവർത്തി ച്ചുകൊണ്ടേയിരിക്കുകയാണ്. ഈ യേശുക്രിസ്തുവിനെ നാം ഒരു ദിവസം നേരിട്ട് കാണും. ഇപ്പോൾ നാം കണ്ണാടിയിൽ കട

മൊഴിയായി കാണുന്നു, അപ്പോൾ മുഖാമുഖമായി കാണും. നാം മരണയോർദ്ദാൻ കടന്ന് മറുകര എത്തുമ്പോൾ ആ ശുഭ തുറമുഖത്ത് കാത്തുനിൽക്കുന്ന രക്ഷകനെ നാം കാണും.

അവനെക്കാണുമ്പോൾ നമ്മുടെ കണ്ണുകൾ ഈറന ണിയും. അവനെക്കാണുമ്പോൾ നമ്മുടെ ഹൃദയം ത്രസിക്കും. മരണയോർദ്ദാനിൽ താണുതാണ് നരകത്തിന്റെ ഭീകരതയി ലേക്ക് പോകാൻ നമുക്കാർക്കും ഇട വരരുത്. നാം ഓരോരു ത്തരും നിത്യസ്വർഗ്ഗത്തിന്റെ അത്യുത്തമസോപാനത്തിൽ എത്തേണ്ടവരാണ്. അവിടെയെത്തി ദൈവത്തെ സ്തുതിക്കേ ണ്ടവരാണ്. സ്വർണ്ണത്തെരുവീഥിയിൽക്കൂടി നാം നടക്കേണ്ടവ രാണ്. നമ്മുടെ രാജാധിരാജാവായ ക്രിസ്തുവിന്റെ കൂടെ ആ പളുങ്കുനദീതീരത്തുകൂടി നൃത്തം ചെയ്ത് ആനന്ദത്തോടെ പോകേണ്ടവരാണ്. സ്തുതിയാണ് അവിടെ പാട്ട്.

**“വളരെ നാളായിട്ട് സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാതെയും വല്ലാത്ത കൊടുങ്കാറ്റ് അടിച്ചുംകൊണ്ടും ഇരി ക്കയാൽ ഞങ്ങൾ രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയി.” അപ്പൊ. പ്രവൃത്തികൾ 27 : 20**

കപ്പലിൽ പൗലോസ് ശ്ലീഹാ ഒഴികെ മറ്റെല്ലാവരും വളരെ നിരാശരായിപ്പോയി. നിങ്ങളാരെല്ലാം നിരാശരായിട്ടി രിക്കുന്നുണ്ട്? ഉള്ള് വാടിത്തളർന്നിരിക്കുന്നുണ്ട്? നിരാശപ്പെടാ നുള്ള വിഷയങ്ങൾ തീർച്ചയായിട്ടുമുണ്ട്. പക്ഷേ, യേശുക്രി സ്തുവിൽ വിശ്വസിക്കുന്നുവെങ്കിൽ നിരാശപ്പെടേണ്ട ആവശ്യ മില്ല.

സർവ്വവല്ലഭൻ എന്റെ നാഥനായിട്ടുണ്ട്, സകലത്തേയും നിയന്ത്രിക്കുവാൻ കഴിവുള്ളവൻ എന്റെ കൂടെയുണ്ട് എന്ന ഒരുറപ്പ് നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾ നിരാശരാകേണ്ടി വരിക യില്ല.

വളരെ നാളായിട്ട് സൂര്യനെ കാണുന്നില്ല. എല്ലാം ഇരുളട ഞ്ഞിരിക്കുന്നു. എപ്പോഴും ഭയങ്കരമായ കൂരിരുട്ട്. ആർക്കും

ഭക്ഷണം കഴിക്കാനുള്ള താത്പര്യം പോലുമില്ല. നിരാശ വരുന്ന സമയത്ത് അങ്ങനെയൊക്കെ വരും. ഭക്ഷണം വേണമെന്ന് തോന്നുകയില്ല.

ഏറ്റവും പ്രിയപ്പെട്ടവർ കടന്നുപോകുന്ന സമയങ്ങളിൽ ഭക്ഷണം കഴിക്കാൻ പോലും തോന്നുകയില്ല. എല്ലാം അലങ്കോലപ്പെട്ടു പോയി. ഏതു മനുഷ്യനും വരാവുന്നതാണ്.

**"അവർ വളരെ പട്ടിണി കിടന്നശേഷം പൗലോസ് അവരുടെ നടുവിൽ നിന്നുകൊണ്ട് പറഞ്ഞത്: പുരുഷന്മാരേ, എന്റെ വാക്ക് അനുസരിച്ച് ക്രേത്തയിൽ നിന്നു നീക്കാതെയും ഈ കഷ്ടനഷ്ടങ്ങൾ സമ്പാദിക്കാതെയും ഇരിക്കേണ്ടതായിരുന്നു. എങ്കിലും ഇപ്പോൾ ധൈര്യത്തോടിരിപ്പാൻ ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു; കപ്പലിന് അല്ലാതെ നിങ്ങളിൽ ആരുടേയും പ്രാണനു ഹാനി വരുകയില്ല. എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ ദൈവത്തിന്റെ ദൂതൻ ഈ രാത്രിയിൽ എന്റെ അടുക്കൽനിന്നു: പൗലോസേ, ഭയപ്പെടരുത്; നീ കൈസറുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു; നിന്നോടുകൂടെ യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു. അതുകൊണ്ട് പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ; എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംഭവിക്കും എന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു."**

**അപ്പൊ. പ്രവൃത്തികൾ 27 : 21 – 25**

അപ്പൊസ്തലനായ പൗലോസ് വചനം വച്ചുകൊണ്ടാണ് പറയുന്നത്. എനിക്ക് വ്യക്തമായ ഒരു വചനം കിട്ടിയിട്ടുണ്ട്. എന്റെ ഉടയവനും ഞാൻ സേവിച്ചു നിൽക്കുന്നവനുമായ ദൈവംതമ്പുരാൻ ഈ രാത്രിയിൽ എന്റെ അടുക്കൽ വന്നു എന്നോട് പറഞ്ഞു: പൗലോസേ, നീ ധൈര്യപ്പെട്ടിരിക്കുക, നിന്റെ കൂടെയുള്ള എല്ലാവരേയും ഞാൻ നിനക്കു തന്നിരിക്കുന്നു, ആരുടേയും പ്രാണന് ഒരു കേടും വരികയില്ല.

ഇന്ന് നിങ്ങൾ കർത്താവിനോട് പറയണം: എന്റെ ജീവിതത്തിൽ ഇത്രയുംകാലം ഒരുപിടി അലങ്കോലങ്ങളെല്ലാം വന്നുപോയി. ഇന്ന് എന്റെ ഹൃദയം ആടിയുലയുകയാണ്. ആകെ ഒരാധിയാണ്. എന്താണെന്നറിഞ്ഞുകൂടാ. യേശുവേ, എനിക്ക് ഒരുറപ്പ് തരണമേ. എനിക്കൊരു ധൈര്യം തരണമേ. നൂറ്റാണ്ടുകൾക്ക് മുമ്പ് അപ്പൊസ്തലനായ പൗലോസിന് ധൈര്യം കൊടുത്ത അതേ ആത്മാവ് ഇന്ന് എന്റെ അരികത്തിരുന്ന് വാദിക്കുന്നത് കാണാൻ എന്റെ കണ്ണ് തുറക്കണമേ. ഇപ്പോൾ എന്നോട് ധൈര്യപ്പെട്ടിരിക്കാൻ പറയണമേ.

ഞാൻ ഭീരുവായിരിക്കുന്നു. ഞാൻ ഭയപ്പെട്ടിരിക്കുന്നു. നാളെ എന്ത് എന്നറിയാതെ ആകുലപ്പെട്ടിരിക്കുന്നു. ആധികളും വ്യാധികളും എന്നെ മൂടിയിരിക്കുന്നു. എനിക്ക് മുന്നോട്ടുപോകാൻ വഴി കാണുന്നില്ല. കർത്താവേ, മനസ്സലിയണമേ. നിങ്ങൾ പ്രാർത്ഥിക്കൂ.

അപ്പോൾ കാണാം ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളത്തിലേക്ക് കടന്നുവരുന്നത്. ദൈവം സ്നേഹം മാത്രമാണ്. ദൈവം കരുണ മാത്രമാണ്. എന്നും ദൈവം സ്നേഹമാണെന്ന് ഞാൻ അനുഭവിച്ചു. ദൈവം ഒരിക്കലും തള്ളിക്കളയുകയില്ല. ഒരേയൊരു കാര്യം മാത്രം മതി, എന്റെ പാപവഴികളെ വിട്ടുകളഞ്ഞ് ദൈവത്തിന്റെ വഴിയിലേക്ക് ഞാൻ വന്നാൽ മതി.

സ്വന്തം അഭിപ്രായങ്ങളെ വിട്ടു കളയുക; സ്വന്തം താത്പര്യങ്ങളെ വിട്ടുകളയുക; എന്റേതെന്ന് ഞാൻ വിചാരിക്കുന്നതെല്ലാം വിട്ടുകളയുക. അപ്പോഴാണ് ദൈവത്തിന്റെ സ്നേഹം വന്ന് എന്നെ പൊതിയുന്നത്.

ദൈവത്തിന്റെ വചനം കിട്ടിയാൽ പിന്നെ അധൈര്യമില്ല. നല്ല കെട്ടുറപ്പാണ്. നല്ല സമാധാനമാണ്. അനേകമനേകം അനുഭവങ്ങൾ കർത്താവ് നിസ്സാരനായ എനിക്ക് തന്നിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ കർത്താവിനെ പിൻപറ്റുന്നത്. അനേകം

സജീവമായ അനുഭവങ്ങൾ!

നിരാശ മാറ്റിയ അനുഭവങ്ങൾ! ഭീരുത്വം മാറ്റിയ അനുഭവങ്ങൾ! തളർന്നുപോയ എന്റെ ജീവിതത്തിന് ഉന്മേഷം പകർന്ന അനുഭവങ്ങൾ! ഈ കുടുംബത്തിൽ നല്ല ഐശ്വര്യമായിരുന്നു എന്ന് അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്. നെല്ലുണ്ട്, പണവുമുണ്ട്. പക്ഷേ, പിശാച് കുടുംബത്തിന്റെ ഐശ്വര്യം മുഴുവൻ തകർത്തുകളഞ്ഞിരുന്നു.

എന്നാൽ നിരാശയുടെ ചുഴിയിൽ താണുതാണുപോയിരുന്ന കാലങ്ങളിൽ എനിക്ക് മനസ്സിലായി എന്റെ കാര്യം അന്വേഷിക്കാൻ ഒരു ഉടമസ്ഥനുണ്ട് എന്ന്. ആ ഉടയവനെ ഞാൻ കണ്ടെത്തിയതാണ് എനിക്കു കിട്ടിയ ഏറ്റവും വലിയ ഭാഗ്യം. യേശുക്രിസ്തു ഉടയവനായിട്ടുണ്ട്.

എന്റെ വഴി തെറ്റാണ്. എന്റെ വഴി അനാഥത്വം പൂണ്ടതാണ്. എന്റെ വഴി നിരാശ മുറ്റിയതാണ്. എന്റെ ജീവിതം തളർന്നുപോയ ജീവിതമാണ്. പക്ഷേ, എന്റെ യേശു, എന്റെ ഉടയവൻ എനിക്ക് സത്യവഴി കാണിച്ചു തന്നു.

ആ സത്യപാതയിലേക്ക് നിങ്ങൾ ഓടിവരുവിൻ. എല്ലാം മറക്കുവിൻ. ഈ ലോകം താത്ക്കാലികം മാത്രം. ജീവിതം നിസ്സാരമാണ്. നാളെ എന്ത്? നമുക്കറിഞ്ഞുകൂടാ. നാളെ പ്രഭാതം നാം കാണുമോ? ആർക്കറിയാം? ഉറപ്പൊന്നുമില്ല. എന്നാൽ ഓർക്കുക, മാറാത്ത ഒരാൾ കൂടെയുണ്ട്. എന്തുസംഭവിച്ചാലും യേശു കൂടെ നിൽക്കും.

നിങ്ങൾ പ്രാർത്ഥനയിൽ ഇരിക്കുമ്പോൾ കാതോർക്കണം. നിങ്ങളുടെ പേര് വിളിക്കുന്നത് നിങ്ങൾക്കു കേൾക്കാം. “പൗലോസേ, ഭയപ്പെടരുത്” എന്ന് പറഞ്ഞ അതേ നാഥൻ തന്നെ നിങ്ങളെ ഓമനപ്പേർചൊല്ലി സംസാരിക്കുന്നത് നിങ്ങൾക്ക് കേൾക്കാം.

എത്രയോ അവസരങ്ങളിലാണ് ദൈവം എന്നെ പേർചൊല്ലി വിളിക്കുന്നത് ഞാൻ കേട്ടിട്ടുള്ളത്! എന്നെ ധൈര്യപ്പെ

ടുത്തുന്നു. എനിക്ക് ആശ്വാസം പകരുന്നു. എനിക്ക് സമാധാനം തരുന്നു. തളർന്നുപോയ അവസരങ്ങളിൽ എത്രയോ പ്രാവശ്യം ദൈവം എന്നെ ധൈര്യപ്പെടുത്തി!

അക്കരെദേശത്ത് ചെല്ലുമ്പോൾ അവനെ മുഖാമുഖമായി കാണാമല്ലോ. അന്ന് കൊതിതീരെ കാണും. അവന്റെ പാദം മുത്തും. അവനെ സ്തുതിക്കും. മാലാഖമാർ സ്തുതിക്കും. വിശുദ്ധന്മാർ സ്തുതിക്കും. അന്ന് പാവപ്പെട്ട ഞാനും അതിന്റെ ഏറ്റവും പിറകിൽ നിന്നുകൊണ്ട് എന്റെ നാഥനെ സ്തുതിക്കും. ദൈവത്തിനു സ്തോത്രം.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ഈ സ്തുതി വേണമോ? ഈ ആശ്വാസകരമായ അനുഭവം വേണമോ? അത് തരാൻ കർത്താവ് ഒരുക്കിയിരിക്കുകയാണ്. ഇതുവരെ വന്ന കപ്പൽ തകർന്നുപോയാലും നിനക്ക് ഒരു കേടും ഭവിക്കാതെ ഭേദപ്പെട്ട സ്ഥലത്തേക്ക്, കുറച്ചുകൂടി സുരക്ഷിതമായ സ്ഥലത്തേക്ക് നിന്നെ ആക്കും.

ഇപ്പോൾ നിനക്ക് ചില കേടുകൾ വന്നിട്ടുണ്ട്. കുറേ നഷ്ടങ്ങളും കഷ്ടങ്ങളും വന്നിട്ടുണ്ട്. നിന്റെ പ്രിയപ്പെട്ടവർ ചിലർ നിന്നെ വെറുക്കുന്നുണ്ട്. എന്നാൽ എല്ലാം മാറിവരും. നല്ലൊരു ജോലിയുണ്ടായിരുന്നു, എന്നാൽ ജോലി പോയി. നല്ലൊരു ഭർത്താവുണ്ടായിരുന്നു, എന്നാൽ അദ്ദേഹം നിന്നെ വിട്ട് വേറൊരു സ്ത്രീയുടെ കൂടെ പോയി. അത് വളരെ വേദനാകരമാണ്.

എന്നാൽ ജീവനുള്ള ക്രിസ്തു നിങ്ങളുടെ ജീവിതത്തിലേക്ക് കടന്നു വന്ന് നിങ്ങൾക്ക് ആശ്വാസം തരികയാണ്. എല്ലാം തകർന്നുപോയി. ഒരു പോംവഴിയും കാണുന്നില്ല. മനസ്സ് തകർന്ന് വിഷമിച്ചിരിക്കുകയാണ്. അപ്പോഴാണ് അവന്റെ ആണിപ്പാടുള്ള കരം വന്ന് നിങ്ങളെ തലോടുന്നത്.

ആ കരം വന്ന് നിങ്ങളുടെ കണ്ണുനീർ തുടച്ചുതരുന്നത് നിങ്ങൾക്കനുഭവിക്കാൻ കഴിയും. അതാണ് ശാന്തി! അതാണ്

ദൈവികസ്നേഹം! ആ സ്നേഹത്തിന്റെ കരം നിങ്ങളെ തലോടും. നിങ്ങൾ ദൈവത്തെ മഹത്വപ്പെടുത്താൻ തുടങ്ങും. ദൈവത്തെ നിങ്ങൾ സ്തുതിക്കാൻ തുടങ്ങും.

പൗലോസിന് ദൈവം ധൈര്യം കൊടുത്തു.

***"പൗലോസേ, ഭയപ്പെടരുത്, നീ കൈസറുടെ മുമ്പിൽ നിൽക്കേണ്ടതാകുന്നു; നിന്നോടുകൂടെ യാത്ര ചെയ്യുന്നവരെയൊക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു എന്ന് പറഞ്ഞു."*** ***അപ്പൊ. പ്രവൃത്തികൾ 27 : 24***

നിന്നോടുകൂടെ യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്കു ദാനം ചെയ്തിരിക്കുന്നു. മകനേ, നീ ഒരാൾ വിശ്വാസിയായി നിൽക്കുകയാണെങ്കിൽ, നിന്നോടുകൂടി യാത്ര ചെയ്യുന്നവരെയും നിനക്ക് തരും. നിന്റെ ഭാര്യ നിന്നെ എതിർക്കുകയാണ്. ഭർത്താവ് കാര്യം മനസ്സിലാക്കാതെ കൂട്ടായ്മയെ എതിർക്കുകയാണ്. സാരമില്ല, നിന്നോട് കൂടെ യാത്രചെയ്യുന്നവരെയും ദൈവം നിനക്ക് തന്നിരിക്കുകയാണ്.

ഇന്ന് ചില ഭവനങ്ങളിൽ വചനം കേൾക്കാൻ സ്വാതന്ത്ര്യമില്ല. എന്നാൽ ഭവനത്തിൽ ഒരാൾ വിശ്വസ്തതയോടെ നിന്നാൽ, മോളേ, നീ ഒരാൾ ഒരു ശുദ്ധിമതിയായി നിന്നാൽ, യേശുക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ച് നിന്നാൽ നിന്നോട് ചേർന്ന് നിൽക്കുന്നവരെയും കർത്താവ് രക്ഷിക്കും.

നിന്റെ മക്കൾ ഇന്ന് നാനാവിധമായിപ്പോകുന്നു. എന്നാൽ അവരെയും നേരെയാക്കും. യേശുവിന്റെ കരം നിങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നത് നിങ്ങൾ അനുഭവിക്കും. അത് മഹാഭാഗ്യകരമായ ഒരു അനുഭവമാണ്.

**"അതുകൊണ്ട് പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ; എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംഭവിക്കും എന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു."**

**അപ്പൊ. പ്രവൃത്തികൾ 27 : 25**

അപ്പൊസ്തലനായ പൗലോസിന് കിട്ടിയ ഒരു വലിയ ധനമാണ് വിശ്വാസം. ദമസ്കോസിന്റെ പടിവാതിലിൽ വച്ച് ക്രിസ്തുവുമായി സന്ധിച്ചതിനുശേഷം പൗലോസിന് എന്നും നല്ല ധൈര്യമാണ്; നല്ല ഉറപ്പാണ്.

ഇന്ന് നിങ്ങൾക്ക് ചില തീരുമാനങ്ങളെടുക്കാം. ഇതുവരെ വന്ന യാത്ര ഞാനിതാ നിർത്തുകയാണ്. ഇതുവരെ വന്ന യാത്ര പാപത്തിൽക്കൂടിയായിരുന്നു. എന്നാൽ ഇന്ന് യാത്ര മാറുന്നു. ഇന്ന് വഴി തിരിയുന്നു. ഇന്ന് യേശുവിന്റെ കൂടെ യാത്രചെയ്യാൻ ഞാൻ തീരുമാനിക്കുന്നു. അത് ഒരു വലിയ വെല്ലുവിളിയാണ്.

നിങ്ങൾ ഇപ്പോൾ തന്നെ ഈ പുതിയ യാത്രയ്ക്കുവേണ്ടി ഒരുങ്ങുക. ഒരു കാര്യം നിങ്ങൾ അംഗീകരിക്കുക. ഇതുവരെയും ഞാൻ യേശുവിനെ ഉപദ്രവിക്കുകയായിരുന്നു. എന്നാൽ യേശുവേ, ഇന്നുമുതൽ യേശുവിന്റെ വഴിയിൽക്കൂടി നടക്കാൻ ഞാനിതാ തീരുമാനിക്കുന്നു.

**“പതിന്നാലാം രാത്രിയായപ്പോൾ ഞങ്ങൾ അദ്രിയക്കടലിൽ അലയുന്നേരം അർദ്ധരാത്രിയിൽ ഒരു കരയ്ക്കു സമീപിക്കുന്നു എന്ന് കപ്പൽക്കാർക്ക് തോന്നി. അവർ ഈയം ഇട്ട് ഇരുപതു മാറെന്നു കണ്ടു. കുറയ അപ്പുറം പോയിട്ടു വീണ്ടും ഈയം ഇട്ടു പതിനഞ്ചു മാറെന്നു കണ്ടു. പാറസ്ഥലങ്ങളിൽ അകപ്പെടും എന്ന് പേടിച്ചു അവർ അമരത്തുനിന്നു നാലു നങ്കൂരം ഇട്ട്, നേരം വെളുപ്പാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു.”**

**അപ്പൊ. പ്രവൃത്തികൾ 27: 27 – 29**

നിങ്ങളാരെല്ലാം നേരം വെളുക്കാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നുണ്ട്? ഈ പ്രകൃതിയിലെ നേരം വെളുക്കാനല്ല, ജീവിതത്തിൽ സൂര്യനുദിക്കാൻ? ഞാനും അങ്ങനെ നേരം വെളുക്കാൻ ആഗ്രഹിച്ച മനുഷ്യനാണ്. നിരാശ മാറാൻ ആഗ്രഹിച്ച മനുഷ്യനാണ്. ഒരു സമാധാനജീവിതം കിട്ടാൻ കൊതിച്ച മനുഷ്യനാണ്. നിങ്ങൾ നേരം വെളുക്കാൻ ആഗ്രഹിച്ചുകൊണ്ടിരി

ക്കണം. നേരം വെളുക്കട്ടെ! സൂര്യൻ ഉദിക്കട്ടെ!

ഇന്ന് കുടുംബത്തിലെ ചില പ്രാരബ്ധങ്ങളോർത്ത് അലയുന്നവരുണ്ട്. ഭർത്താവിന്റെ ദു:സ്വഭാവങ്ങളോർത്ത് വിഷമിക്കുന്നവരുണ്ട്. ഇന്ന് അനേകം പ്രതിസന്ധികളുണ്ട്, ശരിയാണ്. മകളേ, എന്നാൽ നിനക്ക് ഉദയസൂര്യൻ ഉദിക്കും. സംശയിക്കണ്ട, നേരം വെളുക്കുന്ന ഒരു ദിവസമുണ്ട്. സമാധാനത്തിന്റെ ഒരു ദിവസമുണ്ട്.

എന്നും രാത്രിയല്ല, രാത്രിയ്ക്കുശേഷം ഒരു പ്രഭാതമുണ്ട്. ദു:ഖവെള്ളിയാഴ്ചയ്ക്കുശേഷം ഒരു ഉയിർപ്പു ഞായർ ഉണ്ട്. നിങ്ങളുടെ ജീവിതം യേശുക്രിസ്തുവിനുവേണ്ടി സമർപ്പിച്ചു കഴിയുമ്പോൾ ഈ നീതിസൂര്യൻ ഉദിക്കുകയാണ്.

പിന്നെ മനസ്സിനെ ഒന്നും അലട്ടുന്നില്ല. എല്ലാം യേശുവിങ്കലേക്ക് കൈമാറുകയാണ്. എല്ലാം മേലോട്ട് ഇട്ടുകൊടുക്കുകയാണ്. ആരും ഭാരം കൈയിൽ വച്ചുകൊണ്ടിരിയ്ക്കില്ല. നിങ്ങളുടെ ഭാരങ്ങളെല്ലാം മുകളിലേക്ക് എറിഞ്ഞുകൊള്ളുക. മുകളിൽ പിടിക്കാൻ ഒരാളുണ്ട്.

**“നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക; അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല.” സങ്കീർത്തനങ്ങൾ 55 : 22**

**“നമ്മുടെ രക്ഷയാകുന്ന ദൈവമായി, നാൾതോറും നമ്മുടെ ഭാരങ്ങളെ ചുമക്കുന്ന കർത്താവ് വാഴ്ത്തപ്പെടുമാറാകട്ടെ. ദൈവം നമുക്ക് ഉദ്ധാരണങ്ങളുടെ ദൈവം ആകുന്നു; മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ കർത്താവായ യഹോവയ്ക്കുള്ളവ തന്നെ.” സങ്കീർത്തനങ്ങൾ 68 : 19, 20**

സ്നേഹിതരേ, ഈ യേശുവിനെ നിങ്ങൾക്ക് വേണമോ? യേശുവിനോട് കൂടെ നിങ്ങൾക്ക് യാത്ര തുടങ്ങണമോ? എങ്കിൽ യേശുവിനോട് വാക്കുപറയുക: എന്റെ കർത്താവേ, എന്നെ ഞാൻ നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്റെ ഭാരങ്ങ

ളോടു കൂടി ഞാനിതാ വരുന്നു. എന്റെ പാപങ്ങളോടു കൂടെ ഞാനിതാ വരുന്നു.

എല്ലാം കുരിശിന്റെ ചുവട്ടിൽ ഇറക്കിവയ്ക്കുന്നു. എന്റെ ആയുസ്സ് നിന്റെ കൈകളിലേക്ക് ഞാൻ തരുന്നു. എന്റെ ജീവിതത്തിന്റെ സകല അക്കൗണ്ടും തരുന്നു. അതിലുള്ള പാപവും ശാപവുമെല്ലാം നിന്നെ ഏല്പിക്കുന്നു. എല്ലാ സങ്കടങ്ങളും ദു:ഖങ്ങളും നിരാശകളും നിന്നെ ഏല്പിക്കുന്നു. എന്റെ കൈയിലേക്ക് നീ തരുന്ന സ്വർഗ്ഗീയ അക്കൗണ്ട് ഞാൻ വാങ്ങുന്നു. യേശുവിന്റെ വിശുദ്ധി, യേശുവിന്റെ സഹിഷ്ണുത, യേശുവിന്റെ ക്ഷമ എല്ലാം വാങ്ങുന്നു.

അങ്ങനെ യേശുവിന്റെ സ്വത്ത് വാങ്ങാൻ താത്പര്യമുണ്ടെങ്കിൽ നിങ്ങൾക്ക് യേശുവിനോട് പറയാം: എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. എന്റെ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ സ്വന്തം.

# ആറ്

**"അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നില വിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു. അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു."**

**സങ്കീർത്തനങ്ങൾ 107 : 28 – 30**

ആഗ്രഹിച്ച തുറമുഖത്തേയ്ക്ക് അവൻ അവരെ എത്തിക്കുന്നു. അനേകം ആഗ്രഹങ്ങൾ നമ്മുടെ ഉള്ളിലുണ്ട്. ആഗ്രഹിച്ച തുറമുഖം ഏതാണ്? അത് സ്വർഗ്ഗരാജ്യമാണ്, സംശയമില്ല.

നമുക്ക് ലോകത്തിലെ കാര്യങ്ങളും ആഗ്രഹിക്കാം. വിദ്യാഭ്യാസം ആഗ്രഹിക്കാം. നല്ല ഒരു ജോലി ആഗ്രഹിക്കാം. നല്ല ഒരു വീട് ആഗ്രഹിക്കാം. നല്ല സാമാധാനമുള്ള കുടുംബ ജീവിതം ആഗ്രഹിക്കാം. മക്കൾ ക്രിസ്തുവിന്റെ ശിഷ്യന്മാരായിത്തീരുന്നത് ആഗ്രഹിക്കാം. രോഗസൗഖ്യം ആഗ്രഹിക്കാം.

**"യഹോവയിൽ ആശ്രയിച്ചു നന്മ ചെയ്ക; ദേശത്തു പാർത്ത് വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും."** **സങ്കീർത്തനങ്ങൾ 37 : 3, 4**

ഈശാനമൂലൻ എന്ന കൊടുങ്കാറ്റടിച്ച് ഏതാണ്ട് പതിനാല് ദിവസം സൂര്യനെയോ നക്ഷത്രങ്ങളെയോ കണ്ടില്ല. ആ കപ്പലിലുണ്ടായിരുന്ന എല്ലാവരും നിരാശരാണ്. പക്ഷേ, അതി

നകത്ത് പ്രത്യാശയുള്ള ഒരാൾ ഉണ്ടായിരുന്നു.

എല്ലാം പ്രതികൂലമാണ് പക്ഷേ, ഞാൻ ഒരാൾ ഈ വീട്ടിൽ സമാധാനപുത്രനായി നിൽക്കും. ഒരാൾ വിശ്വാസിയായിട്ടുണ്ടെങ്കിൽ കോളിളക്കങ്ങൾക്ക് ഒരു ശാന്തതയുണ്ട്. ഞാനൊരാൾ ക്രിസ്തുവിനെ വഹിച്ചുകൊണ്ട്, ക്രിസ്തുവിനെ സ്തുതിച്ചുകൊണ്ട്, ക്രിസ്തുവിനെ ആരാധിച്ചുകൊണ്ട്, ക്രിസ്തുവിന്റെ വേല ചെയ്തുകൊണ്ട് നിന്നാൽ എന്റെ കുടുംബം നഷ്ടപ്പെട്ടുപോകുകയില്ല.

ഇതുവരെയും അങ്ങനെ നിൽക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? സെന്റ് പോൾ ആ കപ്പലിൽ ഉണ്ടായിരുന്നു. അത് വലിയൊരു ഭാഗ്യമായിപ്പോയി. ഒരു ദൈവദാസൻ ആ കപ്പലിലുണ്ടായിരുന്നതുകൊണ്ട് മറ്റുള്ളവർക്കും രക്ഷ കിട്ടി.

ഒരു വിശുദ്ധൻ ഒരു വീട്ടിലുണ്ടെങ്കിൽ, ഒരു വിശുദ്ധൻ ഒരു നാട്ടിലുണ്ടെങ്കിൽ അത് നാടിന് അനുഗ്രഹമാണ്. ഏലീശാ പ്രവാചകനെക്കുറിച്ച് ശൂനേംകാരി പറഞ്ഞു: നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഇയാൾ വിശുദ്ധനായൊരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു. അതൊരു ഭാഗ്യപദവിയാണ്. വിശുദ്ധി നമ്മുടെ കൈമുതലായിരിക്കണം. കറതീർന്ന ജീവിതം! ഒരു ചെളിയേശാത്ത ജീവിതം! അല്പം പോലും കളങ്കമില്ലാത്ത ജീവിതം! നിഷ്ക്കളങ്കമായ മനസ്സാക്ഷി! ഒരു മുൻവിധിയില്ല, മുഖപക്ഷമില്ല. യേശുക്രിസ്തുവിന്റെ അതേ ഭാവം!

അമ്പരന്ന് നിൽക്കുന്ന 275 പേരുടെ മദ്ധ്യത്തിൽ ഒരാൾ ഒരു കൂസലില്ലാതെ നിൽക്കുന്നു. മറ്റുള്ളവർക്ക് മനസ്സിലായില്ല, എന്താണ് ഇദ്ദേഹം ഒരു കൂസലുമില്ലാതെ ഇരിക്കുന്നതെന്ന്. വെള്ളം ഇളകിമറിയുന്നുണ്ടല്ലോ. കൊടുങ്കാറ്റ് ആഞ്ഞ് വീശുന്നുവല്ലോ. ഒരുപക്ഷേ മരണത്തിലേയ്ക്കല്ലേ പോകുന്നത്? എല്ലാവരും സംഭ്രമിച്ചിരിക്കുകയാണ്. പതിനാല് ദിവസമായിട്ട് സൂര്യനെയോ നക്ഷത്രങ്ങളെയോ കണ്ടിട്ടില്ല. എന്തൊരു ദയനീ

യമായ അവസ്ഥ! അവർക്ക് ആഹാരം കഴിക്കണമെന്ന് തോന്നുന്നില്ല. അത്രമാത്രം വലിയ ഒരു വിഷമസന്ധി വന്നിരിക്കുന്നു.

ഞാൻ ഒരവസരത്തിൽ അടിമാലി അപ്പുറത്ത് കൂമ്പൻപാറ പള്ളിയിലേക്ക് ഒരു ധ്യാനയോഗത്തിനുവേണ്ടി പോയി. കുറേ വർഷങ്ങൾക്കുമുമ്പാണ്. ഞാൻ ഇവിടുന്ന് ഇറങ്ങുമ്പോൾ കുഴപ്പമൊന്നുമില്ല. ബസ്സിലാണ് ഞാൻ പോയത്. ബസിൽ ചെന്ന് അടിമാലിയിലിറങ്ങി. അവിടെ എത്തിയപ്പോഴേയ്ക്കും ആകാശം ഇരുണ്ടുമൂടിയിരിക്കുന്നു. കൂമ്പൻപാറയിലേക്ക് പിന്നെ ബസ്സില്ല. ഞാൻ അങ്ങോട്ടുപോകുന്ന ഒരു ജീപ്പിൽ കയറി. ജീപ്പ് കുറെദൂരം എത്തിയപ്പോൾ ഭയങ്കര ശബ്ദം.

എന്താണെന്ന് മനസ്സിലായില്ല. അപ്പോഴാണ് മുൻപിൽ വലിയ പാറകൾ റോഡിലേയ്ക്ക് വീഴുന്നു. പിറകിലേയ്ക്ക് നോക്കിയപ്പോൾ പിറകിലും പാറകൾ വന്നുവീഴുന്നു. വലിയ ഉരുൾപൊട്ടലായിരുന്നു. ജീപ്പ് അവിടെ നിർത്തി. ഞാൻ വല്ലാതെ സംഭ്രമിച്ചുപോയി. അന്ന് ദൈവത്തിന്റെ വചനം പറയേണ്ടതാണ്. പക്ഷേ, അങ്ങോട്ട് ചെല്ലാൻ പറ്റിയില്ല.

ഞാൻ വണ്ടിയിൽ നിന്നിറങ്ങി പിറകോട്ട് നടന്നുനടന്ന് അടിമാലി വരെയും എത്തി. ഹോട്ടലിൽ ഒരു മുറിയെടുത്ത് അവിടെ കിടന്നു. സംഭ്രമജനകമായ ഒരു കാര്യം വരുമ്പോൾ നാം എങ്ങനെ നേരിടും? അപ്പോൾ മനസ്സിലെ ധൈര്യവും ചങ്കൂറ്റവുമെല്ലാം പോകും.

അപ്പോൾ നിരാശ വരും, സ്വാഭാവികമാണ്. എന്തുകൊണ്ട് ഇത് സംഭവിച്ചു? കർത്താവിന്റെ വേലയ്ക്കുവേണ്ടിയല്ലേ പോയത്? നല്ല ആരോഗ്യമുള്ള പ്രായമാണ്. അന്ന് രാത്രി കിടന്നിട്ട് എനിക്ക് ഉറക്കം വന്നില്ല. ഞാൻ ചിന്തിക്കുകയാണ്, ദൈവത്തിന്റെ വേലയ്ക്ക് പോയിട്ട് മുടങ്ങിപ്പോകാൻ എന്താണ് കാരണം?

ഞാൻ ഓരോന്ന് ചികഞ്ഞുനോക്കി. പ്രകടമായ ഒരു തെറ്റൊന്നും വന്നതായിട്ട് എന്റെ ഓർമ്മയിൽ വന്നില്ല. പിന്നെ

എന്തായിരിക്കും? ദൈവത്തിന്റെ വഴികൾ എനിക്ക് അറിയാൻ പാടില്ല. ഏതായാലും എന്റെ കർത്താവ് അറിയാതെ എനിക്ക് ഒന്നും സംഭവിച്ചിട്ടില്ല. ഞാൻ കർത്താവിൽ ധൈര്യം പൂണ്ടു. എന്റെ പരിഭ്രമം മാറി. എന്റെ യേശു അറിയാതെ ഒന്നും സംഭ വിക്കുകയില്ല. എന്റെ ഒരു തലമുടിനാരു പോലും യേശു അറി യാതെ പൊഴിഞ്ഞുപോകയില്ല. പിറ്റേന്ന് ഞാൻ തിരികെ പോന്നു. ആ വേല അന്ന് അവിടെ നടന്നില്ല.

എന്നാൽ ആ പള്ളിയിൽ തന്നെ പിന്നെയും പോയി ശുശ്രൂഷ ചെയ്യാൻ കർത്താവ് എനിക്ക് കൃപ തന്നു. വചനം പറയാൻ കർത്താവ് അവസരം തന്നു. അന്ന് 28 പേർ ജീവിതം കർത്താവിനായി സമർപ്പിച്ചു.

ഒരിക്കൽ ഞാൻ തളർന്ന് മടങ്ങിപ്പോന്നെങ്കിലും കർത്താവ് തളർന്നില്ല. കർത്താവ് വാടിപ്പോയില്ല. കർത്താവ് അവിടുത്തെ ഹിതം നിറവേറ്റി. ചില സമയങ്ങളിൽ നാം തളർന്നുപോയി എന്നുവരാം. നാം വാടിപ്പോയി എന്നുവരാം. പക്ഷേ, നിത്യമായി വാടിപ്പോകാൻ ദൈവം സമ്മതിക്കുകയില്ല. നിങ്ങൾ അപ്പോൾ കർത്താവിങ്കലേയ്ക്ക് നോക്കണം.

**"ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു; എനിക്കു സഹായം എവിടെ നിന്ന് വരും? എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു." സങ്കീർത്തനങ്ങൾ 121 : 1, 2**

പൗലോസ്ശ്ലീഹാ യേശുവിങ്കലേക്ക് നോക്കി. ആർത്തിര മ്പുന്ന തിരമാലകളിലേക്കല്ല, ജീവനുള്ള ക്രിസ്തുവിന്റെ മുഖ ത്തേയ്ക്ക് നോക്കി കർത്താവിൽ ആശ്വാസം പൂണ്ടു.

പരിഭ്രാന്തി ഉളവാക്കുന്ന സാഹചര്യങ്ങൾ വരുമ്പോൾ നിങ്ങൾ ഈ ശബ്ദം ഓർക്കണം: "പൗലോസേ, ഭയപ്പെടരുത്." സംഭ്രമജനകമായ സമയങ്ങൾ വരും. വലിയ പ്രതിസന്ധികൾ ഉരുണ്ടുകൂടി നിങ്ങളെ തളർത്തുന്ന സമയങ്ങൾ വരും. അപ്പോൾ ഓർക്കണം: എന്റെ ഉടയവൻ! ഞാൻ സേവിച്ചു

നിൽക്കുന്ന എന്റെ ദൈവം! എനിക്ക് വിളിക്കാൻ ഒരു നാഥ നുണ്ട്. ആവശ്യങ്ങൾ പറയാൻ ഒരു ഉടമസ്ഥനുണ്ട്. ഞാൻ അനാഥനല്ല. ഞാൻ ഉടയവനുള്ളവനാണ്. എനിക്കൊരു കർത്താവുണ്ട്.

എനിക്കുവേണ്ടി തക്കസമയത്ത് പ്രവർത്തിക്കാൻ എനിക്കൊരേശുവുണ്ട്. ഇത് നമ്മുടെ ഹൃദയത്തിലുണ്ടായിരി ക്കണം. ഇന്ന് ആ ഉറപ്പ് കിട്ടാൻ നമ്മൾ ആഗ്രഹിക്കണം. കർത്താവേ, ഇനിമുതൽ ഞാൻ യേശുവിനെ സ്നേഹിച്ചും യേശുവിനെ മാനിച്ചും ഒരു ജീവിതം നയിക്കുമെന്ന് നിങ്ങൾ തീരുമാനമെടുത്താൽ ഇപ്പോൾത്തന്നെ ക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് കടന്നുവരും.

ഒരു പക്ഷേ തെറ്റുകൾ പറ്റിയ ജീവിതമാണ്. അഴുക്കായ ശീലങ്ങളുള്ള ജീവിതമാണ്. എന്നാൽ നിങ്ങൾ യേശുവിനോട് പറയൂ: കർത്താവേ, നീ എനിക്ക് ഒരു മോചനം തരണമേ. ഇതു വരെ വന്നുപോയ പാപങ്ങളെല്ലാം തിരുരക്തത്താൽ കഴുകി ത്തരണമേ. നീ എന്റെ ഹൃദയത്തിലേക്ക് കടന്നുവരണമേ. ഞാൻ നിന്നെ എതിരേൽക്കുന്നു. ഞാൻ നിന്നെ സ്വാഗതം ചെയ്യുന്നു. എന്റെ വന്നുപോയ പാപങ്ങളെല്ലാം ക്ഷമിച്ച് മോചനം തരാൻ നിന്റെ സ്നേഹത്തിന് കഴിവുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.

അങ്ങനെ പ്രാർത്ഥിക്കുമ്പോൾ തന്നെ യേശു നിങ്ങളുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരും. വിശ്വസിച്ചാൽ നീ ദൈവ ത്തിന്റെ മഹത്വം കാണും. മരിച്ചിട്ട് നാലുദിവസമായ ലാസ റിന്റെ ശരീരം ഉയിർത്തെഴുന്നേറ്റതുപോലെ അത്ഭുതങ്ങൾ കാണാം.

മനുഷ്യന് ചിന്തിച്ചാൽ മനസ്സിലാവുകയില്ല. ഇത്രയും ഘോരപാപം ചെയ്തവൻ എങ്ങനെ രക്ഷപ്പെട്ടു എന്ന് മനസ്സി ലാവുകയില്ല. അവർ ചോദ്യം ചെയ്തു എന്നുവരും. പക്ഷേ, നിന്നെ സ്നേഹിക്കുന്ന യേശു നിന്റെ അരികിലേക്ക് വന്നിരി

ക്കുകയാണ്. യേശു നിന്നോട് പറയുകയാണ്: മകനേ, നീ എന്നെ കൈക്കൊള്ളുക മാത്രം ചെയ്യുക.

നിന്റെ ഹൃദയം താണുപോകരുത്. നീ വാടിപ്പോകരുത്. നീ ക്ഷീണിച്ചുപോകരുത്. നിന്നെ ഉയർത്താൻ ഞാനിതാ വന്നിരിക്കുന്നു. നാളുകളായി നീ വീണുകിടക്കുകയല്ലേ? നാളുകളായി നീ സമാധാനമില്ലാതെ വലഞ്ഞുകഴിയുകയല്ലേ? എന്നാൽ നിന്നെ ശക്തി ധരിപ്പിക്കാൻ ഞാനിതാ വന്നിരിക്കുന്നു. നിന്റെ ഉടയവൻ, നിനക്കുവേണ്ടി ജീവൻ അർപ്പണം ചെയ്തവൻ നിന്നെ വിളിക്കുന്നു. ആ യേശുവിങ്കൽ നിന്റെ ഹൃദയം സമർപ്പിക്കുവിൻ. യേശുവിനോട് വാക്ക് പറയുവിൻ. ഉടയവനേ, ഞാൻ സേവിച്ചുനിൽക്കുന്ന ദൈവമേ, ഇപ്പോൾ നീ എന്റെ ഉള്ളത്തിലേയ്ക്ക് വന്ന് എന്നെ അനുഗ്രഹിക്കണമേ.

**“അതുകൊണ്ട് പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ; എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംഭവിക്കും എന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു.”**

**അപ്പൊ. പ്രവൃത്തികൾ 27 : 25**

അതൊരു വലിയ ശക്തിയാണ്. “എന്നോട് ദൈവം അരുളിച്ചെയ്തു.” അതൊരു തോന്നലല്ല. ഞാൻ സേവിച്ചു നിൽക്കുന്ന, എന്റെ ഉടയവനായ ദൈവം എന്നോട് പറഞ്ഞു: “പൗലോസേ, ഭയപ്പെടരുത്.” എന്നോട് പറഞ്ഞതുപോലെ തന്നെ സംഭവിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ഈയൊരു നിഷ്ക്കളങ്കവിശ്വാസം നമുക്ക് വേണം. ആ വിശ്വാസം നിങ്ങൾക്ക് കിട്ടും. നിങ്ങൾക്ക് വിശ്വാസം ഇല്ല എന്നുപറഞ്ഞ് നിങ്ങൾ ഇരിക്കരുത്. വിശ്വാസം തരാൻ ക്രിസ്തുവിന് കഴിയും.

വിശ്വാസം ഒരു ദാനമാണ്. ദൈവത്തിന്റെ വചനം കണ്ണുമടച്ച് വിശ്വസിക്കാൻ സാധിക്കുന്നത് ദൈവത്തിന്റെ ഒരു കൃപയാണ്. എന്നോട് അരുളിച്ചെയ്തതുപോലെ തന്നെ സംഭവിക്കും എന്ന് ഞാൻ ദൈവത്തെ വിശ്വസിക്കുന്നു. അപ്പൊസ്തലന് നല്ല ധൈര്യമാണ്.

കടൽ ഇളകിക്കൊണ്ടിരിക്കുകയാണ്. തിരമാലകൾ ഉയർന്നുപൊങ്ങിക്കൊണ്ടിരിക്കുകയാണ്. കപ്പൽ ആടിയുലഞ്ഞുകൊണ്ടിരിക്കുകയാണ്. എല്ലാവരും കൂട്ടത്തോടെ മരിക്കാൻ തയ്യാറായിരിക്കുകയാണ്. അവർ ആഹാരം കഴിക്കുന്നില്ല. ഇപ്പോൾ പതിനാല് ദിവസം കഴിഞ്ഞിരിക്കുന്നു. അങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് പൗലോസ് പറയുന്നത്, എന്റെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

സഹോദരങ്ങളേ, നിങ്ങളിലേക്ക് കർത്താവ് വിശ്വാസം നിറച്ചു തരുന്നു. അത് ദൈവം തരുന്ന കൃപയാണ്. ദൈവത്തിന്റെ വചനമുണ്ടോ, അത് സത്യം. പിന്നെ ചോദ്യമില്ല. സംശയമില്ല. ദൈവത്തിന്റെ ആത്മാവ് എന്തെങ്കിലും സംസാരിച്ചോ, അത് സത്യം. സംശയമില്ല. വിശ്വാസം ഒരു വരമാണ്. നിങ്ങൾക്ക് ക്രിസ്തുവിൽ വിശ്വാസമുണ്ടോ? വിശ്വാസമുണ്ടെന്ന് പറയുമ്പോൾപ്പോലും നിങ്ങളുടെ ഹൃദയത്തിൽ ചിലപ്പോൾ സംശയങ്ങൾ പൊന്തിവരുന്നു.

നല്ല വിത്ത് വിതച്ചു. നല്ലപോലെ മുളച്ചു. ഉടമസ്ഥൻ ഈ വയലിലേക്ക് നോക്കാതെ ഉറങ്ങിക്കിടക്കുകയാണ്. ആ സമയത്ത് ശത്രു വന്ന് കള വിതച്ചു. ശത്രു കള വിതയ്ക്കും. അവിശ്വാസം ഉണ്ടാക്കും. കളകൾ വിതയ്ക്കാൻ അനുവദിക്കരുത്. കളകൾ മുളയ്ക്കരുത്. അതിനെന്താണ് വേണ്ടത്? ഒരു നിഷ്ക്കളങ്കവിശ്വാസം! എന്റെ ദൈവം കല്പിച്ചു; അതുപോലെ തന്നെ സംഭവിക്കും. “അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അവന് നീതിയായി ദൈവം കണക്കിട്ടു.” (ഗലാത്യർ 3 : 6)

വേദപുസ്തകത്തിൽ കാണുന്ന ഭക്തന്മാരും വിശുദ്ധന്മാരുമായ ദൈവമക്കളെല്ലാം വിശ്വാസികളായിരുന്നു. നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, എനിക്ക് വിശ്വാസം വർദ്ധിപ്പിച്ച് തരണമേ. കർത്താവിന്റെ കൃപയാൽ എനിക്ക് കിട്ടിയ മഹാഭാഗ്യം, ഒരിക്കലും എനിക്ക് പരിശുദ്ധാത്മാവിനെ അവിശ്വാസം വന്നിട്ടില്ല.

പരിശുദ്ധാത്മാവ് ഇറങ്ങി പ്രവർത്തിക്കുന്ന ദൈവമക്കളെ അവിശ്വാസം വന്നിട്ടില്ല. ഞങ്ങളെ ആത്മീയം അഭ്യസിപ്പിച്ച പരിശുദ്ധപിതാവ്, അദ്ദേഹത്തിന്റെ നാവിൽ നിന്ന് ഒരു വാക്ക് കിട്ടിയോ, എനിക്കൊരു സംശയവുമില്ല. കണ്ണുമടച്ച് ഞാനങ്ങ് വിശ്വസിച്ചേക്കും. എനിക്കറിയാം അത് കർത്താവിന്റെ ആത്മാവ് പറഞ്ഞതാണെന്ന്.

അതുകൊണ്ടാണ് ഇത്രയുംകാലം മുന്നോട്ട് വന്നിട്ടും കർത്താവ് എനിക്ക് ധൈര്യം തന്നിരിക്കുന്നത്. മനസ്സിൽ ഒരു ഉന്മേഷം തന്നിരിക്കുന്നത്. മനസ്സിൽ കരുത്ത് തന്നിരിക്കുന്നത്. ഒരിക്കലും നിങ്ങൾ ആത്മാവിനെ അവിശ്വസിക്കരുത്. നമ്മുടെ ബുദ്ധികൊണ്ട് വിശകലനം ചെയ്യരുത്.

**"എങ്കിലും നാം ഒരു ദ്വീപിന്മേൽ മുട്ടി വീഴേണ്ടതാകുന്നു."**

**അപ്പൊ. പ്രവൃത്തികൾ 27 : 26**

കർത്താവ് പറഞ്ഞു: നിങ്ങളിൽ ആർക്കും ചേതം വരികയില്ല. പക്ഷേ, കപ്പൽ ഒരു ദ്വീപിൽ തട്ടി വീഴേണ്ടി വരും. കപ്പൽച്ചേതം വരും.

**"പതിന്നാലാം രാത്രിയായപ്പോൾ ഞങ്ങൾ അദ്രിയക്കടലിൽ അലയുന്നേരം അർദ്ധരാത്രിയിൽ ഒരു കരയ്ക്കു സമീപിക്കുന്നു എന്ന് കപ്പൽക്കാർക്കു തോന്നി."**

**അപ്പൊസ്തല പ്രവൃത്തികൾ 27 : 27**

കടലിൽക്കൂടി അലയുകയാണ്. പൗലോസ്ശ്ലീഹായ്ക്ക് മാത്രം അധൈര്യമില്ല. കപ്പൽ പാറിപ്പാറി പോകുകയാണ്. ഇന്നത്തെപ്പോലെ യന്ത്രസജ്ജീകരണമില്ലല്ലോ. കർത്താവ് പറഞ്ഞു: നിങ്ങളിൽ ആർക്കും ദോഷം വരികയില്ല എന്ന്. പക്ഷേ, ഇപ്പോഴിതാ കപ്പൽ താഴാൻ പോകുന്നു. ഇത് കണ്ടപ്പോഴും പൗലോസ്ശ്ലീഹായ്ക്ക് സംശയമില്ല. കാരണം, വചനം കിട്ടിയിട്ടുണ്ട്.

നിങ്ങളോരോരുത്തരും ചിന്തിച്ചുനോക്കൂ. നിങ്ങൾക്കെന്തെങ്കിലും വചനം കിട്ടിയിട്ടുണ്ടോ? എന്തെങ്കിലും വാഗ്ദത്തം

കർത്താവ് തന്നിട്ടുണ്ടോ? കിട്ടിയെങ്കിൽ നാം ഭാഗ്യശാലികളാണ്.

അവർ എങ്ങനെയെങ്കിലും കപ്പൽ ഉറപ്പിച്ചുനിർത്താൻ നോക്കുകയാണ്. അവർ നേരം വെളുക്കാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. പലരും അങ്ങനെയല്ലേ? ഒന്ന് നേരം വെളുക്കാൻ ആഗ്രഹിക്കുന്നില്ലേ? ഒരു വെളിച്ചം കാണാൻ ആഗ്രഹിക്കുന്നു. ഒരു സമാധാനം കാണാൻ ആഗ്രഹിക്കുന്നു. നിങ്ങളിൽ ചിലരെങ്കിലും സന്ധ്യയായാൽ നേരം വെളുത്താൽ മതി എന്ന് ആഗ്രഹിക്കുന്നു.

നേരം വെളുക്കുമ്പോൾ സന്ധ്യയായാൽ മതി എന്ന് ആഗ്രഹിക്കുന്നു. കാരണം, സ്വസ്ഥതയില്ല. ഓരോരോ പ്രശ്നങ്ങൾ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നു. മനസ്സിലെ സമാധാനം പോയ്പ്പോയിരിക്കുന്നു. മനസ്സാകെ ഇളകിക്കൊണ്ടിരിക്കുന്നു. സംഘർഷാത്മകമായ ജീവിതം!

ദൈവം എല്ലാം കാണുന്നു. എല്ലാം അറിയുന്നു. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. എനിക്കുള്ള സ്വത്ത് ഈ ദൈവമാണ്. ദൈവത്തിന്റെ വചനമാണ്. നിങ്ങൾക്ക് വചനത്തിൽ വിശ്വാസം വരണം. അവർ നേരം വെളുക്കാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു.

**“എന്നാൽ കപ്പൽക്കാർ കപ്പൽ വിട്ട് ഓടിപ്പോകുവാൻ വിചാരിച്ച് അണിയത്തു നിന്നു നങ്കൂരം ഇടുവാൻ പോകുന്നു എന്നുള്ള ഭാവത്തിൽ തോണി കടലിൽ ഇറക്കി. അപ്പോൾ പൗലോസ് ശതാധിപനോടും പടയാളികളോടും: ഇവർ കപ്പലിൽ താമസിച്ചല്ലാതെ നിങ്ങൾക്കു രക്ഷപ്പെടുവാൻ കഴിയുന്നതല്ല എന്നുപറഞ്ഞു. പടയാളികൾ തോണിയുടെ കയറ് അറുത്തു അത് വീഴിച്ചുകളഞ്ഞു. നേരം വെളുക്കാറായപ്പോൾ പൗലോസ് എല്ലാവരോടും ഭക്ഷണം കഴിക്കേണ്ടതിന് അപേക്ഷിച്ചു: നിങ്ങൾ ഒന്നും ഭക്ഷിക്കാതെ കാത്തുകൊണ്ടു പട്ടിണി കിടക്കുന്നത് ഇന്ന് പതിന്നാലാം ദിവസം ആകുന്നുവല്ലോ. അതുകൊണ്ട് ആഹാരം കഴിക്കേണം എന്ന് ഞാൻ നിങ്ങളോട്**

**അപേക്ഷിക്കുന്നു; അത് നിങ്ങളുടെ രക്ഷക്കുള്ളതല്ലോ; നിങ്ങളിൽ ഒരുത്തന്റെയും തലയിലെ ഒരു രോമംപോലും നഷ്ടമാകയില്ല നിശ്ചയം എന്നു പറഞ്ഞു."**

**അപ്പൊ. പ്രവൃത്തികൾ 27 : 30 – 34**

എല്ലാവരും നിരാശരാണ്. രക്ഷപ്പെടാൻ മാർഗ്ഗമൊന്നുമില്ല. ഇവിടെ തീരാൻ പോകുകയാണ്. അപ്പോൾ പൗലോസ് പറഞ്ഞു: നിങ്ങൾ ധൈര്യത്തോടിരിപ്പിൻ. നിങ്ങളിൽ ഒരുത്തന്റെയും തലയിലെ ഒരു രോമംപോലും നഷ്ടമാകയില്ല.

കർത്താവ് കൊടുത്ത അരുളപ്പാടാണ് പൗലോസ് പറഞ്ഞത്. സഹോദരങ്ങളേ, നിങ്ങൾ ശൂന്യതയിലേക്കല്ല നടക്കുന്നത്. അത്യുന്നതന്റെ പിറകെയാണ് നിങ്ങൾ നടക്കുന്നത്. പിറകെ പോകാൻ യോഗ്യനായവന്റെ പിന്നാലെ തന്നെയാണ് പോകുന്നത്. നിങ്ങൾ ഒരു കൂട്ടായ്മയുടെ പിറകെയല്ല പോകുന്നത്. എന്റെ പിന്നാലെയുമല്ല പോകുന്നത്. നിങ്ങൾ പോകുന്നത് നിത്യനായ ദൈവത്തിന്റെ കൂടെയാണ്.

ഞാനും ആ കൂടെയുണ്ട്. ഞാനും നിങ്ങളെപ്പോലെ ഒരു സാധുമനുഷ്യൻ. എനിക്കും വേണം യേശുവിനെ. ഇനിയുള്ള ചുരുങ്ങിയകാലം യേശുവിനെ പ്രസാദിപ്പിച്ച് ജീവിക്കണം എന്നതല്ലാതെ വേറെ ഒരു പരിപാടിയും എനിക്കില്ല.

ആരുടെയും മുമ്പിൽ നേതാവാകണമെന്ന് എനിക്ക് ഉദ്ദേശമില്ല. ഒന്നുമാത്രം മതി, എന്റെ യേശു എന്റെ കൂടെ ഉണ്ടായിരിക്കണം. യേശുവിന്റെ കൂടെ എനിക്ക് നടക്കണം. കർത്താവ് സംസാരിക്കുന്നതുപോലെ സംസാരിക്കാൻ കൃപ ലഭിക്കണം. അതു മാത്രം മതി.

നിങ്ങളുടെ തലയിലെ ഒരു രോമംപോലും നഷ്ടപ്പെട്ടുപോകുകയില്ല എന്ന് പൗലോസ്ശ്ലീഹ പറഞ്ഞു. പക്ഷേ, അവരത് വിശ്വസിക്കുന്നില്ല. പൗലോസ്ശ്ലീഹ വീണ്ടും പറഞ്ഞു: നിങ്ങൾ പട്ടിണി കിടക്കണ്ട. നമ്മുടെ കർത്താവ് നമ്മെ രക്ഷിക്കും. ഇങ്ങനെ പറഞ്ഞിട്ട് പൗലോസ് ഭക്ഷണം

കഴിച്ചുതുടങ്ങി.

**"ഇങ്ങനെ പറഞ്ഞിട്ട് അപ്പം എടുത്ത് എല്ലാവരും കാൺകെ ദൈവത്തെ വാഴ്ത്തിയിട്ടു നുറുക്കി തിന്നു തുടങ്ങി. അപ്പോൾ എല്ലാവരും ധൈര്യപ്പെട്ടു ഭക്ഷണം കഴിച്ചു."**

**അപ്പൊ. പ്രവൃത്തികൾ 27 : 35, 36**

ഒരാൾ ധൈര്യപ്പെട്ട് പ്രവർത്തിച്ചാൽ കൂടെചെയ്യാൻ പലരും ഉണ്ടാകും. നിങ്ങൾ ഒരാൾ നിങ്ങളുടെ വീട്ടിൽ നല്ല ധീരതയോടെ കർത്താവിനുവേണ്ടി നിൽക്കാൻ തയ്യാറായാൽ കൂടെ നിൽക്കാൻ പലരും വരും. ഇന്ന് സംശയിക്കുന്ന പലരും വീട്ടിലുണ്ടാകും. എന്നാൽ നിങ്ങൾ ഒരാൾ നല്ല വിശ്വാസത്തോടെ, ധീരതയോടെ മുന്നോട്ടുപോകാൻ തുടങ്ങുമ്പോൾ നിങ്ങളുടെ കൂടെ മറ്റ് പലരും ചേർന്നു വരും.

ഞങ്ങളുടെ ഇടവകപ്പള്ളിയിൽ ചെറിയ കൂട്ടായ്മ ഉണ്ടായിരുന്നു. ചെറിയ കൂട്ടമായിരുന്നു. അവരാരും വലിയ വിദ്യാഭ്യാസം ഉള്ളവരായിരുന്നില്ല. പക്ഷേ, എനിക്കവരെ വലിയ ബഹുമാനമായിരുന്നു. ഭയമുണ്ടായിരുന്നു. അവരെല്ലാം ആത്മീയജീവിതത്തിൽ മല്ലന്മാരായിരുന്നു. പ്രാർത്ഥനാവീരന്മാരായിരുന്നു. അവരെല്ലാം പറയുന്നതുപോലെ ജീവിക്കുന്നവരായിരുന്നു.

ഞാൻ ചിലപ്പോൾ തളരുന്ന അവസരങ്ങളിൽ അവരുടെ കൂടെ ഇരിക്കുമ്പോൾ എനിക്ക് ധൈര്യം കിട്ടിക്കൊണ്ടിരുന്നു. ആ ചെറിയപ്രായത്തിൽ ചെറിയ കാര്യം വന്നാൽ എനിക്ക് പെട്ടെന്ന് മ്ലാനത വരും. എന്നാൽ അവരിൽ ചിലർ എന്നെ ധൈര്യപ്പെടുത്തി.

മൂന്നുവർഷം മുമ്പ് ബൈപാസ് സർജറി കഴിഞ്ഞ് കിടക്കുമ്പോൾ ഞാൻ ഓർത്തു: ഇത്തവണ ഡിസംബറിൽ ഞാൻ കൺവെൻഷന് പങ്കെടുക്കാൻ ഇടയില്ല. ബൈബിൾക്ലാസ്സ് എടുക്കാൻ പറ്റുകയില്ല. ഇങ്ങനെ ഞാൻ ജോൺ കുര്യാക്കോസിനോട് പറഞ്ഞപ്പോൾ ജോൺ പറഞ്ഞു: എന്താണി

ങ്ങനെ പറയുന്നത്? കർത്താവിൽ വിശ്വസിക്ക്. ഈ വർഷം യോഹന്നാൻ സാറ് തന്നെ ബൈബിൾക്ലാസ്സ് എടുക്കും.

ഞാൻ ആ വാക്കുകേട്ട് അതിശയിച്ചുപോയി. കർത്താവ് ജോണിന്റെ വാക്കുകളിൽക്കൂടി എന്റെമേൽ ധൈര്യം പകർന്നു. കൂട്ടായ്മയുടെ ശക്തി അതാണ്. ഞാൻ തളർന്നപ്പോൾ എന്റെ തളർച്ച മാറ്റാൻ ഒരു ദൈവദാസനെ ദൈവം ഉപയോഗിച്ചു. ജോൺ ദൈവത്തിൽ വിശ്വസിച്ചാണ് പറഞ്ഞത്. ആ ഒരു ധൈര്യം എന്നെ ബലപ്പെടുത്തി.

നിങ്ങൾ എപ്പോഴും പരസ്പരം ധൈര്യപ്പെടുത്തുന്നവരായിരിക്കണം. പരസ്പരം ബലപ്പെടുത്തുന്നവരായിരിക്കണം. നിങ്ങളുടെ അടുക്കൽ ഒരാൾ തളർന്ന് വന്നാൽ അയാൾക്ക് ബലം കൊടുക്കാൻ നിങ്ങൾക്ക് സാധിക്കണം. ആ ആൾക്ക് സമാധാനം കൊടുക്കാൻ സാധിക്കണം.

ഒരാൾ ധൈര്യപ്പെട്ടപ്പോൾ ബാക്കി എല്ലാവരും ധൈര്യപ്പെട്ടു. എല്ലാവരും തിന്നു തൃപ്തരായി.

ഇങ്ങനെ കരയിലെത്തി എല്ലാവരും രക്ഷപ്പെടുവാൻ ദൈവം സംഗതി വരുത്തി. 276 പേരും രക്ഷപ്പെടുവാൻ ഇടവന്നു. നിങ്ങൾ ഇന്ന് കർത്താവിന്റെ വചനം കൈക്കൊണ്ടാൽ നിങ്ങൾക്ക് രക്ഷപ്പെടാം. ആരും തളർന്നിരിക്കണ്ട. ആരും നിരാശരാകണ്ട. കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങളോർത്തും തളരണ്ട.

ഇന്ന് നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, നിന്റെ വചനം ഞാൻ വിശ്വസിക്കുന്നു. എല്ലാവരും രക്ഷപ്പെടുവാൻ സംഗതി വന്നു എന്നാണല്ലോ വേദപുസ്തകം പറയുന്നത്. അതുകൊണ്ട് ആ കൂട്ടത്തിൽ ഞാൻ ഉൾപ്പെടുമെന്ന് എനിക്ക് ഉറപ്പുണ്ട്.

കർത്താവേ, എനിക്ക് രക്ഷപ്പെടണം. എന്റെ ആത്മാവ് രക്ഷപ്പെടണം. എനിക്ക് നിത്യജീവൻ വേണം. നിത്യസ്വർഗ്ഗം

വേണം. ഞാൻ ഈ ഭൂമിയിൽ നിന്ന് എപ്പോൾ കടന്നുപോയാലും യേശുവിന്റെ സന്നിധിയിൽ എത്തുവാനുള്ള സൗഭാഗ്യം എനിക്ക് തരണം. എപ്പോൾ കടന്നുപോയാലും എന്റെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ട അവസ്ഥയിൽ കടന്നു പോകണം. എന്റെ എല്ലാ പാപങ്ങളും കഴുകിത്തന്ന് എന്നെ ഒരു വിശുദ്ധനാക്കിത്തീർക്കണം. അങ്ങനെ നിങ്ങളുടെ ജീവിതം സമർപ്പിക്കാൻ പറ്റുമോ?

നിങ്ങൾ കർത്താവിനോട് പറയൂ: കർത്താവേ, ഇതുവരെ ജീവിച്ചതു പോലെയല്ല, ഒരു പുതിയ സൃഷ്ടിയായി ജീവിക്കാൻ ഞാനിതാ തീരുമാനമെടുക്കുന്നു. എന്റെ ഭാവി ഞാൻ നിന്നെ ഏല്പിച്ചുതരുന്നു. എന്റേതെല്ലാം ഞാൻ നിന്നെ ഏല്പിക്കുന്നു. എന്റേതായി എനിക്കൊന്നുമില്ല. എല്ലാം നിനക്കിതാ തന്നിരിക്കുന്നു. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

## ഏഴ്

**"പെട്ടെന്ന് മരുഭൂമിയിൽനിന്ന് ഒരു കൊടുങ്കാറ്റ് വന്നു വീട്ടിന്റെ നാലുമൂലെക്കും അടിച്ചു; അത് യൗവ്വനക്കാരുടെമേൽ വീണു; അവർ മരിച്ചുപോയി; വിവരം നിന്നെ അറിയിപ്പാൻ ഞാനൊരുത്തൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു."**

**ഇയ്യോബ് 1 : 19**

ഇയ്യോബിന്റെ ജീവിതത്തിൽ വന്ന കൊടുങ്കാറ്റുകളെ ക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഇയ്യോബ് ഒരു ഭക്തനായിരുന്നു. ഇയ്യോബ് നിഷ്ക്കളങ്കനായിരുന്നു. ഇയ്യോബ് സത്യസന്ധനായി രുന്നു. ഇയ്യോബ് ദോഷം വിട്ട് അകന്ന് ജീവിക്കുന്ന വനായിരുന്നു. നല്ല ഭക്തനായ ദൈവദാസൻ!

വേദപുസ്തകത്തിൽ ആദ്യം എഴുതപ്പെട്ട പുസ്തകം ഇയ്യോബിന്റെ പുസ്തകമാണ്. എന്തായിരിക്കും ആദ്യം അത് എഴുതിയത്? നാം ചിന്തിക്കേണ്ടതാണ്. മനുഷ്യൻ എന്നും കൊടുങ്കാറ്റുകളെ അഭിമുഖീകരിക്കേണ്ടിവരും. ചെറുതോ വലുതോ ആയ കൊടുങ്കാറ്റുകൾ എല്ലാവരുടേയും ജീവിതത്തി ലുണ്ട്.

പെട്ടെന്നുള്ള അത്യാഹിതങ്ങൾ, പെട്ടെന്നുണ്ടാകുന്ന ചില ദുരിതങ്ങൾ, പെട്ടെന്നുള്ള വിയോഗങ്ങൾ, ജീവിതത്തിലെ ചില തോൽവികൾ, സമൂഹത്തിൽ നിന്നുള്ള ആക്രമണങ്ങൾ, കിംവദന്തികൾ, ആക്ഷേപങ്ങൾ, പരിഹാസങ്ങൾ എല്ലാം ഓരോ തരത്തിലുള്ള കൊടുങ്കാറ്റാണ്. എല്ലാവരുടേയും ജീവിതത്തിൽ അതുണ്ട്. എന്തുകൊണ്ടാണ് മനുഷ്യന്റെ ജീവിതത്തിൽ ഈ കഷ്ടതകൾ എന്നുള്ള ചോദ്യത്തിന്

ഉത്തരമാണ് ഇയ്യോബിന്റെ പുസ്തകം.

കൊടുങ്കാറ്റുപോലെ ആഞ്ഞടിക്കുന്ന കഷ്ടതകൾക്ക് കാരണമെന്താണ്? അത് എന്തുകൊണ്ട് ദൈവം മാറ്റിത്തരുന്നില്ല? ഇങ്ങനെ ചിന്തിച്ച ഒരാളായിരുന്നു സങ്കീർത്തനക്കാരൻ. സങ്കീർത്തനക്കാരൻ ദൈവത്തോട് ചോദിക്കുകയാണ്. എനിക്കുമാത്രം എന്താണ് ഈ കഷ്ടതകൾ? ഞാൻ എന്നും ഓരോരോ പ്രശ്നങ്ങളിൽപ്പെട്ട് വലയുന്നു. എന്നാൽ ചിലർക്ക് ഒരു പ്രയാസവുമില്ല. അതെന്താണ്?

**"ദൈവം യിസ്രായേലിന്, നിർമ്മലഹൃദയമുള്ളവർക്കു തന്നേ, നല്ലവൻ ആകുന്നു നിശ്ചയം. എന്നാൽ എന്റെ കാലുകൾ ഏകദേശം ഇടറി; എന്റെ കാലടികൾ ഏറെക്കുറെ വഴുതിപ്പോയി. ദുഷ്ടന്മാരുടെ സൗഖ്യം കണ്ടിട്ട് എനിക്ക് അഹങ്കാരികളോട് അസൂയ തോന്നി. അവർക്ക് വേദന ഒട്ടുമില്ലല്ലോ; അവരുടെ ദേഹം തടിച്ചുരുണ്ടിരിക്കുന്നു. അവർ മർത്യരെപ്പോലെ കഷ്ടത്തിൽ ആകുന്നില്ല; മറ്റു മനുഷ്യരെപ്പോലെ ബാധിക്കപ്പെടുന്നതുമില്ല. ആകയാൽ ഡംഭം അവർക്ക് മാലയായിരിക്കുന്നു; ബലാൽക്കാരം വസ്ത്രംപോലെ അവരെ ചുറ്റിയിരിക്കുന്നു. അവരുടെ കണ്ണുകൾ പുഷ്ടികൊണ്ട് ഉന്തി നിൽക്കുന്നു; അവരുടെ ഹൃദയത്തിലെ നിരൂപണങ്ങൾ കവിഞ്ഞൊഴുകുന്നു. അവർ പരിഹസിച്ചു ദുഷ്ടതയോടെ ഭീഷണി പറയുന്നു; ഉന്നതഭാവത്തോടെ സംസാരിക്കുന്നു. അവർ വായ് ആകാശത്തോളം ഉയർത്തുന്നു; അവരുടെ നാവ് ഭൂമിയിൽ സഞ്ചരിക്കുന്നു. അതുകൊണ്ട് അവൻ തന്റെ ജനത്തെ ഇതിലേക്ക് തിരിക്കുന്നു; അവർ ധാരാളം വെള്ളം വലിച്ചുകുടിക്കുന്നു. ദൈവം എങ്ങനെ അറിയുന്നു? അത്യുന്നതന് അറിവുണ്ടോ? എന്ന് അവർ പറയുന്നു. ഇങ്ങനെ ആകുന്നു ദുഷ്ടന്മാർ; അവർ നിത്യം സ്വസ്ഥത അനുഭവിച്ച് സമ്പത്ത് വർദ്ധിപ്പിക്കുന്നു." സങ്കീർത്തനങ്ങൾ 73 : 1 – 12**

ദൈവം നല്ലവനാണെന്ന് എനിക്കറിയാം. എന്നാൽ എനിക്കൊരു ഉറപ്പ് കിട്ടുന്നില്ല. എന്റെ കാൽ ഇടറിപ്പോകുന്നു.

ദുഷ്ടന്മാരായ ആളുകൾക്ക് നല്ല സൗഖ്യം. അവർക്ക് പ്രശ്നങ്ങളില്ല. അവർക്ക് ദുരിതങ്ങളും ആപത്തുകളും ഇല്ല. അവർക്ക് ഒന്നിനും കുറവില്ല. അവർ വാസ്തവത്തിൽ ദൈവവിശ്വാസമില്ലാത്തവരാണ്.

അവർ വാസ്തവത്തിൽ സുഖമായിട്ട് കഴിയുന്നു. സാധാരണ മനുഷ്യരെപ്പോലെ അവർക്ക് കഷ്ടത വരുന്നില്ല. കർത്താവേ ഇതെന്താണ്? പാവപ്പെട്ട ദൈവപൈതലിന് എന്നും ദുരിതം തന്നെ; പട്ടിണി തന്നെ; പ്രയാസങ്ങൾ തന്നെ. പക്ഷേ, ഈ ദുഷ്ടന്മാർക്ക് ദുരിതങ്ങളൊന്നും വരാത്തതുകൊണ്ട് വാസ്തവത്തിൽ അവർ അഹങ്കാരികളായിത്തീർന്നിരിക്കുന്നു. അവർ ദൈവത്തെപ്പോലും ചോദ്യം ചെയ്യുന്നു.

അവർക്ക് പാവപ്പെട്ടവനെ ബലാൽക്കാരം ചെയ്യാൻ പേടിയൊന്നുമില്ല. അവരുടേതെല്ലാം ദുഷ്ടമായ നിരൂപണങ്ങളാണ്. തെറ്റായ ചിന്താഗതികളാണ്. അവർ ആരേയും പരിഹസിക്കും. കാരണം, അവർ പണക്കാരാണ്. അവർ കഴിവുള്ളവരാണ്.

അവർ അഹങ്കാരത്തോടെ സംസാരിക്കുന്നു. അവർ ഗർജ്ജിക്കുന്നു. അട്ടഹസിക്കുന്നു. അവർക്ക് ഒന്നിനും കുറവില്ല. മാത്രമല്ല, അവർ ദൈവം ഒന്നും അറിയുന്നില്ല എന്ന് പറയുന്നു. ദൈവത്തെപ്പോലും ചോദ്യം ചെയ്യുന്നു. അവർക്ക് ഒരു അസ്വസ്ഥതയും ഇല്ല. സങ്കീർത്തനക്കാരന് മനസ്സിലാകുന്നില്ല എന്തുകൊണ്ടാണ് ഇങ്ങനെ? നീ എല്ലാം കാണുന്നില്ലേ?

**"എന്നാൽ ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചതും എന്റെ കൈകളെ കുറ്റമില്ലായ്മയിൽ കഴുകിയതും വ്യർത്ഥമത്രേ. ഞാൻ ഇടവിടാതെ ബാധിതനായി രുന്നു; ഉഷസ്സുതോറും ദണ്ഡിക്കപ്പെട്ടും ഇരുന്നു. ഞാൻ ഇങ്ങനെ സംസാരിപ്പാൻ വിചാരിച്ചെങ്കിൽ ഇതാ, ഞാൻ നിന്റെ മക്കളുടെ തലമുറയോട് ദ്രോഹം ചെയ്യുമായിരുന്നു. ഞാൻ ഇത് ഗ്രഹിപ്പാൻ നിരൂപിച്ചപ്പോൾ എനിക്ക് പ്രയാസമായി തോന്നി."**

**സങ്കീർത്തനങ്ങൾ 73 : 13 – 16**

ഞാൻ വിശുദ്ധനെപ്പോലെ ജീവിച്ചു. തെറ്റൊന്നും പറ്റാതെ ജീവിച്ചു. പക്ഷേ എനിക്കെന്നും ദുരിതം തന്നെ. ദൈവം പ്രസാദിക്കാത്തത് ഒന്നും എന്റെ ജീവിതത്തിൽ വരുന്നില്ല. പക്ഷേ എനിക്കെന്താണ് ഇങ്ങനെ വരുന്നത്?

എനിക്ക് ഒന്നുമാറി ഒന്നുമാറി ബാധകൾ വരുന്നു. ദൈവമേ, എന്നാൽ എത്രയോ പേർ സുഖമായി ജീവിക്കുന്നു! അവരൊന്നും ദൈവവിശ്വാസമുള്ളവർ അല്ലതാനും. അവർ നിത്യം സ്വസ്ഥത അനുഭവിച്ച് സമ്പത്ത് വർദ്ധിപ്പിക്കുന്നു. ഞാൻ ഇങ്ങനെയൊക്കെ ചിന്തിച്ച് പോയാൽ അത് മറ്റ് ദൈവമക്കൾക്ക് ദോഷമാകില്ലേ?

എന്താണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് ഞാൻ ചിന്തിച്ചപ്പോൾ എനിക്ക് മനസ്സിലാകുന്നില്ല. ഒടുവിൽ ഞാൻ ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ ചെന്ന് അവരുടെ അന്തം എന്താകും എന്ന് ചിന്തിച്ചു.

**"നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിർത്തുന്നു; നീ അവരെ നാശത്തിൽ തള്ളിയിടുന്നു. എത്ര ക്ഷണത്തിൽ അവർ ശൂന്യമായ്പ്പോയി! അവർ മെരുൾച്ചകളാൽ അശേഷം മുടിഞ്ഞുപോയിരിക്കുന്നു. ഉണരുമ്പോൾ ഒരു സ്വപ്നത്തെപ്പോലെ കർത്താവേ, നീ ഉണരുമ്പോൾ അവരുടെ രൂപത്തെ തുച്ഛീകരിക്കും." സങ്കീർത്തനങ്ങൾ 73 : 18 – 20**

ദുഷ്ടന്മാരായ ആളുകളുടെ അന്തം എന്താകും എന്ന് ഞാൻ ചിന്തിച്ചുകൊണ്ടിരുന്നു. നീ അവരെ ഉറച്ച തറയിലല്ല നിർത്തുന്നത്. അവരുടെ നാശം അടുത്തു കഴിഞ്ഞിരിക്കുന്നു. കഷ്ടിച്ച് ഒരു തലമുറക്കാലം അങ്ങനെ നിൽക്കും. അടുത്ത തലമുറയായപ്പോഴേക്കും എല്ലാം ദരിദ്രമായി, യാതനയായി, പ്രയാസങ്ങളായി, പ്രതിസന്ധികളായി. അവർ ബാക്കിയില്ലാതെ മുടിഞ്ഞുപോയിരിക്കുന്നു. ഒന്ന് ഉണർന്ന് എഴുന്നേൽക്കുമ്പോ ഴേക്കും അവരെ കാണാനില്ല. ഇന്ന് നല്ല പ്രതാപശാലികളാണ്. എന്നാൽ ഏതാനും നിമിഷങ്ങൾക്കുള്ളിൽ വലിയ നാശം

വരാൻ പോകുന്നു.

**"ഇങ്ങനെ എന്റെ ഹൃദയം വ്യസനിക്കയും എന്റെ അന്തരംഗത്തിൽ കുത്തുകൊള്ളുകയും ചെയ്തപ്പോൾ ഞാൻ പൊട്ടനും ഒന്നും അറിയാത്തവനും ആയിരുന്നു; നിന്റെ മുമ്പിൽ മൃഗംപോലെ ആയിരുന്നു. എന്നിട്ടും ഞാൻ എപ്പോഴും നിന്റെ അടുക്കൽ ഇരിക്കുന്നു; നീ എന്നെ വലങ്കൈക്കു പിടിച്ചിരിക്കുന്നു. നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും. സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളൂ? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. എന്റെ മാംസവും ഹൃദയവും ക്ഷയിച്ചു പോകുന്നു; ദൈവം എന്നേക്കും എന്റെ ഹൃദയത്തിന്റെ പാറയും എന്റെ ഓഹരിയും ആകുന്നു. ഇതാ, നിന്നോട് അകന്നിരിക്കുന്നവർ നശിച്ചുപോകും; നിന്നെ വിട്ട് പരസംഗം ചെയ്യുന്ന എല്ലാവരെയും നീ സംഹരിക്കും. എന്നാൽ ദൈവത്തോട് അടുത്തിരിക്കുന്നത് എനിക്കു നല്ലത്; നിന്റെ സകല പ്രവൃത്തികളെയും വർണ്ണിക്കേണ്ടതിന് ഞാൻ യഹോവയായ കർത്താവിനെ എന്റെ സങ്കേതമാക്കിയിരിക്കുന്നു."**

**സങ്കീർത്തനങ്ങൾ 73 : 21 – 28**

സങ്കീർത്തനക്കാരൻ വീണ്ടും പറയുകയാണ്: എന്റെ കർത്താവേ, ഞാനൊരു മണ്ടനാണ്. ഞാൻ പൊട്ടനാണ്. എനിക്ക് ഒന്നും അറിയാൻ പാടില്ല. ഞാൻ വിശേഷബുദ്ധി ഇല്ലാത്തവനെപ്പോലെ നിൽക്കുകയാണ്.

ഇതെല്ലാമായിട്ടും ഞാൻ എപ്പോഴും നിന്റെ അടുക്കൽ ഇരിക്കുന്നു. എനിക്ക് മനസ്സിലാകാത്ത പല കാര്യങ്ങളുമുണ്ട്. ദുഷ്ടന്മാരായ ആളുകളുടെ അഭിവൃദ്ധി കണ്ടിട്ട് ഞാൻ തളരുന്നില്ല. നീ എന്റെ വലങ്കൈയ്ക്ക് പിടിച്ചിട്ടുണ്ട് എന്ന് എനിക്കറിയാം.

എനിക്ക് നല്ല ഉറപ്പാണ്, "നിന്റെ ആലോചനയാൽ നീ എന്നെ നടത്തിക്കൊള്ളും. പിന്നത്തേതിൽ മഹത്വത്തിലേക്ക്

എന്നെ കൈക്കൊള്ളും." എന്റെ ശരീരം ക്ഷയിച്ചുപോകുന്നു. എന്റെ മനസ്സ് ഉണങ്ങിയിരിക്കുന്നു എങ്കിലും ഞാൻ നിന്നെ വിട്ട് മാറുന്നില്ല. നിന്നോട് അകന്നിരിക്കുന്നവരെല്ലാം നശിക്കുന്ന ഒരു കാലം വരാൻ പോകുന്നു. നിന്നെ വിട്ട് പാപത്തിലേക്ക് പോകുന്ന എല്ലാവരെയും നീ സംഹരിക്കും.

ഇങ്ങനെയെല്ലാമാണെങ്കിലും ഞാൻ ഒരു തീരുമാനത്തി ലേക്ക് എത്തിയിരിക്കുകയാണ്. ദൈവത്തോട് അടുത്തിരിക്കുന്നത് എനിക്ക് നല്ലത്. എന്റെ ഉള്ളത്തിൽ ഇങ്ങനെയെല്ലാമുള്ള ചിന്തകൾ വരുന്നുണ്ടെങ്കിലും ഞാൻ നിന്റെ സകല പ്രവൃത്തികളെയും വർണ്ണിക്കും. ഞാൻ യഹോവയായ കർത്താവിനെ എന്റെ സങ്കേതമാക്കിയിരിക്കുന്നു.

ഇയ്യോബിന് എല്ലാ നന്മകളും ഉണ്ടായിരുന്നു. വളരെ ദൈവഭക്തനായിരുന്നു. ദൈവവിശ്വാസിയായിരുന്നു. സത്യസന്ധനായിരുന്നു. എന്തൊരു ആഢ്യത്വമുള്ള സ്വഭാവം! പത്ത് മക്കളുണ്ടായിരുന്നു ഇയ്യോബിന്. വളരെ സമ്പന്നമായ കുടുംബം. ആദിമകാലത്തെ സമ്പന്നന്മാരിൽ ഒരാളായിരുന്നു ഇയ്യോബ്. പൂർവ്വദിഗ്വാസികളിലൊക്കെയും പ്രസിദ്ധനായിരുന്നു.

ഏഴ് ആൺമക്കളിൽ മൂത്തവന്റെ വീട്ടിൽ എല്ലാവരും ഒരുമിച്ചുകൂടിയിരുന്നു. പെട്ടെന്നാണ് ഒരു ചുഴലിക്കാറ്റ് വീശിയത്. എവിടെ നിന്നു വന്നു ഈ ചുഴലിക്കാറ്റ്? ആർക്കും അറിയാൻ പാടില്ല. അവർക്ക് പിടികിട്ടുന്നില്ല. പക്ഷേ ചിന്തിക്കാൻ നേരം കിട്ടുന്നതിനുമുമ്പ് വീട് ഉടഞ്ഞുതകർന്നു വീണുകഴിഞ്ഞിരുന്നു. ഇയ്യോബിന്റെ മക്കൾ എല്ലാവരും മരിച്ചു!

അടിക്കടി ദുരിതങ്ങൾ എന്തുകൊണ്ട് വരുന്നു? ഇയ്യോബിന്റെ സ്വത്തെല്ലാം ശത്രുക്കൾ അപഹരിച്ചുകൊണ്ടു പോയി. വയലിലുള്ള ധാന്യമെല്ലാം അപഹരിച്ചുകൊണ്ടുപോയി. വേലക്കാരെയെല്ലാം അപഹരിച്ചുകൊണ്ടുപോയി. മൃഗസമ്പത്തെല്ലാം കൊണ്ടുപോയി. അടിക്കടി ദുരിതങ്ങൾ വന്നുകയറി.

ഇയ്യോബ് വാസ്തവത്തിൽ തളർന്നുപോയി. എന്നാൽ ഇയ്യോബിന് ദൈവത്തിൽ വിശ്വാസമുണ്ടായിരുന്നു. ഇയ്യോബ് പറഞ്ഞു: "യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ." ഇയ്യോബ് 1 : 21.

ചിന്തിക്കൂ. ഇതുപോലെയുള്ള അത്യാഹിതങ്ങൾ വരുമ്പോൾ നമുക്കിത് പറയാൻ പറ്റുമോ? വിശ്വാസിയാണെങ്കിൽ പറയാൻ പറ്റണം. എന്തുകൊണ്ട് പെട്ടെന്നുള്ള മരണങ്ങൾ വരുന്നു? എന്റെ അമ്മ നെഞ്ചത്തടിച്ച് കരഞ്ഞുകൊണ്ട് പറയുമായിരുന്നു: എന്റെ കർത്താവേ, ഇത്രയും വലിയ ആപത്ത് വരാൻ ഞാൻ എന്ത് തെറ്റ് ചെയ്തു എന്ന്. 30–ാമത്തെ വയസ്സിൽ വിധവയായിത്തീർന്ന എന്റെ അമ്മ കരഞ്ഞുകൊണ്ട് പറയാറുണ്ട്.

പ്രിയപ്പെട്ടവരേ, നമ്മിൽ അനേകം പേരുടെയും ഒരു പ്രശ്നമാണ് ഈ കഷ്ടപ്പാടുകൾ. എന്തുകൊണ്ട് വലിയ കടം വന്നുകൂടുന്നു? എന്തുകൊണ്ടാണ് ഈ വലിയ അത്യാഹിതം വന്നത്? പെട്ടെന്നാണ് മാരകമായ രോഗം വരുന്നത്. ഒട്ടും പ്രതീക്ഷിച്ചില്ല. പെട്ടെന്നാണ് അറിയുന്നത് ആശക്ക് വകയില്ല എന്ന്. സ്വാഭാവികമായും തകർന്നുപോകും.

പക്ഷേ ഇയ്യോബ് അവിടെയെല്ലാം ഉറച്ചുനിന്നു. അതിന് കാരണമുണ്ട്. ഇയ്യോബിന് ചുറ്റും കർത്താവ് ഒരു വേലി കെട്ടിയിട്ടുണ്ടായിരുന്നു.

നിങ്ങൾ പറയണം: കർത്താവേ, എനിക്കു ചുറ്റും നിന്റെ തിരുരക്തത്താൽ ഒരു വേലികെട്ടിത്തരണമേ. നിന്റെ സ്വർഗ്ഗീയ അഗ്നിയാൽ എനിക്ക് ചുറ്റും ഒരു മതിൽ പണിതു തരണമേ. യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ സംരക്ഷണത്തിലായിരിക്കണം നാം ജീവിക്കേണ്ടത്.

**"അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച്:**

**അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്ന് പറയുന്നു."**

**സങ്കീർത്തനങ്ങൾ 91 : 1, 2**

അത്യുന്നതന്റെ മറവിൽ വസിക്കണം. സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കണം. ദൈവം എന്റെ സങ്കേതമാണ്. ദൈവം എന്റെ കോട്ടയാണ്. ഒരു ദുഷ്ടശക്തിയും അടുക്കാതവണ്ണം എന്നെ കോട്ടകെട്ടി കാക്കുകയാണ്. ഈയൊരു ഉറപ്പ് നിങ്ങൾക്ക് വേണം. യേശുക്രിസ്തുവിന്റെ ഈ സംരക്ഷണമില്ലെങ്കിൽ നാം തകർന്നുപോകും.

നാം പാപം ചെയ്യുമ്പോഴും ആ സംരക്ഷണം നമ്മിൽ നിന്ന് മാറാതെ നിൽക്കുകയാണ്. നാം ക്രിസ്തുവിനെ നോക്കാതിരിക്കുമ്പോഴും പ്രാർത്ഥിക്കാതിരിക്കുമ്പോഴും ആ സംരക്ഷണം നമ്മുടെ ചുറ്റും നിൽക്കുകയാണ്. ഭദ്രമായ ഒരു കോട്ടയാണ് ദൈവം നമുക്ക് ചുറ്റും കെട്ടിയിരിക്കുന്നത്.

ഇയ്യോബിന് അടിക്കടി ദുരിതം വന്നപ്പോഴും ഈയൊരു ഉറപ്പുണ്ടായിരുന്നു. പക്ഷേ, ഇയ്യോബിന്റെ ചുറ്റുമുള്ള വേലി പൊളിഞ്ഞുപോയി. വേലി പൊളിയാൻ കാരണമോ, ദുഷ്ടനായ സാത്താൻ ഇടപെട്ടു. അവൻ ദൈവത്തെ ചോദ്യം ചെയ്തു. ജീവിതത്തിൽ കഷ്ടതകൾ വരുമ്പോൾ അതിന്റെ പിന്നിൽ ഒരു ദുഷ്ടശക്തിയുണ്ട് എന്ന് നാം മനസ്സിലാക്കണം.

ദുരിതം വരുമ്പോൾ അതിന്റെ പിന്നിൽ ഒരു ഭീകരനുണ്ട്. അനേകം ദുരാത്മാക്കൾ നമുക്കു ചുറ്റും നമ്മെ നശിപ്പിക്കാൻ പോരാടിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ആത്മീയശക്തി ചോർത്തിക്കളയാൻ വേണ്ടി ദുഷ്ടനായ പിശാച് നമ്മെ ഓരോ തരത്തിൽ ആക്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു കാര്യം നാം തീരുമാനിക്കുക: കർത്താവേ, ഒരു തെറ്റും കൂടാതെ, പൈശാചികന് അവകാശം പറയാൻ ഒന്നും വകയില്ലാത്ത രീതിയിൽ ഞാൻ നിൽക്കും.

പതിനേഴാമത്തെ വയസ്സിൽ ഞാൻ എന്റെ ജീവിതം യേശുവിന് കൈമാറി. ഞാൻ മാനസാന്തരപ്പെട്ടു. അതിനുശേഷം യേശുവും ഞാനും കൂടിയുള്ള ഒരു യാത്രയായിരുന്നു. എന്റെ ചുമടുകളെല്ലാം യേശു ഏറ്റെടുത്തു. എന്റെ ആഗ്രഹങ്ങളെല്ലാം യേശു നോക്കി.

ഞാൻ അറിഞ്ഞില്ല ഒരു അദൃശ്യശക്തി എന്നെ നയിച്ചു കൊണ്ടിരിക്കുന്നു എന്ന്. യേശു എന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നുവെന്ന്.

ഇന്നും എന്നെ നടത്തുന്നത് യേശുവിന്റെ സാന്നിദ്ധ്യമാണ്. അതുകൊണ്ടാണ് ഞാൻ സമാധാനം അനുഭവിക്കുന്നത്. യേശുവിന്റെ സാന്നിദ്ധ്യം കിട്ടിയാൽ നിങ്ങൾ രക്ഷപ്പെട്ടു. എന്തെല്ലാം പ്രയാസങ്ങൾ വന്നാലും ദുഷ്ടപ്പിശാചുക്കൾ കെണികൾ വച്ചാലും ഭയപ്പെടണ്ട, ഭാരപ്പെടണ്ട.

ഇയ്യോബിന്റെ മക്കളെല്ലാവരും ഒരുമിച്ചു മരിച്ചുപോയി. വീട് തകർന്നുപോയി. ആടുമാടുകൾ നഷ്ടപ്പെട്ടു. ദാസീദാസന്മാർ നഷ്ടപ്പെട്ടു. വിളവ് നഷ്ടപ്പെട്ടു. സമ്പത്ത് നഷ്ടപ്പെട്ടു, എല്ലാം നഷ്ടപ്പെട്ടു.

എന്തുകൊണ്ട് ഇതു വന്നു എന്ന് ഇയ്യോബ് ചിന്തിച്ചു. പക്ഷേ, മനസ്സ് മടുക്കുന്നില്ല. സാത്താൻ ഇയ്യോബിനെക്കുറിച്ച് അസൂയ ഉള്ളവനായിത്തീർന്നു. ഒരു ദൈവപൈതൽ സമാധാനമനുഭവിക്കുന്നുണ്ടെങ്കിൽ സാത്താൻ അവനെക്കുറിച്ച് അസൂയപ്പെടും. ഒരാൾ വളരുന്നതും ഉയരുന്നതും കണ്ട് അസൂയ ഉണ്ടാകുന്നുണ്ടെങ്കിൽ അത് പൈശാചികമാണ്. നിങ്ങൾക്ക് ഏതെങ്കിലും കാര്യത്തിൽ നേട്ടമുണ്ടായാൽ പൈശാചികന് ഇടമുള്ളവരെല്ലാവരും അസൂയപ്പെടും. സാത്താന് ഇയ്യോബിനോട് അസൂയ തോന്നി. ഇയ്യോബിന് ഒന്നിനും കുറവില്ല. സാത്താൻ ഭൂമിയിലൊക്കെയും ഊടാടി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്.

ഏതെങ്കിലും ഒരു ദൈവപൈതൽ സുഖമായി

ജീവിച്ചിരിക്കുന്നുണ്ടോ എന്ന് സാത്താൻ നോക്കി നടക്കുകയാണ്. ദുഷ്ടനായ പിശാച് ദൈവത്തിന്റെ സന്നിധിയിൽ പരാതി പറയാൻ ചെന്നു. ഇയ്യോബ് അനുഗൃഹീതമായ ജീവിതം നയിക്കുന്നതിൽ അസൂയപൂണ്ട പിശാച് ദൈവസന്നിധിയിലേക്ക് കടന്നുചെന്നു.

ദൈവം ചോദിച്ചു: "നീ എവിടെനിന്ന് വരുന്നു?" ഞാൻ ഭൂമിയിലൊക്കെയും ഊടാടി സഞ്ചരിച്ചിട്ട് വരുന്നു. പെട്ടെന്ന് ദൈവം ചോദിച്ചു: "എന്റെ ദാസനായ ഇയ്യോബിന്റെമേൽ നീ ദൃഷ്ടിവച്ചുവോ? അവനെപ്പോലെ നിഷ്കളങ്കൻ ആരുമില്ലല്ലോ? അവനെപ്പോലെ ദൈവഭക്തൻ ആരുമില്ലല്ലോ."

ദൈവത്തിനറിയാം, ദൈവദാസന്റെമേൽ ദൃഷ്ടിവയ്ക്കുകയാണ് പിശാചിന്റെ തന്ത്രം. അവരെ ഒടുക്കിക്കളയുവാനാണ് പിശാച് നോക്കുന്നത്. നമ്മുടെ അനന്തര തലമുറക്ക് ഇന്നുള്ള വിശുദ്ധിയും ഇന്നുള്ള സമർപ്പണവും ഇന്നുള്ള ദൈവഭക്തിയും നാം കൈമാറേണ്ടതാണ്. അടുത്ത തലമുറയാകുമ്പോൾ ദൈവത്തെ വിട്ടുപോകാൻ പാടില്ല.

നമ്മുടെ മക്കൾ അനുഗൃഹീതരായിത്തീരാൻ, ശരിയായ ജീവിതാനുഭവമുള്ള ദൈവമക്കളായിത്തീരാൻ നാം പ്രാർത്ഥിക്കണം. നമ്മുടെ മക്കൾ യേശുവിന്റെ വഴിയേ പോയില്ലെങ്കിൽ കനത്ത നഷ്ടമാണ്. നാം എന്തെല്ലാം നേടിയാലും ആത്മീയമായി നമ്മുടെ മക്കൾക്ക് അനുഭവിക്കാൻ സാധിച്ചില്ലെങ്കിൽ അവരെല്ലാം നാശത്തിലേക്ക് പോകും.

ദൈവം ചോദിച്ചു: "എന്റെ ദാസനായ ഇയ്യോബിന്റെ മേൽ നീ ദൃഷ്ടി വച്ചുവോ?" പിശാച് പറയുകയാണ്: അവന് ഭക്തി മുറുകെ പിടിക്കുന്നതുകൊണ്ട് വല്ല കുഴപ്പവും ഉണ്ടോ? അവന് എന്തിനാണ് കുറവ്? മക്കളുണ്ട്, സ്വത്തുണ്ട്, ആടുമാടുകളുണ്ട്, എല്ലാമുണ്ടല്ലോ. നല്ല ഐക്യമുള്ള പത്ത് മക്കൾ! ദൈവം പറഞ്ഞു: "ശരി, നിന്റെ വെല്ലുവിളി ഞാൻ സ്വീകരിച്ചിരിക്കുന്നു. നീ അവന്റെ പ്രാണന് മാത്രം ഹാനി

വരുത്തരുത്. അല്ലാത്തവിധത്തിലൊക്കെ ദോഷം ചെയ്തു കൊള്ളൂ. ഞാൻ അനുവദിച്ചിരിക്കുന്നു.” ദൈവം അനുവദിക്കാതെ ഒരു പിശാചിനും തൊടാൻ സാധിക്കുകയില്ല. ദൈവം അനുവദിച്ചാൽ മാത്രമേ നമുക്ക് എന്തെങ്കിലും കേട് വരുത്താൻ സാത്താന് സാധിക്കുകയുള്ളൂ.

നീതിമാനായ ദൈവം സാത്താന്റെ വെല്ലുവിളിയെ അഭിമുഖീകരിച്ചു. ദൈവസന്നിധിയിൽ നീതിമാനായ ഇയ്യോബ്, എല്ലാം തകർന്നവനായിത്തീർന്നു. സാത്താന്റെ ഉപദ്രവം!

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് പരാജയങ്ങൾ വരുന്നുണ്ടെ ങ്കിൽ, നഷ്ടങ്ങൾ വരുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ സാത്താനുണ്ട്. ആകസ്മികമായി അത്യാഹിതങ്ങൾ വരുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ സാത്താനുണ്ട്. ഏത് തിന്മയുടേയും പിന്നിൽ സാത്താനുണ്ട്.

അപ്പോൾ നിങ്ങൾ ചിന്തിക്കേണ്ടതിതാണ്. സാത്താന് അവകാശം പറയാൻ എന്നിൽ എന്താണുള്ളത്? എന്തെങ്കിലും പാപം എന്നിൽ വന്നോ? ഏതെങ്കിലും തരത്തിൽ പാപം വന്നാൽ സാത്താന് അവകാശമായിക്കഴിഞ്ഞു. മനുഷ്യന്റെ ജീവിതത്തിൽ ഏതൊരു ദുരിതം വരുന്നുണ്ടെങ്കിലും അതിന്റെ പിന്നിൽ പൈശാചിക ശക്തിയുണ്ട്.

സാത്താൻ വീണ്ടും ദൈവസന്നിധിയിൽ കടന്നു വന്നു. ദൈവം ജിജ്ഞാസയോടെ സാത്താനോട് ചോദിച്ചു: “നീ എവിടെ നിന്നു വരുന്നു?” സാത്താൻ പറഞ്ഞു: ഞാൻ ഭൂമിയിലൊക്കെയും ഊടാടി സഞ്ചരിച്ചിട്ട് വരുന്നു. ദൈവം വീണ്ടും ചോദിച്ചു: “എന്റെ ദാസനായ ഇയ്യോബിന്റേമേൽ നീ ദൃഷ്ടിവച്ചുവോ?”

ദൈവമേ, അങ്ങ് പറഞ്ഞില്ലേ? അവൻ ഭക്തനാണ്. ഇത്രയും നഷ്ടം വന്നിട്ടും അവൻ ഭക്തി മുറുകെപിടിച്ചുകൊണ്ടിരിക്കുക യല്ലേ? അവന്റെ ശരീരത്തിൽ കേടൊന്നും വന്നില്ലല്ലോ. അവന് ആരോഗ്യമുണ്ടല്ലോ.

ദൈവം പറഞ്ഞു: "ശരി, സമ്മതിച്ചിരിക്കുന്നു. അവന്റെ ശരീരത്തിൽ നീ തൊട്ടുകൊള്ളൂ." സാത്താൻ ചെന്ന് ഇയ്യോബിനെ ഉള്ളംകാൽ മുതൽ നെറുകംതല വരെ രോഗങ്ങളാൽ ബാധിച്ചു.

**"അങ്ങനെ സാത്താൻ യഹോവയുടെ സന്നിധി വിട്ടുപുറപ്പെട്ട് ഇയ്യോബിനെ ഉള്ളംകാൽ മുതൽ നെറുകവരെ വല്ലാത്ത പരുക്കളാൽ ബാധിച്ചു." ഇയ്യോബ് 2 : 7**

സ്വത്ത് പോയി, മക്കൾ പോയി, കനത്ത നഷ്ടം വന്നു. എങ്കിലും ഇയ്യോബ് ഭക്തി വിടാതെയിരിക്കുകയായിരുന്നു. ഇയ്യോബ് പറഞ്ഞുകൊണ്ടിരുന്നു: യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. എന്തൊരു ധൈര്യം!

യാക്കോബായ സഭയിൽ വളരെ ഭക്തനായ ഒരു പട്ടക്കാരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു മകനുണ്ടായി. ആ മകന് രോഗം വന്ന് മരിച്ചുപോയി. അദ്ദേഹം പറഞ്ഞു: എന്റെ മകൻ മരിച്ചത് എന്തുകൊണ്ടാണെന്ന് ദൈവത്തിനറിയാം. എനിക്ക് ഒരു സങ്കടമേയുള്ളൂ, സഭയ്ക്ക് ഒരു സുവിശേഷകൻ നഷ്ടപ്പെട്ടു.

അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു ഈ മകൻ വളർന്നു വരുമ്പോൾ ഒരു സുവിശേഷകനായിത്തീരും എന്ന്. ആ പട്ടക്കാരൻ ഒരു സുവിശേഷകനായിരുന്നു. മകനും ഒരു സുവിശേഷകനായിത്തീരുമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതീക്ഷ. അദ്ദേഹത്തിന്റെ പ്രതീക്ഷ തകർന്നുപോയി പക്ഷേ, ആത്മീയമായി തളർന്നില്ല. അദ്ദേഹം വീണ്ടും അനേകം സുവിശേഷ പ്രസംഗങ്ങൾ ചെയ്തു.

ചില പുസ്തകങ്ങൾ അദ്ദേഹം എഴുതി. ഒന്നിനൊന്ന് ആത്മീയമായി വളർന്നു. ഒട്ടും വാടിയില്ല. "യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാ കട്ടെ." ഇയ്യോബ് 1 : 21. ദൈവത്തിന്റെ തോട്ടത്തിലെ ഏറ്റവും

സുഗന്ധമുള്ള പുഷ്പമായി ദൈവം തന്റെ മകനെ അംഗീകരിച്ചു, ദൈവം സ്വീകരിച്ചു എന്നാണ് അദ്ദേഹം പറയുന്നത്. ദൈവത്തിനു സ്തോത്രം.

ആപത്തുകളും അപകടങ്ങളും വരുമ്പോൾ നാം അവയെ നേരിടുന്നത് ദൈവത്തിലുള്ള വിശ്വാസം കൊണ്ടാണ്. വലിയ കടം വരുന്നു. എങ്ങനെ നേരിടും? ക്രിസ്തുവിനെ സ്വീകരിച്ച്, ക്രിസ്തു തരുന്ന വിശുദ്ധീകരണം അനുഭവിച്ച് പാപത്തെയോർത്ത് അനുതപിച്ച് വിനയപൂർവ്വം ദൈവസന്നിധിയിൽ ചെന്ന് കർത്താവേ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ എന്ന് പ്രാർത്ഥിച്ച് ക്രിസ്തുവിന്റെ വകയായിത്തീർന്നാൽ നിങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കിട്ടും, ഉറപ്പാണ്. അപ്പോൾ നിങ്ങളുടെ ഹൃദയത്തിന് സമാധാനം കിട്ടും, സ്വസ്ഥത കിട്ടും. നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. യേശുക്രിസ്തുവാണ് സകല നന്മകളുടേയും ഉറവിടം.

ഇയ്യോബിനെ വല്ലാത്ത പരുക്കളാൽ ബാധിച്ചു. ഉള്ളംകാൽ മുതൽ നെറുകംതലവരെയും പരുക്കൾ! പരുക്കളുടെയിടക്ക് പരുവില്ലാത്ത ഭാഗമുണ്ടെങ്കിൽ അവിടെയെല്ലാം ഭയങ്കര ചൊറിച്ചിൽ. ഇയ്യോബ് ഒരു ഓട്ടിൻകഷണം എടുത്ത് മാന്തിക്കൊണ്ടിരുന്നു. എത്ര ദയനീയമായ ചിത്രമാണ് ഇയ്യോബിന്റെ ജീവിതത്തിൽ വന്ന കൊടുങ്കാറ്റ്! മറ്റനേകം കൊടുങ്കാറ്റുകളുടെ ഒരു ആരംഭമായിരുന്നു ഒന്നാമത്തെ കൊടുങ്കാറ്റ്.

1. The tempest of disasters! യാതനകളുടെയും ദുരിതത്തിന്റെയും ആപത്തിന്റെയും കൊടുങ്കാറ്റ്!

നിങ്ങളുടെ ജീവിതത്തിൽ യാതനകളുണ്ടോ? മാരകമായ രോഗങ്ങളുണ്ടോ? എന്റെ കർത്താവേ, നീ അറിയാതെ ഒന്നും എന്റെ ജീവിതത്തിൽ സംഭവിക്കുകയില്ല. എന്റെ തലയിലെ തലമുടിയിഴകൾ ഓരോന്നും നീ എണ്ണിയിരിക്കുന്നു. അത്രമാത്രം

നീ എന്നെ അറിയുന്നു.

എന്റെ ഈ പ്രശ്നം നാഥാ, നീ കാണണമേ. എന്റെ വേദന നീ അറിയണമേ. പിശാച് അവകാശം പറയുന്ന എന്തെല്ലാം എന്നിലുണ്ടോ അത് നീക്കുവാൻ ഞാൻ തീരുമാനിക്കുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ട് നിങ്ങൾ കർത്താവിന്റെ സന്നിധിയിൽ അഭയപ്പെട്ട് ചെന്നാൽ disasters-ന്റെ അപ്പുറത്ത് വലിയോരു സൗഭാഗ്യം നിങ്ങൾക്ക് ലഭിക്കും. നിങ്ങളുടെ കടങ്ങൾ മാറും. ഇന്ന് നിങ്ങൾ കടംവാങ്ങാൻ നീട്ടിയ കൈകൾ, അനേകർക്ക് കൊടുക്കുന്ന കൈകളായി മാറും. ദൈവം അങ്ങനെയാണ് മനുഷ്യനെ നടത്തിക്കൊണ്ടിരിക്കുന്നത്.

ഇയ്യോബിന്റെ ജീവിതത്തിൽ വന്ന രണ്ടാമത്തെ കൊടുങ്കാറ്റ്.

2. It was the tempest of diseases! രോഗത്തിന്റെ കൊടുങ്കാറ്റ്.

മനുഷ്യന്റെ ജീവിതത്തിൽ ചില രോഗങ്ങളും കഷ്ടങ്ങളും നഷ്ടങ്ങളും എല്ലാം വരുന്നത് നല്ലതാണ്. കഷ്ടങ്ങളുണ്ടാകുമ്പോഴും രോഗങ്ങളുണ്ടാകുമ്പോഴും നമ്മുടെ ഹൃദയം കർത്താവിനുവേണ്ടി വാഞ്ഛിക്കും.

നാം സ്വയംപര്യാപ്തതയുള്ളവരല്ല എന്ന് നമുക്ക് മനസ്സിലാകും. അപ്പോൾ നാം ദൈവത്തിൽ ആശ്രയിക്കും. എല്ലാം നന്മയ്ക്കാക്കിത്തീർക്കാൻ കർത്താവിന് കഴിയും. നിങ്ങളെ തേച്ച് ഉരച്ച് മിനുസപ്പെടുത്തി സ്വർഗ്ഗരാജ്യത്തിന് കൊള്ളാവുന്നവരാക്കിത്തീർക്കാൻ ദൈവം അദ്ധ്വാനിക്കുകയാണ്. നമ്മുടെ ഹൃദയത്തിൽ ആ ബോധ്യം വന്നുകഴിഞ്ഞാൽ നാം വിശ്വാസത്തിൽ സമ്പന്നരായിത്തീരും.

ഇന്നത്തെ ഈ ഏകാന്തത സാരമില്ല. ഇന്നത്തെ ഈ ദുരിതം സാരമില്ല. ഇന്നത്തെ കഷ്ടത സാരമില്ല. "നമ്മിൽ

വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല.” റോമർ 8 : 18.

എന്റെ ജീവിതത്തിലുണ്ടായ യാതനകളാണ് ഞാൻ ദൈവത്തെ കണ്ടെത്താൻ ഇടയായത്. എന്റെ അപ്പൻ മരിച്ചുപോയി. ചേട്ടനും മരിച്ചുപോയി. അമ്മയും ഞാനും പെങ്ങളും മാത്രം. ശോകമൂകമായ അന്തരീക്ഷം. വാടിപ്പോയ ജീവിതം. സമാധാനമുണ്ടായിരുന്നില്ല. എല്ലാം പേടിയായിരുന്നു. സന്ധ്യയായാൽ വാതിലും ജനലുമെല്ലാം കുറ്റിയിട്ട് ഞങ്ങൾ അകത്തിരിക്കും. ചീവീടുകൾ ശബ്ദിക്കുന്നത് കേട്ടാൽ പേടിയാണ്.

എല്ലാം പേടിപ്പിക്കുന്ന അനുഭവങ്ങൾ! ഇരുളിൽ പേടി വർദ്ധിച്ച് വരും. എന്തിനാണ് പേടിക്കുന്നത്? അറിയാൻ പാടില്ല. ഇരുട്ടിനെ പേടി, ശബ്ദം കേട്ടാൽ പേടി. എന്നാൽ നിത്യനായ ദൈവം എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നപ്പോൾ എല്ലാ ഭയവും മാറിപ്പോയി.

കാരണം, എന്റെ അകത്തിരിക്കുന്നവൻ വലിയവനാണ്. എന്നെ നടത്തുന്നവൻ ഉന്നതനാണ്. അവൻ സർവ്വവല്ലഭനാണ്. സ്നേഹിതരേ, നിങ്ങൾ വിശ്വസിക്കൂ. ജീവനുള്ള ക്രിസ്തുവിന് നിങ്ങളുടെ ഹൃദയത്തിൽ ഇടം കൊടുത്താൽ നിങ്ങളുടെ ജീവിതത്തിൽ ഒന്നും നിങ്ങളെ ബാധിക്കയില്ല. എല്ലാം നന്മക്കാണെന്ന് മനസ്സിലാകും.

കൊടുങ്കാറ്റേറ്റ് തകർന്നുപോയി. എന്നാൽ മനസ്സിന് ഭാരം വരാതെ ഇയ്യോബ് ദൈവത്തിൽ ആശ്രയം വച്ചു.

നിങ്ങളുടെ ജീവിതത്തിൽ യാതനകളുണ്ടെങ്കിൽ, വേദനകളുണ്ടെങ്കിൽ നിങ്ങൾ യേശുവിനെ വിളിക്കൂ. യേശുവിതാ, നിങ്ങളുടെ അരികത്തേക്ക് മന്ദം മന്ദം വരുന്നുണ്ട്. അവന്റെ തൃക്കൈകൾ നിന്റെ നേരെ നീട്ടുന്നുണ്ട്. അവൻ നിങ്ങളെ പിടിച്ചെഴുന്നേൽപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

എന്തൊരു സൗഭാഗ്യകരമായ ജീവിതമാണ് ക്രിസ്തീയ ജീവിതം! യേശുവിനോട് കൂടെയുള്ള ജീവിതം! യേശുവിൽ ലയിച്ചും അലിഞ്ഞുമുള്ള ജീവിതം! യേശുവിനെ സ്നേഹിക്കുന്ന ഒരു ജീവിതം!

ഇതിന് മറ്റൊന്നും നിങ്ങൾ ചെയ്യണ്ട, യേശുവിനെ സ്നേഹിക്കാൻ തുടങ്ങുക. ഞാൻ യേശുവിനെ സ്നേഹിക്കുന്നത് അവൻ എനിക്കുവേണ്ടി ജീവൻ അർപ്പിച്ചു എന്നുള്ളതു കൊണ്ടാണ്. എന്റെ പാപത്തിന്റെ ശിക്ഷയെല്ലാം അവനേറ്റു എന്നുള്ളതുകൊണ്ടാണ്. അവന്റെ പുണ്യരക്തം എനിക്കു വേണ്ടി ചിന്തി എന്നുള്ളതുകൊണ്ടാണ്. ആ തിരുരക്തമാണ്, ആ ജയമുള്ള സ്ലീബായാണ് എന്നെ കാത്ത് രക്ഷിച്ചത്.

ഇന്ന് നിങ്ങൾക്ക് ആ കുരിശിൻ ചുവട്ടിൽ വന്ന് വീഴാം. യേശുവിനോട് പറയാം: ഇത്രയും കാലം പാഴാക്കിക്കളഞ്ഞല്ലോ കർത്താവേ. എന്നാൽ ഇപ്പോൾ നിന്റെ തിരുരക്തത്താൽ എന്റെ പാപങ്ങളെല്ലാം കഴുകണമേ. കഴിഞ്ഞകാല ജീവിതം മുഴുവൻ രൂപാന്തരപ്പെടുത്തിത്തരണമേ. ഒരു പൂർണ്ണവിശുദ്ധനായി നിൽക്കാൻ എനിക്കു നീ ഭാഗ്യം തരണമേ. ഇത്രയും കാലം പാഴായിപ്പോയെങ്കിലും ഇനിയുള്ളകാലം വിശ്വാസത്തിൽ ഉറച്ച് എന്റെ കർത്താവ് നല്ലവനെന്ന് മനസ്സിലാക്കി അവനെ സ്നേഹിച്ച് ഒരു പുതിയ ജീവിതം നയിക്കാൻ ഭാഗ്യം തരണമേ.

# എട്ട്

**"അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു. അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു." സങ്കീർത്തനങ്ങൾ 107 : 28 – 30**

നീതിമാനായ ഇയ്യോബിന്റെ ജീവിതത്തിൽ കൊടുങ്കാറ്റുകൾ വന്നു. തന്മൂലം കുറെയേറെ ദുരിതങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. ഇന്ന് മനുഷ്യജീവിതം ആപത്തുകളുടെ കൊടുങ്കാറ്റിൽ പ്പെട്ട് ആടിയുലയുകയാണ്.

അത് പ്രകൃതിക്ഷോഭങ്ങളാകാം അല്ലെങ്കിൽ വ്യക്തിപരമായ ജീവിതത്തിൽ വരുന്ന ദുരിതങ്ങളും വേദനകളും യാതനകളു മാകാം. എന്തുമാത്രം യാതനകളാണ് നാം ഓരോ ദിവസവും നേരിട്ടുകൊണ്ടിരിക്കുന്നത്!

ഈ കൊടുങ്കാറ്റുകളുടെയെല്ലാം ഇടയിൽ ശരിയായ വഴിയിൽക്കൂടി നയിച്ച് ശാന്തമായ, ശുഭകരമായ തീരത്ത് നമ്മെ എത്തിക്കുവാൻ കർത്താവായ യേശുക്രിസ്തു ജീവിതത്തിലേക്ക് വരുന്നു എന്നുള്ളതാണ് നമുക്കുള്ള സന്തോഷം. ക്രിസ്തു നമ്മുടെ ജീവിതത്തിലേക്ക് വന്ന് കൊടുങ്കാറ്റുകളെ ശാന്തമാക്കിത്തരുന്നു.

ഇയ്യോബ് തളർന്നുപോയി. ഇയ്യോബ് ക്ഷീണിതനായി പ്പോയി. ശരീരമാസകലം രോഗമായി വേദനിച്ച് വിഷമിക്കുമ്പോൾ

സ്വന്തം ഭാര്യപോലും പറഞ്ഞു: നിങ്ങൾക്കിനി ആത്മഹത്യ ചെയ്യരുതോ?

ഇത്രയും കാലം ഭക്തനായി നടന്നിട്ടും. ഇതാണല്ലോ നിങ്ങൾക്ക് കിട്ടിയത്. ആ ദൈവത്തെ ഉപേക്ഷിച്ചുകളയുക. ദൈവത്തെ ത്യജിച്ചുകളഞ്ഞ് ആത്മഹത്യ ചെയ്യൂ എന്നാണ് ഇയ്യോബിന്റെ ഭാര്യ കൊടുത്ത ഉപദേശം. താങ്ങാൻ പറ്റുന്നതിന് അപ്പുറമാണത്. ഒരു പ്രതിസന്ധി വന്നപ്പോൾ ഒപ്പം ഇരുന്ന് പ്രാർത്ഥിക്കേണ്ടവൾ, ഒരു നല്ല വാക്ക് പറയേണ്ടവൾ പറയുകയാണ്, നീ ആത്മഹത്യ ചെയ്യൂ എന്ന്!

നമുക്ക് പ്രോത്സാഹനം തരേണ്ടവർ നമ്മെ നിരുത്സാഹപ്പെടുത്തുന്നു. അത് സങ്കടമായ കാര്യമാണ്. ഇയ്യോബ് ഇത്രയും ആയപ്പോൾ ഒന്ന് ചിന്തിച്ചു: എനിക്ക് ഒരു ചെറിയ കൂട്ടായ്മ ഉണ്ടല്ലോ. അതിൽ പ്രധാനമായിട്ട് മൂന്നു പേരുണ്ട്. ശൂഹ്യനായ ബിൽദാദ്, തേമാന്യനായ എലീഫസ്, നയമാത്യനായ സോഫർ.

അവരിപ്പോൾ ഒന്ന് വന്നിരുന്നെങ്കിൽ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കാമായിരുന്നു. എനിക്കത്രയെങ്കിലും സമാധാനം കിട്ടുമായിരുന്നു. ഇയ്യോബ് തീർത്തും അവശനായി. അപ്പോഴാണ് ഇയ്യോബിന്റെ ജീവിതത്തിൽ അടുത്ത കൊടുങ്കാറ്റ്.

3. The tempest of despair! നിരാശയുടെ കൊടുങ്കാറ്റ്!

**‘‘അനന്തരം ഇയ്യോബ് വായ് തുറന്നു തന്റെ ജന്മദിവസത്തെ ശപിച്ചു. ഇയ്യോബ് പറഞ്ഞതെന്തെന്നാൽ: ഞാൻ ജനിച്ച ദിവസവും ഒരു ആൺ ഉല്പാദിച്ചു എന്നു പറഞ്ഞ രാത്രിയും നശിച്ചു പോകട്ടെ. ആ നാൾ ഇരുണ്ടു പോകട്ടെ; മേലിൽനിന്നു ദൈവം അതിനെ കടാക്ഷിക്കരുതേ; പ്രകാശം അതിന്മേൽ ശോഭിക്കയുമരുതേ. ഇരുളും അന്ധതമസ്സും അതിനെ സ്വാധീനമാക്കട്ടെ; ഒരു മേഘം അതിന്മേൽ അമരട്ടെ; പകലിനെ ഇരുട്ടുന്നതൊക്കെയും അതിനെ പേടിപ്പിക്കട്ടെ.’’ ഇയ്യോബ് 3 : 1 – 5**

ഇയ്യോബ് ജന്മദിവസത്തെ ശപിക്കുകയാണ്. ഞാൻ എന്തിനു ജനിച്ചു? ഞാൻ ജനിച്ചപ്പോൾ തന്നെ മരിച്ചു പോയിരുന്നെങ്കിൽ എത്ര നന്നായിരുന്നു? ഇയ്യോബ് നിരാശപ്പെടുകയാണ്. The tempest of despair!

അനേകരിന്ന് നിരാശയിലാണ്. ജീവിതത്തിൽ ഒരു പ്രതീക്ഷയുമില്ല. എങ്ങനെയെങ്കിലും കരേറിപ്പോകാമെന്ന് വിചാരിച്ചപ്പോഴെല്ലാം വാതിൽ അടഞ്ഞ് വരുന്നു. നിങ്ങളുടെ ജീവിതത്തിൽ നിരാശ വന്ന സമയങ്ങൾ ഉണ്ടായിട്ടില്ലേ? അല്ല, ഇപ്പോഴും നിരാശയില്ലേ?

എനിക്ക് ഒരു നല്ലകാലം കിട്ടുകയില്ല. ഒരു ശുഭകാലം പ്രതീക്ഷിക്കാനില്ല. എന്റെ ജീവിതം തീർന്നു. അങ്ങനെ ചിന്തിക്കുന്ന എത്രയോ ആളുകളുണ്ട്! നിരാശയല്ലേ ഇന്ന് മനുഷ്യജീവിതത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഭീകരശത്രു. നാം പ്രതീക്ഷിക്കുന്നതുപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോഴുണ്ടാകുന്ന നിരാശ.

അപ്പോഴാണ് നാം സ്വയം കോപിക്കുന്നത്. സ്വയം ശപിക്കുന്നത്. ഇതുവരെയുള്ള ജീവിതത്തിൽ നിങ്ങളുടെ ആകെത്തുക എന്തായിരുന്നു? പ്രതീക്ഷകൾ അസ്തമിച്ചു പോയതിലുള്ള ദു:ഖവും ദുരിതവും വേദനയും ഹൃദയത്തെ കാർന്നുതിന്നുന്ന അവസ്ഥയായിരുന്നോ?

അപകർഷതാബോധം! എല്ലാവരും പഠിച്ചതുപോലെ എനിക്ക് പഠിക്കാൻ പറ്റിയില്ല. എല്ലാവരും ജീവിക്കുന്നതുപോലെ എനിക്ക് ജീവിക്കാൻ ചുറ്റുപാടില്ല. എന്റെ ഭർത്താവ് മരിച്ചു പോയി. ഞാൻ ഏകാകിയായിപ്പോയി. ഇങ്ങനെ നിരാശാകരമായ ചിന്തകളിൽ വലഞ്ഞുകൊണ്ടിരിക്കുന്ന അനേകം ആളുകളുണ്ട്.

നിരാശ എന്ന് പറയുന്ന ഭീകരശത്രു നിങ്ങളുടെ തൊട്ടരികത്ത് നിൽക്കുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ചില കുട്ടികൾ പരീക്ഷാഫലം വന്ന് കഴിയുമ്പോൾ നിരാശപ്പെട്ട് ആത്മഹത്യ ചെയ്യുന്നു.

വാസ്തവത്തിൽ ഒന്ന് ചിന്തിച്ചാൽ ആത്മഹത്യ ചെയ്യേണ്ട ആവശ്യമില്ല. ഇന്ന് തോറ്റെങ്കിൽ നാളെ ജയമുണ്ട്. ജീവിതത്തിൽ പ്രതീക്ഷയ്ക്ക് വിപരീതമായി സംഭവിക്കുമ്പോഴെല്ലാം നിരാശ വന്നുകൂടുന്നു. ആശയറ്റവരായിത്തീരുന്നു. സമാധാനമില്ലാത്ത വരായിത്തീരുന്നു.

വളരെ നാളായി പ്രാർത്ഥിച്ചുണ്ടായ കുഞ്ഞ് പിറന്നപ്പോൾ ആ കുഞ്ഞിന്റെ കൈ ചലിക്കുന്നില്ല. ഡോക്ടേഴ്സ് പറഞ്ഞു: പ്രതീക്ഷയ്ക്ക് വകയില്ല. ആ കൈ നിവരുകയില്ല. ആ കുട്ടിയുടെ മാതാപിതാക്കളുടെ വേദന എന്തായിരിക്കും? നിരാശയാണ്.

വളരെ പ്രതീക്ഷയോടെയാണ് വിവാഹം കഴിച്ചത്. ഏതാനും ദിവസം കഴിഞ്ഞ് വിവാഹം കഴിച്ച ചെറുപ്പക്കാരൻ പെട്ടെന്ന് അക്രമാസക്തനാകുന്നു. സുബോധമില്ലാത്തവനെപ്പോലെ പെരുമാറുന്നു. എന്തുപറ്റി! വലിയ സ്വത്തുള്ള കുടുംബത്തിലേക്ക് കല്യാണം കഴിച്ചുവിട്ടു. ഇപ്പോൾ അക്രമാസക്തനാകാൻ കാരണമെന്താണ്?

അപ്പോഴാണ് മനസ്സിലായത്, നേരത്തേ തന്നെ അവന് മാനസികരോഗം ഉണ്ടായിരുന്നു. ഗുളിക കഴിച്ചാൽ കുഴപ്പമില്ലായിരുന്നു. ഗുളിക കഴിക്കാതിരുന്നപ്പോൾ പ്രശ്നമായി. പെട്ടെന്നാണ് എല്ലാം തകിടംമറിഞ്ഞത്. സമാധാനം പോയി. ആ പെൺകുട്ടി ഏങ്ങലടിച്ചുകരഞ്ഞുകൊണ്ട് അവളുടെ അപ്പന്റെ അടുക്കലേക്ക് വന്നു.

എൻജിനീയറിംഗ് ഡിഗ്രി കഴിഞ്ഞതിനുശേഷം ഞങ്ങളുടെ ഇളയ മകൻ ബോംബെയിൽ ജോലി ചെയ്യുകയായിരുന്നു. നാട്ടിൽ ജോലി കിട്ടണമെന്ന് ഞങ്ങൾക്ക് ആഗ്രഹം ഉണ്ടായിരുന്നു. അവന് നാട്ടിൽ ഒരു വലിയ കമ്പനിയിൽ ജോലിക്കുള്ള നിയമനോത്തരവ് കിട്ടി. അവൻ ബോംബെയിൽ നിന്ന് അവിടെയുള്ളവരോടൊക്കെ യാത്ര പറഞ്ഞ് വളരെ സന്തുഷ്ടനായി നാട്ടിലേക്ക് പോന്നു.

ഇവിടെ വന്നു കഴിഞ്ഞപ്പോഴാണ് മനസ്സിലായത് ആ

ജോലി ഒരു മന്ത്രിയുടെ ശുപാർശ അനുസരിച്ച് വേറെ ഒരാൾക്ക് കൊടുത്തു എന്ന്. അവൻ തീർത്തും നിരാശനായിപ്പോയി. ബോംബെയിൽ ഉണ്ടായിരുന്ന ജോലി കളഞ്ഞിട്ട് പോന്നതാണ്.

ഞാൻ അവനെ ആശ്വസിപ്പിച്ചു. നമ്മുടെ ദൈവം ജീവിക്കുന്നുണ്ട്. നമ്മുടെ ദൈവം എല്ലാം കാണുന്നുണ്ട്. ദൈവത്തിൽ വിശ്വസിക്കുക. ഞാൻ അവനോട് പറഞ്ഞു: “ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു.” (റോമർ 8 : 28). ഇത് കിട്ടാത്തത് നന്മയ്ക്കാണ് എന്ന് നീ വിശ്വസിക്കൂ. എന്തൊരത്ഭുതം! ആ ജോലി കിട്ടാത്തത് ഭാഗ്യമായിപ്പോയി. അതുകൊണ്ടാണ് സ്വന്തമായി ഒരു ബിസിനസ്സ് തുടങ്ങണമെന്ന് അവൻ ആഗ്രഹിച്ചത്. അങ്ങനെയാണ് ‘അഗപ്പെ ഡയഗ്നോസ്റ്റിക്സ്’ എന്ന സ്ഥാപനം ഉണ്ടായത്.

നിങ്ങളിൽ പലരും നാളെയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം മങ്ങിപ്പോയവരാണ്. നല്ല നല്ല സ്വപ്നങ്ങൾ ഉണ്ടായിരുന്നു. എല്ലാം കരിഞ്ഞുണങ്ങി. എന്നാൽ നിരാശപ്പെടേണ്ട. നല്ല കാലങ്ങൾ വരും. ഒരു ദൈവം ജീവിക്കുന്നുണ്ട്. നിങ്ങളെ യേശു സ്നേഹിക്കുന്നുണ്ട്. അത് നിങ്ങൾ ഉറയ്ക്കുക.

വിവാഹം കഴിഞ്ഞിട്ട് വർഷങ്ങളായി ഒരു കുഞ്ഞ് ഉണ്ടാകുന്നില്ല. കടത്തിന്റെ പെരുപ്പത്തിൽ വലഞ്ഞ് പോകുന്നു. വിശ്വസിക്കൂ, ഇതെല്ലാം നന്മയ്ക്കായി ദൈവം രൂപാന്തരപ്പെടുത്തിത്തരും. നിങ്ങൾ ഒരു കാര്യം മാത്രം ചെയ്താൽ മതി. യേശുവിനെ സ്നേഹിച്ചാൽ മാത്രം മതി. ദൈവത്തെ സ്നേഹിക്കാൻ തീരുമാനം എടുക്കുന്നുവെങ്കിൽ വന്ന ദുരിതങ്ങളെല്ലാം നന്മയ്ക്കായി ദൈവം രൂപാന്തരപ്പെടുത്തിത്തരും.

ഇയ്യോബിന്റെ ജീവിതത്തിൽ വന്ന ഒരു വലിയ കൊടുങ്കാറ്റായിരുന്നു നിരാശയുടെ കൊടുങ്കാറ്റ്. എന്തെല്ലാം പോയാലും ദൈവത്തിലുള്ള ആശ്രയം പോകരുത്. സ്വത്ത്

നഷ്ടപ്പെട്ടു. ആരോഗ്യം നഷ്ടപ്പെട്ടു. പക്ഷേ, ദൈവത്തെ മറക്കരുത്. എല്ലാം കാണുന്ന ഒരു ദൈവം ജീവിക്കുന്നുണ്ട്. നമ്മുടെ പകലും രാവും ദൈവം നമ്മെ കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ഇന്നത്തേത് മാത്രമല്ല നാളെത്തേതും ദൈവം കാണുന്നു. നിത്യതയോളം നമ്മെ കാണുന്നു. ആ ദൈവത്തിലുള്ള ആശ്രയം ഒരിക്കലും നഷ്ടപ്പെട്ടുപോകരുത്.

ഒട്ടേറെ നിരാശയിൽ തളർന്നുപോയ മനുഷ്യനാണ് ഞാൻ. എല്ലാം തകർന്നു, ജീവിതത്തിന്റെ ഭാവിയെല്ലാം കൂമ്പടഞ്ഞു എന്ന് ഞാൻ വിചാരിച്ചതാണ്. പത്താംക്ലാസ്സിൽ നല്ല മാർക്ക് കിട്ടിയിരുന്നു. പത്താം ക്ലാസ് കഴിഞ്ഞ് പഠിത്തം നിന്നുപോയിരുന്നു. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ എല്ലാം തീർന്നുപോയിരുന്നു.

ഡാനിയൽ ഡീഫോ ഒരു ഇംഗ്ലീഷ് സാഹിത്യകാരനായിരുന്നു. അദ്ദേഹം എഴുതിയ ഒരു പുസ്തകമാണ്, 'റോബിൻസൻ ക്രൂസോ.' അതൊരു കഥയാണ് പക്ഷേ, വളരെ ആശയസമൃദ്ധിയുണ്ട്. റോബിൻസൻ ക്രൂസോ സാഹസികനായിരുന്നു.

അവൻ ഒരു കപ്പലിൽ ലോകം ചുറ്റാനിറങ്ങി. ജീവിതം തന്നെ ഒരു തമാശപോലെയാണ് അവൻ എടുത്തത്. ഒരു ദിവസം പെട്ടെന്ന് ഒരു ആപത്ത് വന്നു കപ്പൽ ഉടഞ്ഞുപോയി. എന്നാൽ അവൻ ഒരു പലകയിൽ പിടിച്ച് തുഴഞ്ഞ് നിന്നു. ബാക്കി എല്ലാവരും മരിച്ചു. തിരമാല അടിച്ചടിച്ച് അവനെ കരയിലേക്ക് കൊണ്ടുവന്നു. ആൾപ്പാർപ്പില്ലാത്ത ഒരു ദ്വീപ്!

അവൻ അവിടെ കുറേ ഉള്ളിലേക്ക് നടന്നപ്പോൾ ചെറിയ കാടുകൾ! കാട്ടിലെ ചില പഴങ്ങളൊക്കെ അവൻ പറിച്ചുതിന്നു വിശപ്പടക്കി. ചുറ്റും മഹാസമുദ്രം.

അങ്ങ് ദൂരെക്കൂടി കപ്പൽ പോകുന്നത് അവന് കാണാം. അവൻ ദിവസങ്ങൾ എണ്ണിയെണ്ണി കഴിഞ്ഞു. അവൻ ഒരു കുടിലുണ്ടാക്കാൻ തീരുമാനിച്ചു. അനേകം ദിവസത്തെ യത്നം കൊണ്ട് അവൻ ഒരു കൊച്ചു കുടിലുണ്ടാക്കി.

ഒരു ദിവസം കാട്ടിൽപോയി പഴങ്ങളൊക്കെ തിന്നിട്ട് വരുമ്പോൾ അവൻ കാണുന്നത് അവന്റെ കൊച്ചു കുടിൽ കത്തുന്നതാണ്. നാളുകൾ അദ്ധ്വാനിച്ചുണ്ടാക്കിയ കുടിൽ കത്തുന്നു! ആളിപ്പടരുന്ന തീ! അവൻ നെഞ്ചത്തടിച്ചുകൊണ്ട് പറഞ്ഞു: എങ്കിലും എന്റെ ദൈവമേ, ഞാൻ ഇത്രയും കഷ്ടപ്പെട്ടുണ്ടാക്കിയ ഈ കുടിൽ കത്തിപ്പോകാതെ നീ എന്നെ രക്ഷിച്ചില്ലല്ലോ. അവൻ നിരാശയിലാണ്ട് അങ്ങനെ നിൽക്കുമ്പോൾ പെട്ടെന്നൊരു ശബ്ദം! ഒരു ബോട്ട് വരുന്നു. ബോട്ട് കരയ്ക്കടുപ്പിച്ചിട്ട് ആ ബോട്ടിലുള്ളവർ അവനെ അതിൽ കയറ്റി.

ആ ബോട്ട് ഓടിച്ചിരുന്ന ആൾ പറഞ്ഞു: നീ അത്രയും ഉയരത്തിൽ തീ കത്തിച്ചതുകൊണ്ടാണ് ഇവിടെ ഒരു ആവശ്യക്കാരനുണ്ടെന്ന് ഞങ്ങൾ അറിഞ്ഞത്. അതുകൊണ്ട് നിന്നെ രക്ഷിക്കാൻ കഴിഞ്ഞു. അപ്പോഴാണ് റോബിൻസൻ ക്രൂസോ ഓർത്തത്, എന്റെ കിടപ്പാടം കത്തിയെങ്കിലും അത് എന്റെ രക്ഷയ്ക്ക് കാരണമായിത്തീർന്നല്ലോ എന്ന്.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് വിശ്വസിക്കാമോ, നിരാശാകരമായ സാഹചര്യങ്ങൾ വരുമ്പോൾ, എല്ലാം ദൈവം നന്മയ്ക്കാക്കി തീർത്തുതരും എന്ന്. അതൊരു വലിയ കാഴ്ചപ്പാടാണ്. എന്തെല്ലാം വന്നാലും എന്റെ ജീവനുള്ള ദൈവം ദു:ഖിക്കാനിടവരുത്തുകയില്ല. എന്റെ മനസ്സ് പതറുകയില്ല. പറയാൻ എളുപ്പമാണ്. എന്നാൽ, അത് ജീവിതത്തിൽ അനുഭവിക്കാൻ വളരെ പ്രയാസമാണ്. എല്ലാം നന്മയ്ക്കായി എന്ന് നമ്മുടെ ഉള്ളം പറയണമെങ്കിൽ ക്രിസ്തുവിലുള്ള ഒരു വിശ്വാസം വേണം. എന്നെ കാക്കുന്നവൻ, എന്റെ പരിപാലകൻ മയങ്ങുകയില്ല.

ഈ വിശ്വാസം ഉണ്ടെങ്കിൽ മാത്രമേ നമുക്ക് പതറാതെ നിൽക്കാൻ കഴിയുകയുള്ളൂ. ഞാൻ ഒരു ദിവസം ഈ ഭൂമിയിൽനിന്ന് കടന്നുപോകും. പിന്നെ വലിയ ഒരു നിത്യതയെ ഞാൻ നേരിടുകയാണ്. ആ നിത്യത അനന്തതയാണ്. അതിന്

അവസാനമില്ല. ആ നിത്യതയിൽ രാജാധിരാജനായ യേശുവുണ്ട്, നിത്യപിതാവുണ്ട്, ജീവിപ്പിക്കുന്ന പരിശുദ്ധാത്മാവുണ്ട്, സ്വർഗ്ഗ സേനകളുണ്ട്, മാലാഖമാരുടെ വൃന്ദമുണ്ട്, വിശുദ്ധന്മാരുടെ കൂട്ടമുണ്ട്.

ആ നിത്യതയിലേക്ക് ഞാൻ കടന്നുചെല്ലുന്നു. അപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത് ഈ ഭൂമിയിലെ ജീവിതം ഒരു സ്വപ്നമായിരുന്നു, ഭൂമിയിലെ ജീവിതം താത്ക്കാലികമായിരുന്നു എന്ന്.

ഇവിടെയുണ്ടായിരുന്ന പ്രയാസങ്ങൾ താത്ക്കാലികം. ഒന്നും നിലനിൽക്കുന്നതല്ല. നിലനിൽക്കുന്നത് യേശുക്രിസ്തു മാത്രം. യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ രാജ്യവും യേശുക്രിസ്തുവിന്റെ സ്നേഹവും മാത്രം നിലനിൽക്കുന്നു. ഇത് മനസ്സിലാക്കി വരുന്തോറും മനസ്സിൽ ഉന്മേഷം വർദ്ധിക്കുന്നു. അപ്പോഴാണ് ദൈവത്തെ സ്തുതിക്കുന്നത്.

ഒരു ദിവസം അക്കരെദേശത്തേക്ക് ഞാൻ ചെല്ലും. യേശുക്രിസ്തുവിന്റെ പാദപീഠത്തിലേക്ക് ഞാൻ ചെല്ലും. അവന്റെ ആണിപ്പാടുള്ള പാദപീഠത്തിൽ ഞാൻ മുത്തും. ഈയൊരുറപ്പ് നമുക്ക് വേണം.

ആ ഒരു പ്രത്യാശ നിങ്ങൾക്കുണ്ടെങ്കിൽ നിരാശ വരികയില്ല. എന്ത് സംഭവിച്ചാലെന്താണ്? മരണം, അതല്ലേ ഉള്ളൂ. ആരെല്ലാം എതിർത്താലെന്താണ്? ആരും നമ്മെ അംഗീകരിച്ചില്ലെങ്കി ലെന്താണ്? ആകെപ്പാടെ സംഭവിക്കാൻ പോകുന്നത് ഈ ഭൂമിയിലെ ജീവിതം തീരും എന്നതുമാത്രം.

പക്ഷേ, പ്രത്യാശ നിൽക്കുന്നു: ഞാൻ നിത്യതയിൽ എത്തും. എനിക്കുവേണ്ടി ആണിയടിച്ച് തകർന്ന ആ പാദത്തിൽ ഞാൻ മുത്തുകയും ആ തിരുരക്തം തുളിച്ചു കൊണ്ടിരിക്കുന്ന പാദത്തിൽ ഞാൻ എന്റെ ജീവിതം അർപ്പണം ചെയ്യുകയും ചെയ്യും. എന്റെ സകല സ്നേഹവും, എനിക്കുള്ളതെല്ലാം ഞാനവിടെ അർപ്പിക്കും.

എന്റെ കണ്ണുകൊണ്ട് യേശുവിനെ കൺകുളിർക്കെ കാണും. ജീവനുള്ള ദൈവത്തിന്റെ അരികിലേക്ക് ഞാൻ ചെല്ലും. അവനെ ഞാൻ ആരാധിക്കും. വിശുദ്ധന്മാർ ആഘോഷിക്കുന്ന മഹത്വമേറിയ സദസ്സിൽ ഞാനും ചേരും. ഈയൊരു പ്രത്യാശ നിങ്ങൾക്കുണ്ടായിരിക്കണം. പിന്നെ നിരാശ വരികയില്ല.

എന്റെ ജീവിതം മുഴുവനായി ഒരിക്കലായിട്ട് അവന്റെ കരങ്ങളിലേക്ക് വയ്ക്കുകയാണ്. എനിക്കുവേണ്ടി ജീവൻ വെടിഞ്ഞ, എനിക്കുവേണ്ടി തിരുരക്തം ചിന്തിയ എന്റെ രക്ഷകന്റെ പാദപീഠത്തിലേക്ക് എത്തിച്ചേരുക എന്നതല്ലാതെ എനിക്ക് വേറെ ലക്ഷ്യമില്ല. ഇതാണോ നിങ്ങളുടെ തീരുമാനം? എങ്കിൽ നിരാശകളെല്ലാം പോകും. നിങ്ങൾ വചനം ധാരാളം കേൾക്കുന്നു. എന്നാൽ നിർഭാഗ്യവശാൽ, ഇന്ന് ഞാൻ ഈ ഭൂമിയിൽനിന്ന് കടന്നു പോയാൽ എന്റെ പ്രിയന്റെ പാദപീഠത്തിൽ എത്തിച്ചേരും എന്നുള്ള ഉറപ്പ് പലർക്കും കിട്ടുന്നില്ല.

വിശുദ്ധന്മാരുടെ നിരയിലേക്ക് ഞാൻ ചെല്ലുമെന്നുള്ള ഉറപ്പില്ല. അതാണ് കുഴപ്പം. ആ ഉറപ്പ് എങ്ങനെ സമ്പാദിക്കാം. നിങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഏൽപ്പിക്കുക. പൂർണ്ണമായും വിട്ടുകൊടുക്കുക.

എന്തെല്ലാം നേടിയാലും എല്ലാം വിട്ടിട്ട് നാം അക്കരയ്ക്ക് പറന്നുപോകും. പ്രിയപ്പെട്ടവർ വന്ന് ദു:ഖത്തോടെ നിൽക്കും. ആർക്കും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. എല്ലാവരും വീർപ്പടക്കി നിൽക്കും. പക്ഷേ, ശരീരത്തിൽനിന്ന് ആത്മാവ് പറന്നകന്നു കഴിഞ്ഞു.

നിത്യനാഥനായ കർത്താവിന്റെ പാദപീഠത്തിൽ അണഞ്ഞു കഴിഞ്ഞു. സ്തോത്രം. എന്തൊരു ശാന്തതയാണ്! എന്തൊരു സമാധാനമാണ്! ഇവിടെ ദുരിതമുണ്ട്, ഇവിടെ ദു:ഖമുണ്ട്, ഇവിടെ വേദനയുണ്ട്, ഇവിടെ രോഗമുണ്ട്.

എന്നാൽ ഇതൊന്നുമില്ലാത്ത ദേശത്തേക്ക് നാം പറന്നു ചെല്ലുന്നു. ആ മഹാഭാഗ്യം നമുക്ക് തരാനാണ് കർത്താവായ യേശുക്രിസ്തു ഭൂമിയിലേക്ക് വന്നത്. നാം ക്രിസ്തു എന്ന ഈ വാഹനത്തിൽക്കൂടി അപ്പുറം ലോകത്തിലേക്ക് ചെല്ലുന്നു. ക്രിസ്തു പോകുന്നേടത്ത് ഞാനും പോകുന്നു.

എന്റെ പോക്കറ്റിൽ ഒരു പേന ഉണ്ടെന്നിരിക്കട്ടെ. ഈ പേന തിരുവനന്തപുരത്ത് എത്തണമെന്നില്ല. എന്നാൽ ഞാൻ തിരുവനന്തപുരത്ത് പോയാൽ ഈ പേനയും തിരുവനന്തപുരത്ത് എത്തും. ഞാൻ എറണാകുളത്ത് പോയാൽ പേന എറണാകുളത്ത് എത്തും. എന്തുകൊണ്ട്? ഈ പേന പോക്കറ്റിലുണ്ട്.

യേശുക്രിസ്തു എന്റെ ജീവിതത്തിലുണ്ടെങ്കിൽ യേശുക്രിസ്തു എവിടെയെല്ലാം ചെല്ലുന്നോ അവിടെയെല്ലാം ഞാനും ചെല്ലും. ഈ മഹാസൗഭാഗ്യമാണ് കർത്താവ് നമുക്ക് തരുന്നത്. നിരാശകളെല്ലാം മാറും. വിശ്വാസത്തോടെ നാം ദൈവത്തെ സ്തുതിക്കാൻ തുടങ്ങും. ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് കൊടുത്തുകൊണ്ട് നാം ദൈവത്തെ സ്തുതിക്കും. ഒന്നേയൊന്ന് മാത്രം, ജീവിതം ക്രിസ്തുവിന് കൈമാറുക. എനിക്കുവേണ്ടി യേശു കൊടുത്ത വില സ്വന്തം രക്തമാണ്. ആ രക്തം എനിക്കുവേണ്ടി ഊറ്റിയതുകൊണ്ട് എനിക്കിന്ന് രക്ഷയ്ക്ക് മാർഗ്ഗമായി.

# ഒൻപത്

**"അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു. അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു." സങ്കീർത്തനങ്ങൾ 107 : 28 – 30**

കൊടുങ്കാറ്റിനെ ശാന്തമാക്കി. പുറമേയുള്ള കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളുമുണ്ട്. അതിനേക്കാളുപരി കൊടുങ്കാറ്റ് എന്നതുകൊണ്ട് വാസ്തവത്തിൽ ഉദ്ദേശിക്കുന്നത് നമ്മുടെ ആളത്വത്തിന്മേൽ അടിച്ചുവരുന്ന കൊടുങ്കാറ്റാണ്.

യാതനകൾ, വേദനകൾ, ദുരിതങ്ങൾ, അത്യാഹിതങ്ങൾ എല്ലാം കൊടുങ്കാറ്റുകളാണ്. കൊടുങ്കാറ്റിന്റെ നേരെ നിൽക്കണമെങ്കിൽ അസാമാന്യമായ കരുത്ത് വേണം. ആഴത്തിൽ വേരോടിയിട്ടുണ്ടെങ്കിൽ ഭയങ്കരമായ കൊടുങ്കാറ്റ് വീശിയാലും ചില വൻമരങ്ങൾ മറിയാതിരിക്കും. ആഴത്തിൽ വേരോടിയിരിക്കണം.

കൊടുങ്കാറ്റ് ജീവിതത്തിൽ ആഞ്ഞടിക്കുമ്പോൾ നമുക്ക് ആശ്രയിക്കാൻ കർത്താവിന്റെ കൃപ മാത്രമേയുള്ളൂ. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ 91-ാം സങ്കീർത്തനത്തിൽ പറഞ്ഞത് അത്യുന്നതന്റെ മറവിൽ വസിക്കണം; സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കണം.

അപ്പോഴാണ് നമ്മുടെ കാൽ കല്ലിനോട് തട്ടാതവണ്ണം

നമ്മെ കാക്കേണ്ടതിന് അവൻ തന്റെ ദൂതന്മാരോട് കൽപ്പിക്കുന്നത്. പകൽ പറക്കുന്ന അസ്ത്രമുണ്ട്, രാത്രി സഞ്ചരിക്കുന്ന വചനമുണ്ട്, ഉച്ചയ്ക്ക് ഊതുന്ന കാറ്റുണ്ട്. ഇതെല്ലാം നമ്മുടെ ജീവിതത്തിൽ വരുന്ന കൊടുങ്കാറ്റുകളാണ്. വാസ്തവത്തിൽ എത്രയോ ദുരിതം പിടിച്ചതാണ് ഈ ജീവിതം!

ജീവിതം യാതനാപൂർണ്ണമാണ്. എന്നാൽ അവിടെയെല്ലാം യേശുക്രിസ്തുവിന്റെ തണലിൽ നമുക്ക് മറയാം. യേശുക്രിസ്തുവിന്റെ നിഴലിൻ കീഴിൽ നമുക്ക് ഒളിക്കാം. യേശുക്രിസ്തുവിൽ നമുക്ക് ആശ്രയിക്കാം. യേശുക്രിസ്തു നമുക്ക് സമാധാനം തരും. നാമെല്ലാവരും ഓരോ തരത്തിലുള്ള കൊടുങ്കാറ്റുകൾ ഏറ്റ് വിഷമിക്കുന്നവരാണ്.

പെട്ടെന്നുള്ള വിയോഗം. നിനച്ചിരിയാതെ ആളങ്ങ് കടന്നുപോകുന്നു. മസ്ക്കറ്റിൽ നമ്മുടെ കൂട്ടായ്മയിൽ വളരെ സജീവമായി നിന്നിരുന്ന ഒരു ദൈവദാസൻ പെട്ടെന്ന് ഹൃദയസ്തഭനം മൂലം മരിച്ചുപോയി. ആ വാർത്ത അറിയിച്ചു കൊണ്ട് അദ്ദേഹത്തിന്റെ മൂത്ത മകൾ എന്നെ വിളിച്ചു. അവൾ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടാണ് വിളിച്ചത്. ആശ്വാസത്തിനു വേണ്ടിയാണ് വിളിക്കുന്നത്.

ഞാൻ പറഞ്ഞു: മോളേ, ആശ്വാസം തരാൻ എനിക്ക് കഴിവില്ല. ആശ്വാസം തരാൻ കർത്താവായ യേശുക്രിസ്തുവിന് മാത്രമേ കഴിയുകയുള്ളൂ. ഞാൻ എന്തെല്ലാം സാന്ത്വന വാക്കുകൾ പറഞ്ഞാലും നിനക്ക് ആശ്വാസമാകുകയില്ല. എന്തുകൊണ്ട് ഇത് വന്നു എന്നൊന്നും നീ ചിന്തിക്കരുത്. നീ ഒന്നുമാത്രം ചെയ്യൂ, ഇത് വഹിക്കാനും സഹിക്കാനുമുള്ള ശക്തി ഞങ്ങൾക്കും ഞങ്ങളുടെ അമ്മയ്ക്കും തരണമേ എന്ന് പ്രാർത്ഥിക്കൂ.

ആപത്തുകളും അനർത്ഥങ്ങളും നമുക്കുചുറ്റും വലയം ചെയ്ത് നമ്മെ വിഷമിപ്പിക്കുന്നു. കൊടുങ്കാറ്റുകൾ! ഇയ്യോബിന്റെ ജീവിതത്തിൽ അനേകം disasters ഉണ്ടായി.

1. The tempest of Disasters.
2. The tempest of Diseases.
3. The tempest of Despair.

ഇയ്യോബ് രോഗത്തിന്റെ വേദനയിൽ ഭാരപ്പെട്ടിരിക്കുമ്പോൾ സങ്കടകരമായ കാര്യം വന്നത് ഇയ്യോബിന്റെ ഭാര്യ ഇയ്യോബിനെ തള്ളിപ്പറഞ്ഞു എന്നുള്ളതാണ്.

അവൾ പറഞ്ഞു: നിങ്ങളിനിയും ഈ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കുകയാണോ? ദൈവത്തെ ത്യജിച്ചുകളഞ്ഞ് മരിക്കുക. വളരെ സങ്കടകരമായ ഒരു കാര്യമാണ് ആ സ്ത്രീ പറഞ്ഞത്. ഇയ്യോബിന്റെ ഭാര്യയുടെ വിശ്വാസമെല്ലാം പോയി. അവൾ ഒരു അവിശ്വാസിയായി മാറി. അവൾക്ക് ദൈവത്തോട് പരിഭവമായി.

ആ സ്ത്രീ പറയുന്നത് കേട്ട് ഇയ്യോബ് ദു:ഖിച്ചു. ഇയ്യോബ് ഇത്രമാത്രം പറഞ്ഞു: നീ ഒരു പൊട്ടി സംസാരിക്കുന്നതുപോലെ സംസാരിക്കുന്നുവല്ലോ. ദൈവത്തിന്റെ കൈയിൽനിന്ന് നാം നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ?

ഭാര്യ പറഞ്ഞ വാക്കുകൾ നിരാശയുളവാക്കി. ഇയ്യോബിന് കൂട്ടുകാരുണ്ടായിരുന്നു, കൂട്ടായ്മക്കാർ! കൂട്ടായ്മക്കാരാരും തിരിഞ്ഞുനോക്കിയില്ല. ആരെങ്കിലും ഒന്ന് വന്നിരുന്നെങ്കിൽ എന്ന് ഇയ്യോബ് ആഗ്രഹിച്ചു. ഏഴു ദിവസത്തേക്ക് ആരും വന്നില്ല. പിന്നീട് ഇയ്യോബിന്റെ കൂട്ടുകാർ മൂന്നുപേർ വന്നു. അവർ വന്ന് ഇയ്യോബിന്റെ കുറ്റം പറയുകയാണ്. അപ്പോൾ നിരാശയോടെ ഇയ്യോബ് പറയുകയാണ്: “ഞാൻ ജനിച്ച ദിവസം ശപിക്കപ്പെടട്ടെ.” ഇയ്യോബ് ജന്മത്തെ ശപിക്കുകയാണ്.

ഇതെല്ലാം വേദപുസ്തകത്തിൽ വായിക്കുമ്പോൾ നിങ്ങൾ ഒന്ന് ചിന്തിക്കണം: കർത്താവേ, ഞാൻ തളർന്ന് വശംകെട്ടു പോകുമ്പോൾ, എന്തെല്ലാം നഷ്ടപ്പെട്ടാലും നിന്റെ കൃപ എന്നിൽനിന്ന് മാറരുതേ. നിന്റെ സാന്നിദ്ധ്യം എനിക്ക് നഷ്ടപ്പെട്ട് പോകരുതേ.

നിന്റെ സാന്നിദ്ധ്യമില്ലെങ്കിൽ ഞാൻ പൂജ്യമായിപ്പോകും. ആ ഒരു ബോധം നിങ്ങൾക്ക് ലഭിച്ചാൽ ഭാഗ്യമാണ്. അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഞാനീ പറയുന്നത്. എന്തെല്ലാം പ്രശ്നങ്ങൾ വന്നാലും കർത്താവിന്റെ സാന്നിദ്ധ്യം പോകരുത്. ആരെല്ലാം വിട്ടുപോയാലും ഇന്ന് സ്നേഹിതരായി രുന്നവർ ശത്രുക്കളായിത്തീർന്നാലും അനേകമനേകം ദുർവിധികൾ വന്ന് മനസ്സ് അസ്വസ്ഥമായിത്തീർന്നാലും എനിക്ക് അതെല്ലാം വഹിക്കാനുള്ള കൃപ തന്നാൽ മതി. നിന്റെ സാന്നിദ്ധ്യം തന്നാൽ മതി. ദൈവസാന്നിദ്ധ്യം!

പരീക്ഷയിൽ തോറ്റുകഴിയുമ്പോൾ സ്വാഭാവികമായും കുട്ടികൾക്ക് നിരാശ വരും. വളരെ കഷ്ടപ്പെട്ട് പഠിച്ചു. പക്ഷേ, റിസൽട്ട് വന്നപ്പോൾ തോൽവി. ആദ്യം വരുന്ന പ്രയാസം ഞാൻ ഇത്രയും കഷ്ടപ്പെട്ട് പഠിച്ചിട്ടും കർത്താവ് എന്താണ് എന്നോട് കരുണ കാണിക്കാത്തത്? ഞാൻ എന്തുമാത്രം പ്രാർത്ഥിച്ചു, പക്ഷേ എനിക്കെന്താണ് കൃപ കിട്ടാത്തത് എന്നാണ്.

നിങ്ങൾക്ക് പരാതിയില്ലാതെ പരിഭവമില്ലാതെയിരിക്കണ മെങ്കിൽ ദൈവത്തിന്റെ കൃപവേണം. മധുരകരമായ ആ സാന്നിദ്ധ്യമുണ്ടെങ്കിൽ ഈ പ്രതിസന്ധികളെയെല്ലാം അഭിമുഖീകരിക്കാൻ സാധിക്കും. അത്യാസന്നമായി രോഗിയായി കിടക്കുമ്പോൾ ആ കൃപ നമ്മുടെ കൂടെ ഉണ്ടായിരിക്കണം.

അതുകൊണ്ടാണ് നാം പ്രാർത്ഥിക്കുന്നത്: ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്ന്. മരണസമയത്തും അപേക്ഷിക്കണം എന്ന് പറയാൻ കാരണം, മരണനേരത്തുപോലും കൃപ വിട്ടു പോകാൻ സാദ്ധ്യതയുണ്ട് എന്നതുകൊണ്ടാണ്.

അപ്പോൾ പോലും നിരാശവരാൻ സാദ്ധ്യതയുണ്ട്. നിരാശ വന്ന് മനസ്സ് മടുത്തുപോകാൻ സാദ്ധ്യതയുണ്ട്. എനിക്കെന്തു കൊണ്ട് ഇതു വന്നു എന്ന് ചിന്തിക്കാൻ സാദ്ധ്യതയുണ്ട്. പല കാര്യത്തിലുള്ള ആവലാതികൾ വന്നുകയറുന്നതുകൊണ്ട്

മനസ്സ് വിഷാദവിവശമാകാൻ സാദ്ധ്യതയുണ്ട്.

അതുകൊണ്ട് എപ്പോഴും, യേശുവേ, നിന്റെ കൃപ എന്നോടുകൂടെ ഉണ്ടായിരിക്കണമേ, ഓരോ കാര്യത്തിലും ദൈവത്തിന്റെ കൃപ എന്നോടുകൂടെ ഉണ്ടായിരിക്കണമേ, എപ്പോഴും ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കണമേ എന്ന് നിങ്ങൾ ആഗ്രഹിക്കണം, പ്രാർത്ഥിക്കണം.

ഇയ്യോബിന് പറ്റിയ ഒരു വലിയ അപകടം, ഈ കഷ്ടതകൾ എന്തുകൊണ്ട് ഉണ്ടായി എന്ന ചോദ്യമാണ്. ഇയ്യോബ് വാക്കിലൊന്നിലും ദൈവത്തെ കുറ്റം വിധിച്ചില്ല. ദൈവത്തോട് പരിഭവിച്ചില്ല. പരാതി പറഞ്ഞില്ല. പിന്നെ എന്തായിരുന്നു ഇയ്യോബിന് ഇത്രയേറെ കഷ്ടതകൾ വന്നത്? ഇയ്യോബിന് ഒരു സ്വയനീതി ഉണ്ടായിരുന്നു.

4. The tempest of Self-righteousness!

ഞാൻ ഭക്തനാണ്, ഞാൻ അഗതികൾക്ക് സഹായിയാണ്, ദരിദ്രന്മാർക്ക് ഞാൻ അപ്പനാണ്, ഞാൻ വസ്ത്രമില്ലാത്തവന് വസ്ത്രം കൊടുത്തിട്ടുണ്ട്, ഞാൻ അഗതികളെ സഹായിച്ചിട്ടുണ്ട്, ഞാൻ എപ്പോഴും ഉപകാരം മാത്രമേ ചെയ്തിട്ടുള്ളൂ, ഞാൻ നീതിമാനാണ്, ഇങ്ങനെയെല്ലാം ഇയ്യോബ് സ്വയം വാദിക്കുന്നുണ്ട്.

സ്നേഹിതന്മാർ വന്ന് ഇയ്യോബിനോട് സംസാരിക്കുമ്പോൾ പറയുന്നുണ്ട് നിന്റെ ജീവിതത്തിലെ പാപം കൊണ്ടാണ് നിനക്കീ അനർത്ഥം വന്നതെന്ന്. അപ്പോൾ ഇയ്യോബ് അവരോട് തിരിച്ചു പറയുമ്പോഴൊക്കെയും സ്വയനീതി മുന്തിനിൽക്കുന്നു. ഓർക്കുക, നമുക്ക് പറ്റുന്ന ഒരു വലിയ അപകടം അതാണ്.

നമുക്ക് ചില നീതികളുണ്ട്. ചില ന്യായങ്ങളുണ്ട്. ഞാൻ നീതിമാനാണ് എന്ന് നമുക്ക് നമ്മെക്കുറിച്ച് തന്നെ നല്ല അഭിപ്രായമുണ്ട്. എന്നാൽ നമുക്ക് ഒരിക്കലും നാം നീതിമാനാണെന്ന് പറയാൻ അവകാശമില്ല. പാപമൊന്നും ചെയ്യാത്തപ്പോഴും ഞാൻ നീതിമാനല്ല എന്ന് നമ്മുടെ ഹൃദയം നമ്മോട് തന്നെ സംസാരിക്കണം.

പാപത്തിന്റെ പ്രവൃത്തി ഒന്നും വരുന്നില്ല. പാപത്തിന്റെ ചിന്തയോ വാക്കോ വരുന്നില്ല. പക്ഷേ, അങ്ങനെ പാപമൊന്നുമില്ലാത്ത സാഹചര്യത്തിൽ ഇരിക്കുമ്പോൾ പോലും നാം ഓർത്തുകൊള്ളണം, I am a poor sinner. ഞാൻ നിസ്സാരനായൊരു പാപി.

ഇത് നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം. ഞാൻ തന്നെ അറിയണം ഞാനൊരു പാപിയാണ്, ഞാൻ ആത്മീയമായി ഒന്നുമല്ല എന്ന്. ഭാഗ്യവശാൽ ദൈവത്തിന്റെ വചനം പറയാൻ കർത്താവ് എനിക്ക് അവസരങ്ങൾ തരുന്നു. പക്ഷേ ഞാൻ അറിയണം, I am a poor sinner. എനിക്ക് പ്രകടമായി പാപമൊന്നും ഇല്ലാത്തപ്പോൾപോലും എന്റെ ആകമാനമായ സ്വഭാവം പാപമാണെന്ന് ഞാൻ അറിയണം.

കർത്താവിന്റെ തിരുരക്തത്താൽ പൊതിഞ്ഞു നിർത്തിയിരിക്കുന്നു എന്നു മാത്രമേ ഉള്ളൂ. ആസകലം വ്രണമുള്ള മനുഷ്യന്റെ ദേഹത്ത് ഒരു പുതപ്പ് മൂടിയിട്ടാൽ പിന്നെ വ്രണം കാണുകയില്ല എന്നതുപോലെ യേശുക്രിസ്തുവിന്റെ തിരുരക്തത്താലുള്ള ഒരു ആവരണമുള്ളതുകൊണ്ടാണ് ഞാൻ ഇങ്ങനെ നിൽക്കുന്നത്.

എനിക്ക് പാപത്തിന്റെ വാക്കോ, ചിന്തയോ പ്രവൃത്തിയോ വരാത്തത് യേശുക്രിസ്തുവിന്റെ പ്രത്യേക കൃപയുള്ളതു കൊണ്ടാണ്. യേശുക്രിസ്തുവാണ് എല്ലാറ്റിനും അടിസ്ഥാനം.

**“ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആർ? അവന് മന്ത്രിയായിരുന്നവൻ ആർ? അവന് വല്ലതും മുമ്പെ കൊടുത്തിട്ട് പ്രതിഫലം വാങ്ങുന്നവൻ ആർ? സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന് എന്നേക്കും മഹത്വം ആമേൻ.” റോമർ 11 : 33 – 36**

നമുക്കൊന്നും അറിഞ്ഞുകൂടാ. നാം കേവലം നിസ്സാരരായ മനുഷ്യർ. ദൈവസന്നിധിയിൽ വരുമ്പോൾ നാം അത്ഭുതത്തോടെ ദൈവത്തിന്റെ കരുണയെ ഓർക്കും. എത്ര അത്യുന്നതനാണ് ദൈവം! എത്ര മഹാപരിശുദ്ധനാണ് ദൈവം! എത്ര മഹാസ്നേഹമാണ് ദൈവം!

പലർക്കും ദൈവത്തെ സ്നേഹമായിക്കാണാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് സ്വയനീതിയിൽ സംതൃപ്തിപ്പെട്ട് പോകുന്നത്. നമുക്ക് ചില ന്യായീകരണങ്ങളുണ്ട്. അവകാശ വാദങ്ങളുണ്ട്.

ഞാൻ ഇന്നിന്ന കാര്യങ്ങൾ ചെയ്തു, ഞാൻ ഇത്ര പേർക്ക് സഹായം ചെയ്തു, പലരും വീണുപോയ അവസരങ്ങളിൽ ഞാൻ വീഴാതെ നിന്നു, ഇങ്ങനെയുള്ള അവകാശവാദങ്ങൾ എല്ലാം പൊള്ളയാണ്.

നമ്മുടെ കൂട്ടായ്മയിൽ ചിലർ എന്തെങ്കിലും കൊടുത്ത് തീർക്കാനുണ്ടെങ്കിൽ കൊടുത്തുതീർക്കുന്നു. മോഷണ വസ്തുവുണ്ടെങ്കിൽ തിരിച്ച് കൊണ്ടുകൊടുക്കുന്നു. ആരോടെ ങ്കിലും മാപ്പ് ചോദിക്കാനുണ്ടെങ്കിൽ മാപ്പ് ചോദിക്കുന്നു. അതൊക്കെ നല്ലതാണ്, ചെയ്യേണ്ടത് തന്നെയാണ്.

എങ്കിലും അതെല്ലാം ചെയ്തു എന്നുള്ളൊരു സംതൃപ്തി മനസ്സിൽ ഉണ്ടായാൽ തെറ്റായിപ്പോയി. ഞാനതെല്ലാം ചെയ്തല്ലോ എന്ന് ഉള്ളത്തിൽ സംതൃപ്തിപ്പെടാനില്ല. എപ്പോഴും ഓർത്തു കൊള്ളണം, ദൈവസന്നിധിയിൽ നീതിയോടെ നിൽക്കാൻ പറ്റണമെങ്കിൽ ഒരു അവകാശവാദവും ഇല്ലാതെ നിൽക്കണം.

ഞാൻ ഇന്നിന്ന കാര്യം ചെയ്തവനല്ലേ, ഞാൻ പ്രാർത്ഥിക്കുന്നവനല്ലേ, ഞാൻ ദൈവത്തിന്റെ വേലയ്ക്കുവേണ്ടി പലതും കഷ്ടപ്പെട്ടവനല്ലേ എന്നിങ്ങനെയുള്ള അനേകം അവകാശവാദങ്ങൾ ഹൃദയത്തിൽ പൊന്തിപ്പൊന്തിവരുന്നു. അത് പാടില്ല. നേരെ മറിച്ച്, ഞാനൊരു പാപിയായ മനുഷ്യനാണ്, സ്വയമേ എന്നിൽനിന്ന് വരാവുന്നത് പാപമാണ്,

എന്റെ രക്തത്തിൽ ദ്രവ്യാഗ്രഹമുണ്ട്, ഞാൻ അഹങ്കാരമായി ഒന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല എങ്കിലും എന്നിൽ അഹങ്കാരമുണ്ട്, ഒരു self ഉണ്ട്, ഒരു ego ഉണ്ട് എന്നു നാം തിരിച്ചറിയണം.

ഞാൻ നീതിമാൻ എന്നുള്ള ഒരു ഭാവം അകത്തുണ്ട്. ഈ ഒരു കാര്യം മനസ്സിലാക്കിക്കഴിയുമ്പോഴാണ് നാം എളിമപ്പെടുന്നത്. അപ്പോഴാണ് വാസ്തവത്തിൽ നമ്മുടെ ഉള്ളം തകരുന്നത്.

തനിയേ ഇരുന്ന് പ്രാർത്ഥിക്കുന്ന സമയത്ത് നിങ്ങളുടെ ദയനീയാവസ്ഥ അറിഞ്ഞ് നിങ്ങൾ കരയാറുണ്ടോ? കർത്താവേ, ഞാൻ പാപിയായ മനുഷ്യനാണല്ലോ. കർത്താവേ, മനുഷ്യർ എന്നെക്കാണുന്നതുപോലെയല്ലല്ലോ എന്റെ തനതായ അവസ്ഥ. ഞാൻ പാപത്തിൽ മുഴുകിപ്പോയ മനുഷ്യനാണല്ലോ. നിന്റെ കൃപയുള്ളതുകൊണ്ട് പാപത്തിന്റെ പ്രവൃത്തി വരുന്നില്ല എങ്കിൽപോലും എന്റെ രക്തത്തിൽ പാപമാണല്ലോ കർത്താവേ, എന്നുപറഞ്ഞ് നിങ്ങൾ കരയാറുണ്ടോ? നിങ്ങളുടെ ഹൃദയം തകരാറുണ്ടോ? അത് മനസ്സിലാക്കിയാൽ നിങ്ങൾക്ക് രക്ഷ കിട്ടും.

ഞാൻ തികഞ്ഞവനായി നിന്നുകൊണ്ടല്ല പറയുന്നത്. പക്ഷേ, ഭാഗ്യവശാൽ പുറമേ പാപമൊന്നും വരാത്തപ്പോഴും ഞാൻ ഒറ്റക്ക് കർത്താവിന്റെ പാദപീഠത്തിൽ ഇരിക്കുമ്പോൾ ഏങ്ങലടിച്ച് കരയും: കർത്താവേ, എന്റെ ആളത്വം പാപ പൂർണ്ണമാണ്. നിന്റെ കൃപ എന്നെ പൊതിഞ്ഞതുകൊണ്ടു മാത്രമാണ് ഞാൻ നിൽക്കുന്നത്.

ഇന്ന് ഞാൻ നിൽക്കുന്നുവെങ്കിലും നാളെ നിൽക്കണ മെങ്കിൽ നിന്റെ കൃപ വേണം. കർത്താവേ, നിന്റെ കൃപയാൽ നീ എന്നെ കാത്തുകൊള്ളണം. ഇതാണ് എന്റെ പ്രാർത്ഥന. എനിക്ക് ഒരിക്കലും തോന്നുന്നില്ല, ഞാൻ എല്ലാം ശരിയായി എന്ന്.

ഇനി എന്തെല്ലാം രൂപാന്തരങ്ങൾ വന്നാൽ മതിയാകും!

ഓരോ ദിവസം കഴിയുംതോറും കർത്താവ് ശുദ്ധീകരണം തന്നുകൊണ്ടിരിക്കുന്നു. ഇന്ന് നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, എന്റെ പുറമേയുള്ള യാതൊരു നന്മയും നീതിയും എനിക്ക് അവകാശപ്പെടാനില്ല. കർത്താവേ, എന്റെ അകത്ത്, എന്റെ രക്തത്തിൽ പാപം നിറഞ്ഞു നിൽക്കുന്നു. ഈ പാപത്തിന്റെ പ്രവണത എന്നിൽ നിന്നും മാറ്റി നീ എന്നെ കഴുകിയെടുക്കണമേ.

എന്റെ ഹൃദയത്തിന്റെ പാപസ്വഭാവങ്ങളെ കാണാൻ എനിക്ക് ഭാഗ്യം തരണമേ. എന്റെ നിസ്സാരത കാണാൻ എന്റെ കണ്ണ് തുറന്ന് തരണമേ. ഞാൻ എന്നെ കാണുന്നതുപോലെയല്ല, ലോകത്തിലുള്ള മനുഷ്യർ എന്നെ കാണുന്നത് പോലെയല്ല, സ്വർഗ്ഗത്തിലെ അഗ്നിജ്വാലക്കൊത്ത കണ്ണുള്ള നിത്യനായ ദൈവമേ അവിടുന്ന് എന്നെ കാണുന്നത് എങ്ങനെയെന്ന് എനിക്ക് കാണാൻ ഇടയാക്കണമേ. അത് കാണാൻ ഇടയായാൽ ഞാൻ തകരും. ഇങ്ങനെ നിങ്ങൾ പ്രാർത്ഥിക്കണം.

ഇയ്യോബ് തന്നെത്താൻ ഒരു നീതിമാനെന്ന് ചിന്തിക്കുക യാണ്. ഇയ്യോബ് നീതിമാനാണ്. ദൈവം അത് പറഞ്ഞതാണ്. എന്നാൽ ഇയ്യോബ് ഒരിക്കലും അങ്ങനെ സ്വന്തമായിട്ട് പറയാൻ പാടില്ലായിരുന്നു. ഇയ്യോബിന് സ്വന്തമായിട്ട് താൻ നീതിമാൻ എന്ന് തോന്നാൻ പാടില്ലായിരുന്നു.

അവിടെയാണ് തെറ്റുപറ്റിയത്. സ്വയം നീതിമാൻ എന്നുള്ള ചിന്താഗതി ഒരു കൊടുങ്കാറ്റുപോലെ ഇയ്യോബിനെ ചുഴറ്റിയടിച്ചു. ആ കൊടുങ്കാറ്റിൽ ഇയ്യോബ് വീണുപോയി.

ഇയ്യോബ് തന്നെത്താൻ നീതീകരിക്കുകയാണ്. Self-righteousness.

**“ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു; പിന്നെ ഞാൻ ഒരു കന്യകയെ നോക്കുന്നതെങ്ങനെ? എന്നാൽ മേലിൽനിന്നു ദൈവം നൽകുന്ന ഓഹരിയും ഉയരത്തിൽ നിന്നു സർവ്വശക്തൻ തരുന്ന അവകാശവും എന്ത്?**

**നീതികെട്ടവന് അപായവും ദുഷ്പ്രവൃത്തിക്കാർക്ക് വിപത്തുമല്ലയോ? എന്റെ വഴികളെ അവൻ കാണുന്നില്ലയോ? എന്റെ കാലടികളെയൊക്കെയും എണ്ണുന്നില്ലയോ? ഞാൻ കപടത്തിൽ നടന്നുവെങ്കിൽ, എന്റെ കാൽ വഞ്ചനയ്ക്ക് ഓടിയെങ്കിൽ – ദൈവം എന്റെ പരമാർത്ഥത അറിയേണ്ടതിന് ഒത്ത ത്രാസിൽ എന്നെ തൂക്കി നോക്കുമാറാകട്ടെ – എന്റെ കാലടി വഴിവിട്ടു മാറിയെങ്കിൽ, എന്റെ ഹൃദയം എന്റെ കണ്ണിന്നു പിന്തുടർന്നുവെങ്കിൽ, വല്ല കറയും എന്റെ കൈക്കു പറ്റിയെങ്കിൽ, ഞാൻ വിതച്ചത് മറ്റൊരുത്തൻ തിന്നട്ടെ; എന്റെ സന്തതിക്കു മൂലനാശം ഭവിക്കട്ടെ." ഇയ്യോബ് 31 : 1 – 8**

ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്ത വ്യക്തിയാണ്. ഞാൻ ഒരു കന്യകയെ നോക്കുകയില്ല. എനിക്ക് വിശുദ്ധിക്ക് വേണ്ടിയുള്ള തീക്ഷ്ണതയുണ്ട്. ദൈവം എന്റെ അവകാശമാണ്. കർത്താവേ, നീ എന്റെ കാലടികളെ എണ്ണുന്നില്ലേ? ഞാൻ കപടത്തിൽ നടന്നോ എന്ന് ദൈവം എന്നെ തൂക്കിനോക്കട്ടെ. എനിക്കൊരു കുറ്റവുമില്ല. എന്റെ കൈയിൽ കറ പറ്റിയില്ല. ഇയ്യോബ് പറഞ്ഞതെല്ലാം ശരിയാണ്.

**"ഒരുത്തൻ വസ്ത്രമില്ലാതെ നശിച്ചുപോകുന്നതോ ദരിദ്രൻ പുതപ്പില്ലാതെ ഇരിക്കുന്നതോ ഞാൻ കണ്ടിട്ട് അവന്റെ അര എന്നെ അനുഗ്രഹിച്ചില്ലെങ്കിൽ, എന്റെ ആടുകളുടെ രോമംകൊണ്ട് അവന് കുളിർ മാറിയില്ലെങ്കിൽ, പട്ടണവാതിൽക്കൽ എനിക്ക് സഹായം കണ്ടിട്ട് ഞാൻ അനാഥന്റെ നേരെ കൈയോങ്ങിയെങ്കിൽ, എന്റെ ഭുജം തോൾപലകയിൽനിന്നു വീഴട്ടെ; എന്റെ കൈയുടെ ഏപ്പ് വിട്ടുപോകട്ടെ. ദൈവം അയച്ച വിപത്ത് എനിക്ക് ഭയങ്കരമായിരുന്നു; അവന്റെ ഔന്നത്യം നിമിത്തം എനിക്ക് ആവതില്ലാതെയായി."**

**ഇയ്യോബ് 31 : 19 – 23**

ഇയ്യോബ് ആവലാതിപ്പെടുകയാണ്. നിരാശയോടെ പറയുകയാണ്. കർത്താവേ, പാവപ്പെട്ടവന് ഞാൻ ആഹാരം കൊടുത്തു. പാവപ്പെട്ടവന് വസ്ത്രം കൊടുത്തു. സഹായങ്ങൾ

ഒട്ടേറെ ചെയ്തു. ഇതൊക്കെ ചെയ്തിട്ടും എന്റെ നീതി ദൈവം കാണുന്നില്ല. ഇയ്യോബ് സ്വയം നീതീകരിക്കുകയാണ്.

ഇന്ന് നിങ്ങൾ ചിന്തിക്കൂ. നിങ്ങൾക്കെന്തെല്ലാം സ്വയനീതീകരണങ്ങൾ ഉണ്ട്. നിങ്ങൾ പല നല്ല കാര്യങ്ങൾ ചെയ്തവരായിരിക്കാം. പക്ഷേ ദൈവനീതി നിങ്ങൾക്ക് ലഭിച്ചില്ല. എന്താണ് ദൈവനീതി? ദൈവനീതി ക്രിസ്തുവാണ്. ക്രിസ്തു പ്രസാദിക്കുന്ന ഹൃദയം നിങ്ങൾക്ക് ലഭിച്ചില്ല. നിങ്ങളുടെ രഹസ്യജീവിതം ക്രിസ്തു പ്രസാദിക്കുന്ന ജീവിതമായില്ല. പുറമേ കുഴപ്പമൊന്നുമില്ല. മോഹത്തോടെ അന്യസ്ത്രീയെ നോക്കുന്നില്ല. പാവപ്പെട്ടവനെ സഹായിച്ചു.

പക്ഷേ, അതെല്ലാം നിന്റെ സ്വന്തനീതിയാണ്. ഇങ്ങനെയെല്ലാം ആചരിക്കുന്ന അനേകം ദൈവമക്കൾ ഈ കൂട്ടായ്മയിലുണ്ട്. പക്ഷേ, അവർ ഒരു ഭോഷ്ക്കിന് അടിമപ്പെട്ടിരിക്കുകയാണ്. ഒരു തെറ്റായ ചിന്താഗതിക്ക് അടിമപ്പെട്ടിരിക്കുകയാണ്.

എനിക്ക് കുഴപ്പമൊന്നുമില്ല, ചില ചീത്തചിന്തകളൊക്കെ വരും, അത് മനുഷ്യസഹജമല്ലേ? എന്നിങ്ങനെയുള്ള ചിന്താഗതി പുലർത്തുന്ന അനേകമനേകം ആളുകളുണ്ട്. ഞാനും അങ്ങനെയായിരുന്നു. എന്നാൽ ദൈവത്തിന്റെ അടുത്തു കൂടാത്ത തേജസ്സിന്റെ മുമ്പിൽ നിന്നപ്പോൾ ഞാൻ അമ്പരന്നു പോയി.

കർത്താവേ, ഞാൻ പാപി, ഞാൻ പാപത്തിൽ പിടിക്കപ്പെട്ടവൻ. കർത്താവേ, എന്റെ പാപം എന്നെ പിടികൂടുന്നതിനുമുമ്പ് എന്റെ പാപത്തെ തിരുമുമ്പാകെ ഞാൻ കൊണ്ടുവയ്ക്കുന്നു. കർത്താവേ, നീ അത് ചവിട്ടിക്കളയണമേ, എന്റെ പാപങ്ങൾ സമുദ്രത്തിന്റെ ആഴത്തിലേക്ക് നീ താഴ്ത്തിക്കളയണമേ എന്നാണ് നാം പ്രാർത്ഥിക്കേണ്ടത്.

നാം എന്താണ് എന്ന് തിരിച്ചറിയുന്നതാണ് വിവേകം. ഞാൻ എന്താണ്? എന്റെ സ്വഭാവം എന്താണ്? ഇത് തിരിച്ചറിയാൻ എങ്ങനെ സാധിക്കും? അത് പരിശുദ്ധാത്മാവ് തരുന്ന ഒരു

കൃപയാണ്.

**"അരിഷ്ടനും മനസ്സ് തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും."**
**യെശയ്യാവ് 66 : 2**

നമ്മൾ പലരും പല നല്ല കാര്യങ്ങളും ചെയ്യുന്നവരാണ്. കർത്താവിന്റെ വേലയ്ക്കുവേണ്ടി ഓടി നടക്കുന്നവരുണ്ട്. വീടുതോറും കയറി സുവിശേഷം പറയുന്നവരുണ്ട്. നല്ല നല്ല കാര്യങ്ങൾ പലതും ചെയ്യുന്നുണ്ട്. പാവപ്പെട്ടവർക്ക് പഠിക്കാൻ സഹായം ചെയ്യുന്നുണ്ട്.

പക്ഷേ, ഇത് ഒന്നുകൊണ്ടും നമുക്ക് അഭിമാനിക്കാൻ ഒന്നുമില്ല. കർത്താവേ, നീ തന്നതല്ലാതെ ഒന്നുമില്ല. കൃപയാൽ നീ തന്നത് ഞാൻ വിനിയോഗിക്കുന്നു. നിന്റെ കൈ വലിച്ചാൽ ഞാൻ ശൂന്യമായിപ്പോകും. നിന്റെ കൃപയുള്ളതുകൊണ്ടാണ് ഇത്രയെങ്കിലും സാധിക്കുന്നത്. ഇങ്ങനെ എപ്പോഴും വിനയം വേണം.

എവിടെയും താഴ്മ. എന്തുയരാനുണ്ട്? എന്താണ് നമുക്ക് അഭിമാനിക്കാനുള്ളത്? ഒറ്റനിമിഷനേരം കൊണ്ട് തീരാനുള്ള തേയുള്ളൂ നമ്മുടെ ജീവിതം. ഈ ശരീരം നിർജ്ജീവമായി പ്പോകാൻ എത്ര സമയം വേണം? ഇന്ന് ഈ ഭൂമിയിൽ ആരോഗ്യത്തോടെ ഉത്സാഹഭരിതരായി നാം ജീവിക്കുന്നു. പക്ഷേ എപ്പോഴാണ് കടന്നു പോകുന്നതെന്ന് ആർക്കറിയാം?

പ്രത്യേക കാരണമൊന്നുമില്ലാതെ പെട്ടെന്ന് മനുഷ്യർ കടന്നുപോകുന്നു. ഒന്നിലും അഭിമാനിക്കാനില്ല. വിദ്യാഭ്യാസ ത്തിൽ അഭിമാനിക്കാനില്ല. പഠിത്തത്തിൽ അഭിമാനിക്കാനില്ല. നമ്മുടെ ആത്മീയവേലകളിലും അഭിമാനിക്കാനില്ല.

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു:

**"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ**

**ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു.” ഗലാത്യർ 6 : 14**

എനിക്ക് പ്രശംസിപ്പാൻ അതേ ഉള്ളൂ.

എനിക്ക് ആകെയുള്ള അഭിമാനം യേശുക്രിസ്തു എനിക്കുവേണ്ടി ജീവിച്ചു, യേശുക്രിസ്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു, യേശുക്രിസ്തു ഇന്നും എനിക്കുവേണ്ടി കരുതുന്നു. വേണമെങ്കിൽ ലോകപ്രകാരം അഭിമാനിക്കാൻ വകയുള്ള ചെറുപ്പക്കാരനായിരുന്നു സെന്റ് പോൾ. നല്ല വിദ്യാവൈഭവമുള്ള, യവന തത്ത്വശാസ്ത്രം മുഴുവൻ പഠിച്ച ആളായിരുന്നു.

മതപരമായി പറയുകയാണെങ്കിൽ എബ്രായഭാഷ പഠിച്ച്, എബ്രായഭാഷയിലെ ആരാധനകളെല്ലാം നടത്തുന്ന ആളായിരുന്നു. സന്നിദ്രിം സംഘത്തിലെ അംഗമായിരുന്നു. യഹൂദമതത്തിൽ മുമ്പനായിരുന്നു. ബെന്യാമീൻ ഗോത്രക്കാരനായിരുന്നു. എട്ടാംനാളിൽ പരിച്ഛേദനയേറ്റവനായിരുന്നു. എല്ലാം ചിട്ടപ്രകാരം ജീവിച്ച് വന്നവനായിരുന്നു.

ശരി എന്നു തോന്നുന്നതിന് മരിക്കാൻപോലും തയ്യാറായ ചെറുപ്പക്കാരനായിരുന്നു. നല്ല കഴിവുള്ള ചെറുപ്പക്കാരൻ. പക്ഷേ, ഇതെല്ലാം ഓർത്തിട്ട് അപ്പൊസ്തലൻ പറയുകയാണ്: ഇതെല്ലാം ഞാൻ ചപ്പും ചവറുമായി കണക്കാക്കുകയാണ്.

**“എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ; യിസ്രായേൽ ജാതിക്കാരൻ; ബെന്യാമീൻഗോത്രക്കാരൻ; എബ്രായരിൽനിന്ന് ജനിച്ച എബ്രായൻ; ന്യായപ്രമാണം സംബന്ധിച്ച് പരീശൻ; ശുഷ്ക്കാന്തി സംബന്ധിച്ച് സഭയെ ഉപദ്രവിച്ചവൻ; ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ. എങ്കിലും എനിക്ക് ലാഭമായിരുന്നത് ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു.” ഫിലിപ്പിയർ 3 : 5 – 7**

ലോകപ്രകാരം എന്തെല്ലാം അഭിമാനിക്കാനുണ്ടെങ്കിലും

എല്ലാം പുറകിലേക്ക് മാറ്റി. എല്ലാം ചപ്പും ചവറുമായി കണക്കാക്കി. ഇതിനൊന്നും ഒരു വിലയുമില്ല. ഇന്ന് ക്രിസ്തു നിമിത്തം ഞാൻ ഭോഷനായിത്തീർന്നിരിക്കുന്നു! ക്രിസ്തുവിനു വേണ്ടി ഞാനൊരു മണ്ടനായിരിക്കുന്നു. അത് സെന്റ് പോളിന്റെ ഡിഗ്രി ആയിരുന്നു, 'FFCS' - Fool For Christ Sake! നെറ്റിയിൽ ഒരു പട്ടം കെട്ടിയിരിക്കുന്നു.

'ഇവൻ യഹോവയ്ക്ക് വിശുദ്ധം,' അതായിരുന്നു ജീവിതത്തിന്റെ ആദർശം.

പിന്നെ പിറകിൽ എഴുതിവച്ചിരിക്കുന്നു, Fool For Christ Sake! ക്രിസ്തുവിനുവേണ്ടി മണ്ടനായ മനുഷ്യൻ! അപ്പൊസ്തലന് ഇതെല്ലാം തുറന്ന് പറയാൻ മടിയില്ല. അപ്പൊസ്തലൻ പറയുകയാണ്: എനിക്ക് ആകെയുള്ള സമ്പത്ത് ക്രിസ്തു എന്നെ സ്നേഹിക്കുന്നു എന്നുള്ളത് മാത്രം.

സഹോദരങ്ങളേ, നിങ്ങളുടേത് എത്ര വലിയ പുരാതന കുടുംബമായാലും ശരി, അച്ചന്മാരും മെത്രാച്ചന്മാരുമുള്ള കുടുംബമായാലും ശരി, അല്ല നിങ്ങൾ വലിയ രാഷ്ട്രീയ നേതാക്കന്മാരുള്ള കുടുംബമായാലും ശരി, നിങ്ങൾക്ക് എന്തെല്ലാം പ്രൗഢികളും പ്രതാപങ്ങളുമുണ്ടെങ്കിലും ശരി, നിങ്ങൾ ഓർത്തുകൊള്ളണം: ഞാൻ എല്ലാം പൂജ്യം. കർത്താവേ, നീ എന്നെ സ്നേഹിച്ചു എന്നുള്ളതാണ് എന്റെ സ്വത്ത്. എന്നോട് നിനക്ക് കരുണതോന്നി എന്നുള്ളതാണ് എന്റെ ധനം. എന്റെ നീചാവസ്ഥയിൽ നീ എന്നെ പിടികൂടി എന്നുള്ളതാണ് എന്റെ സ്വത്ത്.

ഞാൻ ഒന്നും അറിയാതിരുന്ന സമയത്ത്, ആത്മീയം എന്താണെന്നുപോലും അറിയാതിരുന്ന സമയത്ത് നീ എന്നെ സ്നേഹിച്ച് എന്റെ പിന്നാലെ നടന്നുനടന്ന് എന്നെ ചാടിപ്പിടിച്ചു. ഇതെല്ലാം ഞാൻ അനുഭവിച്ച കാര്യങ്ങളാണ്. എത്രയോ കാലം കർത്താവ് എന്റെ പിറകേ നടന്നു. ഞാൻ കരഞ്ഞ് വിഷാദിച്ചു നടന്നപ്പോൾ കർത്താവ് എന്റെ പിറകേ

ഉണ്ടായിരുന്നു, ഞാൻ അറിഞ്ഞില്ല.

ഞാൻ അപ്പനില്ലാത്ത മോനാണ് എന്ന് പറഞ്ഞപ്പോൾ കർത്താവ് കൂടെ ഉണ്ടായിരുന്നു. മ്ലാനമുഖത്തോടെ ഞാനും എന്റെ അമ്മയും പെങ്ങളും മുഖത്തോട് മുഖം നോക്കിയിരുന്നപ്പോൾ കർത്താവ് അതെല്ലാം നോക്കിക്കൊണ്ട് നിശബ്ദനായി നിൽക്കുകയായിരുന്നു.

തക്കസമയം കിട്ടാൻ കാത്തിരിക്കുകയായിരുന്നു. 17–ാമത്തെ വയസ്സിൽ ആ സ്നേഹമെന്നെ കടന്നുപിടിച്ചു. ഞാൻ പ്രാർത്ഥിച്ചില്ല. ഞാൻ ആവശ്യക്കാരനായിരുന്നില്ല. കാരണം, എന്റെ നോട്ടത്തിൽ ഞാൻ നീതിമാനായിരുന്നു. അതുകൊണ്ട് ഞാൻ അപേക്ഷിച്ചില്ല.

നീ എന്റെ ഹൃദയത്തിലേക്ക് വരണമെന്ന് ഞാൻ പ്രാർത്ഥിച്ചില്ല. കാരണം, ഞാനൊരു പരീശനെപ്പോലെയായിരുന്നു. ഇന്ന് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു. അന്ന് അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാർ പ്രാർത്ഥിക്കുമ്പോൾ എനിക്ക് പുച്ഛമായിരുന്നു. തനത് പ്രാർത്ഥന എനിക്ക് ഇഷ്ടമായിരുന്നില്ല. ഞാൻ ഉള്ളിൽ ഒരു മഹാനീതിമാനായിട്ടിരിക്കുകയായിരുന്നു. എന്നാൽ എന്നെനോക്കി കരഞ്ഞുകൊണ്ടിരുന്ന കർത്താവ് എന്നെ ചാടിപ്പിടിച്ചു. കർത്താവിന് എന്നോട് മനസ്സലിവ് തോന്നി.

ഇന്ന് നിങ്ങൾക്ക് യേശുവിന്റെ കൈയിലേക്ക് പിടികൊടുക്കാൻ പറ്റുമോ? യേശുവേ, നാളുകൾ നീയെന്റെ പിറകേ നടന്നല്ലോ. എന്നെ ഒന്ന് പിടികൂടാൻ തക്കസമയം നോക്കി നീ കാത്തുനിൽക്കുകയായിരുന്നല്ലോ. കർത്താവേ, ഇപ്പോൾ തന്നെ നിന്റെ ആണിപ്പാടുള്ള കരം എന്നെ പിടിക്കണമേ. നിന്റെ മുറിഞ്ഞ മാറിലേക്ക് എന്നെ അണയ്ക്കണമേ. നിന്റെ തിരുരക്തം എന്റെ സിരകളിലൂടെ ഒഴുകുവാൻ മനസ്സലിയണേ.

കർത്താവേ, ഇത്രയും കാലം ഞാൻ പാഴാക്കിക്കളഞ്ഞു. എന്റെ പിന്നാലെ യാചകനെപ്പോലെ നടന്ന യേശുവിനെ

ഞാൻ കണ്ടില്ല. നിനക്ക് ഞാൻ അഭയം തന്നില്ല. എന്റെ ഹൃദയത്തിൽ തല ചായ്ക്കാൻ ഞാൻ നിനക്ക് ഇടം തന്നില്ല.

നല്ലകാലങ്ങളെല്ലാം നഷ്ടപ്പെട്ടുപോയി. ഇനിയുള്ള കാലം ഓരോ നിമിഷവും യേശുനാഥാ, നിനക്കുവേണ്ടി മാത്രം ഞാനിതാ അർപ്പണം ചെയ്യുന്നു. ഈ ആയുസ്സ് നിനക്കുവേണ്ടി സമ്പൂർണ്ണമായി വേർതിരിക്കപ്പെടുവാൻ കൊതിച്ചുകൊണ്ട് നിന്റെ കുരിശിൻ ചുവട്ടിൽ ഞാനിതാ വീഴുന്നു.

നിന്റെ മുറിഞ്ഞപാദത്തിലേക്ക് വന്ന് ആ പാദം ഞാൻ കെട്ടിപ്പിടിക്കുന്നു. Self-righteousness-നോട്, സ്വയനീതിയോട് ഞാനിതാ യാത്രപറയുന്നു. കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചുവീശി എന്നെ തകർത്തുകളയുന്ന 'സ്വയനീതിയെ' നീയിപ്പോൾ തകർത്ത് തരണമേ.

എന്റെ സ്വയനീതിയെ തകർത്തുകളഞ്ഞ് നീയെന്നെ വിശുദ്ധീകരിക്കണമേ.

# പത്ത്

**“എന്റെ ധനം വളരെയായിരിക്കകൊണ്ടും എന്റെ കൈ അധികം സമ്പാദിച്ചിരിക്കകൊണ്ടും ഞാൻ സന്തോഷിച്ചുവെങ്കിൽ, സൂര്യൻ പ്രകാശിക്കുന്നതോ ചന്ദ്രൻ ശോഭയോടെ ഗമിക്കുന്നതോ കണ്ടിട്ട് എന്റെ ഹൃദയം ഗൂഢമായി വശീകരിക്കപ്പെടുകയും എന്റെ വായ് എന്റെ കൈയെ ചുംബിക്കയും ചെയ്തുവെങ്കിൽ, അത് ന്യായാധിപന്മാർ ശിക്ഷിക്കേണ്ടുന്ന കുറ്റം അത്രെ; അതിനാൽ ഉയരത്തിലെ ദൈവത്തെ ഞാൻ നിഷേധിച്ചു എന്നു വരുമല്ലോ.”** **ഇയ്യോബ് 31 : 25 – 28**

ദൈവത്തിന്റെ സന്നിധിയിൽ സംസാരിക്കാൻ തുടങ്ങിയപ്പോൾ ഇയ്യോബ് പറഞ്ഞതെല്ലാം സ്വന്തം ന്യായീകരണങ്ങളാണ്. Tempest of self-righteousness!

ഇയ്യോബ് പറയുകയാണ്: ഒത്തിരി സ്വത്തുണ്ട് എന്നുവച്ച് ഞാൻ സന്തോഷിച്ചില്ല. ഞാൻ ഒത്തിരി ധനികനാണെന്നൊന്നും എനിക്ക് തോന്നിയിട്ടില്ല. അത് ഒരു കുറ്റമായി പറയത്തക്കവണ്ണം എന്റെ കൈയിൽ ഇല്ല.

ഞാൻ സമ്പാദിച്ചതെല്ലാം വളരെ ആനന്ദമോ അഭിമാനമോ ആയി ഞാൻ എന്റെ കൈയെ ചുംബിച്ചുവെങ്കിൽ, എനിക്ക് കിട്ടിയ ധനത്തിന്റെ സമൃദ്ധിയിൽ ഞാൻ ചുംബിച്ചുവെങ്കിൽ എനിക്ക് ശിക്ഷ കിട്ടേണ്ട കുറ്റമാണ്. അങ്ങനെയൊക്കെ ചെയ്തെങ്കിൽ എനിക്ക് തന്ന ദൈവത്തെ ഞാൻ നിഷേധിക്കുകയാണ്. എന്നാൽ ഒന്നിലും എനിക്ക് പ്രശംസ ഉണ്ടായിട്ടില്ല.

**‘‘എന്റെ വൈരിയുടെ നാശത്തിങ്കൽ ഞാൻ സന്തോഷിക്കയോ, അവന്റെ അനർത്ഥത്തിങ്കൽ ഞാൻ**

**നിഗളിക്കയോ ചെയ്തു എങ്കിൽ – അവന്റെ പ്രാണനാശം ഇച്ഛിച്ചു ഞാൻ ശാപം ചൊല്ലി പാപം ചെയ്‌വാൻ എന്റെ വായെ ഒരിക്കലും സമ്മതിച്ചിട്ടില്ല – അവന്റെ മേശയ്ക്കൽ മാംസം തിന്നു തൃപ്തി വരാത്തവർ ആർ എന്നിങ്ങനെ എന്റെ കൂടാരത്തിലെ ആളുകൾ പറഞ്ഞില്ലെങ്കിൽ – പരദേശി തെരുവീഥിയിൽ രാപ്പാർക്കേണ്ടി വന്നിട്ടില്ല; വഴിപോക്കന്നു ഞാൻ എന്റെ വാതിൽ തുറന്നു കൊടുത്തു – ഞാൻ ആദാമിനെപ്പോലെ എന്റെ ലംഘനം മൂടി എന്റെ അകൃത്യം മാർവ്വിടത്ത് മറച്ചുവെച്ചെങ്കിൽ, മഹാപുരുഷാരത്തെ ശങ്കിക്ക കൊണ്ടും വംശക്കാരുടെ നിന്ദ എന്നെ ഭ്രമിപ്പിക്ക കൊണ്ടും ഞാൻ വാതിലിന്നു പുറത്തിറങ്ങാതെ മിണ്ടാതിരുന്നു എങ്കിൽ – അയ്യോ, എന്റെ സങ്കടം കേൾക്കുന്നവൻ ഉണ്ടായിരുന്നുവെങ്കിൽ കൊള്ളായിരുന്നു!" ഇയ്യോബ് 31 : 29 – 35**

എന്റെ വൈരിക്ക് ദോഷം വരണമെന്ന് ഞാൻ ആഗ്രഹിച്ചിട്ടില്ല. എനിക്ക് നിഷ്ക്കളങ്കസ്നേഹം മാത്രമായിരുന്നു. തന്നെയുമല്ല, ഞാൻ ആരെയും ശപിച്ചിട്ടില്ല. പ്രാകിയിട്ടില്ല. എന്റെ വായ് അങ്ങനെ ഒരു ശാപവാക്ക് ഉച്ചരിക്കാൻ ഞാൻ വിട്ടുകൊടുത്തിട്ടില്ല. എന്റെ ഊണുമേശയിൽ ഞാൻ അനേകർക്ക് വിഭവസമൃദ്ധമായ സദ്യ കൊടുത്തവനാണ്. ഇത് ആളുകൾ കാണത്തക്കവണ്ണം അഭിമാനകരമായ ഒരു നേട്ടമാണ്.

ആദാമിനെപ്പോലെ എന്റെ അകൃത്യം മറച്ചുവച്ചെങ്കിൽ അത് പാപമാകുമായിരുന്നു. എന്നാൽ ഞാൻ അത് ചെയ്തില്ല. എന്റെ സങ്കടം ദൈവം കേൾക്കുന്നില്ലായിരിക്കുമോ? ഇയ്യോബ് ഭാരപ്പെട്ട് ഞരങ്ങിക്കൊണ്ടാണ് പറയുന്നത്. എന്റെ ഭാര്യക്ക് എന്റെ തീവ്രമായ ദു:ഖം മനസ്സിലാകുന്നില്ല.

**"ഇതാ, എന്റെ ഒപ്പ്! സർവ്വശക്തൻ എനിക്കുത്തരം നൽകുമാറാകട്ടെ. എന്റെ പ്രതിയോഗി എഴുതിയ അന്യായരേഖ കിട്ടിയെങ്കിൽ കൊള്ളായിരുന്നു! അത് ഞാൻ എന്റെ ചുമലിൽ വഹിക്കുമായിരുന്നു; ഒരു മകുടമായിട്ട് അത് അണിയുമായിരുന്നു.**

**എന്റെ കാലടികളുടെ എണ്ണം ഞാൻ അവനെ ബോധിപ്പിക്കും; ഒരു പ്രഭു എന്നപോലെ ഞാൻ അവനോട് അടുക്കും. എന്റെ നിലം എന്റെ നേരെ നിലവിളിക്കയോ അതിന്റെ ഉഴച്ചാലുകൾ ഒന്നിച്ചു കരകയോ ചെയ്തുവെങ്കിൽ, വില കൊടുക്കാതെ ഞാൻ അതിന്റെ വിളവ് തിന്നുകയോ അതിന്റെ ഉടമക്കാരുടെ പ്രാണൻ പോകുവാൻ സംഗതിയാക്കുകയോ ചെയ്തു എങ്കിൽ, കോതമ്പിനു പകരം കാരമുള്ളും യവത്തിനു പകരം കളയും മുളച്ചുവളരട്ടെ.” ഇയ്യോബ് 31 : 35 – 40**

ഇതാ ഞാൻ ഒപ്പിട്ടു പറയുന്നു. സർവ്വശക്തൻ എനിക്ക് ഉത്തരം തരിക. ഇതിലേതെങ്കിലും തെറ്റ് എനിക്ക് വന്നുവോ? സർവ്വശക്തൻ തന്റെ ഒപ്പ്, ഈ പ്രമാണത്തിൽ ഇട്ടുതരട്ടെ. ഇല്ല. ഒരിക്കലും എനിക്ക് തെറ്റ് പറ്റിയിട്ടില്ല.

എന്റെ പ്രതിയോഗിയായ പിശാച് എനിക്കെതിരെ എഴുതിയ രേഖ ഒന്ന് കിട്ടിയാൽ കൊള്ളായിരുന്നു. അവന് ഒന്നും കിട്ടിയിട്ടില്ല. കാരണം, ഞാൻ നീതിമാനായിട്ടാണ് ജീവിച്ചത്. എന്റെ സ്നേഹിതന്മാർ പറയുന്നതുപോലെ ഞാൻ തെറ്റൊന്നും ചെയ്തിട്ടില്ല.

ഇയ്യോബ് തന്നെത്താൻ വാദിക്കുകയാണ്. ഇയ്യോബ് വെല്ലുവിളിച്ച് പറയുകയാണ്. എന്റെ കണ്ടത്തിൽ കൃഷി ചെയ്തപ്പോൾ എന്റെ നിലം എന്റെ നേരെ നിലവിളിക്കാൻ ഞാൻ ഇടവരുത്തിയിട്ടില്ല. ആരുടെയും വരമ്പ് വെട്ടിയെടുത്ത് സ്വന്തമാക്കാൻ ആഗ്രഹിച്ചിട്ടില്ല. ആരുടേയും സ്വത്ത് സ്വന്തമാക്കാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. ഇയ്യോബ് പറയുകയാണ്. അപരന്റെ സ്വത്ത് ഞാൻ തന്ത്രപൂർവ്വം കൈക്കലാക്കിയതാണെങ്കിൽ എന്റെ കണ്ടത്തിൽ കാരമുള്ള് വിരിയട്ടെ. മുള്ള് പതിയട്ടെ. സ്വയനീതിയുടെ ഒരു വലിയ കൊടുങ്കാറ്റ്.

നിങ്ങൾക്ക് സ്വയനീതിയില്ലേ? നിങ്ങൾക്ക് ചില അവകാശവാദങ്ങളില്ലേ? നിങ്ങൾക്ക് പറ്റിയ തെറ്റുകൾക്കു പോലും ചില ന്യായങ്ങൾ നിങ്ങൾ കണ്ടെത്തുന്നില്ലേ? എനിക്ക്

തെറ്റൊന്നും പറ്റിയിട്ടില്ല എന്ന അവകാശവാദം. ചിലർ എന്നെ കുറ്റം പറയുന്നു എന്നേയുള്ളൂ എന്ന മനോഭാവം.

നമ്മളെക്കുറിച്ച് ഒരുപക്ഷേ ദുഷ്ടലാക്കോടുകൂടി ഒരാൾ കുറ്റം പറഞ്ഞാൽ നാം ഒന്നും പ്രതികരിക്കാതെ തന്നെത്താനിരുന്ന് ശോധന ചെയ്യണം. ഇതിൽ എന്തെങ്കിലും വാസ്തവമുണ്ടെങ്കിൽ അത് എന്നിൽനിന്നും പറിഞ്ഞുപോകട്ടെ, കർത്താവേ, നീ അത് മാറ്റിത്തരണമേ, എനിക്കത് ഓർമ്മ തരണമേ എന്നു പ്രാർത്ഥിക്കണം.

ഏതെങ്കിലും കാര്യത്തിൽ എനിക്കൊരു വീഴ്ച പറ്റിയോ? കർത്താവേ, എന്നെക്കുറിച്ച് അത്രയും ക്രൂരമായി പറയാൻ ഇടവന്നല്ലോ. അതാണ് 'പോസിറ്റീവായിട്ട്' എടുക്കുക എന്ന് പറയുന്നത്. അങ്ങനെ നോക്കുമ്പോൾ ചിലത് പിടികിട്ടും. കിട്ടുമ്പോൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാം.

ഇത് എന്നെ നശിപ്പിക്കുന്ന പാപമാണ്, ഒരിക്കലും ഞാൻ ഇതിന് വളംവച്ചു കൊടുക്കുകയില്ല എന്ന് തീരുമാനിച്ച് നമുക്ക് അതിനോട് എതിർത്തു നിൽക്കാൻ പറ്റും. എളിമ എന്നുള്ളത് വിശ്വാസിയുടെ ആഭരണമാണ്. സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്നുള്ള അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ! ക്ഷയിക്കാത്ത ആഭരണം സൗമ്യതയും സാവധാനതയുമാണ്.

എന്തുകൊണ്ടാണ് വീട്ടിൽ വഴക്കുണ്ടാകുന്നത്? സൗമ്യതയില്ല, താഴ്മയില്ല, വിനയപ്പെടാൻ പറ്റുന്നില്ല. ഭാര്യ, ഭർത്താവ് പറയുന്ന വാക്കിന് വിനയപ്പെടുന്നില്ല. ഭാര്യയുടെ വാക്കിന് ഭർത്താവ് വില കൊടുക്കുന്നില്ല.

ഭാര്യ സ്ത്രീയാണ് പക്ഷേ, അവൾ ഭർത്താവിന്റെ അടിമയല്ല. ഭാര്യയെ ഒരിക്കലും അടിമയായി കാണരുത്. ഭാര്യ പറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ എന്ന് നോക്കണം. അവിടെ ഈർഷ്യപ്പെടരുത്. നീരസം വരരുത്.

ഭാര്യ ഒരു വാക്ക് പറഞ്ഞാൽ കൈക്കൊള്ളുക. സ്വീകരി

ക്കുക. ഭാര്യയെ ബഹുമാനിക്കുക. പല പുരുഷന്മാരും ഭാര്യയെ ബഹുമാനിക്കുന്നില്ല. ഒരു വേലക്കാരിയെപ്പോലെ കാണുകയാണ്. ഭാര്യയുടെ വ്യക്തിത്വത്തെ ബഹുമാനത്തോടെ കാണണം.

വേദപുസ്തകപ്രകാരം ഭാര്യ ഭർത്താവിനെ അനുസരിക്കണം, ഭാര്യ ഭർത്താവിന് കീഴ്പ്പെടണം, ഭാര്യ ഭർത്താവിനെ ഭയപ്പെടണം.

ഭർത്താവ് ഭാര്യയെ സ്നേഹിക്കണം, ഭർത്താവ് ഭാര്യയെ കരുതണം, ഭർത്താവ് ഭാര്യയെ ബഹുമാനിക്കണം. അവിടെയാണ് കുഴപ്പം. പറയുന്നതെല്ലാം അനുസരിക്കാനുള്ള ഒരു പാവ പോലെയാണ് പലരും ഭാര്യയെ കണക്കാക്കുന്നത്. അങ്ങനെയാകരുത്.

എളിമ വരണം. Self-righteousness പാടില്ല. സ്വന്തമായ നീതി പാടില്ല. ഞാൻ നീതിമാനാണെന്നുള്ള ഭാവം പാടില്ല. ഞാൻ പറയുന്നതെല്ലാം ശരി എന്ന് ഭാവിക്കരുത്. ഞാൻ തിരുത്താൻ തയ്യാറാണ് എന്നുള്ളതായിരിക്കണം എന്റെ മനോഭാവം.

എപ്പോഴും നാം ചിന്തിക്കണം എനിക്ക് തിരുത്താൻ വല്ലതും ഉണ്ടോ? ഉണ്ടെങ്കിൽ തിരുത്തണം. ഇല്ലെങ്കിൽ ദൈവാത്മാവ് നമ്മിൽനിന്നും മാറിപ്പോകും. അതുകൊണ്ട് നാം തിരുത്താൻ മനസ്സുള്ളവരായിരിക്കണം.

**"അനന്തരം യഹോവ ചുഴലിക്കാറ്റിൽനിന്നു ഇയ്യോബിനോട് ഉത്തരം അരുളിച്ചെയ്തതെന്തെന്നാൽ: അറിവില്ലാത്ത വാക്കുകളാൽ ആലോചനയെ ഇരുളാക്കുന്നോരിവനാർ? നീ പുരുഷനെപ്പോലെ അര മുറുക്കിക്കൊൾക; ഞാൻ നിന്നോടു ചോദിക്കും; എന്നോട് ഉത്തരം പറക." ഇയ്യോബ് 38 : 1 – 3**

വീണ്ടും അടുത്ത ചുഴലിക്കാറ്റ്. സ്വയനീതി വന്നപ്പോഴാണ് ദൈവത്തിന്റെ ശബ്ദം വന്നത്.

5. The tempest of Divine Word of God. ദൈവത്തിന്റെ വചനത്തിന്റെ കൊടുങ്കാറ്റ്!

ഇയ്യോബിന്റെ വാദങ്ങളെല്ലാം കേട്ടുകൊണ്ട് ദൈവം നിൽക്കുകയായിരുന്നു. ഇയ്യോബിന്റെ അവകാശവാദങ്ങളും നീതീകരണങ്ങളും എല്ലാം കർത്താവ് കേൾക്കുന്നുണ്ടായിരുന്നു.

കർത്താവ് ചുഴലിക്കാറ്റിൽ പ്രത്യക്ഷപ്പെട്ടു. ദൈവത്തിന്റെ വചനത്തിന്റെ കൊടുങ്കാറ്റ് വീശി. എന്തെല്ലാം നൂലാമാലകൾ ഉണ്ടെങ്കിലും ഏതെല്ലാം തരത്തിലുള്ള അലങ്കോലങ്ങൾ ഉണ്ടെങ്കിലും ഈ വചനത്തിന്റെ കൊടുങ്കാറ്റ് വീശിയാൽ താഴും. വചനത്തിന്റെ കൊടുങ്കാറ്റ് വീശിയാൽ നാം വീഴും.

ഈ വചനം നിങ്ങളെ വീഴിക്കണം. വചനം നിങ്ങളെ കുനിയിക്കണം. വചനത്തിന്റെ മുമ്പിൽ താഴണം.

**"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതുവാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു. അവന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്ന് നഗ്നവും മലർന്നതുമായി കിടക്കുന്നു."**

**എബ്രായർ 4 : 12, 13**

എല്ലാം കർത്താവിനറിയാം. അവൻ ഉൾപ്പൂവുകളെ ശോധന ചെയ്യുന്നവനാണ്. ഹൃദയങ്ങളെ തൂക്കിനോക്കുന്നവനാണ്. അവൻ രഹസ്യവും പരസ്യവും അറിയുന്നു. സ്നേഹിതാ, നീ ഈ ഭൂമിയിൽ പിറന്നതിന് ദൈവത്തിന് ഉദ്ദേശ്യമുണ്ട്. ജീവനുള്ള ദൈവത്തിന് നിന്നെ ചില കാര്യങ്ങൾ ഏല്പിക്കാനുണ്ട്. നിന്നിൽക്കൂടി ചില കാര്യങ്ങൾ നിവർത്തിക്കാനുണ്ട്. നിന്നിൽക്കൂടി മാത്രമേ നിവർത്തിക്കാൻ പറ്റുകയുള്ളൂ.

മോനേ, നീ ഒരാളിൽനിന്നുകൊണ്ട് ചില കാര്യങ്ങൾ ചെയ്യാൻ പദ്ധതിയുണ്ട്. നീ നിന്നുകൊടുത്തില്ലെങ്കിൽ കർത്താവിന്റെ പദ്ധതികൾ പാളിപ്പോകും. പിശാച് ജയിക്കും. ഒരിക്കലും അതിനിടകൊടുക്കരുത്. കർത്താവേ, ഇത്രയും

വർഷം നീ എന്നെ ഈ ഭൂമിയിൽ പരിപാലിച്ചു. എനിക്ക് ആത്മീയവും ഭൗതികവുമായ നഷ്ടങ്ങൾ വരുത്താൻ പിശാച് നോക്കിക്കൊണ്ടിരുന്നു. എന്നാൽ നീ എനിക്കുവേണ്ടി കരുതി. അതുകൊണ്ട് ഇത്രയും കാലം ഞാൻ ജീവിച്ചു.

നീ എനിക്ക് ആയുസ്സ് നീട്ടിത്തന്നു. നീ എന്നെ ഈ ഭൂമിയിലേക്ക് പറഞ്ഞുവിട്ടപ്പോൾ എന്തെല്ലാം എന്നെക്കുറിച്ച് പ്രതീക്ഷിച്ചുവോ ആ പ്രതീക്ഷകളെല്ലാം നിറവേറ്റുവാൻ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു.

ചുഴലിക്കാറ്റിൽ ദൈവം ഇയ്യോബിനോട് സംസാരിച്ചു. ചുഴലിക്കാറ്റ് വന്നപ്പോൾ ഇയ്യോബ് പയ്യെ ഒന്ന് പുഞ്ചിരിച്ചു എന്നു തോന്നുന്നു. എന്താണ് പുഞ്ചിരിക്കാൻ കാരണം? ഇനി എന്താണ് പോകാനുള്ളത്? എല്ലാം പോയില്ലേ? ഉള്ളിൽനിന്ന് വന്ന വിതുമ്പലിന്റെ വേറെ ഒരു ഛായ, ഒരു പുഞ്ചിരി!

ഇയ്യോബ് കൈയിലിരുന്ന ഓട്ടുകഷണം മുറുകെ പിടിച്ചു. ഇത് പോയാൽ ചൊറിച്ചിൽ മാറ്റാൻ, ചുരണ്ടാൻ എന്തു ചെയ്യും? ഇയ്യോബ് ആ ഓട്ടുകഷണം മുറുകെപിടിച്ചുകൊണ്ട് നിന്നു. കർത്താവ് ചുഴലിക്കാറ്റിൽ ഇയ്യോബിനോട് സംസാരിച്ചു.

ചുഴലിക്കാറ്റിൽ പതറി ഇരിക്കുന്നവരോട് കർത്താവ് പറയുകയാണ്: മക്കളേ, നിങ്ങൾ പതറണ്ട. നിങ്ങളുടെ ജീവിതത്തിലെ ചുഴലിക്കാറ്റുകളെ ശാന്തനാക്കാൻ ഞാൻ മതിയായവനാണ്. നിങ്ങളുടെ കൊടുങ്കാറ്റിനെ ശാന്തമാക്കാൻ ഞാൻ മതിയായവനാണ്.

നിന്റെ നിരാശയും കുടുംബത്തിലെ അലോഹ്യവും മാറ്റാൻ ഞാൻ മതിയായവനാണ്. നിന്റെ മക്കളുടെ ദു:സ്വഭാവം മാറ്റാൻ ഞാൻ മതിയായവനാണ്. നിങ്ങൾ കുരിശിൽ പിടയുന്ന എന്നെ നോക്കൂ. എന്നെ കണ്ടാൽ നിങ്ങൾക്ക് ആശ്വാസം കിട്ടും.

ഇയ്യോബ് പറയുകയാണ്: “എന്നെ വീണ്ടെടുക്കുന്നവൻ

ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു." (ഇയ്യോബ് 19 : 25) എനിക്കറിയാം എനിക്കൊരു വീണ്ടെടുപ്പുകാരനുണ്ട്. അവൻ ജീവിച്ചിരിക്കുന്നു. അവൻ ഒരു ദിവസം ഈ മണ്ണിലേക്ക് ഇറങ്ങിവരും എന്ന് ഞാൻ വിശ്വസിക്കുന്നു.

ആ ഒരു വലിയ ധൈര്യം ഇയ്യോബിനുണ്ട്. എങ്കിലും ഇയ്യോബ് പിന്നെയും പിന്നെയും ചിന്തിക്കുകയാണ്: എന്നാലും എനിക്കെന്താണ് ഇങ്ങനെ വന്നത്?

അനുഗ്രഹത്തിന്റെ പടവുകൾ തുടങ്ങാൻ പോവുകയാണ്.

ദൈവം ഇയ്യോബിനോട് പറയുകയാണ്. ഞാൻ നിന്നോട് ചില കാര്യങ്ങൾ ചോദിക്കാൻ പോവുകയാണ്. നീ നീതിമാനാണെന്നുള്ള കാര്യങ്ങളൊക്കെ അഹങ്കാരത്തോടെ, നിഗളത്തോടെ പലതും സംസാരിച്ചല്ലോ. ഞാൻ ചോദിക്കാം, നീ ഉത്തരം പറക:

**"ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കു വിവേകമുണ്ടെങ്കിൽ പ്രസ്താവിക്ക. അതിന്റെ അളവ് നിയമിച്ചവൻ ആർ? നീ അറിയുന്നുവോ? അല്ല, അതിന് അളവുനൂൽ പിടിച്ചവനാർ?" ഇയ്യോബ് 38 : 4, 5**

നീ ആരോടാണ് മത്സരിച്ചത്? ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നീ ഏതാനും വർഷങ്ങൾ മാത്രം ജീവിക്കുന്ന ഒരു മനുഷ്യൻ. ഞാനോ നിത്യനായ ദൈവം! ഈ ഭൂമിക്ക് അളവ് നിശ്ചയിച്ചവൻ ആര്? നിനക്കറിയാൻ പാടില്ലല്ലോ.

നീ കുറച്ച് ഫിസിക്സ് പഠിച്ചു. അല്ലെങ്കിൽ കെമിസ്ട്രി പഠിച്ചു. നീ ഒരു വലിയ ശാസ്ത്രജ്ഞനെപ്പോലെ ആയി. എന്തറിഞ്ഞിട്ടാണ് നീ ശാസ്ത്രജ്ഞനാകുന്നത്? നീ എന്തറിഞ്ഞിട്ടാണ് ഈ ഗംഭീരമായ കാര്യങ്ങൾ പറയുന്നത്? നീ ഒന്നും ആയില്ല.

പ്രിയപ്പെട്ടവരേ, നാം ആത്മാവിൽ വളരുക എന്ന് പറഞ്ഞാൽ ആളത്വത്തിൽ എളിയവനായിത്തീരുക എന്നാണ്. താണുതാണ് വരിക. എപ്പോഴും ആരുടേയും ഉപദേശം സ്വീകരിപ്പാൻ സന്നദ്ധതയുണ്ടായിരിക്കുക. അതാണ് ഒരു ദൈവപൈതലിന്റെ ലക്ഷണം. ദൈവം വീണ്ടും ഇയ്യോബിനോട് ചോദിക്കുകയാണ്:

**“പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കയും ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർക്കുകയും ചെയ്തപ്പോൾ അതിന്റെ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു? അല്ല, അതിന്റെ മൂലക്കല്ലിട്ടവൻ ആർ? ഗർഭത്തിൽ നിന്ന് എന്നപോലെ സമുദ്രം ചാടിപുറപ്പെട്ടപ്പോൾ അതിനെ കതകുകളാൽ അടച്ചവൻ ആർ?”**

**ഇയ്യോബ് 38 : 6 – 8**

ഈ ബഹിരാകാശത്ത് കോടാനുകോടി നക്ഷത്രങ്ങളുണ്ട്. അതിൽ ഒരു നക്ഷത്രം മാത്രമാണ് സൂര്യൻ. ആ സൂര്യനെ ചുറ്റുന്ന ഒരു ഗ്രഹമാണ് ഭൂമി. ഭൂമിയോട് ചേർന്ന് വരുന്ന ഒരു ഉപഗ്രഹം മാത്രമാണ് ചന്ദ്രൻ. ദൈവം ചോദിക്കുകയാണ്:

ഇതെല്ലാം നിർമ്മിച്ചപ്പോൾ നീ എവിടെയായിരുന്നു? നിനക്ക് വല്ലതും അറിയാമോ? അതിന്റെ മൂലക്കല്ലിട്ടവൻ ആര്? ദൈവം സമുദ്രത്തിന് അതിരിട്ടു. ഇയ്യോബിനോട് ദൈവത്തിന്റെ ആത്മാവ് ശക്തമായി വാദിക്കുകയാണ്.

6. The Tempest of Deep Repentence.

ഇത് കേൾക്കുമ്പോഴാണ് ഇയ്യോബിന് ആഴമേറിയ അനുതാപം വരുന്നത്. അയ്യോ, ഞാൻ അറിവില്ലാതെ എന്തൊക്കെയോ പറഞ്ഞു പോയി കർത്താവേ, എനിക്ക് അബദ്ധം പറ്റിപ്പോയല്ലോ. ഇയ്യോബ് തകർന്നു.

നിങ്ങളുടെ ന്യായീകരണങ്ങളെല്ലാം മാറ്റിവയ്ക്കുക. അവകാശവാദങ്ങളെല്ലാം മാറ്റിവയ്ക്കുക. നിങ്ങൾ എന്തെല്ലാം നേടി എന്നുള്ളതെല്ലാം മാറ്റിവയ്ക്കുക.

നിങ്ങൾക്ക് ഒരു പക്ഷേ, ഉയർന്ന ഡിഗ്രി കിട്ടിക്കാണും, നല്ലത്. നല്ല ഉയർന്ന ഉദ്യോഗം കിട്ടിക്കാണും, നല്ലത്. പക്ഷേ, ഇതിലൊന്നിലും അഭിമാനിക്കാനില്ല. ദൈവം ചോദിക്കുകയാണ്: നിനക്ക് എന്തറിയാം?

ഇന്ന് നിങ്ങൾ മനസ്സിലാക്കൂ. നിത്യന്യായാധിപതിയായ കർത്താവിന്റെ മുമ്പിൽ ന്യായീകരണങ്ങളൊന്നും വിലപ്പോവുകയില്ല. എന്റെ അവകാശവാദങ്ങളും വിലപ്പോവുകയില്ല. കർത്താവേ, ഇപ്പോൾ ഞാനിതാ തിരുമുമ്പാകെ തകർന്ന പാപിയായി വരുന്നു. അനുതാപത്തോടെ വരുന്നു. കർത്താവേ, നീ എന്നോട് മനസ്സലിയണം. ഞാൻ ദൈവത്തോട് മത്സരിച്ചു. ഞാൻ അറിവില്ലാതെ ചിലതെല്ലാം പറഞ്ഞുപോയി. നാഥാ, നീ എന്നോട് ക്ഷമിക്കണം. ഇങ്ങനെ നിങ്ങൾ ദൈവസന്നിധിയിൽ നിങ്ങളെത്തന്നെ താഴ്ത്തുക.

ദൈവം നമ്മോട് ഇടപെടുക! എന്തൊരു ഭാഗ്യമാണത്! ദൈവം നിങ്ങളുടെ പേര് പറഞ്ഞ് വിളിക്കുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ? അനേകം പ്രാവശ്യം കർത്താവ് എന്റെ പേരു പറഞ്ഞ് വിളിച്ച് എന്റെ അരികിലേക്ക് വന്നിട്ടുണ്ട്. ഞാൻ ആശങ്കാകുലനായി ഇരുന്നപ്പോൾ കർത്താവ്: “നീ എന്തിന് തളരുന്നു?” എന്നുപറഞ്ഞ് എന്റെ അരികിലേക്ക് വന്ന അനുഭവങ്ങളുണ്ട്.

നിങ്ങൾക്കും ഈ അനുഭവം കിട്ടും. നിങ്ങൾക്ക് വാസ്തവമായി ജീവിതത്തിൽ ഒരു ലാക്കുണ്ടായാൽ മതി. മരണത്തോളം ഒരു വിശുദ്ധനായി ഞാൻ ജീവിക്കും. ആ ഒരു തീരുമാനമുണ്ടായാൽ മാത്രം മതി.

ദൈവം ഇയ്യോബിനോട് നേരിട്ട് ഇടപെട്ടു. ചുഴലിക്കാറ്റിൽ നിന്നാണ് ആ ശബ്ദം കേട്ടത്. അത് ഗംഭീരശബ്ദമായിരുന്നു. ദൈവം സംസാരിച്ചു കഴിഞ്ഞപ്പോൾ ഇയ്യോബ് ഉത്തരം പറഞ്ഞു.

**“അതിന് ഇയ്യോബ് യഹോവയോട് ഉത്തരം പറഞ്ഞത്: നിനക്ക് സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശ്യമൊന്നും**

**അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു. അറിവുകൂടാതെ ആലോചനയെ മറിച്ചുകളയുന്നോരിവനാർ? അങ്ങനെ എനിക്കറിഞ്ഞുകൂടാതവണ്ണം അത്ഭുതമേറിയത് ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി. കേൾക്കേണമേ; ഞാൻ സംസാരിക്കും; ഞാൻ നിന്നോട് ചോദിക്കും; എന്നെ ഗ്രഹിപ്പിക്കേണമേ. ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നേ വെറുത്തു പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു."**

**ഇയ്യോബ് 42 : 1 – 6**

ഇയ്യോബ് പറയുകയാണ്: എനിക്ക് മനസ്സിലായി, നിനക്ക് എന്തും ചെയ്യാൻ സാധിക്കും. നിന്നെ തടയാൻ ആർക്കും സാദ്ധ്യമല്ല. നിന്റെ ദൈവികത്വത്തെ നിരസിച്ചത് ഞാനാണ്. എനിക്ക് അബദ്ധം പറ്റിപ്പോയി. കർത്താവേ, എനിക്കൊട്ടും അറിയാൻ പാടില്ലാത്ത കാര്യങ്ങൾ ഞാൻ പറഞ്ഞുപോയി.

എനിക്ക് മനസ്സിലാകാത്ത കാര്യങ്ങൾ പോലും ഞാൻ പറഞ്ഞുപോയി. എന്നാൽ ഇപ്പോൾ ഞാൻ പറയുന്നു: കർത്താവേ, മുമ്പ് നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ ഞാൻ കേട്ടിരുന്നുള്ളൂ. ഇപ്പോൾ ഞാൻ നിന്നെ നേരിട്ട് കാണുന്നു. ചുഴലിക്കാറ്റിൽ പറന്നുവന്ന നിത്യനായ ദൈവത്തെ ഇപ്പോൾ ഞാൻ കാണുന്നു. കർത്താവേ, ഞാൻ എന്നെത്തന്നെ വെറുത്ത് രട്ടിലും വെണ്ണീറിലും കിടന്ന് അനുതപിക്കുന്നു.

ഇയ്യോബ് ദൈവത്തെ നേരിട്ട് കണ്ടു. ഈ deep repentance വന്നതാണ് ഇയ്യോബിന്റെ അനുഗ്രഹങ്ങൾക്കെല്ലാം കാരണം. നമ്മുടെ ജീവിതത്തിൽ കഴിഞ്ഞുപോയ കാലങ്ങളിലെ അഭിമാനകരമായ നേട്ടങ്ങൾ എന്തെല്ലാം ഉണ്ടായാലും അതെല്ലാം നിരസിച്ചു കളയുക. ദൈവത്തിന്റെ കൃപ! ദൈവത്തിന്റെ ദാനം! അത്രയേ ഉള്ളൂ.

നമുക്ക് ഒന്നിലും അഭിമാനിക്കാനില്ല. ദൈവം തന്നതല്ലാതെ

നമുക്ക് ഒന്നുമില്ല. എല്ലാം ദൈവം തന്നതാണ്. നമുക്ക് പരീക്ഷ എഴുതേണ്ട ദിവസം പെട്ടെന്ന് രോഗം വന്നാൽ പരീക്ഷ എഴുതുമായിരുന്നോ? ദൈവത്തിന്റെ കൈയല്ലേ ഇതുവരെയും നമ്മെ നടത്തിയത്? എനിക്ക് നല്ലതുപോലെ അറിയാം, എന്നെ നടത്തിയത് ആ അത്ഭുതകരങ്ങളാണ്. എനിക്ക് വിദ്യാഭ്യാസം തന്നത് ആ അത്ഭുതകരങ്ങളാണ്. എനിക്ക് ജോലി തന്നത് ആ അത്ഭുതകരങ്ങളാണ്.

എന്റെ കുഞ്ഞുങ്ങളെ പഠിപ്പിച്ചത് ആ അത്ഭുത കരങ്ങളാണ്. എനിക്ക് ഒന്നിലും അഭിമാനിക്കാൻ തോന്നിയിട്ടില്ല. കൃപ, കൃപ എന്ന് മാത്രമേ പറയാനുള്ളൂ. ഇന്നൊരു ദിവസം നീ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ ദൈവത്തിന്റെ കൃപ.

ഇന്ന് വൈകുന്നേരം അത്താഴം ഉണ്ണുന്നുണ്ടെങ്കിൽ ദൈവത്തിന്റെ കൃപ. നാളെ രാവിലെ എഴുന്നേൽക്കുന്നുണ്ടെ ങ്കിൽ ദൈവത്തിന്റെ കൃപ. ഞാൻ എന്താണോ അത് യേശുവിന്റെ കൃപയാൽ മാത്രമാണ്. യേശു തന്നതല്ലാതെ എനിക്കൊന്നുമില്ല എന്നുള്ള നല്ല ബോദ്ധ്യം എനിക്കുണ്ട്.

ഇന്നുള്ള എന്റെ ആരോഗ്യം കർത്താവ് തന്നതാണ്. രണ്ടരവർഷം മുമ്പ് ഞാൻ ഏതാണ്ട് മരണത്തെ മുഖാമുഖം കണ്ടതാണ്. ബൈപാസ് സർജറി കഴിഞ്ഞ് ഞാൻ അത്യാസന്ന മായി കിടക്കുകയായിരുന്നു. ഞാൻ എന്റെ ജീവിതത്തിൽ ദൈവത്തിന്റെ അത്ഭുതം കണ്ട മനുഷ്യനാണ്.

“ഞാൻ പലർക്കും ഒരത്ഭുതം ആയിരിക്കുന്നു” (സങ്കീർത്ത നങ്ങൾ 71 : 7)എന്ന് ദാവീദ് പറയും. അത് തന്നെയാണ് എന്റെ അവസ്ഥ. ഞാൻ പലർക്കും അത്ഭുതമാണ്. കോളേജിൽ പഠിക്കാതെ കോളേജിൽ പഠിപ്പിച്ചു, കോളേജിന്റെ പ്രിൻസിപ്പൽ ആയി. അത്ഭുതമല്ലേ?

എന്തുണ്ടോ അത് ദൈവത്തിന്റെ കൃപ. ഒരിക്കലും മറക്കരുത്. നിങ്ങൾക്ക് ആരോഗ്യമുണ്ടോ, സൗന്ദര്യമുണ്ടോ, ഭക്ഷണം കഴിക്കാൻ വകയുണ്ടോ, എല്ലാമെല്ലാം ദൈവത്തിന്റെ

കൃപ. ഞാനീ കൃപയിൽ ചാരുന്നു. ഈ കൃപയിൽ ഞാൻ ആശ്രയിക്കുന്നു.

നിങ്ങൾ ഈ ദൈവത്തെ മറക്കരുത്. നിങ്ങൾക്ക് എന്നെ മറക്കാം. പക്ഷേ, നിങ്ങളെ നടത്താൻ തൃക്കരം നീട്ടുന്ന യേശുവിനെ നിങ്ങൾ മറക്കരുത്. കുടുംബസമാധാനം തരുന്ന യേശു! കുടുംബം സ്വർഗ്ഗമാക്കിത്തരുന്ന യേശു!

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് deep repentance വരട്ടെ. അഗാധമായ പാപബോധം വരട്ടെ. ഒന്നിലും അഭിമാനിക്കാനില്ല എന്നുള്ള ചിന്ത വരട്ടെ.

ഇന്ന് നിങ്ങൾക്കീ കൃപ വേണമോ? യേശുക്രിസ്തുവിന്റെ കൃപയാൽ നിറയണമോ? കുടുംബം സ്വർഗ്ഗമായിത്തീരണമോ? നിങ്ങളുടെ വരണ്ടുപോയ ജീവിതത്തിന് പുതുനാമ്പ് കിളിർക്കണമോ? ഭാവി ശോഭനമായിത്തീരണമോ? യേശു നിങ്ങളുടെ ഹൃദയത്തിന്റെ വാതിലിൽ വന്ന് മുട്ടിക്കൊണ്ട് നിൽക്കുകയാണ്.

**‘‘നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു.”**

**1 പത്രോസ് 2 : 24**

അവൻ പാപം സംബന്ധിച്ചു മരിച്ചത് നാം ദൈവത്തിനു വേണ്ടി ജീവിക്കുവാനാണ്. അവൻ കുരിശിന്മേൽ കയറിയത് നാം പാപം സംബന്ധിച്ചു മരിക്കാനാണ്. പാപത്തിന് എന്നെ കിട്ടില്ല. മദ്യം എന്നെ തൊടില്ല. മദ്യാസക്തി വരികയില്ല. ചീത്ത പടങ്ങൾ ഞാൻ കാണുകയില്ല. അശുദ്ധ ബന്ധങ്ങളിലേക്ക് ഞാൻ പോവുകയില്ല. ദൈവസന്നിധിയിൽ വ്യക്തമായ തീരുമാനം നിങ്ങൾ എടുക്കുക. എന്തുവന്നാലും ഒരു പാപത്തിന് എന്നെ കിട്ടുകയില്ല. ഒരു അശുദ്ധി എന്നെ തൊടുകയില്ല. ആ ഉറപ്പ് നിങ്ങൾക്ക് വരണം.

അസൂയ, സ്വാർത്ഥത, ദ്രവ്യാഗ്രഹം, പരദൂഷണം, അഭിപ്രായ വ്യത്യാസങ്ങൾ, ഇങ്ങനെ എല്ലാറ്റിലും മരിച്ചവരായിത്തീരണം. ഭാര്യമാർ ഭർത്താക്കന്മാരെ അനുസരിക്കുന്നവരും കീഴടങ്ങുന്ന വരുമായിരിക്കണം. ഭർത്താവ് ഭാര്യയെ സ്നേഹിക്കുന്നവരും ആദരിക്കുന്നവരുമായിരിക്കണം. കുടുംബം ഐശ്വര്യമായി ത്തീരണം. മാതാപിതാക്കൾ മക്കളെ സ്നേഹിക്കുന്നവരും വാത്സല്ലിക്കുന്നവരുമായിരിക്കണം. മക്കൾ മാതാപിതാക്കളെ ആദരിക്കുന്നവരും ബഹുമാനിക്കുന്നവരും സ്നേഹിക്കുന്ന വരുമായിരിക്കണം. കുടുംബം സ്വർഗ്ഗമായിത്തീരണം.

ഒരു മരണമുണ്ട്, ഒരു നിത്യതയുണ്ട്. ആ നിത്യതയിലേക്ക് പോകാൻ ഒരുങ്ങിക്കൊള്ളുക. ഒട്ടും താമസിക്കരുത്. നിത്യതയെ അഭിമുഖീകരിക്കാൻ ഇന്ന് യേശുവിന്റെ വകയായി ത്തീരണം. അതു മാത്രം മതി, വേറെ ഒന്നും ചെയ്യണ്ട.

ഒരു പൈസയും മുടക്കണ്ട. സഭ മാറണ്ട, സമുദായം മാറണ്ട, മതംമാറണ്ട. നിങ്ങൾ ക്രിസ്തുവിനെപ്പോലെയാകാനുള്ള സമർപ്പണമെടുത്താൽ മാത്രം മതി. ഞാൻ യേശുവിനെപ്പോലെ ജീവിക്കും. യേശുവിനെപ്പോലെ സ്നേഹിക്കും. യേശുവിനെപ്പോലെ പെരുമാറും. യേശു കാണുന്നതേ ഞാൻ കാണുകയുള്ളൂ. യേശു ചെയ്യുന്നതേ ഞാൻ ചെയ്യുകയുള്ളൂ. യേശുവിന് കാണാൻ ഇഷ്ടമില്ലാത്തത് ഞാൻ കാണുകയില്ല.

യേശുവിനെപ്പോലെ ഞാൻ ആകും. യേശുവിന്റെ സ്വഭാവം ഞാൻ പ്രാപിക്കും. യേശുവേ, നീയാണ് പരമപിതാവ്. യേശുവേ, നീയാണെന്റെ അപ്പൻ. ഇന്നുമുതൽ ഞാൻ നിന്റെ അടിമയായി ജീവിക്കും.

# പതിനൊന്ന്

ഇയ്യോബിന്റെ ജീവിതത്തിൽ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചു.

1. The tempest of disasters – ആപത്തുകളുടെയും അനർത്ഥങ്ങളുടെയും ദുരിതങ്ങളുടെയും കൊടുങ്കാറ്റ്.
2. The tempest of diseases – രോഗങ്ങളുടെ കൊടുങ്കാറ്റ്.
3. The tempest of despair – നിരാശയുടെ കൊടുങ്കാറ്റ്.
4. The tempest of self-righteousness – സ്വയനീതീകരണത്തിന്റെ കൊടുങ്കാറ്റ്.
5. The tempest of Divine word of God – ദൈവവചനമാകുന്ന കൊടുങ്കാറ്റ്.
6. The tempest of deep Repentance – ആഴമേറിയ അനുതാപത്തിന്റെ കൊടുങ്കാറ്റ്.

ഇയ്യോബ് നീതിമാനായിരുന്നു. പക്ഷേ ഒരു സ്വയനീതീകരണം ഉണ്ടായിരുന്നു. ഞാൻ നല്ലവൻ, ഞാൻ നീതിമാൻ എന്നുള്ള ഒരു ചിന്തയുണ്ടായിരുന്നു. അത് തകർന്നെങ്കിൽ മാത്രമേ ദൈവത്തിന് ഇയ്യോബിൽ നിന്നുകൊണ്ട് ചിലതെല്ലാം പ്രവർത്തിക്കാൻ പറ്റൂ.

എനിക്ക് കുഴപ്പമൊന്നുമില്ല എന്ന് ചിന്തിക്കുന്ന മനുഷ്യനെ ദൈവത്തിന് സഹായിക്കാൻ സാധിക്കുകയില്ല. ഇയ്യോബ് സ്വയനീതിയുടെ കുപ്പായം അഴിച്ചുമാറ്റേണ്ടിവന്നു. ഇയ്യോബിന് സ്വന്തനീതിയിൽ ഒരു ആശ്രയമുണ്ടായിരുന്നു. ദൈവം ഇടപെട്ടപ്പോൾ ഇയ്യോബ് പറഞ്ഞു: നന്നായി നീ എന്നോടിടപെട്ടത്.

ഈ യാതനകളും വേദനകളും വന്നത് കർത്താവേ, നന്നായി. ഞാനിപ്പോൾ എന്റെ കണ്ണു തുറന്ന് കാണുന്നു. അത് ഒരു വലിയ അനുഭവമാണ്.

പക്ഷേ, കർത്താവ് നിശബ്ദനായി, ഒന്നും അറിയാത്ത വനെപ്പോലെ നിൽക്കുകയാണ്. ഈ മകൻ രൂപാന്തരപ്പെടണം. ഈ മകന്റെ സ്വഭാവം മാറണം. എന്റെ മകൻ വാസ്തവത്തിൽ സ്വർഗ്ഗത്തിന്റെ ഉന്നതമായ അധികാരത്തിലേക്കു വരണം.

ജീവിതത്തിൽ കൊടുങ്കാറ്റുകൾ വരുമ്പോൾ അത് നന്മയ്ക്കായിട്ടാണെന്ന് നാം വിശ്വസിക്കണം. ശാസനയുടെ കൊടുങ്കാറ്റ് വരും. ദൈവം ഇയ്യോബിനെ നല്ലപോലെ ശകാരിച്ചു. സർവ്വശക്തനോട് വാദിക്കുന്ന ഇയ്യോബിനോട് ദൈവം വാദിക്കുന്നു.

ദൈവം ഇയ്യോബിനോട് വളരെ ഗൗരവമായി സംസാരിക്കുന്നു. കഷ്ടതകളും ശാസനകളും ഇയ്യോബിനെ രൂപാന്തരപ്പെടുത്താനാണ്. ഈ ശാസനകളൊക്കെ ഇയ്യോബിന്റെ സ്നേഹിതന്മാർ വിറയലോടെ കേട്ടുകൊണ്ടിരുന്നു. അപ്പോൾ അവർക്കും ചിന്തിക്കാൻ വക കിട്ടി.

ഇയ്യോബിന് deep-repentance വന്നപ്പോൾ എന്താണുണ്ടായത്?

**''യഹോവ ഈ വചനങ്ങളെ ഇയ്യോബിനോട് അരുളിച്ചെയ്തശേഷം യഹോവ തേമാന്യനായ എലീഫസിനോട് അരുളിച്ചെയ്തത്: നിന്നോടും നിന്റെ രണ്ടു സ്നേഹിതന്മാരോടും എനിക്ക് കോപം ജ്വലിച്ചിരിക്കുന്നു; എന്റെ ദാസനായ ഇയ്യോബിനെപ്പോലെ നിങ്ങൾ എന്നെക്കുറിച്ച് വിഹിതമായത് സംസാരിച്ചിട്ടില്ല. ആകയാൽ നിങ്ങൾ ഏഴു കാളയെയും ഏഴു ആട്ടുകൊറ്റനെയും എന്റെ ദാസനായ ഇയ്യോബിന്റെ അടുക്കൽ കൊണ്ടുചെന്നു നിങ്ങൾക്കുവേണ്ടി ഹോമയാഗം കഴിപ്പിൻ; എന്റെ ദാസനായ ഇയ്യോബ് നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കും; ഞാൻ അവന്റെ മുഖം ആദരിച്ചു നിങ്ങളുടെ മൂഢതയ്ക്കു**

**തക്കവണ്ണം നിങ്ങളോട് ചെയ്യാതിരിക്കും; എന്റെ ദാസനായ ഇയ്യോബിനെപ്പോലെ നിങ്ങൾ എന്നെക്കുറിച്ചു വിഹിതമായത് സംസാരിച്ചിട്ടില്ലല്ലോ.” ഇയ്യോബ് 42 : 7, 8**

ഇയ്യോബിന് ആഴമേറിയ പശ്ചാത്താപം വന്നു. അപ്പോൾ ഇയ്യോബ് പറയുകയാണ്: കർത്താവേ, എനിക്ക് ഇതുവരെ കണ്ണുകാഴ്ചയില്ലായിരുന്നു. ഈ കഷ്ടത വന്നില്ലായിരുന്നെങ്കിൽ എന്റെ കണ്ണ് തെളിയില്ലായിരുന്നു. ഇപ്പോൾ ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു.

ഇനി എനിക്കൊന്നും പറയാനില്ല ഞാൻ മിണ്ടുകയില്ല. ഇനി ഞാൻ നിന്നോട് വാദിക്കുകയില്ല. ഞാൻ എത്ര നിസ്സാര നാണെന്ന് എനിക്ക് മനസ്സിലായി. നിനക്ക് അസാദ്ധ്യമായിട്ട് ഒന്നുമില്ല എന്ന് എനിക്ക് മനസ്സിലായി. കർത്താവേ, എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് ഞാൻ അനുതപിക്കുന്നു.

സത്യമായ അനുതാപം വന്നപ്പോഴേക്കും കർത്താവിന്റെ മുഖം തെളിഞ്ഞു, കർത്താവിന്റെ ഭാവം മാറി. പിന്നെ കർത്താവ് ഇയ്യോബിനോട് എത്ര കരുണയോടെയാണ് ഇടപെടുന്നത്! ഇയ്യോബിനോട് പറയുന്നതിനുമുമ്പ് ഇയ്യോബിന്റെ സ്നേഹിതന്മാരോട് ദൈവം പറഞ്ഞു: “നിങ്ങളാണ് പാപം ചെയ്തത്. എന്റെ ദാസനായ ഇയ്യോബിനെക്കുറിച്ച് നിങ്ങൾ കുറ്റം പറഞ്ഞില്ലേ? തെറ്റിപ്പോയി.” കാരണം, അവർക്കും മനസ്സിലായില്ല എന്താണ് ഇയ്യോബിന് ഇത് വന്നത് എന്ന്. അവർക്ക് ഗ്രഹിക്കാൻ പറ്റാത്തവിധത്തിൽ അവരുടെ ബോധം മറഞ്ഞുപോയിരുന്നു. അതുകൊണ്ടാണ് അവർ ഇയ്യോബിനെ കുറ്റപ്പെടുത്തി അവരുടെ മാനുഷബുദ്ധിയനുസരിച്ച് ഇയ്യോ ബിന് തെറ്റുപറ്റിയിട്ടായിരിക്കും ഈ ശിക്ഷ വന്നത് എന്ന് പറഞ്ഞത്.

ശിക്ഷകളെല്ലാം വന്നത് ഇയ്യോബിന് അനുഗ്രഹം കിട്ടുന്നതിനു വേണ്ടിയാണ് എന്ന് ആർക്കും മനസ്സിലായില്ല.

ഇയ്യോബിനും മനസ്സിലായില്ല. ഇപ്പോൾ ഇയ്യോബ് പറയുന്നു: “ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു.” ഇയ്യോബ് 42 : 6.

Deep repentance! ആഴമേറിയ അനുതാപം വന്നേ പറ്റൂ. എന്നിട്ട് ദൈവം പറഞ്ഞു: നിന്റെ ഈ സ്നേഹിതന്മാർ മൂന്നു പേരും യാഗം കഴിക്കട്ടെ. യാഗം കഴിച്ചാൽ മാത്രം പോരാ, ഇയ്യോബ് അവർക്കുവേണ്ടി പ്രാർത്ഥിക്കണം. ഈ സ്നേഹിതന്മാർക്കുവേണ്ടി ഇയ്യോബ് പ്രാർത്ഥിച്ചാലേ അവരുടെ പാപം ക്ഷമിക്കുകയുള്ളൂ. എന്തു മനോഹരമാണത്!

ഇയ്യോബിന്റെ മദ്ധ്യസ്ഥത കൂടാതെ അവർക്ക് രക്ഷപ്പെടാൻ സാധിക്കുകയില്ല. ഒരു വലിയ സത്യമാണത്. ഇയ്യോബ് അവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം ഇയ്യോബിന്റെ പ്രാർത്ഥനയെ ആദരിച്ചു.

**“അങ്ങനെ തേമാന്യനായ എലീഫസും ശൂഹ്യനായ ബിൽദാദും നയമാത്യനായ സോഫരും ചെന്നു യഹോവ തങ്ങളോടു കൽപ്പിച്ചതുപോലെ ചെയ്തു; യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു.” ഇയ്യോബ് 42 : 9**

ഇയ്യോബ് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. അപ്പോൾ അവരുടെ പാപം കർത്താവ് ക്ഷമിച്ചുകൊടുത്തു. യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു.

നമ്മെ സ്വർഗ്ഗത്തിലെ ദൈവം ആദരിക്കുന്നു. Deep Repentance വന്നപ്പോൾ ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറി. ഇയ്യോബിനെ ശരിയായ വഴിയിലേക്ക് കൊണ്ടുവരുവാനുള്ള ദൈവത്തിന്റെ താത്പര്യവും ഉദ്യമവും അനുഭവമായിത്തീർന്നു.

**“ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ സ്ഥിതിക്ക് ഭേദം വരുത്തി മുമ്പെ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിന് ഇരട്ടിയായി കൊടുത്തു.” ഇയ്യോബ് 42 : 10**

ഇയ്യോബ് സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ ഇയ്യോബിന്റെ സ്ഥിതിക്ക് ഭേദം വരുത്തി. മുമ്പെ ഉണ്ടായിരുന്നതൊക്കെയും ഇരട്ടിയായിട്ട് കൊടുത്തു. ജീവിതത്തിൽ മയമില്ലാത്ത ശാസനങ്ങൾ വരുമ്പോൾ നിരാശരാകാതെ നിങ്ങളുടെ പാപത്തെ കണ്ടുപിടിച്ചുകൊള്ളുക.

ഒരു ദൈവമുണ്ട് എന്ന് വിശ്വസിച്ചുകൊള്ളുക. ആ ജീവനുള്ള ക്രിസ്തു എന്റെ ജീവിതത്തിൽ അത്ഭുതം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ദുരിതങ്ങളിൽക്കൂടി എന്റെ ദൈവം എന്നോട് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. എന്റെ കുടുംബജീവിതം തകരുന്നതിൽ ദൈവത്തിന് വേദനയുണ്ട്, പക്ഷേ, ആ വേദനയിൽക്കൂടി ദൈവം എന്നോട് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഭർത്താവ് എന്നെ വിട്ടുപോയ തിൽ ദൈവത്തിന് സങ്കടമുണ്ട്. പക്ഷേ, ആ സങ്കടത്തിൽക്കൂടി ദൈവം എന്നോട് ഇടപെട്ടുകൊണ്ടിരിക്കുകയാണ്. എന്റെ ദുരിതങ്ങളെല്ലാം ദൈവം കാണുന്നുണ്ട്.

ദൈവം എന്റെ അനുതാപത്തിനുവേണ്ടി കാത്തിരിക്കുക യാണ്. ദൈവത്തിന്റെ വഴികൾ നമുക്ക് മനസ്സിലാവുകയില്ല. ദൈവം ഓരോരുത്തരേയും നോക്കിക്കൊണ്ടിരിക്കുന്നു. ഇയ്യോബിന്റെ ജീവിതത്തിൽ അത്ഭുതം ചെയ്ത ദൈവം, നമ്മുടെ സ്ഥിതിയിൽ മാറ്റം വരുത്തുവാൻ ആഗ്രഹിക്കുന്നു.

**“യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കയും യിസ്രായേൽ ആനന്ദിക്കയും ചെയ്യും.” സങ്കീർത്തനങ്ങൾ 14 : 7**

ഇന്ന് ഊരാക്കുടുക്കിൽപ്പെട്ട് വലയുന്നവരുണ്ട്. കടത്തിൽ മുങ്ങി വിഷമിക്കുന്നവരുണ്ട്. ഭർത്താവിന്റെ ക്രൂരമായ മർദ്ദനംകൊണ്ട് വലയുന്ന ഭാര്യമാരുണ്ട്. ഈ സാഹചര്യങ്ങളിൽ കൂടിയെല്ലാം കർത്താവ് നിങ്ങളോട് ഇടപെടുകയാണ്.

സാത്താൻ പറഞ്ഞിട്ടാണ് ഇയ്യോബിന് രോഗം വന്നതും ഇയ്യോബിന്റെ സ്വത്തെല്ലാം പോയതും. പക്ഷേ ആ

സാഹചര്യങ്ങൾ ദൈവം നന്മയ്ക്കായി മാറ്റിക്കൊണ്ടിരിക്കുകയാണ്. പ്രയാസങ്ങൾ വരുമ്പോഴും പ്രശ്നങ്ങൾ വരുമ്പോഴുമെല്ലാം യാതനകളിൽക്കൂടി ദൈവം നമ്മോട് ഇടപെടുകയാണ്, സംസാരിക്കുകയാണ്.

എല്ലാം നന്മയ്ക്കായി ദൈവം വ്യാപരിപ്പിച്ച് തരികയാണ്. ഏതാണ് നന്മ? സ്വർഗ്ഗരാജ്യം! നിത്യജീവൻ! ആ നിത്യജീവനിലേക്ക് അടുക്കുന്നതിന് എന്റെ സ്വഭാവം മാറ്റിത്തരുന്നു. ഓരോരോ പ്രതിസന്ധികളിലൂടെ പോകുമ്പോഴെല്ലാം സ്വഭാവം മാറ്റിത്തരികയാണ്. ശരിയായിട്ടെടുത്താൽ അത് നമ്മുടെ സ്വഭാവം മാറുന്നതിന് സഹായമായിത്തീരും. നമുക്ക് പിന്നെ ശാസനയോ ശിക്ഷണമോ ഒന്നും വേദന തരികയില്ല.

അതെല്ലാം നമുക്ക് ഉപകാരമായിത്തീരും. ഇയ്യോബിന്റെ സ്ഥിതിക്ക് ദൈവം ഭേദം വരുത്തി. ഇയ്യോബ് പ്രാർത്ഥിച്ചപ്പോൾ ഇയ്യോബിനും ഗുണം കിട്ടി, സ്നേഹിതന്മാർക്കും അത് ഉപകാരമായി.

നിങ്ങളുടെ ജീവിതത്തിൽ നേരിടുന്ന ഏത് യാതനകളെയും വളരെ ശാന്തതയോടെ, എളിമയോടെ നിങ്ങൾ അഭിമുഖീകരിക്കുക. താങ്ങാൻ വയ്യാത്ത ദുരിതങ്ങൾ വരും, സ്വാഭാവികമാണ്. പക്ഷേ, അതിനെ നിങ്ങൾ പുഞ്ചിരിയോടെ നേരിടുക. കൂട്ടായ്മയിൽ ആരും കണ്ടില്ല എന്നു വരും. എന്നാൽ കാണുന്ന ഒരു ദൈവമുണ്ട്. ഓരോ വാക്കും ഓരോ ചുവടുവയ്പ്പും കണ്ടുകൊണ്ടിരിക്കുന്ന ഒരു ദൈവമുണ്ട്.

**"യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്ന് കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു."** **2 ദിനവൃത്താന്തം 16 : 9**

നിത്യരക്ഷകനായ ക്രിസ്തുവിന്റെ കണ്ണ് നമ്മെ കാണുന്നുണ്ട് എന്നുള്ള ബോധം നമ്മുടെ ഉള്ളത്തിലുണ്ടെങ്കിൽ അനേകം തെറ്റുകളിൽനിന്ന് നമുക്ക് മാറിനിൽക്കാൻ സാധിക്കും.

ദൈവമക്കളെയല്ല പേടിക്കേണ്ടത്.

ഇയ്യോബിന്റെ സ്ഥിതിക്ക് ദൈവം ഭേദം വരുത്തി. എല്ലാം ഇരട്ടിയായി കൊടുത്തു.

**"അവന്റെ സകല സഹോദരന്മാരും സഹോദരിമാരും മുമ്പെ അവന് പരിചയമുള്ളവരൊക്കെയും അവന്റെ അടുക്കൽ വന്നു അവന്റെ വീട്ടിൽ അവനോടുകൂടെ ഭക്ഷണം കഴിച്ചു; യഹോവ അവന്റെമേൽ വരുത്തിയിരുന്ന സകല അനർത്ഥത്തെയും കുറിച്ച് അവർ അവനോട് സഹതാപം കാണിച്ചു അവനെ ആശ്വസിപ്പിച്ചു; ഓരോരുത്തനും അവന് ഓരോ പൊൻനാണ്യവും ഓരോ പൊൻമോതിരവും കൊടുത്തു. ഇങ്ങനെ യഹോവ ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തെക്കാൾ അധികം അനുഗ്രഹിച്ചു."**

**ഇയ്യോബ് 42 : 11, 12**

യഹോവ ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു.

നിങ്ങൾക്ക് ഇതിന് മുമ്പുള്ള കാലത്തേക്കാൾ ഭേദമുള്ള ഒരു നല്ലകാലം തരാൻ കർത്താവ് ആഗ്രഹിക്കുന്നു. ഇന്ന് നിങ്ങൾ പല കാര്യങ്ങളിലും വലയുന്നവരാണ്. പല കാര്യങ്ങളിലും പീഡ അനുഭവിക്കുന്നവരാണ്. എന്നാൽ നമ്മുടെ കുടുംബങ്ങൾ സ്വർഗ്ഗമാകണ്ടേ? പ്രിയപ്പെട്ടവരേ, നമ്മുടെ കുടുംബങ്ങളിൽ സമാധാനം വേണ്ടേ. നിങ്ങൾ ഉയരത്തിലേക്ക് നോക്കി നിലവിളിക്കൂ.

കർത്താവേ, എനിക്കൊരു സമാധാനം തരണേ. എന്റെ കുടുംബത്തിലെ കലക്കം ഒന്ന് മാറ്റിത്തരണേ. എന്റെ അപ്പന് ഒരു സുബോധം കൊടുത്ത് നല്ല രീതിയിലേക്ക് ആക്കികൊടുക്കണമേ.

അപ്പന് ബോധമുള്ള സമയത്ത് നിങ്ങൾ നിർബ്ബന്ധമായി വിളിച്ച് കൂട്ടായ്മയിൽ കൊണ്ടുവരികയും വചനം കേൾപ്പിക്കയും

ചെയ്യണം. ഭർത്താവ് ഭാര്യയോട് പറയണം: നിന്റെയീ ശാഠ്യ പ്രകൃതി മാറ്റണം. നിന്റെ അഹങ്കാരം മാറ്റണം. നിന്റെ തന്നിഷ്ടം മാറ്റണം.

അവനവൻ മാനസാന്തരപ്പെടണം. അവനവൻ തിരിയണം. അവനവന്റെ സ്വഭാവത്തിൽ മാറ്റം വരണം. ഇയ്യോബിന്റെ പിൻകാലത്തെ മുൻകാലത്തെക്കാൾ ദൈവം അനുഗ്രഹിച്ചു. നിങ്ങൾക്ക് മുൻകാലത്തെക്കാൾ ഇനിയുള്ള കാലം അനുഗ്രഹ മാകണമോ?

സമാധാനത്തിന്റെ കാലങ്ങൾ, സ്വർഗ്ഗം സന്തോഷിക്കുന്ന കാലങ്ങൾ നിങ്ങൾക്ക് വേണമോ? സ്വർഗ്ഗീയസേനകൾ നിങ്ങളെയോർത്ത് ദൈവത്തെ സ്തുതിക്കുന്ന കാലങ്ങൾ നിങ്ങൾക്കുവേണമോ?

നിങ്ങളുടെ ശാഠ്യപ്രകൃതി അതിന് ദോഷമായിത്തീരും. ദുശ്ശാഠ്യങ്ങൾ, തർക്കങ്ങൾ, ഹീനമായ വാക്കുകൾ, ശപിക്കുന്ന വാക്കുകൾ, പ്രാകുന്ന വാക്കുകൾ ഒന്നും ഒരിക്കലും പാടില്ല. ജീവിതം വിശുദ്ധമാക്കിക്കൊള്ളണം.

ഇനിയത്തെ കാലം ഇതുവരെയുള്ള കാലത്തെക്കാൾ അനുഗ്രഹമാകണമെന്ന് നിങ്ങൾക്കാഗ്രഹമുണ്ടല്ലോ. എങ്കിൽ ഇപ്പോൾ നിങ്ങൾ വിനയപ്പെടുക.

യേശുക്രിസ്തുവിനെ ആരാധിച്ച് ജീവിക്കുന്ന ഒരു പുതിയ ജീവിതം നീ എനിക്ക് തരണമേ, ഇന്ന് ഒരു വ്യവസ്ഥയും കൂടാതെ എന്നേയും എനിക്കുള്ളതിനേയും ഞാൻ സമർപ്പിക്കുന്നു, ഇനിമേലിൽ ഞാൻ നിന്നെ സ്നേഹിച്ച് നിന്റെ ഒരു വിശുദ്ധനായി ഞാൻ ജീവിക്കും എന്ന് നിങ്ങൾ ദൈവത്തോട് വാക്കു പറയൂ.

അപ്പോൾ ദൈവത്തിന്റെ കൃപ നിങ്ങളുടെമേൽ വരും. നിങ്ങൾ വിശ്വാസികളായിത്തീരും. നിങ്ങളുടെ പിൻകാലം മുൻകാലത്തേക്കാൾ അനുഗ്രഹമായിത്തീരും. കാലസമ്പൂർണ്ണനായി

ഇയ്യോബ് മരിച്ചു എന്ന് നാം വചനത്തിൽ വായിക്കുന്നു. കാലസമ്പൂർണ്ണനായി മരിക്കുന്ന നല്ല കാലങ്ങൾ നമുക്ക് ലഭിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

7. The Tempest on the Cross! കുരിശിന്മേലുള്ള കൊടുങ്കാറ്റ്!

കുരിശിൽ കൊടുങ്കാറ്റ് കാണുന്നു. കുരിശിൽ യാതന കാണുന്നു. കുരിശിൽ വേദനിച്ച് പുളയുന്ന അത്യധികം സങ്കടകരമായ കാര്യം കാണുന്നു.

രക്ഷകൻ ക്രൂശിക്കപ്പെടുന്നു. കർത്താവായ യേശുക്രിസ്തു ക്രൂശിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്നു. വലത്തുഭാഗത്തെ കുരിശിൽ ഒരു കവർച്ചക്കാരൻ കിടക്കുന്നുണ്ട്. ഇടത്തുഭാഗത്തെ കുരിശിൽ വേറൊരു കവർച്ചക്കാരൻ കിടക്കുന്നുണ്ട്. ഈ കവർച്ചക്കാർ രണ്ടുപേരും കൂട്ടുകാരായിരുന്നു.

അവർ കൊലപാതകികളായിരുന്നു. നടുവിലത്തെ ക്രൂശിൽ രക്ഷകൻ കിടക്കുന്നു. രണ്ട് കൊള്ളക്കാരുടെ മദ്ധ്യത്തിൽ, രണ്ട് ദുഷ്ടന്മാരുടെ മദ്ധ്യത്തിൽ, രണ്ട് കവർച്ചക്കാരുടെ മദ്ധ്യത്തിൽ അവരിൽ ഒരാളെപ്പോലെ കർത്താവ് ക്രൂശിക്കപ്പെടുന്നു.

യാതൊരു പാപവും ചെയ്യാത്ത ക്രിസ്തു ക്രൂശിന്മേൽ കിടന്ന് പിടയുന്നു.

**"അവരുടെ വായിലെ പാപവും അധരങ്ങളിലെ വാക്കുകളും നിമിത്തവും അവർ പറയുന്ന ശാപവും ഭോഷ്ക്കും നിമിത്തവും അവർ തങ്ങളുടെ അഹങ്കാരത്തിൽ പിടിപെട്ടു പോകട്ടെ. കോപത്തോടെ അവരെ സംഹരിക്കേണമേ; അവർ ഇല്ലാതെയാകുംവണ്ണം അവരെ സംഹരിച്ചു കളയണമേ; ദൈവം യാക്കോബിൽ വാഴുന്നു എന്ന് ഭൂമിയുടെ അറ്റംവരെ അറിയുമാറാകട്ടെ. സന്ധ്യാസമയത്ത് അവർ മടങ്ങിവരുന്നു; നായെപ്പോലെ കുരച്ചുംകൊണ്ട് അവർ നഗരത്തിനു ചുറ്റും നടക്കുന്നു. അവർ ആഹാരത്തിനായി ഉഴന്നു നടക്കുന്നു,**

**തൃപ്തിയായില്ലെങ്കിൽ അവർ രാത്രി മുഴുവനും താമസിക്കുന്നു. ഞാനോ നിന്റെ ബലത്തെക്കുറിച്ചു പാടും; അതികാലത്തു ഞാൻ നിന്റെ ദയയെക്കുറിച്ച് ഘോഷിച്ചാനന്ദിക്കും.”**

**സങ്കീർത്തനങ്ങൾ 59 : 12 – 16**

കർത്താവിന്റെ ക്രൂശീകരണത്തെക്കുറിച്ച് ദാവീദ് പ്രവചിക്കുകയാണ്. നായെപ്പോലെ കുരച്ചുകൊണ്ട് നടക്കുന്ന ഒരു കൂട്ടം ആളുകൾ! തൂക്കുക, തൂക്കുക എന്ന് അട്ടഹസിക്കുന്ന ഒരു കൂട്ടം ആളുകൾ! അവർ യെരൂശലേം ദേവാലയത്തിലെ സന്നിദ്രിം സംഘത്തിലെ അംഗങ്ങളാണ്.

യഹൂദ ന്യായപ്രമാണം പഠിച്ച ശാസ്ത്രിമാരാണ്. അവരെല്ലാവരും യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക എന്ന് പറയുന്നു. ആ കൊടുങ്കാറ്റ് തുടങ്ങിയത് 30–ാമത്തെ വയസ്സിൽ പരസ്യശുശ്രൂഷ തുടങ്ങിയപ്പോഴാണ്. യേശുവിനെ പിടിച്ചുകെട്ടി ശിക്ഷിക്കാൻ വക കിട്ടുമോ എന്നറിയാൻ, കുറ്റം കണ്ടു പിടിക്കാൻ അവർ സേവകരെ അയച്ചിരിക്കുന്നു.

അവർ കുറ്റം കണ്ടുപിടിച്ചു പറഞ്ഞത് ഇവൻ കൈസർക്ക് കരം കൊടുക്കണ്ട എന്ന് പറഞ്ഞു എന്നാണ്. അങ്ങനെ കർത്താവ് പറഞ്ഞിട്ടില്ല. അവർ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞു. കൊടുങ്കാറ്റാണ്. യേശുവിന് ഭ്രാന്തുണ്ട്, അവനെ പിടിച്ചു കെട്ടണം എന്ന് പറഞ്ഞ് പരീശന്മാർ വരുന്നു. യേശു പിശാചുക്കളുടെ തലവനെക്കൊണ്ടാണ് അത്ഭുതം പ്രവർത്തിക്കുന്നത് എന്ന് പറഞ്ഞ് യഹൂദമതത്തിലെ മേലാളന്മാർ വരുന്നു.

യേശുവിനെ ചതിയൻ എന്ന് വിളിച്ച് ആ നാട്ടിലെ യഹൂദന്മാർ വരുന്നു. എല്ലാവരും യേശുവിനെ ആക്ഷേപിക്കുന്നു. എന്നാൽ യേശു ഇതെല്ലാം കേട്ടിട്ടും അക്ഷോഭ്യനായി നിൽക്കുന്നു. തന്റെ വേല തുടർന്നുകൊണ്ടിരിക്കുന്നു. എല്ലാം നിവർത്തിയാകണം.

ആക്ഷേപങ്ങളും പരിഹാസങ്ങളും വരും. ആളുകൾ ഒറ്റപ്പെടുത്തും. കർത്താവായ യേശുക്രിസ്തു, ലാസറിനെ

ഉയിർത്തെഴുന്നേൽപ്പിച്ചു. അപ്പോൾ അവർ ലാസറിനെ കൊല്ലണമെന്ന് ആലോചിച്ചു. എല്ലാം കൊടുങ്കാറ്റിന്റെ ഓരോ അംശമാണ്. ഗത്സെമൻ തോട്ടത്തിലേക്ക് ചെന്ന് പാറമേൽ കമിഴ്ന്നു കിടന്നുകൊണ്ട് കർത്താവ് കരയുകയാണ്: "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നും നീക്കേണമേ."

കഷ്ടത നീക്കണമെന്നല്ല കർത്താവ് പറഞ്ഞത്, പാനപാത്രം എങ്കൽനിന്ന് നീക്കണമേ എന്നാണ്. എന്നെ നിന്റെ മഹത്വത്തിനായി ഈ ഭൂമിയിലേക്ക് അയച്ചതാണല്ലോ, ഒരു പാപവും ചെയ്യാതെ ഞാൻ ജീവിച്ചതാണല്ലോ, പിതാവേ, എന്നാൽ എന്റെ തലമേൽ ഈ പാപമെല്ലാം വന്നുകയറുന്നു വല്ലോ.

സകല മനുഷ്യരുടേയും പാപം വഹിക്കുന്ന ആ ഭയാനകമായ യാതന ഞാൻ അനുഭവിക്കണമല്ലോ. എല്ലാ മനുഷ്യരുടേയും പാപം ഞാനൊരാൾ ചുമക്കേണ്ടി വരുമല്ലോ. പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും നീക്കണമേ. പാപം ചുമന്നുകൊണ്ടിരിക്കാൻ വയ്യ, അതാണ് ക്രൂശിലെ വേദന!

കഷ്ടത മാറ്റാനല്ല, കുരിശ് മാറ്റാനല്ല കർത്താവ് പ്രാർത്ഥിച്ചത്. ഈ പാപം മുഴുവൻ വഹിക്കുക എന്ന നീചമായ, ലജ്ജാവഹമായ കാര്യം, അഴുക്ക് ചുമന്നുകൊണ്ട് പരിശുദ്ധനായ ക്രിസ്തു നടക്കുക എന്ന് പറയുന്നത്, അത് കർത്താവിന് വഹിക്കാൻ വയ്യ.

പാപത്തെ തൊടാത്തവൻ, പാപം തീണ്ടാത്തവൻ മനുഷ്യജാതിയുടെ മുഴുവന്റേയും പാപം വഹിക്കേണ്ടി വരുന്നു. മനുഷ്യജാതിയുടെ പാപം മുഴുവൻ പിതാവായ ദൈവം അവന്റെമേൽ ചുമത്തി. മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹം!

യേശു കരഞ്ഞു. ഗത്സെമന തോട്ടത്തിൽനിന്ന് വരുമ്പോൾ കൂടെയുള്ള ശിഷ്യന്മാർ ഉറങ്ങുന്നു. കർത്താവിന് സങ്കടമുണ്ട്.

പടയാളികൾ വന്ന് യേശുവിനെ പിടികൂടി. കൊടുങ്കാറ്റിന്റെ ഓരോരോ ഭാഗങ്ങളാണിതെല്ലാം.

അവർ വലിച്ചിഴച്ച് കർത്താവിനെ കൊണ്ടുവന്ന് പീലാത്തോസിന്റെ മുമ്പിൽ നിർത്തി. പിന്നെ ഹന്നാവിന്റെ അടുക്കൽ നിർത്തി. കയ്യാഫാവിന്റെ അടുക്കൽ നിർത്തി. എല്ലാം കുറ്റാരോപണങ്ങളാണ്. പീലാത്തോസിന്റെ മുമ്പിൽ മൂന്ന് പ്രാവശ്യം വിസ്തരിക്കപ്പെട്ടു.

പീലാത്തോസ് പറഞ്ഞു: ഇവനിൽ ഞാനൊരു കുറ്റവും കാണുന്നില്ല. നിങ്ങൾ കൊണ്ടുപോയി അവനെ ക്രൂശിപ്പിൻ! വലിയ പീഡ സഹിച്ചുകൊണ്ട് കർത്താവായ യേശുക്രിസ്തു ക്രൂശിന്മേൽ കിടന്നു. ഇതാണ് ക്രൂശിലെ യാതന, അല്ലെങ്കിൽ ക്രൂശിലെ കൊടുങ്കാറ്റ്!

യേശുക്രിസ്തുവിന്മേൽ അടിച്ച കൊടുങ്കാറ്റ്! നിത്യരക്ഷകന്റെ മേൽ അടിച്ച കൊടുങ്കാറ്റ്! ഭൂമിയിലെ സകല ചരാചരങ്ങളെയും നിർമ്മിച്ച് അതാതിന്റെ സ്ഥാനത്ത് നിറുത്തിയവൻ! അണ്ഡ കടാഹത്തിലെ ഗോളങ്ങളെയും ഉപഗ്രഹങ്ങളെയും നിർമ്മിച്ചവൻ! നക്ഷത്രരാശികളെ നിർമ്മിച്ചവൻ! അവനിതാ യാതനകളുടെ പ്രതീകമായി ക്രൂശിന്മേൽ കിടക്കുന്നു.

അവൻ ഒരക്ഷരം മിണ്ടാൻ പറ്റാത്തവനായി പീലാത്തോ സിന്റെ മുമ്പിൽ നിൽക്കുന്നു. ചോദിച്ചിട്ട് ഒന്നും പറയുന്നില്ല. ശിഷ്യന്മാർ അമ്പരന്നു. യഹൂദന്മാരുടെ രാജാവാകുമെന്ന് പ്രതീക്ഷിച്ചവൻ ഇപ്പോൾ ബന്ധിതനായി പീലാത്തോസിന്റെ മുമ്പിൽ കെട്ടപ്പെട്ട് നിൽക്കുന്നു.

പടയാളികൾ യേശുവിനെ ചാട്ടവാറുകൊണ്ട് അടിച്ചു. ശിഷ്യന്മാർക്ക് മനസ്സിലായില്ല. എന്തിനാണ് കർത്താവ് ഇത് സഹിക്കുന്നത്? നിത്യനായ ദൈവപുത്രൻ എന്തിനാണ് ഇത് സഹിക്കുന്നത്? കൂടെ നടന്നവർക്കും മനസ്സിലായില്ല. യഹൂദന്മാരുടെ പീഡയേറ്റ് വലയുന്ന കർത്താവിന്റെ അടുക്കൽ വന്നു നിൽക്കാൻ യോഹന്നാൻ ശ്ലീഹായേ ഉണ്ടായിരുന്നുള്ളൂ.

ബാക്കിയെല്ലാവരും ഓടിപ്പോയി. ഇതെല്ലാം കർത്താവിന്റെ നേരെ അടിക്കുന്ന കൊടുങ്കാറ്റുകളാണ്. കരുണയുള്ള കർത്താവ് കുരിശും ചുമന്നുകൊണ്ട് പോകുമ്പോൾ ഇടയ്ക്ക് തളർന്ന് വീഴും. ചാട്ടവാറുകൊണ്ട് അടികൊള്ളും. പിന്നെയും കുരിശ് ഏന്തിവലിച്ചുകൊണ്ട് നടക്കും.

അപ്പോൾ ആ കുരിശിനോട് ചേർന്ന് കുറേനക്കാരൻ ശീമോൻ നടന്നു. അവൻ യേശുവിന്റെ കുരിശിന്റെ അറ്റം ഒന്ന് താങ്ങി. കർത്താവ് പുഞ്ചിരിയോടെ അവനെ നോക്കി. യേശുവിന്റെ ശരീരത്തിലെ രക്തം ഇറ്റിറ്റ് കുരിശിലൂടെ താഴേക്ക് ഒലിച്ചൊലിച്ചുവന്നു. ആ തിരുരക്തം കുറേനക്കാരനായ ശീമോന്റെ ചുമലിൽ വന്നുപതിച്ചു.

എന്തോ ഒരു പുത്തൻ ഉണർവ്വ് കിട്ടിയതുപോലെ, ഒരു പുതിയശക്തി ലഭിച്ചതുപോലെ കുറേനക്കാരനായ ശിമോൻ ആ കുരിശ് വഹിച്ച് എത്തിച്ചു. യേശുവിനെ കുരിശിന്മേൽ കിടത്തി. കാൽ രണ്ടും ചേർത്തുവച്ചു, ആണിയടിച്ച് ചേർത്തു. ഇരുകൈയും വിരിച്ച് കുരിശിലേക്ക് ചേർത്ത് കാരിരുമ്പാണി കൊണ്ട് തറച്ചു.

അപ്പോഴുമുണ്ട് കുരിശ്. കൂടെ തൂക്കപ്പെട്ട കള്ളന്മാർ രണ്ടുപേരും കർത്താവിനെ ദുഷിക്കുന്നു. എല്ലായിടത്തും ദുഷിയും പഴിയും ആക്ഷേപവും മാത്രം. കൊള്ളക്കാരും ആക്ഷേപിക്കുന്നു. കുരിശിൽ കിടന്ന് പിടയുന്നവരും ആക്ഷേപിക്കുന്നു. എല്ലാം പീഡയുടെ കൊടുങ്കാറ്റുകളാണ്.

**“നിന്റെ നിമിത്തം ഞാൻ നിന്ദ വഹിച്ചു; ലജ്ജ എന്റെ മുഖത്തെ മൂടിയിരിക്കുന്നു. എന്റെ സഹോദരന്മാർക്കു ഞാൻ പരദേശിയും എന്റെ അമ്മയുടെ മക്കൾക്ക് അന്യനും ആയി തീർന്നിരിക്കുന്നു. നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു; നിന്നെ നിന്ദിക്കുന്ന വരുടെ നിന്ദ എന്റെ മേൽ വീണിരിക്കുന്നു. ഞാൻ കരഞ്ഞു ഉപവാസത്താൽ ആത്മതപനം ചെയ്തു. അതും എനിക്ക് നിന്ദയായ്ത്തീർന്നു;**

**ഞാൻ രട്ടുശീല എന്റെ ഉടുപ്പാക്കി; ഞാൻ അവർക്ക് പഴഞ്ചൊല്ലായിത്തീർന്നു. പട്ടണവാതിൽക്കൽ ഇരിക്കുന്നവർ എന്നെക്കുറിച്ചു സല്ലാപിക്കുന്നു; ഞാൻ മദ്യപന്മാരുടെ പാട്ടായിരിക്കുന്നു." സങ്കീർത്തനങ്ങൾ 69 : 7 – 12**

മദ്യപന്മാരും പാപികളും എല്ലാം കർത്താവിനെ പരിഹസിക്കുകയാണ്. കർത്താവ് ക്രൂശിലിതാ യാതനയേററ് കിടക്കുകയാണ്.

നിങ്ങൾ ഇന്ന് ക്രൂശിലേക്ക് നോക്കുക. നടുവിലത്തെ ക്രൂശിൽ മൂന്ന് ആണികളിൽ തൂങ്ങിക്കിടക്കുന്ന രക്ഷകനെ നിങ്ങൾ കാണുക. വലത്തുഭാഗത്തെ കള്ളനും ഇടത്തുഭാഗത്തെ കള്ളനും ഒരുപോലെ കർത്താവിനെ നിന്ദിച്ചു.

പക്ഷേ കർത്താവ് കുരിശിൽ കിടന്ന് പറയുന്ന ഒരു വാക്ക്: “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ'' എന്നു പറഞ്ഞവാക്ക് കേട്ട ഉടനെ വലതുഭാഗത്തെ കള്ളൻ പെട്ടെന്ന് തിരിഞ്ഞുനോക്കി.

നിഷ്കളങ്കമായ സ്നേഹം വഴിഞ്ഞൊഴുകുന്ന മുഖം. മുഖത്ത് തുപ്പലേറ്റിട്ടുണ്ട്; കരണത്ത് അടിയേറ്റ പാടുകളുണ്ട്; ശിരസ്സിൽ മുൾമുടി വച്ചിട്ടുണ്ട്; കൈകളും കാലുകളും തുളച്ചിരിക്കുന്നു. ആ യേശുവിനെ അവൻ അപ്പോഴാണ് ശ്രദ്ധിച്ചുനോക്കിയത്.

അതുവരെ ആളുകൾ പറയുന്നതേ അവൻ കേട്ടിട്ടുള്ളൂ. തൂക്കുക, തൂക്കുക എന്ന് പറയുന്നതേ അവൻ കേട്ടിട്ടുള്ളൂ. ഇന്ന് യേശുവിനെ അടുത്ത് കിട്ടിയിരിക്കുകയാണ്. അവൻ സൂക്ഷിച്ചുനോക്കി. അയ്യോ, ഞാൻ ന്യായമായ ശിക്ഷ അനുഭവിക്കുകയാണ്.

ഞാൻ കൊള്ളക്കാരനാണ്. എന്നാൽ യേശു അങ്ങനെയല്ല എന്ന് അവന് പെട്ടെന്ന് മനസ്സിലായി. കാരണം, യേശു

പ്രാർത്ഥിക്കുന്നത് അവൻ കേട്ടു. സ്നേഹത്തിന്റെ പ്രാർത്ഥന കൊണ്ടാണ് ആരെയും നേടാൻ പറ്റുകയുള്ളൂ. സ്നേഹത്തിൽ കൂടി മാത്രമേ ആരെയും നമുക്ക് നേടാൻ പറ്റുകയുള്ളൂ.

കർത്താവ് എല്ലാം സഹിച്ചുകൊണ്ട് ക്രൂശിന്മേൽ കിടക്കുമ്പോഴും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്. അവരോട് ഒരു പരാതിയുമില്ല. ഒരു പരിഭവവുമില്ല.

ഇത് എങ്ങനെ സാധിക്കും? അതാണ് ക്രിസ്തുവിന്റെ മനസ്സ്. ആക്ഷേപിക്കുന്നവരോട് പരാതിയില്ല. പരിഹസിക്കുന്ന വരോട് യാതൊരു ശത്രുതയുമില്ല. എല്ലാവരെയും കർത്താവ് സ്നേഹിക്കുന്നു. ആ സ്നേഹത്തിന്റേയും ക്ഷമയുടേയും വാക്കു കേട്ടപ്പോൾ വലത്തുഭാഗത്തെ കള്ളന്റെ ഉള്ളം തകർന്നു. സ്നേഹം വഴിഞ്ഞൊഴുകുന്ന യേശുവിന്റെ മുഖത്തേക്ക് നോക്കിയിട്ട് അവൻ പറയുകയാണ്: മിശിഹാ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നേക്കൂടി നീ ഓർത്തു കൊള്ളണമേ.

അവൻ ഇടത്തുഭാഗത്തെ കള്ളനോട് പറഞ്ഞു: നാം ന്യായമായി ശിക്ഷ അനുഭവിക്കുന്നു. ഇവനോ അരുതാത്തത് ഒന്നും ചെയ്തിട്ടില്ല. ആ കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ ഒരു ശീതളമായ ഇളംകാറ്റ്. കുളിർമ നൽകിയ ഒരു ആശ്വാസവാക്ക്.

ഇടത്തുഭാഗത്തെ കള്ളൻ അപ്പോൾ പറയുകയാണ്: നീ മശിഹാ എങ്കിൽ, നീ രാജത്വമുള്ളവനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവാ, എന്നാൽ ഞങ്ങൾ വിശ്വസിക്കാം. അവൻ 'രക്ഷിക്ക' എന്ന് പറഞ്ഞത് ആക്ഷേപത്തിന്റെ സ്വരത്തിലാണ്.

അപ്പോൾ വലത്തുഭാഗത്തെ കള്ളൻ പറഞ്ഞു: നാം ന്യായമായ ശിക്ഷ അനുഭവിക്കുന്നു. ഇവനോ അരുതാത്തത് ഒന്നും ചെയ്തിട്ടില്ല. കുരിശിന്മേൽ കിടക്കുന്ന ആ സമയത്ത് അവൻ സാക്ഷ്യം പറയുകയാണ്. കുരിശിലെ കൊടുങ്കാറ്റ് ശമിക്കുന്നില്ല. അത് വർദ്ധിച്ചു വർദ്ധിച്ചു വരുന്നു. കർത്താവിന് ശ്വാസം കിട്ടുന്നില്ല. ശ്വാസം കിട്ടാത്തതുകൊണ്ട് കർത്താവ്

നിരന്തരം വിഷമിച്ച് ശ്വാസം വലിക്കുന്ന ശബ്ദം ദൂരെദൂരെ കേൾക്കാമായിരുന്നു.

അതാണ് കുരിശിലെ മരണത്തിന്റെ വേദന. കൈയിലും കാലിലും മുറിവേറ്റിട്ടുണ്ട്. പക്ഷേ അതുകൊണ്ടൊന്നും പെട്ടെന്ന് മരിച്ചുപോകണമെന്നില്ല. എന്നാൽ ജീവൻ നിലനിർത്താനുള്ള ശ്വാസത്തിന് വേണ്ടിയുള്ള നിലവിളി. അതാണ് കൊടുങ്കാറ്റ്.

ഈ കൊടുങ്കാറ്റേറ്റ് കുരിശിന്മേൽ പിടഞ്ഞ് വലയുന്ന യേശുവിനെ നിങ്ങളൊന്ന് കാണുമെങ്കിൽ പ്രിയപ്പെട്ടവരേ, നിങ്ങൾ ലോകത്തിന്റെ ഇമ്പങ്ങളിലേക്ക് പോവുകയില്ല. മദ്യപാനത്തിലേക്ക് പോവുകയില്ല. വെറിക്കൂത്തുകളിലേക്ക് പോവുകയില്ല. Facebook friendship - ലേക്ക് പോവുകയില്ല. Facebook chatting - ലേക്ക് പോവുകയില്ല; 'ഗേൾ ഫ്രണ്ടും' 'ബോയ് ഫ്രണ്ടും' പിന്നെ ഉണ്ടാവുകയില്ല. ക്രൂശിലെ കൊടുങ്കാറ്റ് കാണുക.

അങ്ങനെ വരുമ്പോൾ ഭാര്യ ഭർത്താവിനെ വിനയത്തോടെ അനുസരിക്കുന്നവളായിത്തീരും. മക്കൾ അനുഗ്രഹിക്കപ്പെട്ട വരായിത്തീരും. മക്കൾ അവരുടെ ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്താൻ തയ്യാറാകും. അങ്ങനെ കുടുംബങ്ങൾ സ്വർഗ്ഗമായി മാറും. കുരിശിലേക്ക് ശ്രദ്ധിച്ചു നോക്കുക.

ഇവൻ എത്ര മഹാൻ എന്നു നോക്കുവിൻ! പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേർപെട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ! ലോക ചരിത്രത്തിലെ ഏറ്റവും മഹാനായി ഈ ഭൂമിയിൽ പ്രവർത്തിച്ച നസറായനായ യേശു, അവൻ പവിത്രനായിരുന്നു.

അവൻ നിർദ്ദോഷനായിരുന്നു. നിഷ്കളങ്കനായിരുന്നു. അവനെ നിങ്ങൾ ഇപ്പോഴൊന്ന് കാണുമോ? അവന്റെ മുഖത്തേക്ക് നോക്കുമോ? കണ്ണുനീരോടുകൂടെ ചോരയും കൂടി ഒലിച്ചൊലിച്ച് വരുന്നു. തലയിൽ മുൾമുടി വച്ചതുകൊണ്ട്

ചോര വരുന്നു. കരണത്ത് അടിയേറ്റതുകൊണ്ട് വീർത്ത് വിങ്ങിയിരിക്കുന്നു.

രോമങ്ങൾ പിഴുതെടുത്തതുകൊണ്ട് രോമകൂപങ്ങളിൽ രക്തം തുടിച്ചു നിൽക്കുന്നു. ആ രക്തം താഴോട്ട് താഴോട്ട് ഒഴുകിയൊഴുകി വരികയാണ്. നിങ്ങൾ ആ കുരിശിന്റെ താഴ്‌വരയിലേക്ക് വന്നാൽ കുരിശിൽക്കൂടി ഒഴുകി വരുന്ന രാജാധിരാജന്റെ തിരുരക്തം നിങ്ങളെ തൊടും. അപ്പോൾ നിങ്ങൾ ആളു മാറും.

എന്നെ രക്ഷിക്കാനാണ് കർത്താവ് ഈ കൊടുങ്കാറ്റ് ഏറ്റത്. ഞാൻ ഒരു പാപിയാണെന്ന് മനസ്സിലാക്കാൻ കൃപ തന്നത് ക്രൂശിലെ തിരുരക്തമാണ്. ഞാൻ ഒരു നിസ്സാരനാണെന്നും ഈ അല്പകാലം യേശുവിന് വേണ്ടി ചിലവഴിച്ചില്ലെങ്കിൽ നഷ്ടമാണെന്നും മനസ്സിലാക്കാനുള്ള കൃപ തന്നത് ആ ക്രൂശിലെ രക്തത്തിന്റെ ശക്തിയാണ്.

എന്റെ പാപം കഴുകിത്തരുന്നത് ക്രൂശിലെ തിരുരക്തമാണ്. എല്ലാ പാപവും ക്ഷമിച്ചു തരുന്നത് ക്രൂശിലെ തിരുരക്തമാണ്. കഴിഞ്ഞകാലങ്ങളെല്ലാം മാറ്റിത്തരുന്നത് ക്രൂശിലെ തിരുരക്തമാണ്. ആ രക്തത്തിന്റെ അത്ഭുതകരമായ ശക്തി കൊണ്ടാണ് ഇന്ന് നാം ജീവിക്കുന്നത്.

നഷ്ടങ്ങളും കഷ്ടങ്ങളും അനർത്ഥങ്ങളും വന്നു. അതെല്ലാം മാറ്റിമാറ്റി ഇതുവരെയും കർത്താവ് നയിച്ചു കൊണ്ടുവന്നു. പ്രിയപ്പെട്ടവരേ, യേശു നിങ്ങളുടെ അരികത്ത് വന്ന് നിൽക്കുകയാണ്. നിങ്ങൾക്കെന്തെങ്കിലും അവനോട് പറയാനുണ്ടെങ്കിൽ പറയാം.

കർത്താവേ, ഇനി ഞാൻ പഴയ ആളായിരിക്കുകയില്ല. വേണമെങ്കിൽ നിങ്ങൾക്ക് തീരുമാനിക്കാം. കൊടുങ്കാറ്റിൽ ആടിയുലയുന്ന നിത്യനായ ദൈവപുത്രന്റെ കുരിശിലേക്ക് നോക്കിക്കൊണ്ട് നിങ്ങൾക്ക് ചില തീരുമാനങ്ങൾ പറയാം.

കർത്താവേ, എന്നെ ഒരു പുതിയ മനുഷ്യനാക്കണമേ എന്ന് നിങ്ങൾക്ക് പറയാം. എല്ലാം വഹിച്ചുകൊണ്ട് കുരിശിന്മേൽ കിടക്കുന്ന യേശുവിനെ നിങ്ങൾ കാണുക. ക്രൂശിലേക്ക് നോക്കി നിങ്ങൾ രക്ഷപ്പെടുക.

"സകല ഭൂസീമാവാസികളുമായുള്ളോരേ, നിങ്ങൾ എങ്കലേക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ. ഞാനല്ലാതെ വേറൊരു ദൈവവും ഇല്ലല്ലോ" (യെശയ്യാവ് 45 : 22) എന്ന് യെശയ്യാവ് പറഞ്ഞു. പത്രോസ് ശ്ലീഹാ പറഞ്ഞു: "നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറെ ഒരു നാമവും ഇല്ല." (അപ്പൊ. പ്രവൃത്തികൾ 4 : 12) യേശുക്രിസ്തുവിന്റെ നാമമല്ലാതെ വേറെ ഒരു നാമവും ഇല്ല.

പ്രിയപ്പെട്ടവരേ, ജീവനുള്ള ക്രിസ്തു നിങ്ങളുടെ അരികത്തേക്ക് മന്ദം മന്ദം വരുന്നു എന്ന് നിങ്ങൾ വിശ്വസിക്കുക. നിങ്ങൾക്ക് തൊടുവാൻ പാകത്തിന് അവൻ നിങ്ങളുടെ അരികത്തേക്ക് വരികയാണ്. നിങ്ങളുടെ ഹൃദയം തുറന്ന് അവനോട് പറയാം: കർത്താവേ, കഴിഞ്ഞകാലങ്ങൾ അപകടത്തിന്റെ കാലങ്ങളായിരുന്നു.

കഴിഞ്ഞകാലങ്ങൾ പിശാചിന് അവകാശപ്പെട്ട കാലങ്ങളായിരുന്നു. എന്നാൽ ഞാൻ ഇന്ന് നിന്റെ ക്രൂശിന്റെ ചുവട്ടിലേക്ക് ഇഴഞ്ഞ് വരികയാണ്. എന്നോട് നീ മനസ്സലിയണമേ. ആ തിരുരക്തത്തിന്റെ ഒരു തുള്ളി എന്റെ മേൽ നീ ഒന്ന് വീഴ്ത്തണമേ. ഇന്നുമുതൽ ഞാൻ നിന്റെ അടിമയായി ജീവിക്കും.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്
133. തളരാതെ ഓടുക
134. സ്മാരക സ്തംഭങ്ങൾ
135. ആത്മവിവശത
136. സ്നേഹത്തിന്റെ തീജ്ജ്വാല
137. പ്രത്യാശയുടെ നറുനാമ്പുകൾ
138. യഥാസ്ഥാനപ്പെടുവിൻ
139. ഭീരു ധീരനാകയോ?
140. പുനഃപ്രതിഷ്ഠ

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

---

| | |
|---|---|
| രണ്ടാം ശനിയാഴ്ച (മാസം തോറുമുള്ള പ്രധാന യോഗം) | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |